മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ



പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

(1976–2025)

(വൈദീകരും വിശ്വാസികളും അറിയേണ്ടവ)

Malankara Orthodox Syrian Church:
Decisions of the Holy Episcopal Synod
(1976-2025)

Published by:
Metropolitan H. G. Dr. Yuhanon Mar Chrysostomos
Secretary, Holy Episcopal Synod

Office of the Holy Episcopal Synod,
Catholicate Palace, Devalokam P. O,
Muttambalam (Via),
Devalokam, Kottayam - 686 004.

Printed @ Catholicate Printing Press, Devalokam

No. of Copies : 1500

For Private Circulation only

ഉള്ളടക്കം

ആമുഖം 5

1. കാതോലിക്കാ സ്ഥാനാരോഹണം, റിട്ടയർമെന്റ്..... 7

2. മേൽപ്പട്ടക്കാർ: തിരഞ്ഞെടുപ്പ്, വാഴ്ച, നിയമനം, വിരമിക്കൽ, പരാതികൾ..... 11

3. കാതോലിക്കാദിനം(സഭാദിനം), കാതോലിക്കേറ്റ് സെന്ററുകൾ, ഭരണഘടന, സുന്നഹദോസ്..... 28

4. വി. വേദപുസ്തകം..... 31

5. വി. കുമ്പസാരം, വി. കുർബാന..... 33

6. വി. മാമോദീസ..... 46

7. വി. വിവാഹം; വിവാഹ വരുമാനം..... 51

8. കുർബ്ബാനപ്പണവും തളികപ്പണവും മറ്റു വരുമാനങ്ങളും..... 59

9. ആരാധനാക്രമങ്ങളുടെ നടത്തിപ്പ്..... 60

10. ആരാധനാക്രമങ്ങൾ, തർജ്ജമകൾ, പ്രസിദ്ധീകരണം, ഇതര പ്രസിദ്ധീകരണങ്ങൾ..... 68

11. ശുശ്രൂഷാ വേളകളിലെ അച്ചടക്കം, ഗായകസംഘം..... 77

12. പള്ളിപ്പെരുന്നാളുകൾ..... 86

13. പട്ടത്വം, വൈദിക സ്ഥാനികൾ, വൈദികരുടെ വേതനം, വിരമിക്കൽ..... 88

14. ഭദ്രാസനങ്ങൾ: ഭരണം, വിഭജനം..... 102

15. വൈദികസെമിനാരി, എം. റ്റി. സി., വേദശാസ്ത്ര പഠനം, ദിവ്യബോധനം..... 108

16. ആശ്രമങ്ങളും ദയറാകളും..... 115

17. ആത്മീക സംഘടനകൾ: സൺഡേസ്ക്കൂൾ, വനിതാസമാജം, യൂത്ത്ലീഗ് ഇത്യാദി 125

18. വൈദികസംഘം, ശുശ്രൂഷകസംഘം..... 135
19. ആത്മീയ നവോത്ഥാനം..... 143
20. വിടുതൽ ഗ്രൂപ്പ്, ഇതര നവോത്ഥാന പ്രസ്ഥാനങ്ങൾ..... 148
21. എക്യുമെനിസം..... 155
22. മിഷൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾ..... 166
23. സാമ്പത്തികം, കണക്ക്, ഗ്രാന്റുകൾ..... 179
24. പാത്രിയർക്കീസ് വിഭാഗവുമായുള്ള ബന്ധം..... 181
25. പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്നതും, തിരുശേഷിപ്പ് സ്ഥാപനവും സംബന്ധിച്ച്..... 184
26. വനിതാ പങ്കാളിത്തം, സ്ത്രീ ശാക്തീകരണം..... 188
27. സ്കൂൾ, കോളേജ്, ആശുപത്രി..... 192
28. പരുമല സെമിനാരി..... 195
29. അവാർഡുകളും, ബഹുമതികളും..... 197
30. പരിസ്ഥിതി..... 199
31. പള്ളിഭോഗങ്ങളെ സംബന്ധിച്ച്..... 201
32. അച്ചടക്കം; അച്ചടക്കനടപടികൾ..... 205
33. മറ്റു പൊതുവായ കാര്യങ്ങൾ..... 208
34. അനുബന്ധങ്ങൾ 220

ആമുഖം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും അടങ്ങുന്ന പരമോന്നത സമിതിയാണ്. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി അദ്ധ്യക്ഷനായിരിക്കുന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അധികാരം അന്തിമവും, സഭയ്ക്ക് മുഴുവനും ബാധകവുമാണ്. സഭയുടെ വിശ്വാസം, അച്ചടക്കം, അപ്പോസ്തോലിക പിൻതുടർച്ചാക്രമം എന്നിവ ഉയർത്തിപ്പിടിക്കുന്ന കാര്യത്തിൽ സുന്നഹദോസിന് പ്രത്യേക അവകാശങ്ങളും പദവികളും ഉണ്ട്. സഭയുടെ വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith, Order, Discipline) എന്നിവ സംബന്ധിച്ച് പ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള അധികാരം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിനാണ്.

കാലാകാലങ്ങളിലായി പരിശുദ്ധ സഭയുടെ വളർച്ചയ്ക്കും, സഭാ മക്കളുടെ ഉന്നമനത്തിനുമായി നിരവധി ആലോചനകളും തീരുമാനങ്ങളും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗങ്ങളിൽ കൈക്കൊള്ളാറുണ്ട്. 1976 മുതൽ 2025 ഫെബ്രുവരി വരെയുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗങ്ങളിലെ പ്രധാന നിശ്ചയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ ഗ്രന്ഥം വൈദീകരുടെയും വിശ്വാസികളുടെയും അറിവിനുവേണ്ടിയാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ചില വിഷയങ്ങൾ സംബന്ധിച്ച് കാലഘട്ടത്തിനനുസരിച്ച് പല നിശ്ചയങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവസാനം കൈക്കൊണ്ട തീരുമാനമാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് അറിയിക്കട്ടെ. ഈ പ്രസിദ്ധീകരണം ജനങ്ങൾക്ക് സഭയുടെ വിശ്വാസവും അച്ചടക്കവും നിയമങ്ങളും മനസ്സിലാക്കുവാൻ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

ഈ പ്രസിദ്ധീകരണത്തിന്റെ പിന്നണിയിൽ പ്രവർത്തിച്ച അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, മലങ്കര മൽപാൻ വന്ദ്യ ഡോ. ജോൺസ് ഏബ്രഹാം റീശ് കോർ- എപ്പിസ്കോപ്പാ, പ്രിയ പോൾ പി. തോമസ് കത്തനാർ, പ്രിയ അനൂപ് ഏബ്രഹാം കത്തനാർ, പ്രിയ ഷൈജു ഏബ്രഹാം എന്നിവരോടുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

2025 ജൂലൈ സുന്നഹദോസ്

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ (1976–2025)

1. കാതോലിക്കാ സ്ഥാനാരോഹണം, റിട്ടയർമെന്റ്

1.1) പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് പൗരസ്ത്യ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങൾ 1991 ഏപ്രിൽ 27-ാം തീയതി സ്വമനസ്സാലെ വിട്ടൊഴിഞ്ഞ സാഹചര്യത്തിൽ, പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി 1980 മെയ് 1-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം യഥാവിധി തെരഞ്ഞെടുത്തിട്ടുള്ള ആളും, 1991 ഏപ്രിൽ 27-ാം തീയതി മുതൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തിട്ടുള്ള ദേഹവുമായ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ 1991 ഏപ്രിൽ 28-ാം തീയതി തിങ്കളാഴ്ച പരുമല സെമിനാരിയിൽ വച്ച് **മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വീതിയൻ** എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യണം എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1991 ഏപ്രിൽ)**

പ. സുന്നഹദോസ് നിർവ്വഹിക്കുന്ന സ്ഥാനാരോഹണ ശുശ്രൂഷയുടെ പ്രധാന കാർമ്മികത്വം വഹിക്കുന്നത് പ്രസ്തുത സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുന്ന സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ ഫീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനിയായിരിക്കണം എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1991 ഏപ്രിൽ)**

1.2) പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വീതിയൻ ബാവാ തിരുമേനി, അദ്ദേഹം ചുമതല വഹിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും, കിഴക്കിന്റെ കാതോലിക്കാ സ്ഥാനവും ഒഴിഞ്ഞിരിക്കുന്നു എന്ന് അറിയിച്ചുകൊണ്ട് 2005 ഒക്ടോബർ മാസം 29-ാം തീയതി പുറപ്പെടുവിച്ച 187/2005-ാം നമ്പർ കൽപനയും, തന്നിൽ നിക്ഷിപ്തമായിരുന്ന കാതോലിക്കാ സ്ഥാനവും, മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും, തന്റെ പിൻഗാമിയായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ ഏൽപിക്കുന്നു എന്നറിയിച്ചുകൊണ്ട് പരിശുദ്ധ ബാവാ തിരുമേനി ശ്രേഷ്ഠ നിയുക്ത ബാവാ തിരുമേനിക്ക് അയച്ച 172/2005-ാം നമ്പർ കൽപനയും അംഗങ്ങളുടെ അറിവിലേക്കായി സുന്നഹദോസ് സെക്രട്ടറിയോഗത്തിൽ വായിച്ച് അവതരിപ്പിച്ചു. **(2005 ഒക്ടോബർ)**

മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞിരിക്കുന്നു എന്നറിയിച്ചുകൊണ്ട് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി കൽപന പുറപ്പെടുവിച്ച ഒക്ടോബർ മാസം 29-ാം തീയതി മുതൽ മലങ്കര മെത്രാ പ്പോലീത്തായുടെ ചുമതലകൾ താൻ ഏറ്റെടുക്കുകയുണ്ടായി എന്ന് ശ്രേഷ്ഠ നിയുക്ത ബാവാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാ പ്പോലീത്താ യോഗത്തിൽ അറിയിച്ചു. ഈ വിവരം ഒരു കൽപന യിലൂടെ താമസംവിനാ എല്ലാ സഭാംഗ ങ്ങളെയും അറിയിക്കേണ്ട താണെന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2005 ഒക്ടോബർ)**

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി സ്ഥാനത്യാഗം ചെയ്ത സാഹചര്യത്തിൽ, എത്രയും വേഗം കാതോലിക്കാ വാഴ്ച നടത്തേണ്ടതാണെന്ന് സുന്നഹദോസ് ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. വിശദമായ ചർച്ചകൾക്ക് ശേഷം, 2005 ഒക്ടോബർ മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ പരുമല സെമിനാരിയിൽ വച്ച് വി. കുർബ്ബാന മദ്ധ്യേ, പൗരസ്ത്യ കാതോലി ക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുത്തിട്ടുള്ള ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാ പ്പോലീത്തായെ, സ്ഥാനത്യാഗം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പിൻ ഗാമിയായി **ബസേലിയോസ് മാർതോമ്മാ ദിദിമോസ് ഒന്നാമൻ** എന്ന പേരിൽ മലങ്കരയിലെ ഏഴാമത്തെ കാതോലിക്കാ ആയി വാഴി ക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചു. **(2005 ഒക്ടോബർ)**

1.3) പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ തിരഞ്ഞെടുപ്പ്.

പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീ ത്തായു ടെയും പിൻഗാമിയായി (ശ്രേഷ്ഠ നിയുക്ത കാതോലിക്കാ) കുന്നം കുളം മെത്രാസനാധിപൻ അഭിവന്ദ്യ പൗലോസ് മാർ മിലിത്തി യോസ് മെത്രാപ്പോലീത്തായെ 2006 ഒക്ടോബർ മാസം 12-ാം തീയതി പരുമലയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസി

യേഷൻ യോഗം തെരഞ്ഞെടുത്തത് സുന്നഹദോസ് ഐക കണ്ഠ്യേന അംഗീകരിച്ചു. **(2006 നവംബർ)**

1.4) പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ സ്ഥാനാരോഹണം.

2010 നവംബർ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ പരുമല സെമിനാരിയിൽ വച്ച് വി. കുർബ്ബാന മദ്ധ്യേ, പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസി യേഷൻ തെരഞ്ഞെടുത്തിട്ടുള്ള ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ, സ്ഥാനത്യാഗം ചെയ്ത പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ പിൻഗാമിയായി, **ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ** എന്ന പേരിൽ മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭയുടെ പുതിയ കാതോലിക്കാ ആയി വാഴിക്കുന്നതിന് പ. സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. അന്നേദിവസം ചെങ്ങന്നൂർ മെത്രാസനത്തിന്റെ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ വി. കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കേണ്ടതാണെന്നും, സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനി നേതൃത്വം നൽകേണ്ടതാണെന്നും യോഗത്തിൽ തീരുമാനമായി. **(2010 ഒക്ടോബർ)**

1.5) വലിയ ബാവാ.

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനി തുടർന്നും ദേവലോകം കാതോലിക്കേറ്റ് അരമനയിൽ തന്നെ താമസിക്കുന്നതാണ് എന്നും, ഇനി മുതൽ **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ** എന്ന പേരിൽ അറിയപ്പെടുന്നതാണെന്നും സുന്നഹദോസിൽ ധാരണയായി. **(2010 ഒക്ടോബർ)**

1.6) പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ.

2021 ഒക്ടോബർ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ പരുമല സെമിനാരിയിൽ വച്ച് വി. കുർബ്ബാന മദ്ധ്യേ, പൗരസ്ത്യ

കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ തെരഞ്ഞെടുത്തിട്ടുള്ള അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ, **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ** എന്ന പേരിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പുതിയ കാതോലിക്കാ ആയി വാഴിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. അന്നേദിവസം സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് തിരുമേനി വി. കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും, സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്യേണ്ടതാണെന്നും യോഗത്തിൽ തീരുമാനമായി. **(2021 ഒക്ടോബർ)**

****

2. മേൽപ്പട്ടക്കാർ: തിരഞ്ഞെടുപ്പ്, വാഴ്ച, നിയമനം, വിരമിക്കൽ, പരാതികൾ

2.1) 1982 ഡിസംബർ 28-ാം തീയതി തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ അങ്കണത്തിൽ കൂടിയ മലങ്കര അസ്സോസിയേഷൻ യോഗം മേൽപ്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്ത കെ. ജി. ഗീവർഗീസ് റമ്പാൻ, ഫീലിപ്പോസ് തോമസ് കത്തനാർ, കെ. റ്റി. തോമസ് കത്തനാർ, കെ. മത്തായി കത്തനാർ, കെ. ഐ. പോൾ കത്തനാർ എന്നീ അഞ്ചു പേരുടെയും തെരഞ്ഞെടുപ്പ് പ. സുന്നഹദോസ് അംഗീകരിച്ചു. **(1983 ഫെബ്രുവരി)**

അവരിൽ കെ. ജി. ഗീവർഗീസ് റമ്പാൻ ഒഴികെയുള്ള നാലുപേർക്കും റമ്പാൻ സ്ഥാനം നൽകണമെന്നും, അതിനുശേഷം മേൽപ്പട്ട സ്ഥാനികൾ നടത്തേണ്ട പട്ടംകൊട, പള്ളി കൂദാശ, മൂറോൻ കൂദാശ, തൈല കൂദാശ മുതലായവ നടത്തുന്നതിന് അവരെ പരിശീലിപ്പിക്കുകയും, ആയതിന് ആവശ്യമായ പുസ്തകങ്ങൾ അവർ സമ്പാദിക്കുകയും കാനോൻ, ഭരണഘടന എന്നിവയിൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവരെ അഭ്യസിപ്പിക്കുകയും ചെയ്യണം. **(1983 ഫെബ്രുവരി)**

2.2) 1985 ജൂൺ മാസം 20-ാം തീയതിയിലെ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായെ കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്താ ആയും, മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്ക്കോപ്പായെ കൊല്ലം ഇടവക മെത്രാപ്പോലീത്തായുടെ അസ്സിസ്റ്റന്റ് ആയും, ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പായെ തുമ്പമൺ ഇടവക മെത്രാപ്പോലീത്തായുടെ അസ്സിസ്റ്റന്റ് ആയും, തോമസ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പായെ ചെങ്ങന്നൂർ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയും, പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോപ്പായെ കുന്നംകുളം മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയും നിയമിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതിനെ അംഗീകരിക്കാമെന്ന് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ആ അഭിപ്രായത്തെ പിൻതാങ്ങി. അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ മേൽപ്പറഞ്ഞ അഭിപ്രായം യോഗം അംഗീകരിക്കുകയും, അപ്രകാരം പുതിയ മേൽപ്പട്ടക്കാർക്ക്

ഇടവകകൾ തിരിച്ച് കൊടുക്കുന്നതിന് പ. ബാവാ തിരുമേനിയോട് ശുപാർശ ചെയ്യുകയും ചെയ്തു. **(1985 ജൂലൈ)**

2.3) 1989 ഡിസംബർ 29-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തിട്ടുള്ള കുറിയാക്കോസ് റമ്പാൻ, ഇയ്യോബ് റമ്പാൻ, സഖറിയാ റമ്പാൻ, മത്തായി റമ്പാൻ, ഗീവർഗീസ് റമ്പാൻ എന്നിവരുടെ മെത്രാൻ സ്ഥാനാഭിഷേക കർമ്മം 1991 ഏപ്രിൽ മാസം 29-ാം തീയതി ചൊവ്വാഴ്ച പരുമല സെമിനാരിയിൽ വച്ച് പൗരസ്ത്യ കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വീതിയൻ ബാവാ നിർവ്വഹിക്കണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1991 ഏപ്രിൽ)**

2.4) മേൽപ്പട്ടക്കാർക്ക് ഇടവക തിരിച്ചു കൊടുക്കുന്നതിനെപ്പറ്റിയും കൊല്ലം, തുമ്പമൺ എന്നീ മെത്രാസനങ്ങളിലെ ഭരണനിർവ്വഹണത്തെപ്പറ്റിയുമുള്ള മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. **(1991 ജൂൺ)**

കൊല്ലം ഇടവക മെത്രാപ്പോലീത്താ തിരുമേനി പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായുമായി സ്ഥാനാരോഹണം ചെയ്തതുമൂലം ഉണ്ടായിട്ടുള്ള ഒഴിവിൽ, കൊല്ലം ഇടവക മെത്രാപ്പോലീത്തായുടെ അസ്സിസ്റ്റന്റ് അഭിവന്ദ്യ മാത്യൂസ് എപ്പിഫാനിയോസ് എപ്പിസ്ക്കോപ്പായെ കൊല്ലം മെത്രാസന ഇടവക മെത്രാപ്പോലീത്തായായി നിയമിക്കണം. **(1991 ജൂൺ)**

തുമ്പമൺ മെത്രാസന മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ ദാനിയേൽ മാർ ഫീലക്സീനോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തതു മൂലം ഉണ്ടായിട്ടുള്ള ഒഴിവിൽ, തുമ്പമൺ ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പായെ തുമ്പമൺ മെത്രാസന ഇടവക മെത്രാപ്പോലീത്താ ആയി നിയമിക്കണം. **(1991 ജൂൺ)**

പുതുതായി വാഴിക്കപ്പെട്ടിട്ടുള്ള അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ്, അഭിവന്ദ്യ ഇയ്യോബ് മാർ ഫീലക്സിനോസ്, അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ്, അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ്, അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് എന്നീ എപ്പിസ്ക്കോപ്പാന്മാർക്ക് താഴെ വിവരിക്കുന്ന വിധം ചുമതലകൾ

നൽകണമെന്ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് ശുപാർശ ചെയ്യുന്നതിന് യോഗം തീരുമാനിച്ചു. **(1991 ജൂൺ)**

മുൻ മലബാർ മെത്രാസനം വിഭജിച്ചും മദ്രാസ് മെത്രാസനത്തിൽ നിന്ന് ഏതാനും പള്ളികൾ ചേർത്തും 1985 ഒക്ടോബറിൽ രൂപീകരിക്കപ്പെട്ടതും, ആവിർഭാവം മുതൽ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിൽ ഇരിക്കുന്നതുമായ സുൽത്താൻ ബത്തേരി മെത്രാസന ഇടവകയുടെ എപ്പിസ്ക്കോപ്പാ ആയി അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ് എപ്പിസ്ക്കോപ്പായെ നിയമിക്കണം. **(1991 ജൂൺ)**

ഡൽഹി മെത്രാസന ഇടവക മെത്രാപ്പോലീത്തായുടെ അസ്സിസ്റ്റന്റ് ആയി അഭിവന്ദ്യ ഇയ്യോബ് മാർ ഫീലക്സിനോസ് എപ്പിസ്ക്കോപ്പായെ നിയമിക്കണം. **(1991 ജൂൺ)**

കൊച്ചി മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിലായിരുന്ന കൊച്ചി മെത്രാസന ഇടവകയുടെ എപ്പിസ്ക്കോപ്പാ ആയി അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് എപ്പിസ്ക്കോപ്പായെ നിയമിക്കണം. **(1991 ജൂൺ)**

കോട്ടയം സെൻട്രൽ മെത്രാസന ഇടവകയുടെ ഭരണ നിർവ്വഹണത്തിൽ മലങ്കര മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് എപ്പിസ്ക്കോപ്പായെ നിയമിക്കണം. **(1991 ജൂൺ)**

അങ്കമാലി, ബോംബെ ഇടവകകളുടെ മെത്രാപ്പോലീത്തായെ ബോംബെ ഇടവകയുടെ ഭരണ നിർവ്വഹണത്തിൽ സഹായിക്കുന്നതിന് അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് എപ്പിസ്ക്കോപ്പായെ ബോംബെ ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി നിയമിക്കണം. **(1991 ജൂൺ)**

2.5) മലങ്കര ഓർത്തഡോക്സ് സഭയുടെ മേൽപ്പട്ട സ്ഥാനത്തേക്ക് മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുത്തിട്ടുള്ള ഫാ. പൗലോസ് ഓ.ഐ.സി, ഫാ. ജേക്കബ് ചെറിയാൻ എന്നിവരുടെ തെരഞ്ഞെടുപ്പ് സുന്നഹദോസ് ഏകകണ്ഠമായി അംഗീകരിച്ചു. **(1992 ഒക്ടോബർ)**

2.6) മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ തെരഞ്ഞെടുത്തിട്ടുള്ള മെത്രാൻ സ്ഥാനാർത്ഥികളായ വന്ദ്യ പൗലോസ് റമ്പാൻ, വന്ദ്യ യാക്കോബ് റമ്പാൻ എന്നിവർക്ക് 1993 ഓഗസ്റ്റ് മാസം 16-ാം തീയതി പരുമല സെമിനാരിയിൽ വച്ച് മെത്രാൻ സ്ഥാനാഭിഷേകം നൽകുന്നതിനും, വന്ദ്യ പൗലോസ് റമ്പാന് പൗലോസ് മാർ പക്കോമിയോസ് എന്നും, വന്ദ്യ യാക്കോബ് റമ്പാന് യാക്കോബ് മാർ ഐറേനിയസ് എന്നും പേരുകൾ നൽകുന്നതിനും സുന്നഹദോസ് നിശ്ചയിച്ചു. **(1993 ഓഗസ്റ്റ്)**

2.7) കണ്ടനാട് മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ നിര്യാണം മൂലം ഒഴിവുണ്ടായിരിക്കുന്നതും, ഇപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിലിരിക്കുന്നതുമായ കണ്ടനാട് മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ഡോ. മാത്യൂസ് മാർ സേവേറിയോസ് എപ്പിസ്കോപ്പായെ നിയമിക്കണമെന്നുള്ള മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. **(1993 ഫെബ്രുവരി)**

2.8) അമേരിക്കാ മെത്രാസനത്തിന് മെത്രാപ്പോലീത്തായെ നിയമിക്കുന്നത് സംബന്ധിച്ച്. കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയെ ഇപ്പോൾ അമേരിക്കാ മെത്രാസന ഭരണത്തിൽ സഹായിച്ചുകൊണ്ടിരിക്കുന്ന മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ അമേരിക്കാ മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി നിയമിക്കണമെന്നുള്ള 26/11/1992 -ൽ കൂടിയ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ അംഗീകരിച്ച്, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ അമേരിക്കാ മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി നിയമിച്ച് കൽപന കൊടുക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(1993 ഫെബ്രുവരി)**

2.9) കാനഡാ, യു. കെ, യൂറോപ്പ് എന്നീ സ്ഥലങ്ങളിലുള്ള ഇടവകകളും കോൺഗ്രിഗേഷനുകളും ചേർത്ത് ലണ്ടൻ കേന്ദ്രമായി ഒരു പുതിയ മെത്രാസനം രൂപീകരിക്കുന്നത് സംബന്ധിച്ച്. കാനഡാ, യു. കെ, യൂറോപ്പ് എന്നീ സ്ഥലങ്ങളിലുള്ള ഇടവകകളും കോൺഗ്രിഗേഷനുകളും ചേർത്ത് ലണ്ടൻ കേന്ദ്രമായി ഒരു പുതിയ

മെത്രാസനം രൂപീകരിക്കണമെന്നുള്ള 13/05/1993 -ൽ കൂടിയ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. ലണ്ടൻ കേന്ദ്രമായി കാനഡാ, യു. കെ, യൂറോപ്പ് എന്നീ സ്ഥലങ്ങളിലുള്ള ഇടവകകളും കോൺഗ്രിഗേഷനുകളും ചേർത്തുള്ള പുതിയ മെത്രാസനത്തിന്റെ ഭരണ ചുമതലയ്ക്ക് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ നിയമിക്കണമെന്നുള്ള 13/05/1993 -ൽ കൂടിയ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശയും സുന്നഹദോസ് അംഗീകരിച്ചു. **(1993 ജൂലൈ)**

2.10) അങ്കമാലി മെത്രാസന മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി ഒരു മെത്രാപ്പോലീത്തായെ നിയമിക്കുന്നത് സംബന്ധിച്ച്. അങ്കമാലി മെത്രാസനത്തിന്റെ ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരിയിൽ താമസിച്ചുകൊണ്ട് ആ മെത്രാസനത്തിന്റെ ഭരണകാര്യങ്ങളിൽ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് എപ്പിസ്കോപ്പായെ അങ്കമാലി ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി നിയമിക്കണമെന്നുള്ള 21/09/1993 -ൽ കൂടിയ സഭാ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. **(1993 നവംബർ)**

2.11) ഇടുക്കി ഭദ്രാസനത്തിൽ അസിസ്റ്റന്റ് മെത്രാപ്പോലീത്തായെ നിയമിക്കുന്നത് സംബന്ധിച്ച്. അങ്കമാലി ഇടവകയുടെ മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി നിയമിക്കപ്പെട്ടിരിക്കുന്ന അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് എപ്പിസ്കോപ്പായെ, ഇടുക്കി ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി കൂടി നിയമിക്കണമെന്നുള്ള 22/12/1993 -ലെ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. **(1994 ഫെബ്രുവരി)**

2.12) മലബാർ മെത്രാസന മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി ഒരു മെത്രാപ്പോലീത്തായെ നിയമിക്കുന്നത് സംബന്ധിച്ച്. നിയുക്ത കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റുമായി കാതോലിക്കേറ്റ് അരമനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലബാർ മെത്രാസനത്തിന്റെ തോമസ് മാർ തീമോത്തിയോസ്

മെത്രാപ്പോലീത്തായെ മലബാർ മെത്രാസനത്തിന്റെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിന് അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് എപ്പിസ്കോപ്പായെ മലബാർ ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി നിയമിക്കണമെന്നുള്ള 27/04/1995 -ൽ കൂടിയ സഭാ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. **(1995 ജൂലൈ)**

2.13) 2004 ജൂൺ മാസം 10-ാം തീയതി പരുമലയിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുന്നത് സംബന്ധിച്ച്.
2004 ജൂൺ മാസം 10-ാം തീയതി പരുമലയിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട വെരി റവ. ഔഗേൻ റമ്പാൻ, വെരി റവ. യൂഹാനോൻ റമ്പാൻ, റവ. ഡോ. കെ. ജെ. ഗബ്രിയേൽ, റവ. ഡോ. എം. സി. ചെറിയാൻ എന്നിവരുടെ തെരഞ്ഞെടുപ്പ് സുന്നഹദോസ് അംഗീകരിച്ചു. **(2004 ജൂലൈ)**

2.14) 2004 ജൂൺ മാസം 10-ാം തീയതി പരുമലയിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ വച്ച് മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട വെരി. റവ. ഔഗേൻ റമ്പാൻ, വെരി. റവ. യൂഹാനോൻ റമ്പാൻ, റവ. ഡോ. കെ. ജെ. ഗബ്രിയേൽ, റവ. ഡോ. എം. സി. ചെറിയാൻ എന്നിവരുടെ തെരഞ്ഞെടുപ്പ് സുന്നഹദോസ് അംഗീകരിച്ചു. റമ്പാന്മാർ അല്ലാത്ത റവ. ഡോ. കെ. ജെ. ഗബ്രിയേലിനെയും, റവ. ഡോ. എം. സി. ചെറിയാനെയും 2004 ഓഗസ്റ്റ് മാസം 7-ാം തീയതി ശനിയാഴ്ച ദേവലോകം അരമന ചാപ്പലിൽ വച്ച് റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തണമെന്നും, മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട നാലു പേരും അവർ ഇപ്പോൾ വഹിക്കുന്ന ചുമതലകളിൽ നിന്ന് രാജി വച്ച് പരി. ബാവാ തിരുമേനി ആവശ്യപ്പെടുന്ന സ്ഥലത്ത് പ്രാർത്ഥനയിലും, ഉപവാസത്തിലും, ഒരുക്കത്തിലും കഴിയേണ്ടതാണെന്നും, 2005 ജൂലൈ സുന്നഹദോസിനോടടുത്ത ഒരു തീയതിയിൽ അവരെ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2004 ജൂൺ)**

2.15) പരുമല സെമിനാരിയിൽ വച്ച് നടക്കുന്ന മെത്രാൻ സ്ഥാനാഭിഷേകത്തിനു വേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച്.

2004 ജൂൺ മാസം 10-ാം തീയതി കൂടിയ മലങ്കര അസ്സോസിയേഷൻ

മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത റവ. ഡോ. കെ. ജെ. ഗബ്രിയേൽ റമ്പാൻ, റവ. ഡോ. എം. സി ചെറിയാൻ റമ്പാൻ, റവ. ഡോ. യൂഹാനോൻ റമ്പാൻ, റവ. ഔഗേൻ റമ്പാൻ എന്നിവരെ 2005 മാർച്ച് മാസം 5-ാം തീയതി ശനിയാഴ്ച പരുമല സെമിനാരിയിൽ വച്ച് നടക്കുന്ന സ്ഥാനാഭിഷേക ശുശ്രൂഷയിൽ എപ്പിസ്ക്കോപ്പാ മാരായി വാഴിക്കണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. ഗബ്രിയേൽ റമ്പാന് ഗ്രീഗോറിയോസ് എന്ന നാമവും, സഖറിയാ റമ്പാന് തെയോഫിലോസ് എന്ന നാമവും, യൂഹാനോൻ റമ്പാന് ക്രിസോസ്റ്റമോസ് എന്ന നാമവും, ഔഗേൻ റമ്പാന് ദീവന്നാസിയോസ് എന്ന നാമവും നൽകുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(2005 മാർച്ച്)**

2.16) പുതുതായി വാഴിക്കപ്പെട്ട എപ്പിസ്കോപ്പാമാർക്ക് മെത്രാസനങ്ങളുടെ ചുമതല നൽകുന്നത് സംബന്ധിച്ച്.

23/06/2005 -ൽ കൂടിയ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ആലോചന സ്വീകരിച്ച്, അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പായെ തിരുവനന്തപുരം മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എപ്പിസ്കോപ്പായെ നിരണം ഭദ്രാസന മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയും, അഭിവന്ദ്യ ഡോ. സഖറിയാ മാർ തെയോഫിലോസ് എപ്പിസ്കോപ്പായെ മലബാർ ഭദ്രാസന മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയും, അഭിവന്ദ്യ ഔഗേൻ മാർ ദീവന്നാസിയോസ് എപ്പിസ്കോപ്പായെ ഇടുക്കി മെത്രാസനത്തിന്റെ പൂർണ്ണ ചുമതലയിലും അങ്കമാലി ഈസ്റ്റ് മെത്രാസനത്തിൽ പരിശുദ്ധ ബാവാ തിരുമേനിയുടെ അസിസ്റ്റന്റ് ആയും നിയമിക്കുന്നതിന് പരിശുദ്ധ ബാവാ തിരുമേനിയോട് സുന്നഹദോസ് ശുപാർശ ചെയ്തു. **(2005 ജൂലൈ)**

2.17) അഭിവന്ദ്യരായ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. സഖറിയാ മാർ തെയോഫിലോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഔഗേൻ മാർ ദീവന്നാസിയോസ് എന്നീ നാല് എപ്പിസ്ക്കോപ്പാമാരെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ദിവസം (23/02/06 - വ്യാഴം) പഴയ സെമിനാരിയിൽ വച്ച് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 ഫെബ്രുവരി)**

2.18) മലബാർ, നിരണം എന്നീ മെത്രാസനങ്ങളിൽ മെത്രാപ്പോലീത്താമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

മലബാർ മെത്രാസന മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പരിശുദ്ധ ബാവാ തിരുമേനിക്ക് പകരം ഇപ്പോഴത്തെ അസിസ്റ്റന്റ് മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെയും, നിരണം മെത്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രായാധിക്യം നിമിത്തം സ്ഥാനം ഒഴിയുന്ന സാഹചര്യത്തിൽ ഇപ്പോഴത്തെ അസിസ്റ്റന്റ് അഭിവന്ദ്യ ഡോ. യൂഹാനോൻ ക്രിസോസ്റ്റമോസ് എപ്പിസ്കോപ്പായെയും നിയമിക്കണമെന്നുള്ള 19/05/2006 -ൽ കൂടിയ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് നിയമന കൽപന നൽകുന്നതിന് സുന്നഹദോസിൽ തീരുമാനമായി. **(2006 നവംബർ)**

2.19) 2008 സെപ്റ്റംബർ മാസം 11-ാം തീയതിയിലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിന്റെ മുഖ്യ അജണ്ടയായ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമിക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ട്, കമ്മറ്റി പ്രസിഡണ്ട് അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ സുന്നഹദോസിൽ സമർപ്പിച്ചു. മോണിറ്ററിംഗ് കമ്മറ്റി മൂന്നു തവണ സമ്മേളിക്കുകയും, എപ്പിസ്കോപ്പാ സ്ഥാനാർത്ഥികളുടെ നടപടികളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു എന്നും, കമ്മറ്റി തീരുമാനപ്രകാരം ബഹുമാനപ്പെട്ട ടി. ജെ. ജോഷ്വാ അച്ചൻ 29/08/2008 -ൽ സ്ഥാനാർത്ഥികൾക്കായി ഒരു ക്ലാസ്സ് എടുക്കുകയുണ്ടായി എന്നും, അഭിവന്ദ്യ തിരുമേനി കൂട്ടിച്ചേർത്തു. 2008 സെപ്റ്റംബർ മാസം 11 -ാം തീയതി പാമ്പാക്കുടയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ട വന്ദ്യ യൂഹാനോൻ റമ്പാൻ (ഫാ. പി. എസ്. യോഹന്നാൻ), ഫാ. സ്റ്റീഫൻ ഒ. ഐ. സി, ഫാ. ഡോ. മർക്കോസ് ജോസഫ്, വന്ദ്യ ക്രിസ്റ്റഫോറസ് റമ്പാൻ, ഫാ. ഡോ. മാത്യു ബേബി, ഫാ. അലക്സ് ദാനിയേൽ, ഫാ. ഡോ. എം. ജോൺ പണിക്കർ എന്നീ ഏഴ് സ്ഥാനാർത്ഥികളുടേയും തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പരിപൂർണ്ണ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് മോണിറ്ററിംഗ് കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കാമെന്ന് അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർദ്ദേ

ശിച്ചു; അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോ ലീത്താ പിന്താങ്ങി. റിപ്പോർട്ട് അംഗീകരിച്ചതായി അദ്ധ്യക്ഷൻ തിരു മേനി കൽപിച്ച് പ്രഖ്യാപിച്ചു.

ഈ വിവരം കല്പന മുഖാന്തിരം എല്ലാ പള്ളികളെയും അറിയി ക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ റമ്പാൻമാർ അല്ലാത്ത ഫാ. ഡോ. മർക്കോസ് ജോസഫ്, ഫാ. സ്റ്റീഫൻ ഒ. ഐ. സി, ഫാ. ഡോ. മാത്യു ബേബി, ഫാ. അലക്സ് ദാനിയേൽ, ഫാ. ഡോ. എം. ജോൺ പണിക്കർ എന്നിവർക്ക് റമ്പാൻ സ്ഥാനം നൽകുന്നതിനും തീരുമാനമായി.

നവംബർ മാസം 15-ാം തീയതിമുതൽ 30-ാം തീയതി വരെ സ്ഥാനാർത്ഥികൾ റാന്നി-പെരുനാട് ബഥനി ആശ്രമത്തിൽ താമ സിച്ച് പ്രാർത്ഥനാപൂർവ്വം ഒരുങ്ങേണ്ടതാണെന്നും, ഡിസംബർ മാസം 4-ാം തീയതി പരുമലയിൽ വച്ച് 5 പേർക്ക് റമ്പാൻ സ്ഥാനം നൽകേണ്ടതാണെന്നും, ഡിസംബർ, ജനുവരി, ഫെബ്രുവരി മാസ ങ്ങളിൽ അവർ കോട്ടയം പഴയ സെമിനാരിയിൽ താമസിച്ച് ആവ ശ്യമായ പരിശീലനം നേടേണ്ടതാണെന്നും, പരിശീലന ക്ലാസ്സു കൾക്കായി പ്രത്യേകം കരിക്കുലം അഭിവന്ദ്യ ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെ മുഖ്യചുമതലയിൽ രൂപപ്പെടുത്തേണ്ടതാ ണെന്നും, 2009 ഫെബ്രുവരി മാസം 19 -ാം തീയതി മെത്രാൻ സ്ഥാനാ ഭിഷേകം നടത്തേണ്ടതാണെന്നും യോഗത്തിൽ തീരുമാനമായി. മെത്രാൻ സ്ഥാനാഭിഷേകം നടത്തുന്നതിനുള്ള സ്ഥലം നിശ്ചയി ക്കുന്നതിനായി അഭിവന്ദ്യ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, അഭി വന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ എന്നിവരടങ്ങുന്ന സബ് കമ്മറ്റിയെ സുന്നഹദോസ് നിയോഗിച്ചു. **(2008 സെപ്റ്റംബർ 22)ട**

2.20) പുതിയ മെത്രാപ്പോലീത്താമാർക്ക് ഭദ്രാസന ചുമതല വിഭജിച്ചു നൽകുന്നത് സംബന്ധിച്ച്.

ടി വിഷയം സംബന്ധിച്ച് താഴെ പറയുന്ന ശുപാർശകൾ സുന്നഹ ദോസ് പരിശുദ്ധ ബാവാ തിരുമേനിക്ക് സമർപ്പിച്ചു:

(1). അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായെ

സുൽത്താൻ ബത്തേരി ഭദ്രാസന ചുമതലയിൽ നിന്ന് തുമ്പമൺ ഭദ്രാസനത്തിലേക്കും, അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായെ കൊച്ചി ഭദ്രാസന ചുമതലയിൽ നിന്ന് കൊല്ലം ഭദ്രാസനത്തിലേക്കും, അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തായെ മദ്രാസ് ഭദ്രാസന ചുമതലയിൽ നിന്ന് കൊച്ചി ഭദ്രാസനത്തിലേക്കും മാറ്റി നിയമിക്കുക.

(2). നവാഭിഷിക്തരായ, അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായെ അങ്കമാലി ഭദ്രാസനത്തിലും, അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായെ ഇടുക്കി ഭദ്രാസനത്തിലും, അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ കൽക്കട്ടാ ഭദ്രാസനത്തിലും, അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായെ സുൽത്താൻ ബത്തേരി മെത്രാസനത്തിലും, അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ യു.കെ. - യൂറോപ്പ് - ആഫ്രിക്ക മെത്രാസനത്തിലും, അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ സൗത്ത് വെസ്റ്റ് അമേരിക്കാ മെത്രാസനത്തിലും, അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ മദ്രാസ് ഭദ്രാസനത്തിലും നിയമിക്കുക.

(3). ബോംബെ ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായെ അഹമ്മദാബാദ് മെത്രാസനത്തിന്റെ അസിസ്റ്റന്റായും, അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായെ ബാംഗ്ലൂർ മെത്രാസനത്തിന്റെ അസിസ്റ്റന്റായും നിയമിക്കുക.

മെത്രാപ്പോലീത്താമാർക്ക് ചുമതലകൾ നൽകിക്കൊണ്ടുള്ള കൽപനകൾ 2009 ഏപ്രിൽ മാസം 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം നൽകേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2009 ഫെബ്രുവരി)**

2.21) 2010 ഫെബ്രുവരി മാസം 17-ാം തീയതി സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ട എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

2010 ഫെബ്രുവരി മാസം 17-ാം തീയതി ശാസ്താംകോട്ടയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ഫാ. ഡോ. ജോൺ മാത്യൂസ്, ഫാ. ഡോ. നഥനയേൽ റമ്പാൻ, ഫാ. വി. എം. ജെയിംസ്, ഫാ. യൂഹാനോൻ റമ്പാൻ, ഫാ. ഡോ. സാബു കുറിയാക്കോസ്, ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. ഡോ. വി. എം. ഏബ്രഹാം എന്നിവരുടെ തെരഞ്ഞെടുപ്പ് പരിശുദ്ധ സുന്നഹദോസ് ഐകകണ്ഠ്യേന അംഗീകരിക്കുകയും, അവരുടെ മേൽപ്പട്ട സ്ഥാനാഭിഷേകം 2010 സെപ്റ്റംബർ മാസം 23-ാം തീയതി വ്യാഴാഴ്ച നടത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തു. **(2010 ഫെബ്രുവരി)**

2.22) പുതുതായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്താമാർക്ക് ഭദ്രാസനങ്ങളുടെ ചുമതല നൽകുന്നത് സംബന്ധിച്ച്.

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയും, 2010 ഓഗസ്റ്റ് മാസം മൂന്നാം തീയതി സമ്മേളിച്ച മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ആലോചനയും പരിഗണിച്ച്, 2010 മെയ് മാസം 12-ാം തീയതി മെത്രാപ്പോലീത്താമാരായി അഭിഷേകം ചെയ്യപ്പെട്ട ഏഴ് പേരിൽ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്തായെ ഡൽഹി മെത്രാസനത്തിന്റെ സ്വതന്ത്ര ചുമതലയുള്ള അസിസ്റ്റന്റായും, അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായെ കൊട്ടാരക്കര-പുനലൂർ മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്തായെ ബ്രഹ്മവാർ മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായെ നിലയ്ക്കൽ മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായെ അടൂർ-കടമ്പനാട് മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ അഹമ്മദാബാദ് മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായെ ബാംഗ്ളൂർ മെത്രാസനത്തിന്റ ചുമതലയിലും നിയമിക്കുന്നതാണ് എന്ന് പരിശുദ്ധ ബാവാ തിരുമേനി സുന്നഹദോസിൽ അറിയിച്ചു. **(2010 ഓഗസ്റ്റ്)**

2.23) നോർത്ത് ഈസ്റ്റ് അമേരിക്ക മെത്രാസനത്തിന് പുതിയ മെത്രാ

പ്പോലീത്തായെ നിയമിക്കുന്നതിനുള്ള സുന്നഹദോസിന്റെ ശുപാർശ സംബന്ധിച്ച്.

അഭിവന്ദ്യ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായെ നോർത്ത് ഈസ്റ്റ് അമേരിക്ക മെത്രാസനത്തിന്റെ ചുമതലയിൽ നിയമിക്കണമെന്ന് പരിശുദ്ധ ബാവാ തിരുമേനിയോട് സുന്ന ഹദോസ് ഏകകണ്ഠമായി ശുപാർശ ചെയ്തു. **(2011 ഫെബ്രുവരി)**

2.24) 2022 ഫെബ്രുവരി മാസം 25-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം എപ്പി സ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തവരുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

2022 ഫെബ്രുവരി മാസം 25-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം എപ്പിസ്കോപ്പാ സ്ഥാന ത്തേക്ക് തെരഞ്ഞെടുത്ത റവ. ഫാ. ഏബ്രഹാം തോമസ്, റവ. ഫാ. ഡോ. പി. സി. തോമസ്, റവ. ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ, റവ. ഫാ. വിനോദ് ജോർജ്ജ്, റവ. ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, റവ. ഫാ. ഡോ. റെജി ഗീവർഗീസ്, റവ. ഫാ. സഖറിയാ നൈനാൻ ചിറത്തിലാട്ട് എന്നിവരുടെ തെരഞ്ഞെടുപ്പ് പരിശുദ്ധ എപ്പി സ്കോപ്പൽ സുന്നഹദോസ് ഐകകണ്ഠ്യേന അംഗീകരിച്ചു. **(2022 ഫെബ്രുവരി)**

2.25) മെത്രാപ്പോലീത്താമാർക്ക് ഭദ്രാസന ചുമതലകൾ നൽകു ന്നത് സംബന്ധിച്ച്.

18/10/2022 -ൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസി യേഷൻ മാനേജിംഗ് കമ്മറ്റി സമർപ്പിച്ച ആലോചന പരിഗണിച്ചും, അന്നേ ദിവസം സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹ ദോസ് നൽകിയ ശുപാർശ പരിഗണിച്ചും 2023 നവംബർ മാസം 3-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം താഴെ പറ യുന്ന വിധത്തിൽ മെത്രാപ്പോലീത്താമാരെ നിയമിച്ചുകൊണ്ട് പരി ശുദ്ധ ബാവാ തിരുമേനി കൽപന നൽകി:

(1). അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ കൊല്ലം മെത്രാസനത്തിന്റെ ഭരണ ചുമതലയിൽ നിന്നും മാറുന്ന സാഹചര്യത്തിൽ, അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാസി യോസ് മെത്രാപ്പോലീത്തായെ കൽക്കട്ടാ മെത്രാസനത്തിന്റെ ചുമ

തലയിൽ നിന്ന് കൊല്ലം മെത്രാസനത്തിലേക്കും, അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായെ സുൽത്താൻ ബത്തേരി മെത്രാസനത്തിന്റെ ചുമതലയിൽ നിന്ന് മാവേലിക്കര മെത്രാസനത്തിലേക്കും, അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ യു. കെ. - യൂറോപ്പ് - ആഫ്രിക്കാ മെത്രാസനത്തിന്റെ ചുമതലയിൽ നിന്ന് ചെങ്ങന്നൂർ മെത്രാസനത്തിലേക്കും, മാവേലിക്കര മെത്രാസനത്തിൽ പരിശുദ്ധ ബാവാ തിരുമേനിയുടെ അസിസ്റ്റന്റ് ആയിരിക്കുന്ന അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ കൽക്കട്ടാ മെത്രാസനത്തിലേക്കും, അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ മദ്രാസ് മെത്രാസനത്തിന്റെ ചുമതലയിൽ നിന്ന് കോട്ടയം മെത്രാസനത്തിലേക്കും, അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ അഹമ്മദാബാദ് മെത്രാസനത്തിന്റെ ചുമതലയിൽ നിന്ന് കുന്നംകുളം മെത്രാസനത്തിലേക്കും മാറ്റി നിയമിച്ചു. **(2022 ഒക്ടോബർ)**

(2). നവാഭിഷിക്തരായ, അഭിവന്ദ്യ ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായെ യു. കെ. - യൂറോപ്പ് - ആഫ്രിക്ക മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ സൗത്ത് വെസ്റ്റ് അമേരിക്ക മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ അഹമ്മദാബാദ് മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ മദ്രാസ് മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ മലബാർ മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ സുൽത്താൻ ബത്തേരി മെത്രാസനത്തിന്റെ ചുമതലയിലും, അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ ഇടുക്കി മെത്രാസനത്തിന്റെ ചുമതലയിലും നിയമിച്ചു. **(2022 ഒക്ടോബർ)**

2.26) മെത്രാപ്പോലീത്താമാരുടെ വിൽപ്പത്രം സംബന്ധിച്ച്. മെത്രാപ്പോലീത്താമാരുടെ വിൽപ്പത്രം തയ്യാറാക്കുമ്പോൾ അതിന്റെ ഒരു കോപ്പി സഭാ കേന്ദ്രത്തിൽ നൽകേണ്ടതാണ് എന്ന് സുന്നഹ

ദോസ് നിശ്ചയിച്ചു. **(1998 ഫെബ്രുവരി)**

2.27) മെത്രാപ്പോലീത്താമാരുടെ ജംഗമസ്വത്ത് സംബന്ധിച്ച്.

മെത്രാപ്പോലീത്താമാർ സ്വന്തമായി ആർജ്ജിച്ചിട്ടുള്ളതും, അവരുടെ കൈവശത്തിൽ ഇരിക്കുന്നതുമായ സ്വത്തുക്കളുടെ വിവരം പരിശുദ്ധ ബാവാ തിരുമേനിയെ അറിയിക്കണമെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(1998 ഫെബ്രുവരി)**

2.28) മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നടപടിചട്ടങ്ങളും, മാനദണ്ഡങ്ങളും രൂപീകരിക്കുമ്പോൾ, ബാഹ്യ കേരളം ഉൾപ്പെടെ സഭയുടെ എല്ലാ റീജിയനുകൾക്കും പ്രാതിനിധ്യം ലഭിക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്യണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 നവംബർ)**

2.29) സഭയിലെ മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നടപടി ചട്ടങ്ങളും മാനദണ്ഡങ്ങളും സുന്നഹ ദോസ് അംഗീകരിച്ചു. **(2007 ഓഗസ്റ്റ്)**

2.30) ഔദ്യോഗിക ചടങ്ങുകളിലും, കൂദാശാ വേളകളിലും കുരിശുമാലയോടൊപ്പം, ഉണ്ണിയേശുവിനെ വഹിക്കുന്ന മാതാവിന്റെ ചിത്രം ആലേഖനം ചെയ്തിട്ടുള്ള പനാഗിയ കൂടി എല്ലാ മെത്രാപ്പോ ലീത്താമാരും ഉപയോഗിക്കണമെന്ന് സുന്നഹദോസിൽ തീരുമാ നമായി. **(2008 ഫെബ്രുവരി)**

2.31) മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പിലും, ബാഹ്യകേരള ത്തിലെ അവരുടെ നിയമനങ്ങളിലും ബാഹ്യകേരള ഭദ്രാസനങ്ങളിൽ സേവനം അനുഷ്ടിച്ച വൈദികർക്ക് അർഹമായ പരിഗണന നൽകേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2008 ഓഗസ്റ്റ്)**

2.32) ഭാരതത്തിന് പുറത്തേക്ക് സന്ദർശനത്തിനായി പോകുന്ന മെത്രാപ്പോലീത്താമാർ.

ഭാരതത്തിന് പുറത്തേക്ക് സന്ദർശനത്തിനായി പോകുന്ന മെത്രാ പ്പോലീത്താമാർ ആ വിവരം പരിശുദ്ധ ബാവാ തിരുമേനിയെ അറി യിച്ചിരിക്കേണ്ടതാണ് എന്ന് പരി. ബാവാ തിരുമേനി സുന്നഹ ദോസിൽ പ്രസ്താവിച്ചു. **(2005 ഡിസംബർ)**

2.33) മെത്രാപ്പോലീത്താമാരുടെ റിട്ടയർമെന്റും സംരക്ഷണവും സംബന്ധിച്ച്.

1. ഒരു മെത്രാപ്പോലീത്തായ്ക്ക് എല്ലാ പ്രകാരേണയും റിട്ടയർമെന്റ് ആവശ്യമാണ്.

2. എല്ലാ മെത്രാപ്പോലീത്താമാരും 75 വയസ്സിൽ റിട്ടയർ ചെയ്യുകയാണ് അഭികാമ്യം. ആവശ്യം അനുസരിച്ചോ, ആരോഗ്യം അനുവദിക്കുന്നപക്ഷമോ 80 വയസ്സ് വരെ തുടരാവുന്നതാണ്.

3. ഈ നിർദ്ദേശങ്ങൾ ഇപ്പോൾ 70 വയസ്സിന് താഴെ പ്രായമുള്ള മെത്രാപ്പോലീത്താമാരെ മാത്രമേ ബാധിക്കുന്നുള്ളു. ഇപ്പോൾ 70 വയസ്സിന് താഴെ പ്രായമുള്ളവർക്കും, ഇനി പുതുതായി വാഴിക്കപ്പെടുന്നവർക്കും ഇവ ബാധകമായിരിക്കും.

4. ഇപ്പോൾ 80 വയസ്സിനു മേൽ പ്രായമുള്ള എല്ലാ മെത്രാപ്പോലീത്താമാർക്കും അവർ ആവശ്യപ്പെടുന്ന പക്ഷം പുതുതായി വാഴിക്കപ്പെടുന്ന എപ്പിസ്കോപ്പാമാരിൽ നിന്ന് സഹായികളെ നിയമിക്കേണ്ടതാണ്.

5. റിട്ടയർ ചെയ്യുന്ന മെത്രാപ്പോലീത്താമാരുമായി ആലോചിച്ച് അവർക്കുള്ള താമസസൗകര്യവും, സംരക്ഷണവും ലഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ സഭ നേരിട്ട് ചെയ്യേണ്ടതാണ്. **(2009 ഓഗസ്റ്റ്)**

6. റിട്ടയർമെന്റ് പ്രായത്തിനു മുമ്പു തന്നെ ശാരീരികമായ അസ്വസ്ഥതകൾ മൂലം ഭദ്രാസന ഭരണം നടത്തുവാൻ പ്രയാസപ്പെടുന്ന മെത്രാപ്പോലീത്താമാരെ സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനം സുന്നഹദോസ് കൈക്കൊണ്ടു:

"ശാരീരികമായ അസ്വസ്ഥകൾ മൂലം ഒരു മെത്രാപ്പോലീത്തായ്ക്ക് ഭദ്രാസന ഭരണം നടത്തുവാൻ പ്രയാസമാണ് എന്ന് സുന്നഹദോസിന് ബോധ്യമായാൽ, സുന്നഹദോസിന്റെ ശുപാർശപ്രകാരം, ആ മെത്രാപ്പോലീത്തായെപ്പറ്റിയുള്ള വിശദമായ മെഡിക്കൽ റിപ്പോർട്ട് വാങ്ങി, പരിശുദ്ധ ബാവാതിരുമേനി ആ മെത്രാപ്പോലീത്തായ്ക്ക് റിട്ടയർമെന്റ് കൽപന കൊടുക്കുകയോ, അല്ലെങ്കിൽ ഒരു അസിസ്റ്റന്റ് മെത്രാപ്പോലീത്തായെ നിയമിച്ചു കൊടുക്കുകയോ ചെയ്യാവുന്നതാണ്." **(2009 ആഗസ്റ്റ്)**

2.34) മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങളിലും നടപടി ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ.

മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിലവിലിരിക്കുന്ന മാനദണ്ഡങ്ങളിലും നടപടി ചട്ടങ്ങളിലും താഴെപ്പറയുന്ന കൂട്ടിച്ചേർക്കലുകൾക്കൂടി ഉൾപ്പെടുത്തുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു:

1. മറ്റ് എല്ലാ മാനദണ്ഡങ്ങളും അനുസരിച്ച് യോഗ്യരായി കണ്ടെത്തപ്പെടുന്നവർക്ക് ഉയർന്ന പ്രായപരിധിയുടെ കാര്യത്തിൽ 3 വർഷം വരെ ഇളവ് അനുവദിക്കാവുന്നതാണ് (58 വയസ്സ് വരെ). പ്രായപരിധി നിർണ്ണയിക്കുന്നത് അസ്സോസിയേഷൻ യോഗം ചേരുന്ന ദിവസം കണക്കാക്കിയായിരിക്കും. **(2009 ആഗസ്റ്റ്)**

2. തെരഞ്ഞെടുക്കപ്പെടേണ്ട ആളുകളുടെ ഇരട്ടി സംഖ്യ സ്ക്രീനിംഗ് കമ്മറ്റിക്ക് കണ്ടെത്തുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, സ്ക്രീനിംഗ് കമ്മറ്റിയുമായി ആലോചിച്ച് പരിശുദ്ധ ബാവാ തിരുമേനിക്ക് യുക്തമായ തീരുമാനം എടുക്കാവുന്നതാണ്. **(2009 ആഗസ്റ്റ്)**

2.35) സൗത്ത് വെസ്റ്റ് അമേരിക്കാ മെത്രാസനത്തിന്റെ ഭരണ ചുമതല സംബന്ധിച്ച്.

സൗത്ത് വെസ്റ്റ് അമേരിക്കാ മെത്രാസനത്തിന്റെ ഭരണ ചുമതലയിൽ നിന്നും വിടുർത്തണമെന്നുള്ള അഭിവന്ദ്യ അലക്സിയോസ് മാർ യ�ൗസേബിയോസ് മെത്രാപ്പോലീത്തായുടെ 2017 ഓഗസ്റ്റ് മാസം 04-ാം തീയതിയിലെ അപേക്ഷ പരിഗണിച്ച്, 2017 ഓഗസ്റ്റ് മാസം 05-ാം തീയതി മുതൽ അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ സൗത്ത് വെസ്റ്റ് അമേരിക്കാ മെത്രാസനത്തിന്റെ ഭരണ ചുമതലയിൽ നിന്നും വിടുർത്തി കൽപന നൽകുകയും, മെത്രാസന ഭരണം പരിശുദ്ധ ബാവാ തിരുമേനി ഏറ്റെടുക്കുകയും ചെയ്തു. **(2017 ഓഗസ്റ്റ്)**

2.36) മേല്പട്ടക്കാരുടെ പേരിലുള്ള പരാതികൾ സമർപ്പിക്കുന്നത് സംബന്ധിച്ച ഉപചട്ടങ്ങൾ.

1. ഒരു മേല്പട്ടക്കാരന്റെ പേരിൽ പരാതിയുണ്ടെങ്കിൽ മലങ്കര സഭയിൽ മുറ പ്രകാരം അംഗമായിട്ടുള്ള ഒന്നോ അതിലധികമോ പേർ ഒപ്പിട്ട പരാതി പ. സുന്നഹദോസിന്റെ അദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവായുടെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. **(1989 ഫെബ്രുവരി)**

2. അങ്ങനെ പരാതി അയയ്ക്കുമ്പോൾ അതിന്റെ ഒരു പകർപ്പ്, ഏത് മെത്രാപ്പോലീത്തായുടെ പേരിലാണോ പരാതി, ആ മെത്രാപ്പോലീത്തായ്ക്കും അയച്ചുകൊടുക്കേണ്ടതാണ്. **(1989 ഫെബ്രുവരി)**

3. സിവിൽ കോടതികളിൽ നിലവിലുള്ള ഏതെങ്കിലും കേസുകളുമായി ബന്ധമുള്ള പരാതികൾ, കേസിന്റെ വിധിയുണ്ടാകുന്നതുവരെ പരിഗണനയ്ക്ക് എടുക്കേണ്ട ആവശ്യമില്ല. എങ്കിലും ഒരു പരാതി പരിഗണിക്കാതിരിക്കുവാൻ വേണ്ടി മാത്രമാണ് കേസ് കൊടുത്തിരിക്കുന്നതെന്നോ, മറ്റ് കാരണങ്ങളാൽ കേസ് തീരുന്നതുവരെ പരാതിയെപ്പറ്റിയുള്ള അന്വേഷണം നീട്ടി വയ്ക്കുന്നത് ആശാസ്യമല്ലെന്നോ പ. ബാവാ തിരുമേനിക്ക് ബോധ്യം വരുന്ന പക്ഷം നിയമജ്ഞരുമായി ആലോചിച്ച് ഉചിതമായ നടപടി എടുക്കാവുന്നതാണ്. **(1989 ഫെബ്രുവരി)**

4. പരാതികൾ ലഭിച്ചു കഴിഞ്ഞാൽ പരാതിക്കാർ സഭാംഗങ്ങളാണോ, പരാതിയുടെ പകർപ്പ് മെത്രാപ്പോലീത്തായ്ക്ക് ലഭിച്ചിട്ടുണ്ടോ, പരാതിയുമായി ബന്ധമുള്ള കേസുകൾ നിലവിലുണ്ടോ, പരാതി പരിഗണിക്കത്തക്ക ഗൗരവമുള്ളതായി പ്രഥമദൃഷ്ട്യാ തോന്നുന്നുവോ എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിച്ചശേഷം പരാതിക്കാരിൽനിന്നോ മറ്റുള്ളവരിൽനിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കണമെങ്കിൽ അതിനുംശേഷം പരി. സുന്നഹദോസിന്റെ അജണ്ടയിൽ ചേർത്ത് പരാതിക്കാരനേയും, പരാതി ആരുടെ പേരിലാണോ ആ മെത്രാപ്പോലീത്തായേയും വിസ്തരിച്ചശേഷം സുന്നഹദോസിന്റെ ഭൂരിപക്ഷ തീരുമാനപ്രകാരം പരിശുദ്ധ കാതോലിക്കാബാവാ വിധി പ്രസ്താവിക്കേണ്ടതും, വിധി നടപ്പിൽ വരുത്തേണ്ടതുമാകുന്നു. **(1989 ഫെബ്രുവരി)**

****

3. കാതോലിക്കാദിനം (സഭാദിനം), കാതോലിക്കേറ്റ് സെന്ററുകൾ, ഭരണഘടന, സുന്നഹദോസ്.

3.1) സുന്നഹദോസ് കോറം.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ കോറം നിലവിലുള്ള അംഗ സംഖ്യയുടെ പകുതിയിലധികമായിരിക്കണം എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1976 മാർച്ച്)**

3.2) ജൂലൈ സുന്നഹദോസിന്റെ തീയതി സംബന്ധിച്ച്.

1. ഇനി മുതലുള്ള വർഷങ്ങളിൽ പുലിക്കോട്ടിൽ മാർ ദീവന്നാ സിയോസ് മെത്രാപ്പോലീത്തായുടെ പെരുന്നാളിന് (ജൂലൈ 12) ശേഷം തൊട്ടടുത്തുള്ള ദിവസങ്ങളിൽ ജൂലൈ സുന്നഹദോസ് വിളിച്ചുകൂട്ടേണ്ടാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2003 ജൂലൈ)**

2. ജൂലൈ സുന്നഹദോസ് 2006 മുതൽ ഓഗസ്റ്റിലേക്ക് മാറ്റുന്നതിന് സുന്നഹദോസിൽ തീരുമാനമായി. **(2005 ജൂൺ)**

3.3) സുന്നഹദോസ് യോഗങ്ങൾ കൂടുന്നത് സംബന്ധിച്ച്.

"There shall at least be two general meetings of the synod, the first during the month of February and the second during the month of August, both lasting for a week and starting with a retreat everyday." **(2006 ഫെബ്രുവരി)**

3.4) കാതോലിക്കാദിന ആചരണം.

എല്ലാ വർഷവും കാതോലിക്കാ ദിനമായി ആചരിച്ചുവരുന്ന വലിയ നോമ്പിലെ 36-ാം ഞായറാഴ്ച മേലിൽ **'സഭാദിന'**മായി ആചരിക്ക ണമെന്നും എന്നാൽ കാതോലിക്കാദിനം എന്ന പേര് മാറ്റേണ്ടതി ല്ലെന്നും സുന്നഹദോസ് തീരുമാനിച്ചു. **(1977 ഫെബ്രുവരി)**

3.5) കാതോലിക്കേറ്റ് സെന്ററുകൾ.

നമ്മുടെ സഭയിലെ കക്ഷിവഴക്കുള്ള കേന്ദ്രങ്ങളിൽ നമ്മോട് അനു കൂലിച്ച് നിൽക്കുന്നവർക്ക് വേണ്ടതായ ഉത്തേജനം നൽകുന്നതി നായി കാതോലിക്കേറ്റ് സെന്ററുകൾ ഉണ്ടാക്കണമെന്ന് സുന്നഹ ദോസ് നിശ്ചയിച്ചു. **(1979 ഫെബ്രുവരി)**

3.6) കാതോലിക്കാദിനപ്പിരിവിൽ നിന്നുള്ള ഭദ്രാസന മെത്രാപ്പോ ലീത്താമാരുടെ വിഹിതം.

കാതോലിക്കാദിനപ്പിരിവിൽ നിന്ന് ഭദ്രാസന മെത്രാപ്പോലീത്താമാർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന വിഹിതം മേലിൽ ഒരുമിച്ച് ചേർത്ത് എല്ലാ ഭദ്രാസന മേൽപട്ടക്കാർക്കും സഹായ മേൽപട്ടക്കാർക്കുമായി ഒരുപോലെ വീതിച്ചു കൊടുക്കണമെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(1979 ഫെബ്രുവരി)**

3.7) പൗരസ്ത്യ കാതോലിക്കാ സിംഹാസന പുന:സ്ഥാപന സപ്തതി ആഘോഷം.

പൗരസ്ത്യ കാതോലിക്കാ സിംഹാസന പുന:സ്ഥാപന സപ്തതി, സഭ ആകമാനമായി 1982 സെപ്റ്റംബർ 5 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ ആഘോഷിക്കണമെന്നും, അതിനായി ഭക്തിപ്രദായകങ്ങളും ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുന്നവയുമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും, സഭാ കേന്ദ്രത്തിലെ ആഘോഷപരിപാടികളുടെ ചെലവിലേക്ക് വേണ്ടിവരുന്ന ഒരുലക്ഷത്തിൽപരം രൂപാ പ്രധാനപ്പെട്ട പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നുമായി പ. ബാവാ തിരുമേനി കൽപന അയച്ച് പിരിച്ചെടുക്കേണ്ടതാണെന്നും, സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ഭവന രഹിതരായ എഴുപതുപേർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് പരിശുദ്ധ കാതോലിക്കാ ബാവാ അദ്ധ്യക്ഷനും, പൗലോസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ ഉപാദ്ധ്യക്ഷന്മാരും, ഫാ. മത്തായി വിളനിലം കൺവീനറുമായി കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അധികാരത്തോടുകൂടി ഒരു കമ്മറ്റിയെ നിയമിക്കണമെന്നും, സപ്തതി ആഘോഷങ്ങൾ എറണാകുളത്ത് ഉദ്ഘാടനം ചെയ്യണമെന്നും, കോട്ടയത്ത് 12-ാം തീയതി ഇന്ത്യൻ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ പ്രധാന സമ്മേളനവും, തിരുവനന്തപുരത്ത് സമാപന സമ്മേളനവും നടത്തണമെന്നും, ആഘോഷ ചടങ്ങുകളിൽ സംബന്ധിക്കുന്നതിന് വിദേശത്തും നാട്ടിലുമുള്ള വിവിധ സഭകളിൽനിന്നും മേലദ്ധ്യക്ഷന്മാരെ ക്ഷണിക്കണമെന്നും, സപ്തതി ആഘോഷങ്ങളുടെ നടത്തിപ്പിലേക്ക് വിവിധ സബ് കമ്മറ്റികൾ രൂപീകരിക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1982 ജൂലൈ)**

3.8) സഭയുടെ എംബ്ലം.

സഭയുടെ എംബ്ലം പലയിടത്തും പല രൂപത്തിൽ അച്ചടിക്കുന്നുണ്ടെ

ന്നുള്ള എം. ഒ. സി. പബ്ലിക്കേഷൻ സെക്രട്ടറിയുടെ കത്ത് യോഗത്തിൽ വായിച്ചു. പരിശുദ്ധ ബാവാ തിരുമേനി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എംബ്ലം മാത്രമേ മേലിൽ സഭയുടെ എംബ്ലമായി സ്വീകരിക്കാവൂ എന്ന തീരുമാനം സുന്നഹദോസ് കൈക്കൊണ്ടു. **(1989 ഫെബ്രുവരി)**

****

4. വി. വേദപുസ്തകം

4.1) ബൈബിൾ സൊസൈറ്റി.

വി. വേദപുസ്തകം സഭയുടെ ആത്മീയ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാകയാലും ഓർത്തഡോക്സ് സുറിയാനി സഭവകയായ വേദപുസ്തക തർജ്ജമ തൽക്കാലം ഇല്ലാത്തതിനാലും ഇനി ഒരു കൽപന ഉണ്ടാകുന്നതുവരെ ഇന്ത്യാ വേദപുസ്തക സമൂഹം (Bible Society of India) പ്രസിദ്ധീകരിച്ചിട്ടുള്ള വേദപുസ്തക തർജ്ജമകൾ സഭാംഗങ്ങൾ ഉപയോഗിക്കുന്നതിനും, വേദപുസ്തക സമൂഹത്തെ സാമ്പത്തികമായി സഹായിക്കുന്നതിനും പ. സുന്നഹദോസ് അനുവദിച്ചിരിക്കുന്നു. **(1977 ജൂലൈ)**

4.2) വി. വേദപുസ്തകത്തിന്റെ മലയാള പരിഭാഷ.

വിശുദ്ധ വേദപുസ്തകത്തിന് മലങ്കര ഓർത്തഡോക്സ് സഭവകയായ ഒരു മലയാള പരിഭാഷ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സുന്നഹദോസ് ചിന്തിച്ചു. വി. വേദപുസ്തകത്തിലെ പുതിയ നിയമത്തിന്റെ ഒരു മലയാള പരിഭാഷ ആദ്യമായി തയ്യാറാക്കണമെന്നും, ആയത് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ നിർവ്വഹിക്കപ്പെടണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1986 ജൂലൈ)**

4.3) ഓർത്തഡോക്സ് സ്റ്റഡി ബൈബിളിൽ ഉൾപ്പെടുത്തേണ്ടതായ പുസ്തകങ്ങൾ സംബന്ധിച്ച്.

പരിശുദ്ധ സഭയുടെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്ന ഓർത്തഡോക്സ് സ്റ്റഡി ബൈബിളിൽ പഴയ നിയമ ഗ്രന്ഥങ്ങളായി താഴെ പറയുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി:

Genesis, Exodus, Leviticus, Numbers, Deuteronomy, Joshua, Judges, Ruth, Judith, 1 Samuel, 2 Samuel, 1 Kings, 2 Kings, 1 Chronicles, 2 Chronicles, Ezra, Nehemiah, Esther, Tobith, 1 Maccabees, 2 Maccabees, 3 Maccabees, Job, Psalms, Proverbs, Ecclesiastes, Song of Songs, Wisdom of Solomon, Psalms of Solomon, Bara Sirach/Ecclesiasticus, Isaiah, Jeremiah, Lamentations, Baruch, Letter of Jeremiah, Ezechiel, Daniel, Hosea, Joel, Amos, Obediah, Jonah,

Micah, Nahum, Habakkuk, Zephaniah, Haggai, Zachariah, Malachi. **(2020 സെപ്റ്റംബർ)**

4.4) പരിശുദ്ധ സഭയുടേതായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന വിശുദ്ധ വേദപുസ്തക പരിഭാഷ സംബന്ധിച്ച്.

പരിശുദ്ധ സഭയുടേതായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന വിശുദ്ധ വേദപുസ്തക പരിഭാഷയുടെ ആദ്യഘട്ടമായി നാല് സുവിശേഷങ്ങളും അപ്പോസ്തല പ്രവർത്തികളും ഉൾപ്പെടുത്തിയ ഗ്രന്ഥം സഭയുടെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(2023 ഓഗസ്റ്റ്)**

****

5. വി. കുമ്പസാരം, വി. കുർബാന

5.1) വി. കുർബാനയും അക്രൈസ്തവരും.

5.1.1. ചില പള്ളികളിൽ അനുവദിക്കുന്ന പ്രകാരം വി. കുർബാന യ്ക്കിടയിൽ വിശ്വാസപ്രമാണത്തിന് ശേഷം പള്ളിയിൽ നിൽക്കു ന്നതിനോ തിരി കത്തിച്ചുപിടിക്കുന്നതിനോ അക്രൈസ്തവരെ അനു വദിക്കാവുന്നതല്ല. **(1978 ജൂലൈ)**

5.1.2. വി. കുർബ്ബാനയിൽ വിശ്വാസപ്രമാണത്തിനുശേഷം അക്രൈ സ്തവരുടെ പേരുകൾ ഓർക്കുന്നത് ശരിയല്ല. **(1978 ജൂലൈ)**

5.2) മദ്ധ്യസ്ഥപ്രാർത്ഥന.

വി. കുർബ്ബാനയോടനുബന്ധിച്ച് ചില പള്ളികളിൽ നടത്തുന്ന വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ആവശ്യമെങ്കിൽ, കുക്കി ലിയോന്റെ സമയത്ത് നടത്താതെ വി. കുർബ്ബാനയ്ക്കുശേഷം നട ത്തുകയാണ് ഉചിതമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1978 ജൂലൈ)**

5.3) വിശ്വാസപ്രമാണം.

വിശ്വാസപ്രമാണം എല്ലാവരുംകൂടി ഒരുമിച്ച് ഭംഗിയായും ഒരുപോ ലെയും ചൊല്ലാമെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ് എന്ന് സുന്ന ഹദോസിൽ തീരുമാനമായി. **(1978 ജൂലൈ)**

5.4) വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും.

സഭാംഗങ്ങളുടെ വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും കൂടു തൽ കാര്യക്ഷമമാക്കുന്നതിനെപ്പറ്റി പ. സുന്നഹദോസ് ഗൗരവമായി ചിന്തിച്ചു. **(1979 ഫെബ്രുവരി)**

സഭാംഗങ്ങൾ അധികവും അവരുടെ രഹസ്യജീവിതത്തിലും, സ്വന്ത ഭവനങ്ങളിലും, പള്ളി ഇടവകകളിലും, മെത്രാസനങ്ങളിലും, സഭാ തലത്തിലും, രാഷ്ട്രീയം, സാമൂഹ്യം എന്നിങ്ങനെയുള്ള പൊതു ജീവിതത്തിലും മറ്റും ഇന്ന് കാണിക്കുന്ന അച്ചടക്കരാഹിത്യത്തിനും, ക്രമക്കേടുകൾക്കും, മദ്യപാനാസാക്തി മുതലായ ദുർമ്മാർഗ്ഗ ജീവിത ത്തിനും മറ്റും പല കാരണങ്ങൾ പറയാമെങ്കിലും അവയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വി. കുമ്പസാരത്തിലും വി. കുർബ്ബാനാനുഭവ ത്തിലും അവർ കാണിക്കുന്ന അനാസ്ഥയാകുന്നുവെന്ന് പ. സുന്ന ഹദോസ് വിചാരിക്കുന്നു. ഈ ദു:സ്ഥിതി മാറ്റി സഭാംഗങ്ങൾക്ക്

ശിക്ഷണവും ആത്മീയ ഉണർവ്വും ചുമതലാബോധവും സന്മാർഗ്ഗ ജീവിതവും സദാചാരവും വി. കുർബ്ബാനാനുഭവവും നിർബ്ബന്ധ പൂർവ്വം നടപ്പിലാക്കേണ്ടതാണെന്ന് പ. സുന്നഹദോസ് വിചാരി ക്കുന്നു.

വിശ്വാസികൾ വി. കുർബ്ബാന കണ്ടാൽ മാത്രംപോരാ, അനുഭവിക്കു കയും ചെയ്യണമെന്നുള്ളത് അവരുടെ ആത്മാവിന്റെ രക്ഷയ്ക്ക് അത്യന്താപേക്ഷിതമാകുന്നു. അവർ ക്രമമായി കർത്താവിന്റെ തിരു ശരീരരക്തങ്ങൾ അനുഭവിച്ച് ആത്മീയ ജീവൻ പ്രാപിച്ചുവേണം വള രുവാൻ. ആയതിന് താഴെ പറയുന്ന കാര്യങ്ങൾ എല്ലാവരും പാലി ക്കേണ്ടതാകുന്നു. **(1979 ഫെബ്രുവരി)**

1. കഴിയുന്നതും എല്ലാ ഞായറാഴ്ചകളിലും മാറാനായ പെരുന്നാളു കളിലും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും വി. കുർബ്ബാന അനുഭവിക്കുകയും വേണം.

2. പതിവായി വി. കുർബ്ബാന അനുഭവിക്കുന്നതിന് മേൽപ്പട്ടക്കാർ അവരുടെ ചുമതലയിൽപ്പെട്ട ജനത്തിന് വേണ്ട ഉത്തേജനം നൽകു കയും, അതിന് ആവശ്യമായ നടപടികൾ എടുക്കുകയും, അത് സംബ ന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ അവരുടെ കീഴിലുള്ള പട്ടക്കാർക്ക് കൊടുക്കുകയും വേണം.

3. വി. കുമ്പസാരത്തിന്റെയും വി. കുർബ്ബാനാനുഭവത്തിന്റെയും പ്രാധാന്യത്തെപ്പറ്റി പട്ടക്കാർ വിശ്വാസികളെ പൊതുവായും പ്രത്യേക സംഘങ്ങളായും വ്യക്തികളായും ഉദ്ബോധിപ്പിക്കേണ്ട താണ്.

4. പാപം ചെയ്തുപോയതായി ബോധ്യപ്പെടുന്ന മേൽപ്പട്ടക്കാരും പട്ടക്കാരും വി. കുമ്പസാരം നടത്താതെ വി. കുർബ്ബാന നടത്തു കയും അനുഭവിക്കുകയും ചെയ്യുന്നത് യോഗ്യമല്ല. അതിന് സൗക ര്യമില്ലാത്ത ചുറ്റുപാടുകളിൽ ജീവിക്കുന്നവർ സ്വയപരിശോധനയും, കുമ്പസാരക്രമത്തിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളും സ്വയമായ മറ്റു പ്രാർത്ഥനകളും നടത്തി ദൈവത്തോട് മാപ്പപേക്ഷിച്ച ശേഷം വേണം വി. കുർബ്ബാന ചൊല്ലുവാൻ. അവസരം കിട്ടുന്ന ഏറ്റവും അടുത്ത സന്ദർഭത്തിൽ കുമ്പസാരിക്കുകയും വേണം.

5. വി. കുർബ്ബാന ചൊല്ലുന്ന പട്ടക്കാരൻ മാത്രം വി. കുർബ്ബാന അനു ഭവിച്ചാൽ പോരാ. വി. കുർബ്ബാനയ്ക്ക് കൂടുന്ന ശുശ്രൂഷക്കാരും,

സഹായിക്കുന്നവരും പള്ളിയിൽ സന്നിഹിതരായിരിക്കുന്ന ജനങ്ങളും വി. കുർബ്ബാന അനുഭവിക്കാൻ കടപ്പെട്ടവരാകുന്നു. ആയതിന് അതതു പള്ളികളിലെ പട്ടക്കാർ നിഷ്കർഷിക്കേണ്ടതാകുന്നു.

6. വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും അന്യോന്യം ബന്ധപ്പെട്ടവയാണെങ്കിലും അവ രണ്ടും പ്രത്യേക കൂദാശകളാകുന്നു. പാപം ചെയ്തു പോയതായി ബോധ്യമുള്ള ആളുകൾ വി. കുമ്പസാരം നടത്തി പാപമോചനം പ്രാപിച്ചല്ലാതെ വി. കുർബ്ബാന അനുഭവിക്കുന്നത് ശരിയല്ലാത്തതും, അതിനെതിരായി ചെയ്യുന്നത് ശിക്ഷാവിധിക്കല്ലാതെ ആത്മീയ വർദ്ധനവിന് ഉതകുന്നതല്ലാത്തതുമാകുന്നു.

7. നാൽപതു ദിവസത്തിലൊരിക്കലോ, ആണ്ടിലൊരിക്കലോ വി. കുർബ്ബാന അനുഭവിക്കണമെന്ന് പറയുന്നത് ശരിയായ നിർവ്വചനമല്ല. പാപത്തിൽ ജീവിക്കുന്നത് തെറ്റാകയാൽ പാപം ചെയ്യാതിരിപ്പാൻ സൂക്ഷിക്കുകയും, ഏതെങ്കിലും അവസരത്തിൽ പാപബോധമുണ്ടായാൽ കുമ്പസാരിക്കുകയും ചെയ്യേണ്ടതാകുന്നു. ഒരു കുമ്പസാരം കഴിഞ്ഞാൽ നാൽപത് ദിവസങ്ങൾക്കുള്ളിൽ കുമ്പസാരിക്കണമെന്ന് പറയുന്നതും, ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കണമെന്ന് പറയുന്നതും രണ്ട് സാമാന്യ നിർദ്ദേശങ്ങളെന്നേയുള്ളൂ. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കാത്ത ആളിനെ സഭാംഗമായിപ്പോലും പരിഗണിക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ളവർ നമ്മുടെ പള്ളി പൊതുയോഗങ്ങളിൽ സംബന്ധിക്കുവാൻ സഭാ ഭരണഘടന അനുവദിക്കുന്നില്ല. ക്രമമായി കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കാത്തവർ (Regular Communicants) പള്ളി ഇടവകകളിലെയോ മെത്രാസന ഇടവകകളിലെയോ, പൊതുസഭയിലെയോ ഔദ്യോഗിക സമിതികളിൽ അംഗങ്ങളായിരിക്കുന്നത് ഗുണത്തിന് പകരം ദോഷമുണ്ടാക്കുന്നതായിരിക്കും. അങ്ങനെ വരാതിരിക്കാൻ മേൽപ്പട്ടക്കാരും പട്ടക്കാരും ജനങ്ങൾക്കുവേണ്ട ഉദ്ബോധനം കൊടുക്കണം.

8. ഏതെങ്കിലും ഗണ്യമായ പാപം ചെയ്തതായി മന:സാക്ഷിപ്രകാരം ബോദ്ധ്യമില്ലെങ്കിലും ഒരുവൻ ദൈവമുമ്പാകെ നീതിമാനാണെന്ന് വരികയില്ല. അങ്ങനെയുള്ളവർക്ക് നമ്മുടെ കുമ്പസാരക്രമത്തിലുള്ള തക്കതായ ഒരുക്കപ്രാർത്ഥനകളും ഏറ്റുപറച്ചിൽ പ്രാർത്ഥനകളും (മൗദ്യോനൂസോ) സ്വയമായി ചൊല്ലി പട്ടക്കാരന്റെ മുമ്പാ

കെയുള്ള ഏറ്റുപറച്ചിൽ (കുമ്പസാരം) കൂടാതെ പട്ടക്കാരനിൽനിന്നുള്ള ഹൂസോയോ (പാപമോചന പ്രാർത്ഥന) പ്രാപിച്ചശേഷം വി. കുർബ്ബാന അനുഭവിക്കാവുന്നതാണ്. അപ്രകാരം വി. കുർബ്ബാന അനുഭവിക്കുന്നവർ സ്വന്ത ഒരുക്കത്തോടും, ഉപവാസത്തോടും അപ്രകാരം ചെയ്യേണ്ടതാകുന്നു. അവർ പട്ടക്കാരന്റെ സൗകര്യം നോക്കി പള്ളിയിൽ വന്ന് ഹൂസോയോ പ്രാപിക്കേണ്ടതും പട്ടക്കാർ അതിനുവേണ്ടി വി. കുർബ്ബാനയ്ക്ക് മുമ്പ് സൗകര്യപ്രദമായ സമയം നിശ്ചയിച്ച് ജനങ്ങളെ അറിയിക്കേണ്ടതുമാകുന്നു. തലേ ദിവസമോ, തൂയോബോയ്ക്കു മുമ്പോ, തൂയോബോ കഴിഞ്ഞോ, അപ്രകാരം ചെയ്യാവുന്നതാണ്.

5.5) ഹൂസോയോ

1. വി. കുർബ്ബാന അനുഭവിക്കാൻ ഒരുങ്ങി വരുന്നവർക്ക് തദവസരത്തിൽ പൊതുവായി ഹൂസോയോ കൊടുക്കുന്നതിന് പകരം ഓരോരുത്തർക്കായി ഹൂസോയോ കൊടുക്കേണ്ടതാണ്. **(1990 ഒക്ടോബർ)**

2. ഹൂസോയോ കൊടുക്കുന്നത് വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പായിരിക്കണം. വി. കുർബ്ബാനയിൽ ആദ്യം മുതലേ സംബന്ധിക്കാത്തവർക്ക് ഹൂസോയോ കൊടുക്കുകയോ വി. കുർബ്ബാന കൊടുക്കുകയോ ചെയ്തു കൂടാ. **(1991 ജൂലൈ)**

3. ഹൂസോയോ മാത്രം സ്വീകരിച്ചുകൊണ്ടുള്ള കുർബ്ബാനാനുഭവം മൂലം വി. കുമ്പസാരത്തെക്കുറിച്ച് ലാഘവമായി ചിന്തിക്കുകയും, കുമ്പസാരം നിർബ്ബന്ധമില്ല എന്നുള്ള ചിന്താഗതി ആളുകളുടെ ഇടയിൽ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. കുമ്പസാരത്തിന്റെ ആവശ്യകത ജനങ്ങളെ മനസ്സിലാക്കി കുമ്പസാരം നടത്തുന്നതിന് അവരെ പ്രേരിപ്പിക്കണം. **(1993 ജൂലൈ)**

4. വി. കുമ്പസാരത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതെ, സ്ഥിരമായി ഹൂസോയോ മാത്രം പ്രാപിച്ച് വി. കുർബാന അനുഭവിക്കുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തണം. **(2006 നവംബർ)**

5.6) വി. കുമ്പസാരത്തിൽ പ്രത്യേക പരിശീലനം വൈദികർക്കും അത്മായക്കാർക്കും നൽകേണ്ടതാണ്. **(1991 ജൂലൈ)**

5.7) വി. കുർബ്ബാനയിൽ എല്ലാവരും ആദ്യം മുതൽ അവസാനം വരെ ഭക്തിപൂർവ്വം സംബന്ധിക്കുകയും എല്ലാവരും വി. കുർബ്ബാന അനുഭവിക്കുകയും വേണം. **(1991 ജൂലൈ)**

5.8) കുർബ്ബാനയപ്പം ഉണ്ടാക്കുന്നതിനുള്ള അച്ച് കൂടുതൽ വലിപ്പത്തിലുണ്ടാക്കുകയും, അതനുസരിച്ച് വലിപ്പമുള്ള വലിയ പീലാസാകൾ ഉണ്ടാക്കുകയും വേണം. **(1991 ജൂലൈ)**

5.9) പരിശുദ്ധന്മാരുടെ കുക്കിലിയോൻ സമയത്ത് മാർത്തോമ്മാ ശ്ലീഹായെ ഓർക്കുന്നതിനെപ്പറ്റി.

ശുശ്രൂഷകളിലും നമസ്കാരങ്ങളിലും പരിശുദ്ധന്മാരെ ഓർക്കുന്ന കുക്കിലിയോൻ - ധൂപപ്രാർത്ഥന (സാദീക്കോ) ചൊല്ലുമ്പോൾ, 'ഒരു പോലിങ്ങും മാർ .....' എന്ന ആദ്യത്തെ പടിയിൽ - എക്ബോ ഗീതത്തിൽ, നമ്മുടെ എല്ലാ പള്ളികളിലും ഒരുപോലെ മലങ്കര സഭാ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടെ പേര് ഓർക്കേണ്ടതും തുടർന്നുള്ള ഗീതങ്ങളിൽ (കോലോകൾ) ആ പള്ളിയുടെ പ്രത്യേക പരിശുദ്ധന്റെയും ആവശ്യമെങ്കിൽ മറ്റ് പരിശുദ്ധന്മാരുടെയും പേരുകൾ ഓർക്കേണ്ടതുമാകുന്നു. എന്നാൽ ഏതെങ്കിലും മറ്റ് പരിശുദ്ധന്റെ പെരുന്നാളാണെങ്കിൽ മാർത്തോമ്മാ ശ്ലീഹായുടെ പേര് ഓർക്കുന്ന ആദ്യത്തെ എക്ബോയിൽ ആ പരിശുദ്ധന്റെ പേര് ഓർക്കാവുന്നതാണ്. **(1979 ഫെബ്രുവരി)**

5.10) വി. കുർബ്ബാനയിലും മറ്റും സഹായ മേൽപ്പട്ടക്കാരന്റെയും പേര് ഓർക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1979 ഫെബ്രുവരി)**

5.11) മൂന്നിന്മേൽ കുർബ്ബാനയും സമൂഹബലിയും

ദീർഘകാലമായി മലങ്കരയിൽ നടന്നുവരുന്നതും പൊതുവേ സ്വാഗതം ചെയ്തുവരുന്നതുമായ മൂന്നിന്മേൽ കുർബ്ബാന നിരുത്സാഹപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോട് യോജിക്കുന്നതിന് തക്കതായ കാരണമൊന്നും കാണുന്നില്ലെന്നും, മൂന്നിന്മേലും, അവയിൽ കൂടുതലിന്മേലും വൈദികർ ചേർന്ന് വി. കുർബ്ബാന ചൊല്ലുന്നപതിവ് സഭയിലുണ്ടെന്നും, അത് സഭയുടെ അംഗീകരിക്കപ്പെട്ട സമൂഹ ബലിയായി ഇതേവരെ പരിഗണിക്കപ്പെട്ടിട്ടുണ്ടെന്നും, ഒന്നിൽ കൂടുതൽ വൈദികർ ചേർന്ന് സമൂഹബലിയെന്ന പേരിൽ ഒറ്റ കുർബ്ബാന ചൊല്ലുന്നതും ഇപ്പോൾ ചിലടത്തെല്ലാം നടത്തിവരുന്നതുമായ രീതിക്ക് അംഗീകാരം കിട്ടിയിട്ടില്ലെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു. **(1979 ജൂലൈ)**

മേൽപറഞ്ഞപ്രകാരമുള്ള സമൂഹബലി സംബന്ധിച്ച് പ. സുന്നഹ

ദോസ് സുചിന്തിതമായി തീരുമാനമെടുക്കുന്നതുവരെ മേൽപ്പട്ടക്കാരും പട്ടക്കാരും ആ രീതിയിലുള്ള സമൂഹബലി നടത്തരുതെന്നും തീരുമാനിച്ചു. **(1980 ഫെബ്രുവരി)**

വി. കുർബാനയിൽ പ്രധാന കാർമ്മികനോടൊപ്പം മറ്റ് പുരോഹിതസ്ഥാനികളും അംശവസ്ത്രം ധരിച്ചുകൊണ്ടു നിന്ന് പ്രാർത്ഥനകൾ ചൊല്ലുന്ന രീതി അഥവാ **Con-Celebration** അനുവദിക്കാവുന്നതാണ് എന്നും, അവിടെ **സ്ഥാപനവചനം** (Words of Institution), **പരിശുദ്ധാത്മാഹ്വാനപ്രാർത്ഥന** (Epiclesis) എന്നിവ പ്രധാന കാർമ്മികൻ തന്നെ ചൊല്ലേണ്ടതാണെന്നും സുന്നഹദോസിൽ തീരുമാനമായി. വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇക്കാര്യം ഒരു കൽപനയിലൂടെ പരിശുദ്ധ ബാവാ തിരുമേനി എല്ലാ പള്ളികളേയും അറിയിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2009 ആഗസ്റ്റ്)**

5.12) വി. കുർബ്ബാന ജനങ്ങൾക്ക് കൊടുക്കേണ്ട സമയത്തെപ്പറ്റി.

വി. കുർബ്ബാനമദ്ധ്യേ കുർബ്ബാന തക്സായിൽ പറഞ്ഞിരിക്കുന്ന സമയത്തുതന്നെ ജനങ്ങൾക്ക് വി. കുർബ്ബാന കൊടുക്കുന്നത് അഭിലഷണീയമായി പ. സുന്നഹദോസ് കരുതുന്നതിനാൽ ആയത് സംബന്ധിച്ച് താഴെ പറയുന്ന രീതികൾ അവലംബിക്കേണ്ടതാണെന്ന് തീരുമാനിച്ചു. **(1980 ഫെബ്രുവരി)**

1. വൈദികർ വിശുദ്ധ ശരീര രക്തങ്ങൾ (കാസായും പീലാസായും) എഴുന്നള്ളിച്ച് പടിഞ്ഞാറോട്ടു കൊണ്ടുവന്നതിനുശേഷം കൈകളഴിച്ച് 'ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ നിനക്കു സ്തുതി, നിനക്കു സ്തുതി....' എന്ന സ്തോത്രപ്രാർത്ഥന ചൊല്ലുന്നതിന് മുമ്പായി വിരിച്ചൊരുക്കിയിട്ടുള്ള ഒരു പ്രത്യേക പീഠത്തിൽ കാസ വച്ചതിന്റെ ശേഷം പീലാസായിൽ നിന്നും വിശുദ്ധ കുർബ്ബാന കൊടുക്കേണ്ടതും, തദവസരത്തിൽ തവി ഉപയോഗിക്കാതെ കൈകൊണ്ട് കൊടുക്കുന്നുവെങ്കിൽ വെള്ള പാത്രത്തിൽ (മ്ശംശോനീസോ) കൈവിരലുകൾ കഴുകി തൂവാലകൊണ്ട് തുടയ്ക്കുകയും, വീണ്ടും കാസായെടുത്ത് മേൽപ്പറഞ്ഞ സ്തോത്രപ്രാർത്ഥന ചൊല്ലി പൂർത്തിയാക്കുകയും ചെയ്തശേഷം തിരിഞ്ഞ് ത്രോണോസിൽ അവ കൊണ്ടുപോയി വയ്ക്കുകയും ചെയ്യണം. **(1980 ഫെബ്രുവരി)**

2. മറ്റു വൈദികനോ, പൂർണ്ണ ശെമ്മാശനോ സന്നിഹിതനെങ്കിൽ മേൽപറഞ്ഞ പ്രകാരം പീഠത്തിൽ വയ്ക്കുന്നതിനു പകരം കാസാ അയാളുടെ കൈയ്യിൽ കൊടുത്തതിനുശേഷം പീലാസായിൽ നിന്നും വി. കുർബ്ബാന കൊടുക്കാവുന്നതാകുന്നു. **(1980 ഫെബ്രുവരി)**

3. പീഠമോ, മറ്റു വൈദികനോ, പൂർണ്ണ ശെമ്മാശനോ ഇല്ലെങ്കിൽ കാസായും പീലാസായുമായി തിരിച്ചുപോയി ത്രോണോസിൽ കാസാ വച്ചശേഷം പീലാസായുമായി പടിഞ്ഞാറോട്ടു വന്ന് വി. കുർബ്ബാന കൊടുക്കാവുന്നതും, ബലിപീഠത്തിൽ തിരിച്ചുചെന്ന് ആവശ്യമെങ്കിൽ കൈവിരലുകൾ വെള്ളപാത്രത്തിൽ കഴുകി തുടച്ചശേഷം കാസായും പീലാസായും എടുത്തുകൊണ്ട് പടിഞ്ഞാറോട്ടു വന്ന് സ്തോത്രപ്രാർത്ഥന ചൊല്ലിയശേഷം പതിവുപോലെ ത്രോണോസിൽ അവ കൊണ്ടുപോയി വയ്ക്കുകയും ചെയ്യാവുന്നതാണ്. **(1980 ഫെബ്രുവരി)**

4 മേൽപറഞ്ഞ ഏതെങ്കിലും രീതിയിൽ വി. കുർബ്ബാന ജനങ്ങൾക്ക് നൽകണം. എന്നാൽ ആൾപ്പെരുപ്പം കൊണ്ടോ മറ്റു കാരണങ്ങളാലോ അതിനു സൗകര്യമില്ലാതെവന്നാൽ ഇപ്പോൾ സാധാരണ ചെയ്യുന്ന പ്രകാരം വി. കുർബ്ബാന കഴിഞ്ഞശേഷം വി. കുർബ്ബാന കൊടുക്കുന്നതിന് വിരോധമില്ലാത്തതാകുന്നു. **(1980 ഫെബ്രുവരി)**

5.13) സായാഹ്ന കുർബ്ബാന:

1. സന്ധ്യയാകുമ്പോൾ പുതിയ ദിവസം ആരംഭിക്കുമെന്നുള്ള ഓർത്ത ഡോക്സ് സുറിയാനിസഭയുടെ പരിഗണന കണക്കിലെടുത്തും, ഒരു ദിവസം ഒരു വി. കുർബ്ബാന മാത്രമേ ഒരു വൈദികൻ ചൊല്ലാവൂ എന്ന നിബന്ധന പാലിച്ചും, ഞായറാഴ്ച പ്രഭാതത്തിൽ വി. കുർബ്ബാന ചൊല്ലിയ വൈദികന് ഞായറാഴ്ച ഉച്ചഭക്ഷണം കഴിഞ്ഞ് ആറുമണിക്കൂർ ഭക്ഷണം കൂടാതെ കഴിഞ്ഞ ശേഷം അന്ന് വൈകിട്ട് സന്ധ്യാനമസ്കാരം കഴിഞ്ഞ് വീണ്ടും വി. കുർബ്ബാന ചൊല്ലുവാൻ അനുവദിക്കുന്ന രീതി പരീക്ഷണാർത്ഥം ഡൽഹി മെത്രാസനത്തിൽ നടപ്പിൽ വരുത്തി. **(1978 ജൂലൈ)**

2. മേൽപ്പറഞ്ഞ രീതി ഞായറാഴ്ച ദിവസം മാത്രമല്ല, ഇടദിവസങ്ങളിലും പരീക്ഷണാർത്ഥം ഡൽഹി ഭദ്രാസനത്തിലും, കൽക്കട്ടാ മെത്രാസനത്തിലും നടപ്പിലാക്കി. **(1979 ഫെബ്രുവരി)**

3. പ്രസ്തുത വിഷയത്തെപ്പറ്റി ഡൽഹി മെത്രാപ്പോലീത്തായുടെയും കൽക്കട്ടാ മെത്രാപ്പോലീത്തായുടെയും റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സായാഹ്ന കുർബ്ബാനയെ സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്തു. **(1980 ഫെബ്രുവരി)**

4. ഡൽഹി, കൽക്കട്ടാ എന്നീ മെത്രാസനങ്ങൾക്ക് പരീക്ഷണാർത്ഥം അനുവദിച്ചിട്ടുള്ള സായാഹ്നകുർബ്ബാന, ബാഹ്യകേരളത്തിലെ എല്ലാ മെത്രാസനങ്ങളിലും അത്യാവശ്യമുള്ള മറ്റു സ്ഥലങ്ങളിലും നടത്തുന്നതിന് അനുവദിച്ചിരിക്കുന്നു. **(1980 ഫെബ്രുവരി)**

5. തലേദിവസം വൈകിട്ട് വി. കുർബ്ബാന ചൊല്ലിയ ബലിപീഠത്തിലോ, ചൊല്ലിയ പട്ടക്കാരനോ പിറ്റേദിവസം സന്ധ്യയ്ക്കല്ലാതെ അതിന് മുമ്പ് വീണ്ടും വി. കുർബ്ബാന ചൊല്ലാവുന്നതല്ല. **(1980 ഫെബ്രുവരി)**

6. മേൽപറഞ്ഞ അനുവാദപ്രകാരം വി. കുർബ്ബാന അർപ്പിക്കുന്ന പട്ടക്കാരും, വി. കുർബ്ബാനയ്ക്ക് കൂടുന്ന ശുശ്രൂഷകരും, അനുഭവിക്കുന്നവരും, സംബന്ധിക്കുന്നവരും ഉച്ചഭക്ഷണം കഴിഞ്ഞ് വി. കുർബ്ബാന അനുഭവിക്കുന്ന സമയംവരെ ആറുമണിക്കൂറോളം ഉപവാസമനുഷ്ഠിക്കണം. ചൂടു കൂടുതലുള്ള സ്ഥലങ്ങളിൽ ദാഹശമനാർത്ഥം വെള്ളം കുടിക്കാവുന്നതാണ്. **(1980 ഫെബ്രുവരി)**

7. വി. കുർബ്ബാന ചൊല്ലുന്ന പട്ടക്കാരും ശുശ്രൂഷക്കാരും മറ്റും കഴിവുള്ളിടത്തോളം അത്രയും സമയം ലൗകിക പ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞ് മൗനം ആചരിക്കുകയും വേദവായന, ഭക്തിസംവർദ്ധകമായ വായനകൾ (Devotional Reading) ധ്യാനം മുതലായവ നടത്തുകയും വേണം. **(1980 ഫെബ്രുവരി)**

8. സന്ധ്യയ്ക്ക് ആറുമണിക്ക് നമസ്കാരവും തുടർന്ന് വി. കുർബ്ബാനയും നടത്താവുന്നതാകുന്നു. നമസ്കാരത്തിനു സന്ദർഭംപോലെ പിറ്റേദിവസത്തെ സാധാരണ നമസ്കാരമോ, ഞായറാഴ്ചയോ മറ്റു പെരുന്നാളുകളോ എങ്കിൽ പെങ്കീസാ നമസ്കാരമോ, ബുധനാഴ്ച നമസ്കാരമോ, ക്യംതാ നമസ്കാരമോ ക്രമപ്രകാരം ചൊല്ലാവുന്നതാണ്. **(1980 ഫെബ്രുവരി)**

9. വി. കുർബ്ബാനയ്ക്കുമുമ്പ് തലേദിവസത്തെ ഒമ്പതാംമണി (ഇരുപത്തിരണ്ടര), അന്നത്തെ സന്ധ്യ, സൂത്താറാ എന്നീ നമസ്കാരങ്ങൾ ചൊല്ലേണ്ടതാണ്. (പാതിരാത്രി, പ്രഭാതം, മൂന്നാംമണി, ഉച്ച

എന്നീ യാമനമസ്കാരങ്ങൾ വെളുപ്പാൻകാലത്തേയ്ക്കു മാറ്റിവയ്ക്കാവുന്നതാകുന്നു) സൂത്താറാ നമസ്കാരത്തിനുമുമ്പോ അതിന്റെ ബോവൂസോ കഴിഞ്ഞോ വി. കുർബ്ബാനയ്ക്കുള്ള പൊതുപ്രാർത്ഥനയോൻ ചൊല്ലിയശേഷം വി. കുർബ്ബാനയുടെ തൂയോബോയ്ക്കായി വൈദികനു മദ്ബഹായിലേക്ക് കയറിപ്പോകാവുന്നതാണ്. മറ്റുള്ളവർ ശേഷം നമസ്കാരവും പഴയനിയമ വായനയും വി. കുർബ്ബാന പരസ്യമായി തുടങ്ങുന്നതിനുമുമ്പുള്ള ഗീതങ്ങളും ചൊല്ലി കഴിയുമ്പോൾ വി. കുർബ്ബാന പരസ്യമായി ആരംഭിക്കാവുനന്നതാണ്. **(1980 ഫെബ്രുവരി)**

10. വി. കുർബ്ബാന അപ്പം (ഹമ്മീറാ) ഉണ്ടാക്കുന്നതിനുള്ള മാവ് പുളിയ്ക്കുന്നതിന് ആവശ്യമുള്ള സമയം അടിച്ചുകാച്ചുന്നതിനു മുമ്പ് കിട്ടത്തക്കവണ്ണം മാവ് കുഴച്ചുവയ്ക്കണം. മാവ് പുളിയ്ക്കുന്നതിന് ഉഷ്ണകാലത്തേക്കാൾ കൂടുതൽ സമയം ശീതകാലത്ത് ആവശ്യമാണ്. **(1980 ഫെബ്രുവരി)**

11. ഞായറാഴ്ച വൈകിട്ട് മാത്രമല്ല, മറ്റ് ഇടദിവസങ്ങളിലും മേൽപറഞ്ഞ നിർദ്ദേശങ്ങളനുസരിച്ച് വൈകിട്ട് വി. കുർബ്ബാന ചൊല്ലാവുന്നതാണ്. **(1980 ഫെബ്രുവരി)**

5.14) കുക്കിലിയോനിൽ ശുദ്ധിമതികളുടെ പേരുകൾ ഓർക്കുന്നതിനെപ്പറ്റി.

ശുദ്ധിമതികളുടെ ഓർമ്മ നടത്തുമ്പോൾ സാദീക്കോ എന്ന കുക്കിലിയോനിൽ അവരുടെ പേരുകൾ പറയുന്നതിൽ തെറ്റൊന്നുമില്ലെന്നും, തദവസരത്തിൽ ചൊല്ലുന്ന പാട്ടുകളിലും മറ്റും വേണ്ട വ്യത്യാസങ്ങൾ വരുത്തി അപ്രകാരം ചൊല്ലാവുന്നതാണെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു. **(1981 ഫെബ്രുവരി)**

5.15) കൊല്ലം മെത്രാസനത്തിൽ സായാഹ്ന കുർബ്ബാന.

കൊല്ലം മെത്രാസനത്തിന്റെ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ അപേക്ഷപ്രകാരം കേരളത്തിന് വെളിയിലുള്ള പള്ളികളിൽ വൈകുന്നേരം വി. കുർബ്ബാന ചൊല്ലുവാൻ പരീക്ഷണാർത്ഥം അനുവദിച്ചിരിക്കുന്നതുപോലെ, വൈദികരുടെ കുറവുകൊണ്ടും മറ്റും അതേ നിബന്ധനകൾക്കു വിധേയമായി കൊല്ലം മെത്രാസനത്തിലും പരീക്ഷണാർത്ഥം അത്യാവശ്യമുള്ള സ്ഥലങ്ങളിൽ വൈകുന്നേരം

വി. കുർബ്ബാന ചൊല്ലുവാൻ സുന്നഹദോസ് അനുവദിച്ചു. **(1981 ജൂലൈ)**

5.16) വി. കുർബാനയിലുള്ള പങ്കാളിത്തം.

1. വി. കുർബ്ബാനയുള്ള ദിനങ്ങളിൽ, യാമപ്രാർത്ഥനകൾ കൃത്യമായി നടത്തിയതിനുശേഷം വി. കുർബ്ബാന അർപ്പിക്കണമെന്നാണ് നമ്മുടെ നിയമം. സാധാരണയായി പ്രഭാതനമസ്കാരത്തോട് ചേർന്നാണ് നമ്മുടെ ദേവാലയങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നത്. പ്രഭാത നമസ്കാരം ആരംഭിക്കുന്നതിനുമുമ്പ് വിശ്വാസികൾ ദേവാലയങ്ങളിൽ വന്നിരിക്കണമെന്നത് നിയമമാണെങ്കിലും കുറഞ്ഞപക്ഷം വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പെങ്കിലും നിർബ്ബന്ധമായും ദേവാലയത്തിനുള്ളിലായിരിക്കുവാൻ പ്രത്യേകം ശ്രദ്ധയുണ്ടാകണം. ആരാധനയെ അതിന്റെ പൂർണ്ണതയിൽ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കാതെ ഓരോരുത്തരും അവരവരുടെ സമയത്തിനനുസരിച്ച് വരുന്നതും പോകുന്നതും ഒട്ടുംതന്നെ ശരിയായ കാര്യമല്ല.

5.17) വി. കുർബാനയിൽ സംബന്ധിക്കുമ്പോഴുള്ള അച്ചടക്കം.

1. വിശ്വാസികൾ ദേവാലയങ്ങളിൽ വരുമ്പോൾ അതിന് അനുയോജ്യമായ വസ്ത്രങ്ങൾ ധരിച്ച് വരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഭ്യമായ രീതിയിൽ ശുഭ്രവസ്ത്രങ്ങൾ അണിഞ്ഞ് ദൈവാരാധനയിൽ പങ്ക് കൊള്ളുന്നതാണ് ഉചിതമെന്ന പ്രമാണം എല്ലാവരും ശ്രദ്ധിച്ചിരിക്കണം. വിവാഹ കൂദാശ പോലുള്ള ചില ശുശ്രൂഷകളിൽ മണവാളന്റെയും മണവാട്ടിയുടെയും കൂടെ വരുന്ന തോഴിമാർ ഉൾപ്പെടെയുള്ളവരുടെയും വേഷവിധാനങ്ങളെക്കുറിച്ച് പ്രത്യേകം നിഷ്കർഷയുണ്ടാകണം. **(2017 ഫെബ്രുവരി)**

2. വി. കുർബ്ബാനക്രമവും കൂദാശാക്രമങ്ങളും ഉപയോഗിച്ച് ആരാധനയിൽ പങ്കെടുക്കുന്നവർക്ക് ശ്രദ്ധയോടെ ആരാധന നടത്തുവാൻ കഴിയുമെന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ ദേവാലങ്ങളിൽ വൈദികഗണമുൾപ്പെടെ ഭൂരിപക്ഷം വിശ്വാസികളും അവ ഉപയോഗിക്കാതെ അശ്രദ്ധയോടെ നിന്ന് തിരിച്ചുപോകുന്ന പതിവ് കൂടുകയാണ്. ഒന്നുകിൽ വിശ്വാസികൾ ആരാധനാക്രമങ്ങൾ സ്വന്തമായി വാങ്ങിച്ച് ഉപയോഗിക്കുകയോ, അല്ലെങ്കിൽ ആരാധനയ്ക്ക് വരുന്ന വിശ്വാസികൾക്ക് ഉപയോഗിക്കുവാൻ തക്കവണ്ണം ദേവാലയങ്ങളിൽ അവ ക്രമീ

കരിക്കുകയോ ചെയ്യേണ്ടതാണ്. **(2017 ഫെബ്രുവരി)**

3. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ ഒരുക്കത്തോടെ വി. കുർബ്ബാന അനുഭവിക്കണമെന്നതാണ് പ്രമാണം. എന്നാൽ യാതൊരു തയ്യാറെടുപ്പുമില്ലാതെ വി. കുർബ്ബാന അനുഭവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. വി. കുമ്പസാരം എന്നത് അനുതാപത്തിന്റെയും സൗഖ്യദാനത്തിന്റെയും കൂദാശയാണെന്ന പരമസത്യത്തെ മറന്ന് ഇടവകയോഗത്തിൽ സംബന്ധിക്കുവാനുള്ള ഉപാധി മാത്രമാണെന്ന വിചാരം മിക്ക ഇടങ്ങളിലും വളർന്നിരിക്കുന്നു. കുമ്പസാരത്തെക്കുറിച്ചുള്ള വൈദീകരുടെ ആഹ്വാനം പോലും ഇടവകയോഗങ്ങളോട് ചേർന്നാണ് എന്നതാണ് വസ്തുത. വിശ്വാസികൾ സത്യകുമ്പസാരം നടത്തുവാനും, ഒരുക്കത്തോടുകൂടി വി. കുർബ്ബാന അനുഭവിക്കേണ്ടതിനും അവരെ ഒരുക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. **(2017 ഫെബ്രുവരി)**

5.18) വി. കുർബാനാനന്തര ശുശ്രൂഷ.

വി. കുർബ്ബാന, കുർബ്ബാനാനന്തര ശുശ്രൂഷ (Post Communion Service) യോടുകൂടി അവസാനിപ്പിക്കുവാൻ വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക വിഷയത്തെക്കുറിച്ച് പ്രാർത്ഥിക്കുവാനുള്ള കൽപന അധികാര ശ്രേണികളിൽ നിന്നുണ്ടെങ്കിൽ (സഭാദിനം, ഭദ്രാസനദിനം, വൈദീക സെമിനാരി ദിനം, മിഷൻ സൺഡേ, പെരുന്നാളുകളുടെ പ്രാർത്ഥനകൾ തുടങ്ങിയവ) അവ സാദീക്കോ കഴിഞ്ഞ് നിർവ്വഹിക്കേണ്ടതാണ്. കുർബ്ബാനാനന്തര ശുശ്രൂഷകൾ മുഴുവൻ അവസാനിച്ചാൽ പെരുന്നാളുകളുടെ ക്രമങ്ങൾ വല്ലതുമുണ്ടെങ്കിൽ (പ്രദക്ഷിണം, ആശീർവ്വാദം) അവയല്ലാതെ മറ്റൊരു പ്രാർത്ഥനയും കൈമുത്തിന് മുമ്പ് നടത്തേണ്ടതില്ലാത്തതാകുന്നു. **(2017 ഫെബ്രുവരി)**

5.19) പ്രത്യേക ആവശ്യങ്ങൾക്കുള്ള പ്രാർത്ഥനകൾ വി. കുർബാനയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

1. ജന്മദിനം, വിവാഹവാർഷികം, രോഗികൾ തുടങ്ങി വിവിധ വിഷയങ്ങൾ സുവിശേഷഗാനങ്ങളുടെ അകമ്പടിയോടുകൂടി പ്രാർത്ഥിക്കുന്ന രീതി ഇപ്പോൾ ധാരാളം ദേവാലയങ്ങളിൽ നിലവിലുണ്ട്. അതുവരെ നടത്തിയ വി. കുർബ്ബാനയ്ക്ക് ഒരു അർത്ഥവുമില്ലായെന്ന് തോന്നുന്ന രീതിയിലാണ് മിക്ക ദേവാലയങ്ങളിലും ഈ പ്രാർത്ഥ

നകൾ നടത്തുന്നത്. ഈ വിഷയങ്ങളിൽ ഉൾപ്പെട്ടവരുടെ പേരുകൾ എഴുതി വി. കുർബ്ബാനയിൽ ത്രോണോസിൽ ഓർക്കുന്നതാണ് ഉചിതം. അഥവാ അങ്ങനെയുള്ള പേരുകൾ പരസ്യപ്പെടുത്തി പ്രാർത്ഥിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സമയം വി. കുർബ്ബാനയിൽ സഭ ഔദ്യോഗികമായി ക്രമീകരിക്കേണ്ടതാണ്. **(2017 ഫെബ്രുവരി)**

2. പരിശുദ്ധ സഭയിലെ ദേവാലയങ്ങളിൽ ഉപയോഗിക്കത്തക്കവിധം ജന്മദിനം, വിവാഹവാർഷികം ആദിയായ വിഷയങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാർത്ഥനകൾ '*അൻപുടയോനേ .....*' എന്ന ഗീതത്തിന് ശേഷമുള്ള ലുത്തിനിയാകളുടെ ഭാഗമായി ചേർത്ത് ചൊല്ലുന്നതിന് സുന്നഹദോസിൽ തീരുമാനമായി. വി. കുർബ്ബാന ക്രമത്തിന്റെ പുതിയ പതിപ്പ് അച്ചടിക്കുമ്പോൾ ഈ പ്രാർത്ഥനകൾകൂടി ഉൾപ്പെടുത്തുന്നതിനും ധാരണയായി. **(2018 ഫെബ്രുവരി)**

5.20) വി. കുർബാനയ്ക്ക് ശേഷമുള്ള പ്രസ്താവനകൾ.

വി. കുർബ്ബാനയ്ക്ക് ശേഷമുള്ള നീണ്ട പ്രസ്താവനകൾ നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. വൈദീകർ പ്രസ്താവനകൾ മുന്നമേ എഴുതി വായിക്കുന്നതാകും ഉചിതം. അത്യാവശ്യം വേണ്ട മറ്റു കാര്യങ്ങളും വിശദീകരണങ്ങളും വ്യക്തമായി എഴുതി തയ്യാറാക്കി വിശ്വാസികളുടെ അറിവിന് വേണ്ടി നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്താവുന്നതാണ്. **(2017 ഫെബ്രുവരി)**

5.21) ഒന്നാം തുബ്ദേനിലെയും, അഞ്ചാം തുബ്ദേനിലെയും സഭാ പിതാക്കന്മാരുടെ പേരുകൾ പരാമർശിക്കുന്നത് സംബന്ധിച്ച്. ഒന്നാം തുബ്ദേനിലെയും, അഞ്ചാം തുബ്ദേനിലെയും സഭാ പിതാക്കന്മാരുടെ പേരുകൾ പരാമർശിക്കുന്നത് സംബന്ധിച്ച് മലങ്കര സഭയിലെ പള്ളികളിൽ ഐകരൂപ്യം ഉണ്ടാകേണ്ടതാണ് എന്ന് സുന്നഹദോസ് അംഗങ്ങൾ നിർദ്ദേശിച്ചു. ചർച്ചകൾക്ക് ശേഷം, ഒന്നാം തുബ്ദേനിൽ പരാമർശിക്കുന്ന പിതാക്കന്മാരുടെ പേരുകളിൽ വ്യത്യാസം വരുത്തേണ്ടതില്ല എന്നും, എന്നാൽ അവിടെ **ആബൂൻ മാർ ബസേലിയോസ് എന്നത് ആബൂൻ മാർ ബസേലിയോസ് മാർത്തോമ്മാ (മാത്യൂസ് തൃതീയൻ) കാതോലിക്കാ ബാവാ** എന്ന് പൂർണ്ണമായി ചേർക്കേണ്ടതാണ് എന്നും, നിലവിലുള്ള അഞ്ചാം തുബ്ദേനോ, അല്ലാത്തപക്ഷം അതിന് പകരമായി 2009-ലെ ആരാധനാ പരിഷ്കരണ കമ്മറ്റിയുടെ ചുമതലയിൽ തയ്യാറാക്കിയി

ട്ടുള്ള താഴെ പറയുന്ന തുബ്ദേനോ ഉപയോഗിക്കാവുന്നതാണ് എന്നും സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു

ബാറെക്മോർ: ശ്ലൈഹികവും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്ക് ഏൽപിച്ചുതന്നവരായി, ശുദ്ധിമാന്മാരുടെ സ്ഥലത്ത് ശുദ്ധതയോടെ മുമ്പുകൂട്ടി നിദ്രപ്രാപിച്ചു വിശ്രമിക്കുന്നവരെയും, നിഖ്യായിലും കുസ്തന്തീനോപോലീസിലും, എഫേസോസിലും വച്ചുണ്ടായ പുണ്യപ്പെട്ടവയും, പരിശുദ്ധങ്ങളുമായ മൂന്നു പൊതുസുന്നഹദോസുകളെയും, അവയിൽ സംബന്ധിച്ചവരായ ഞങ്ങളുടെ പിതാക്കന്മാരെയും, ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനായ മാർ യാക്കോബും, മാർ ഇഗ്നാത്യോസ് നൂറോനോയും, മാർ അപ്രേമും, കപ്പദോക്യായിലെ മാർ ബസ്സേലിയോസും, മാർ ഗ്രീഗോറിയോസും, സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസും, അലക്സന്ത്രിയായിലെ മാർ അത്താനാസ്യോസും, മാർ കൂറീലോസും, മാർ ദീയസ്കോറോസും മാബൂഗിലെ മാർ പീലക്സീനോസും, അന്ത്യോഖ്യായിലെ മാർ സേവേറിയോസും, സ്രൂഗിലെ മാർ യാക്കോബും, മാർ യാക്കോബ് ബുർദ്ദാനായും, മാർ ബാലായിയും, യൽദോ മാർ ബസ്സേലിയോസും, പരുമല മാർ ഗ്രീഗോറിയോസും, സഭാഭാസുരൻ ഗീവർഗീസ് മാർ ദീവന്നാസ്യോസുമായ ഞങ്ങളുടെ പിതാക്കന്മാരെയും, ശ്രേഷ്ഠ ഇടയന്മാരായി മലങ്കര സഭയെ മേയിച്ച് ഭരിച്ചവരായ എല്ലാ പരിശുദ്ധ പിതാക്കന്മാരെയും ഞങ്ങൾ ഓർക്കുന്നു. ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ച് ഞങ്ങൾക്ക് ഏൽപിച്ചുതന്നവരായി, ഇവരുടെ മുമ്പും, ഇവരോടുകൂടെയും ഇവരുടെ ശേഷമുള്ളവരെയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ. കർത്താവിനോട് നാം പ്രാർത്ഥിക്കണം. **(2024 ഫെബ്രുവരി)**

****

6. വി. മാമോദീസ

6.1) മറ്റ് സഭകളിൽനിന്ന് വരുന്നവരെ ചേർക്കുന്നത് സംബന്ധിച്ച്.

1. റോമൻ കത്തോലിക്കാ, കൽദായ (നെസ്തോറിയൻ) എന്നീ സഭകളിൽപ്പെട്ടവരെ നമ്മുടെ സഭയിലേക്ക് ചേർക്കുമ്പോൾ അവർ ഏറ്റിട്ടുള്ള കൂദാശകൾ ആവർത്തിക്കേണ്ട ആവശ്യമില്ല. അവരെക്കൊണ്ട് അതതു സഭകളേയും അതതിന്റെ വിശ്വാസ പിശകുകളേയും ഉപേക്ഷിച്ച് ഓർത്തഡോക്സ് സഭയെയും അതിന്റെ വിശ്വാസത്തെയും സ്വീകരിക്കുന്നു എന്ന് ഏറ്റുപറയിച്ച് സഭയിൽ ചേർത്താൽ മതിയാകുന്നതാകുന്നു. **(1977 ഫെബ്രുവരി)**

2. സി. എസ്. ഐ; സി. എൻ. ഐ; മാർത്തോമ്മാ മുതലായ നവീകരണ എപ്പിസ്കോപ്പൽ സഭകളിൽപ്പെട്ടവരേയും അവരുടെ കൂദാശകൾ സ്വീകരിക്കുന്ന തൊഴിയൂർ സ്വതന്ത്ര എപ്പിസ്കോപ്പൽ സഭയിൽപ്പെട്ടവരേയും നമ്മുടെ സഭയിൽ ചേർക്കുമ്പോൾ മാമോദീസ ആവർത്തിക്കേണ്ടതില്ല. അവരെക്കൊണ്ട് അതതു സഭകളേയും അവയുടെ വിശ്വാസ പിശകുകളേയും ഉപേക്ഷിച്ച് ഓർത്തഡോക്സ് സഭയേയും അതിന്റെ വിശ്വാസങ്ങളേയും സ്വീകരിക്കുന്നതായി ഏറ്റു പറയിച്ച് വി. മൂറോൻ അഭിഷേകത്തിന്റെ പ്രാർത്ഥന ചൊല്ലി വി. മൂറോനഭിഷേകവും വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും നടത്തി അവരെ വി. സഭയിൽ ചേർത്താൽ മതിയാകും. **(1977 ഫെബ്രുവരി)**

3. എപ്പിസ്കോപ്പൽ അല്ലാത്ത മറ്റു ക്രൈസ്തവ വിഭാഗങ്ങളിൽ നിന്നും നമ്മുടെ സഭയിലേക്ക് വരുന്നവരെ അതതു സഭകളേയും അതതിന്റെ വിശ്വാസ പിശകുകളേയും ഉപേക്ഷിച്ച് നമ്മുടെ സഭയേയും അതിന്റെ വിശ്വാസത്തേയും സ്വീകരിക്കുന്നതായി ഏറ്റുപറയിച്ച് വി. മാമോദീസായും വി. മൂറോനഭിഷേകവും, വി. കുർബ്ബാനാനുഭവും നടത്തി വി. സഭയിൽ ചേർക്കണം. **(1977 ഫെബ്രുവരി)**

4. നമ്മുടെ സഭയിൽ നിന്നും വി. മാമോദീസായും വി. മൂറോൻ അഭിഷേകവും മറ്റും സ്വീകരിച്ചശേഷം മററു ക്രൈസ്തവ വിഭാഗങ്ങളിലോ, മറ്റു മതവിഭാഗങ്ങളിലോ ചേർന്നുകഴിഞ്ഞ് തിരിച്ചുവരുന്നവർക്ക് മാമോദീസായും മൂറോൻ അഭിഷേകവും ആവർത്തിക്കേണ്ട ആവശ്യം ഇല്ല. അവരെക്കൊണ്ട് അതതു ക്രൈസ്തവ വിഭാഗങ്ങളുടേയോ മതങ്ങളുടേയോ വിശ്വാസാചാരങ്ങൾ ഉപേക്ഷിച്ചിരിക്കുന്നതായും, നമ്മുടെ

സഭയുടെ വിശ്വാസാചാരങ്ങൾ വീണ്ടും സ്വീകരിക്കുന്നതായും ഏറ്റ് പറയിച്ച് വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും നടത്തി അവരെ വീണ്ടും സ്വീകരിച്ചാൽ മതിയാകും. **(1977 ഫെബ്രുവരി)**

കുറിപ്പ്: മേൽപറഞ്ഞ ഖണ്ഡികകളിൽ പറഞ്ഞ നടപടികൾ വിവാഹത്തോടനുബന്ധിച്ച് നടത്തേണ്ടിവരികയാണെങ്കിൽ കഴിവുള്ളിടത്തോളം നേരത്തെ അപ്രകാരമുള്ള നടപടികൾ ചെയ്യേണ്ടതാണ്. **(1977 ഫെബ്രുവരി)**

6.2) നമ്മുടെ വൈദികർ ഇല്ലാത്ത സ്ഥലങ്ങളിൽവച്ച് വി. മാമോദീസാ മുതലായവ നടത്തുന്നത് സംബന്ധിച്ച്

നമ്മുടെ വൈദികർ ഇല്ലാത്ത സ്ഥലങ്ങളിൽവച്ച് വി. മാമോദീസാ മുതലായവ നടത്തേണ്ട ആവശ്യം വന്നാൽ നമ്മോടു സംസർഗ്ഗമുള്ള അന്ത്യോഖ്യൻ, അർമ്മീനിയൻ, കോപ്റ്റിക്, എത്യോപ്യൻ എന്നീ കിഴക്കൻ സഭകൾ സ്ഥലത്തുണ്ടെങ്കിൽ അവയിൽ ഏതെങ്കിലും സഭയിലെ വൈദികനിൽ നിന്നും വി. മാമോദീസായും വി. മൂറോൻ അഭിഷേകവും മറ്റും സ്വീകരിക്കാവുന്നതാണ്. അതിന് സാധ്യതയില്ലെങ്കിൽ നാം അവരുടെ മാമോദീസായും മറ്റും അംഗീകരിക്കുന്ന മറ്റ് ഓർത്തഡോക്സ് സഭയിലെ വൈദികരിൽ നിന്നോ, റോമൻ കത്തോലിക്കാ സഭയിലെ വൈദികരിൽ നിന്നോ വി. മാമോദീസായും മറ്റും സ്വീകരിക്കാവുന്നതാണ്. എന്നാൽ വി. മൂറോൻ അഭിഷേകം വി. മാമോദീസായോടുകൂടി നടത്തിയിട്ടില്ലെങ്കിൽ ഏറ്റവും അടുത്ത അവസരത്തിൽ ആ വിശുദ്ധ കർമ്മം നടത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ പ്രകാരം വി. മാമോദീസാ നടന്നാൽ അതു സംബന്ധിച്ചുള്ള സർട്ടിഫിക്കേറ്റ് അവനവന്റെ ഇടവക വികാരിയെ ഏൽപിച്ച് മാമോദീസാ രജിസ്റ്ററിൽ പേര് ചേർപ്പിക്കേണ്ടതാകുന്നു.

മേൽപറഞ്ഞവ ഒഴിച്ചുള്ള ക്രൈസ്തവ വിഭാഗങ്ങളിൽ നിന്നും വി. മാമോദീസായും വി. മൂറോൻ അഭിഷേകവും സ്വീകരിക്കാവുന്നതല്ല. **(1977 ഫെബ്രുവരി)**

6.3) പ. സഭയിൽ നിന്നും മറ്റ് സഭകളിലേക്ക് വിവാഹം കഴിപ്പിച്ചുകൊടുത്തിട്ടുള്ള സ്ത്രീകളുടെ കുട്ടികളുടെ മാമോദീസ സംബന്ധിച്ച്.

നമ്മുടെ സഭയിൽ നിന്നും മറ്റ് ക്രൈസ്തവ സഭകളിലേക്ക് വിവാഹം

കഴിപ്പിച്ചുകൊടുത്തിട്ടുള്ള സ്ത്രീകളുടെ കുട്ടികളെ നമ്മുടെ വിശ്വാസാചാരങ്ങളിൽ വളർത്തിക്കൊള്ളാമെന്ന് മാതാവെങ്കിലും രേഖാമൂലം ഉറപ്പുനൽകുകയും തലതൊടുന്നത് നമ്മുടെ സഭാംഗമായിരിക്കുകയും ചെയ്താൽ മാമോദീസാ നടത്തിക്കൊടുക്കാവുന്നതും നമ്മുടെ സഭയിൽ ചേർക്കാവുന്നതുമാകുന്നു. **(1977 ഫെബ്രുവരി)**

6.4) ഇതര മതവിഭാഗങ്ങളിൽ നിന്ന് സഭയിലേക്ക് ചേരുന്നവർക്ക് മാമോദീസാ നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു മാനുവൽ തയ്യാറാക്കുന്നത് സംബന്ധിച്ച്.

ഇതര സഭകളിൽ നിന്നും മതവിഭാഗങ്ങളിൽ നിന്നും വരുന്നവരെ സഭയിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട കമ്മറ്റികൾ തയ്യാറാക്കിയ മാനുവലിന്, അംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾക്കൂടി ഉൾപ്പെടുത്തി അംഗീകാരം നൽകി. **(2009 ആഗസ്റ്റ്)**

6.5) കുട്ടികളുടെ സഭാപ്രതിഷ്ഠ. (12 വയസ്സായ കുട്ടികൾക്കുള്ള സഭാംഗത്വ ബോധവൽക്കരണ പ്രതിഷ്ഠാകർമ്മം).

1. വി. മാമോദീസാ ഏറ്റ് സഭാംഗത്വം പ്രാപിക്കുകയും വി. മൂറോന അഭിഷേകം നടത്തുകയും ചെയ്തിട്ടുള്ള കുട്ടികൾക്ക് വി. മാമോദീസായിൽ അവർക്കുവേണ്ടി മദ്ധ്യസ്ഥൻ (തലതൊട്ടപ്പനോ, തലതൊട്ടമ്മയോ) ഏറ്റുപറഞ്ഞിട്ടുള്ളവയും ഭരമേറ്റിട്ടുള്ളവയുമായ കാര്യങ്ങളെപ്പറ്റിയും ചെയ്തിട്ടുള്ള പ്രതിജ്ഞകളെപ്പറ്റിയും, യൗവ്വനത്തിലേക്ക് കടക്കുന്ന അവർ പ്രായപൂർത്തിയാകുമ്പോൾ അനുഷ്ഠിക്കേണ്ട സഭാപരവും സാമൂഹ്യപരവുമായ ചുമതലകളെപ്പറ്റിയും ഉത്തരവാദിത്വങ്ങളെപ്പറ്റിയും, ആയതിന് അവർ പാലിക്കേണ്ട ജീവിതപ്രമാണങ്ങളെപ്പറ്റിയും നിഷ്ഠകളെപ്പറ്റിയും മറ്റും അവർക്കു ബോധ്യം വരുത്തുന്നതിനുവേണ്ടി ഓരോ വർഷവും തന്നാണ്ടിൽ പന്ത്രണ്ടുവയസ്സു തികയുന്ന ബാലികാ ബാലന്മാരെ, പ്രത്യേക ദിവസം നിശ്ചയിച്ച് കൂട്ടിവരുത്തി വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും, അവരുടെ കുമ്പസാരം കേട്ട് അവർക്ക് പാപമോചനം നൽകി വി. കുർബ്ബാന കൊടുക്കുകയും വേണം. അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന ദിവസങ്ങളിലൊന്നായി ആ ദിവസത്തെ അവർ പരിഗണിക്കത്തക്കവണ്ണം തക്കതായ സംവിധാനങ്ങൾ തദവസരത്തിൽ ക്രമീകരിക്കുന്നതിന് പട്ടക്കാർ ശ്രദ്ധിക്കണം. **(1979 ഫെബ്രുവരി)**

2. 12 വയസ്സായ കുട്ടികളുടെ സ്വയപ്രതിഷ്ഠയ്ക്കായി പെന്തിക്കോ

സ്തിയുടെ തലേ ഞായറാഴ്ച വേർതിരിക്കേണ്ടതാണ്. സഭ യിലെ എല്ലാ പള്ളികളിലും 12 വയസ്സായ കുട്ടികളുടെ സ്വയ പ്രതിഷ്ഠയ്ക്ക് ഈ ദിവസം ഉപയോഗിക്കേണ്ടതാണ്. **(1986 ഫെബ്രുവരി)**

പ്രസ്തുതവിഷയം സംബന്ധിച്ച് ഒരു ശുശ്രൂഷാക്രമം തയ്യാറാക്കു ന്നതിനായി ചുമതലപ്പെടുത്തിയിരുന്ന സഖറിയാ മാർ ദീവന്നാ സ്യോസ് മെത്രാപ്പോലീത്താ തയ്യാറാക്കിയതും, പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോപ്പാ തയ്യാറാക്കിയതുമായ രണ്ട് ക്രമ ങ്ങളും പരിശോധിച്ച്, ആവശ്യമെന്നു തോന്നുന്ന എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തി ഒരു പുതിയ ക്രമം ഉണ്ടാക്കി പ. സുന്നഹദോസിൽ സമർപ്പിക്കുന്നതിന് പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോ പ്പായെ ചുമതലപ്പെടുത്തി. **(1986 ജൂലൈ)**

6.6) കുഞ്ഞുങ്ങളെ തലതൊടുന്നതിനെപ്പറ്റി.

1. സഭയുടെ വിശ്വാസപ്രകാരം വി. മാമോദീസാ, സഭയിലേക്കുള്ള വീണ്ടും ജനനമാകയാൽ മാമോദീസാ മുങ്ങുന്ന ആളിനെ സത്യവി ശ്വാസത്തിൽ വളർത്തിക്കൊണ്ട് വരേണ്ടത് സഭയുടെ ചുമതലയാ കുന്നുവെന്നും, മാമോദീസ മുങ്ങുന്ന ക്രിസ്ത്യാനി കുട്ടികളുടെ ജന നത്തിന് മുഖാന്തിരമായിത്തീർന്നിട്ടുള്ള ക്രിസ്ത്യാനികളായ മാതാ പിതാക്കന്മാർക്ക് അക്കാരണത്താൽ തന്നെ സത്യവിശ്വാസത്തിൽ കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിന് ഉത്തരവാദിത്വമുണ്ടെങ്കിലും സഭയുടെ ചുമതല നിർവ്വഹിക്കുന്ന കാര്യം രണ്ടുരു ഭദ്രമാക്കത്തക്ക വണ്ണം സഭാംഗമായ മറ്റൊരാളെ തലതൊട്ടപ്പനായോ (God Father) തലതൊട്ടമ്മയായോ (God Mother) നിർത്തി ആ മദ്ധ്യസ്ഥൻ (Sponsor) കുട്ടിയെ ഏറ്റുവാങ്ങുന്ന പതിവാണ് സഭയിലുള്ളതെന്നും, മാതാപിതാക്കന്മാരെ അവരുടെ കുഞ്ഞുങ്ങളുടെ മാമോദീസായിൽ തലതൊടുവാൻ അനുവദിക്കുന്ന പതിവ് സഭയിലില്ലെന്നും പ. സുന്ന ഹദോസ് അഭിപ്രായപ്പെട്ടു. **(1979 ജൂലൈ)**

2. സത്യവിശ്വാസിയല്ലാത്ത മറ്റൊരാൾ തലതൊട്ടാൽ മാമോദീസാ മുങ്ങുന്ന സ്ഥാനാർത്ഥിയെ സത്യവിശ്വാസം പഠിപ്പിക്കുന്നതിന് അയാൾക്ക് കഴിയുകയില്ലാത്തതിനാൽ ഇതര സഭാംഗങ്ങളെയോ, ഇതര മതസ്ഥരെയോ, മതമില്ലാത്തവരെയോ, ദൈവവിശ്വാസമില്ലാ ത്തവരെയോ തലതൊടുവാൻ അനുവദിക്കാവുന്നതല്ല. **(1979 ജൂലൈ)**

3. ഇതര മതസ്ഥരോ, നാം അവരുടെ മാമോദീസാ അംഗീകരിക്കാത്ത

ഇതര ക്രൈസ്തവ സമൂഹങ്ങളിൽപ്പെട്ടവരോ നമ്മുടെ സഭയിൽ ചേർന്ന് മാമോദീസാ സ്വീകരിക്കുമ്പോഴും നമ്മുടെ സഭാംഗമായ ഒരാൾ തലതൊടുവാൻ ഉണ്ടായിരിക്കേണ്ടതാണ്. **(1979 ജൂലൈ)**

6.7) മാമോദീസായും പെൺകുട്ടികളും.

1. വി. മാമോദീസായ്ക്കുശേഷം ആൺകുട്ടികളേപ്പോലെ പെൺകുട്ടികളേയും വി. മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസ് മുത്തിക്കുന്നതിനെപ്പറ്റി ചിന്തിച്ചതിൽ ഇപ്പോൾ നിലവിലുള്ള രീതി മാറ്റുന്നതിന് ഏകാഭിപ്രായമുണ്ടായില്ല. **(1983 ഫെബ്രുവരി)**

2. ആൺ കുട്ടികളെ മാമോദീസാ കഴിഞ്ഞ് വി. ത്രോണോസ് മുത്തിക്കുന്നതുപോലെ അഞ്ച് വയസ്സിനു താഴെയുള്ള പെൺ കുഞ്ഞുങ്ങളേയും ത്രോണോസ് മുത്തിക്കാവുന്നതാണ്. **(1988 ജൂലൈ)**

3. ദനഹാ കഴിഞ്ഞ് മാമോദീസാ തൊട്ടിയിൽ ആദ്യത്തെ മാമോദീസാ ആൺകുട്ടികളുടേതായിരിക്കണമെന്ന പതിവ് ചില ഇടവകകളിൽ കാണുന്നതിന് കാനോനികമായ അടിസ്ഥാനമൊന്നുമില്ലാത്തതിനാൽ ഇനി മേൽ അത് തുടരേണ്ടതില്ല. **(1988 ജൂലൈ)**

4. മാമോദീസാ മുങ്ങുന്നതിന് ഒന്നിലധികം കുട്ടിക ളുണ്ടെങ്കിൽ, അവർ ആൺകുഞ്ഞായാലും പെൺകുഞ്ഞാ യാലും മാമോദീസായ്ക്കുള്ള വെള്ളം ഒരുമിച്ചു വാഴ്ത്തിയ ശേഷം അതിന്റെ ഒരു ഭാഗം കൂടുതൽ വെള്ളത്തിൽ കലർത്തി ഓരോരുത്തരേയും വേറെ വേറെ മാമോദീസാ മുക്കാവുന്നതാണ്. ഈ കാര്യത്തിൽ ആൺകുഞ്ഞുങ്ങളും, പെൺകുഞ്ഞുങ്ങളും തമ്മിൽ പ്രത്യേക വിവേചനമൊന്നും ആവശ്യമില്ല. **(1988 ജൂലൈ)**

6.8) കാനോനികമായി വിവാഹിതരാകാത്ത സ്ത്രീ-പുരുഷന്മാർക്ക് ജനിക്കുന്ന കുട്ടികൾക്ക് മാമോദീസാ നൽകുന്നത് സംബന്ധിച്ച്.

കാനോനികമായി വിവാഹിതരാകാത്ത സ്ത്രീ-പുരുഷന്മാർക്ക് ജനിക്കുന്ന കുട്ടികളുടെ മാമോദീസാ നടത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഭദ്രാസന മെത്രാപ്പോലീത്താമാർ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2024 ജൂലൈ)**

****

7. വി. വിവാഹം; വിവാഹ വരുമാനം

7.1) ഇതര സഭാംഗങ്ങളുമായുള്ള വിവാഹങ്ങൾ.

1. നമ്മുടെ സഭയിൽ പെട്ടവരും ഇതര ക്രൈസ്തവ സഭകളിൽ വിവാഹം ചെയ്തുകൊടുത്തിട്ടുള്ളവരുമായ സ്ത്രീകൾ, നമ്മുടെ വിശ്വാസാചാരങ്ങളിൻപ്രകാരം തുടർന്ന് നടന്നുകൊള്ളാമെന്ന് ഉറപ്പുതരികയും, പ്രതിജ്ഞ ചെയ്യുകയും ചെയ്യുമെങ്കിൽ അവരെ നമ്മുടെ സഭാംഗങ്ങളായി തുടരുന്നതിന് അനുവദിക്കാവുന്നതാണ്. **(1977 ഫെബ്രുവരി)**

2. മറ്റ് സഭകളിൽപോയി വിവാഹം നടത്തിക്കുവാൻ നമ്മുടെ സ്ത്രീ-പുരുഷന്മാർക്ക് അനുവാദമില്ല. എന്നാൽ ഇതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവർക്ക് നമ്മുടെ സഭയിൽ തുടരുന്നതിന് താഴെ വിവരിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാകുന്നു. **(1977 ഫെബ്രുവരി)**

3. റോമൻ കത്തോലിക്കാ, കൽദായ (നെസ്തോറിയൻ) എന്നീ സഭകളിൽ വച്ച് വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ അവർ ചെയ്ത തെറ്റിനെ ഏറ്റുപറഞ്ഞ് വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുന്നതുകൂടാതെ പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തവും അവർ ചെയ്യേണ്ടതാകുന്നു. **(1977 ഫെബ്രുവരി)**

4. സി. എൻ. ഐ; സി. എസ്. ഐ; മാർത്തോമ്മാ, തൊഴിയൂർ സ്വതന്ത്രസഭ എന്നീ എപ്പിസ്കോപ്പൽ സഭകളിൽ വച്ച് വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ, അവർ ചെയ്ത തെറ്റിനെ ഏറ്റുപറയുകയും, കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന അനുഭവിക്കുകയും, അവരുടെ ഭാര്യാപദം സ്വീകരിച്ചിട്ടുള്ള ആ സഭയിലെ പെൺകുട്ടികൾക്ക് വി. മൂറോൻ അഭിഷേകം നടത്തുകയും, അവർ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നതുകൂടാതെ അവരുടെ വിവാഹം, നമ്മുടെ വിവാഹ ശുശ്രൂഷയുടെ രണ്ടാം ക്രമത്തിൽ നിന്നും തക്കതായ പ്രാർത്ഥനകൾ ചൊല്ലി കിരീടം വാഴ്വും കൈപിടുത്തവും നടത്തി പൂർത്തീകരിക്കുകയും, പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. മോതിരം വാഴ്വ്, മിന്നുകെട്ട്, മന്ത്രകോടി ഇടീൽ എന്നിവ വീണ്ടും നടത്തേണ്ടതില്ല. **(1977 ഫെബ്രുവരി)**

5. എപ്പിസ്കോപ്പൽ അല്ലാത്ത മറ്റ് ക്രൈസ്തവ വിഭാഗങ്ങളിൽവച്ച് നടന്നിട്ടുള്ള വിവാഹങ്ങളാണെങ്കിൽ അങ്ങനെയുള്ളവരെ സ്വീകരിക്കുമ്പോൾ അവർ ചെയ്ത തെറ്റ് ഏറ്റു പറയുകയും, പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം നിർവ്വഹിക്കുകയും, അവർ വി. കുമ്പസാരവും വി. കുർബ്ബാനാനുഭവും നടത്തുകയും, അവർ വിവാഹം കഴിച്ചിട്ടുള്ള പെൺകുട്ടികളെ മാമോദീസാ മുക്കുകയും, വി. മൂറോൻ അഭിഷേകം നടത്തുകയും, അവർ വി. കുർബ്ബാന അനുഭവിക്കുകയും, അവരുടെ വിവാഹം നമ്മുടെ ക്രമം അനുസരിച്ച് മുഴുവനായി നടത്തുകയും ചെയ്യേണ്ടതാണ്. **(1977 ഫെബ്രുവരി)**

7.2) വിവാഹകുറി.

ഇതര സഭകളിൽവച്ച് നടത്തുന്ന വിവാഹത്തിന്, നമ്മുടെ സഭയിൽവച്ച് നടക്കുന്ന വിവാഹങ്ങൾക്ക് കൊടുത്തുവരുന്ന രീതിയിലുള്ള വിവാഹകുറി കൊടുക്കുകയോ, പ്രസ്തുത വിവാഹങ്ങളുടെ വിളിച്ചുചൊല്ല് നമ്മുടെ പള്ളികളിൽ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഒഴിച്ചുകൂടാത്ത ആവശ്യം ഉണ്ടായാൽ താഴെ പറയുന്ന വിധത്തിലുള്ള ഒരു വിവാഹകുറി ഇന്ന വികാരിക്ക് എന്ന് എഴുതാതെ '*ഈ ഇടവകയിൽപ്പെട്ട ഇന്നാരുടെയും ഇന്നാരുടെയും മകൾ/മകൻ ഇന്നാരുടെ വിവാഹം നടത്തുന്നതിന് കാനോനികവും സഭാപരവുമായ യാതൊരു തടസ്സവും ഇല്ലാത്തതാകുന്നു*' എന്ന് 'വിവാഹകുറി' എന്ന് മേലെഴുത്തുള്ള പ്രത്യേക കടലാസിൽ എഴുതി കൊടുക്കാവുന്നതാകുന്നു. **(1977 ഫെബ്രുവരി)**

7.3) പട്ടക്കാരുടെയും ശെമ്മാശ്ശന്മാരുടെയും കപ്യാരന്മാരുടെയും മക്കളുടെ വിവാഹ വരുമാനം.

പട്ടക്കാരുടെയും, ശെമ്മാശ്ശന്മാരുടെയും, അഞ്ചുകൊല്ലത്തിൽ കുറയാതെ ശുശ്രൂഷ നടത്തിയിട്ടുള്ളവരും തുടർന്ന് നടത്തിക്കൊണ്ടിരിക്കുന്നവരുമായ കപ്യാരന്മാരുടെയും പെൺമക്കളുടെ വിവാഹങ്ങൾക്ക് പതാരം ഒഴിച്ചുള്ള മറ്റു പള്ളി വരുമാനങ്ങൾ മാത്രവും, എന്നാൽ അവരുടെ ആൺമക്കളുടെ വിവാഹങ്ങൾക്ക് പതാരം ഉൾപ്പെടെയുള്ള എല്ലാ പള്ളി വരുമാനങ്ങളും വയ്പിച്ചുകൊള്ളേണ്ടതുമാകുന്നു. **(1977 ജൂലൈ)**

കുറിപ്പ്: പെൺമക്കളുടെ വിവാഹത്തിന് പിതൃസ്വത്തവകാശം (അവകാശധനം) കൊടുക്കേണ്ടതുള്ളതുകൊണ്ടും ആൺമക്കളുടെ വിവാ

ഹത്തിന് പിതൃസ്വത്തവകാശം (അവകാശധനം) ലഭിക്കുന്നതുകൊണ്ടുമാണ് ഈ വ്യത്യാസം. **(1977 ജൂലൈ)**

7.4) വിവാഹങ്ങൾക്കുള്ള പ്രത്യേകാനുമതി നൽകുന്നതിനെപ്പറ്റി.

ഒഴിച്ചുകൂടാൻ പാടില്ലാത്ത അത്യാവശ്യം നിമിത്തം സാധാരണ അനുവദിക്കാത്ത ദിവസങ്ങളിൽ വിവാഹം നടത്തുന്നതിന് പ്രത്യേക അനുവാദം കൊടുക്കുന്നതിനും, വിവാഹ സംബന്ധമായ ക്രമക്കേടുകളെ സംബന്ധിച്ച് തീരുമാനം ചെയ്യുന്നതിനും പ. കാതോലിക്കാ ബാവായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. അങ്ങിനെയുള്ള വിവാഹങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഇടവക വികാരിയുടെ ശുപാർശയോടുകൂടി പ. ബാവാ തിരുമേനിക്ക് സമർപ്പിക്കേണ്ടതാകുന്നു. **(1979 ജൂലൈ)**

7.5. നോമ്പു കാലങ്ങളിലും ചില പ്രത്യേകം ദിവസങ്ങളിലും വിവാഹം നടത്തുന്നതിനെപ്പറ്റി.

നോമ്പു കാലങ്ങളിലും വിലക്കപ്പെട്ട ദിവസങ്ങളിലും വിവാഹ അനുവാദത്തിനായി അപേക്ഷിക്കുന്ന ഒരു രീതി വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നും, അത് നിരുത്സാഹപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും, അതിന് ഒരു വിരാമം ഇടുന്നതിന് മെത്രാപ്പോലീത്താമാരുടെ നിർദ്ദേശവും സഹകരണവും അത്യാവശ്യമാണെന്നും, അത് നിരുൽസാഹപ്പെടുത്തുവാൻ തക്കവണ്ണം പട്ടക്കാർക്ക് കർശനമായ നിർദ്ദേശം കൊടുക്കണമെന്നും, അതിന് ഉതകുന്ന സർക്കുലർ കല്പന എത്രയും വേഗം അയയ്ക്കണമെന്നും സുന്നഹദോസ് തീരുമാനിച്ചു. **(1990 ഒക്ടോബർ)**

നോമ്പു ദിവസങ്ങളിലും മറ്റും വിവാഹ അനുവാദത്തിനു വരുന്നത് വളരെ കൂടുതലായിട്ടുണ്ടെന്നും, അങ്ങനെ സഭയുടെ നിയമങ്ങൾ അഴിഞ്ഞു പോകുന്നത് വളരെ വിഷമമാണെന്നും പരിശുദ്ധ ബാവാ തിരുമേനി സുന്നഹദോസിനെ അറിയിച്ചു. ഇതിന്റെ വെളിച്ചത്തിൽ ഇതെപ്പറ്റിയുള്ള വിവിധ വശങ്ങൾ സുന്നഹദോസ് ചർച്ച ചെയ്തു. സാധാരണയായി ഞായറാഴ്ചയും തിങ്കളാഴ്ചയും ദിവസങ്ങൾ കൂടാതെ പ്രത്യേക അനുവാദം ശനിയാഴ്ചയ്ക്ക് പ. ബാവാ തിരുമേനി കൊടുക്കാവുന്നതാണെന്ന് സുന്നഹദോസ് തീരുമാനിച്ചു. അല്ലാതുള്ള ദിവസങ്ങളിലേക്ക് ശുപാർശയുമായി വരാതിരിക്കുവാൻ വൈദികരെ മെത്രാപ്പോലീത്താമാർ വൈദിക യോഗത്തിൽ അറിയി

ക്കേണ്ടതാണ്. വിവാഹത്തിന് പ്രത്യേക അനുവാദം കൊടുക്കുമ്പോൾ നിശ്ചിത ഫീസ് നൽകിയിരിക്കേണ്ടതാണ്. അർഹിക്കുന്ന ആളുകൾക്ക് പ. ബാവാ തിരുമേനി ആവശ്യമായ ഇളവ് കൊടുക്കാവുന്നതാണ്. **(1992 ജൂലൈ)**

7.6) നോമ്പു കാലങ്ങളിലെ വിവാഹം.

1. നോമ്പുകാലങ്ങളിൽ ധാരാളം ആളുകൾ വിവാഹത്തിന്റെ അനുവാദം തേടി വരുന്ന സാഹചര്യത്തിൽ അത് നിരുത്സാഹപ്പെടുത്തുന്നതിന് പ. ബാവാ തിരുമേനിയോടൊപ്പം മെത്രാസന മെത്രാപ്പോലീത്താമാരും പട്ടക്കാർക്ക് കല്പന അയയ്ക്കണമെന്ന് തീരുമാനിച്ചു. **(1993 ജൂലൈ)**

2. നോമ്പുകാലങ്ങളിൽ വിവാഹം നടത്തുന്നതിന് അനുവാദം തേടിക്കൊണ്ട് വികാരിമാരുടെയും, ഇടവക മെത്രാപ്പോലീത്താമാരുടെയും ശുപാർശയോടു കൂടി പരി. ബാവാ തിരുമേനിക്ക് ലഭിക്കുന്ന അപേക്ഷകൾ ഇടവക മെത്രാപ്പോലീത്താമാർക്ക് തിരിച്ചയച്ച് അവർ തീരുമാനം കൈക്കൊള്ളുന്ന രീതി ആവശ്യമില്ലെന്നും, പരി. ബാവാ തിരുമനസ്സു തന്നെ അങ്ങിനെയുള്ള വിവാഹങ്ങൾക്ക് അനുവാദ കല്പന നൽകിയാൽ മതിയെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1997 ഫെബ്രുവരി)**

3. നോമ്പുകാലങ്ങളിൽ വിവാഹം നടക്കുമ്പോൾ വധൂവരന്മാരുടെ ഫോട്ടോ പത്രത്തിൽ കൊടുക്കുന്ന രീതിയും, നോമ്പിന് അനുയോജ്യമല്ലാത്ത ഭക്ഷണപാനീയങ്ങൾ വിളമ്പുന്ന രീതിയും നിർബ്ബന്ധമായും നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. **(1997 ഫെബ്രുവരി)**

4. വിവാഹത്തിനുള്ള പ്രത്യേക അനുമതി *(Special Sanction)* പരിശുദ്ധ ബാവാ തിരുമേനിയുടെ വിവേചനാധികാരം ഉപയോഗിച്ച് നൽകുന്നതാണ് ഉചിതം. **(2006 നവംബർ)**

7.7) ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം വിവാഹ കൂദാശയ്ക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.

1. പരിശുദ്ധ സഭയിൽ ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങൾക്ക് വിധേയമായി മാത്രം വിവാഹകൂദാശ നടത്തിയാൽ മതിയെന്നുള്ള പരിശുദ്ധ ബാവാ തിരുമേനിയുടെ നിർദ്ദേശം സുന്നഹദോസ് അംഗീ

കരിച്ചു. **(2009 ആഗസ്റ്റ്)**

2. പരിശുദ്ധ ബാവാ തിരുമേനിയിൽ നിന്നും പ്രത്യേകം അനുമതി വാങ്ങി ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 5 മണിക്ക് ശേഷം വിശുദ്ധ വിവാഹ കൂദാശ നടത്താവുന്നതാണ്. വിവാഹ കൂദാശയ്ക്ക് പ്രത്യേക അനുമതി ആവശ്യമുള്ളവർ ഇടവക മെത്രാപ്പോലീത്തായുടെ ശുപാർശയോടുകൂടി പരിശുദ്ധ ബാവാ തിരുമേനിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രത്യേക അനുമതിയോടുകൂടി നടത്തപ്പെടുന്ന വിവാഹ കൂദാശകളിൽ മെത്രാപ്പോലീത്താമാർ സംബന്ധിക്കുവാൻ പാടില്ല. ഇനി മുതൽ ശനിയാഴ്ചകളിൽ വിവാഹ കൂദാശ നടത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നതല്ല. **(2025 ഫെബ്രുവരി)**

7.8) സാധാരണ വിവാഹം, പുനർവിവാഹം മുതലായവ സംബന്ധിച്ചുള്ള പ്രത്യേക അനുവാദം.

വിവാഹങ്ങൾ നടത്തുന്ന ദിവസങ്ങൾ സംബന്ധിച്ചും മറ്റും ആവശ്യമായേക്കാവുന്ന പ്രത്യേക അനുവാദം പ. കാതോലിക്കാ ബാവാ തനിച്ചു നൽകേണ്ടതും, പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വിവാഹമോചനം, പുനർവിവാഹം എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് ആയതിലേക്ക് പ. സുന്നഹദോസ് നിശ്ചയിച്ചിരിക്കുന്ന പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിലുള്ള കമ്മറ്റിയുടെ തീരുമാനം പരിഗണിച്ച് പ. കാതോലിക്കാ ബാവാ അനുവാദം നൽകേണ്ടതുമാകുന്നു. **(1982 ജൂലൈ)**

7.9) വിവാഹമോചനങ്ങളും പുനർവിവാഹവും സംബന്ധിച്ച്.

വിവാഹമോചനവും പുനർവിവാഹവും സംബന്ധിച്ചുള്ള കേസുകൾ തീരുമാനിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാവശ്യമാണ്. അതിനുള്ള പ്രത്യേകമായൊരു കമ്മറ്റി എല്ലാ കേസുകളും പഠിച്ച് ശുപാർശ ചെയ്യുന്നതിനനുസരിച്ച് മാത്രം അനുവാദ കൽപനകൾ കൊടുക്കേണ്ടതുമാണ്. **(1991 ജൂലൈ)**

7.10) സ്ത്രീധന നിരോധന ബില്ലും വരുമാനവും പള്ളികളുടെ വരുമാനവും.

1. സഭയിലെ ഭൂരിഭാഗം ഇടവകകളുടെയും പ്രധാനവരുമാനം വിവാഹസമയത്ത് ഇടവക അംഗങ്ങളിൽ നിന്ന് ലഭിക്കുന്ന പതാരം മുതലായവ ആണെന്നും ആയത് ഈടാക്കുന്നതിന് അടുത്തകാലത്ത്

പല തടസ്സങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നതിനാൽ വിവാഹസമയത്ത് പള്ളികൾക്ക് ലഭിക്കേണ്ട വരുമാനം ന്യായമായും ലഭിക്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്നും, ആയതിലേക്ക് ഓരോ ഇടവകയിലും ഉൾപ്പെട്ട അംഗങ്ങളെ അവരവരുടെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ പല ഗ്രൂപ്പുകളായി തിരിച്ച് സ്ലാബ് സിസ്റ്റം ഏർപ്പെടുത്തേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1986 ഫെബ്രുവരി)**

2. സ്ലാബ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ഒരോ ഇടവകയിലെയും മാനേജിംഗ് കമ്മറ്റി കൂടി ഇടവകാംഗങ്ങളുടെ സാമ്പത്തിക നിലപഠിച്ച ശേഷം ഓരോ കുടുംബത്തെയും ഉൾപ്പെ ടുത്തേണ്ട ഗ്രൂപ്പും വിവാഹ സമയത്ത് അവരിൽ നിന്ന് ഈടാക്കേണ്ട തുകയും നിശ്ചയിക്കണം. മാനേജിംഗ് കമ്മറ്റിയുടെ തീരുമാനം ഇടവക പൊതുയോഗത്തിൽ സമർപ്പിച്ച് പാസ്സാക്കിയശേഷം ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതാണ്. **(1986 ഫെബ്രുവരി)**

3. ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തിയിട്ടുള്ള സ്ലാബ് സിസ്റ്റത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ ഇടവക പൊതുയോഗം തീരുമാനിച്ചശേഷം ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി മാത്രം ആയിരിക്കേണ്ടതാണ്. **(1986 ഫെബ്രുവരി)**

7.11) പ്രീ-മാരിറ്റൽ കൗൺസലിംഗ്.

1. പ്രീ-മാരിറ്റൽ കൗൺസലിംഗ് ഭദ്രാസന തലത്തിൽ നടത്തേ ണ്ടതാണെന്നും ഈ വിഷയത്തിൽ താത്പര്യമുള്ള വൈദീകരേയും, അൽമായക്കാരേയും കൗൺസലിംഗ് പരിശീലനത്തിന് നിയോഗിച്ച് ഒരു വൃന്ദം കൗൺസലേഴ്സിനെ എല്ലാ ഭദ്രാസനങ്ങളിലും ക്രമീകരിക്കേണ്ടതാണെന്നും, കൗൺസലിംഗിൽ പരിശീലനം നേടിയവരുടെ ലിസ്റ്റ് തയ്യാറാക്കി, അവരുടെ സേവനം ഉപയോഗിച്ച് ഭദ്രാസന തലത്തിൽ ക്ലാസ്സുകൾ ക്രമീകരിക്കണമെന്നറിയിച്ചുകൊണ്ട് ഒരു കൽപന പുറപ്പെടുവിക്കണമെന്നും തീരുമാനിച്ചു. **(2000 ഫെബ്രുവരി)**

2. എല്ലാ ഭദ്രാസനങ്ങളിലും കുറഞ്ഞത് മാസത്തിൽ ഒരു ദിവസമെങ്കിലും പ്രീമാരിറ്റൽ കൗൺസലിംഗ് ക്രമീകരിച്ച് സർട്ടിഫിക്കേറ്റ്

നൽകുന്ന കാര്യം നിർബ്ബന്ധമാക്കുന്നതിന് നിർദ്ദേശം നൽകണം. **(2006 നവംബർ)**

3. ഇന്റർ റിലീജിയസ്/ഇന്റർ ഡിനോമിനേഷണൽ മാര്യേജ് പല സ്ഥലങ്ങളിലും നടക്കുന്നതായി മനസ്സിലാക്കുന്നതിനാൽ, ഒരു ഓർത്ത ഡോക്സ് വിശ്വാസി അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ടതും, അനുഷ്ഠിക്കേണ്ടതുമായ സംഗതികൾ അങ്ങിനെയുള്ളവർക്ക് ഗ്രഹിക്കത്തക്കവണ്ണം ഒരു വിശ്വാസ പ്രബോധന സഹായി തയ്യാറാക്കുന്നതിന് നാഗ്പൂർ സെമിനാരിയെ ചുമതലപ്പെടുത്തി. **(2006 നവംബർ)**

7.12) ഫാമിലി റിന്യൂവൽ കമ്മീഷൻ.

Pre-marital Counselling കുറെക്കൂടി ക്രമീകൃതമായ രീതിയിൽ നടത്തേണ്ടതാണ് എന്നും, അതിനായി ഒരു പാഠ്യപദ്ധതി (Curriculam), ഫാമിലി റിന്യൂവൽ കമ്മീഷന്റെ ചുമതലയിൽ രൂപപ്പെടുത്തേണ്ടതാണ് എന്നും, Post-marital Counselling-നുള്ള ക്രമീകരണങ്ങൾ കൂടി ഫാമിലി റിന്യൂവൽ കമ്മീഷന്റെ ചുമതലയിൽ ചെയ്യേണ്ടതാണ് എന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2013 ഓഗസ്റ്റ്)**

7.13) പ്രീമാരിറ്റൽ കൗൺസലിംഗ് പ്രോഗ്രാമിന് സഭാതലത്തിൽ കേന്ദ്രീകൃത സിലബസ്.

മൂന്ന് ദിവസങ്ങളിലായി നടത്തപ്പെടുന്ന പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സിനും, ഒരു ദിവസത്തേക്ക് മാത്രമായി നടത്തപ്പെടുന്ന പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സിനും സഭാ തലത്തിൽ കേന്ദ്രീകൃത സിലബസ് നടപ്പിലാക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. ഭദ്രാസന തലത്തിൽ നടത്തപ്പെടുന്ന പ്രീമാരിറ്റൽ കൗൺസലിംഗ് പ്രോഗ്രാം, ഇനിമുതൽ കേന്ദ്രീകൃത സിലബസ് അനുസരിച്ച് ക്രമീകരിക്കേണ്ടതാണ് എന്നും സുന്നഹദോസിൽ തീരുമാനമായി. **(2023 ഫെബ്രുവരി)**

7.14) മാറാനായ പെരുന്നാളുകളുടെ തലേദിവസം വിവാഹം നടത്തുന്നത് സംബന്ധിച്ച്.

തിങ്കളാഴ്ച ദിവസമോ, ചൊവ്വാഴ്ച ദിവസമോ, മാറാനായ പെരുന്നാളുകൾ വരികയാണെങ്കിൽ തലേദിവസം, അതായത് യഥാക്രമം ഞായറാഴ്ചയും തിങ്കളാഴ്ചയും വിവാഹം നടത്തുന്ന പതിവ് നിലവിലുള്ളതിനാൽ അത് തുടരാവുന്നതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2014 ഓഗസ്റ്റ്)**

7.15) വിവാഹ സൽക്കാരങ്ങൾ സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ ഇടവകളിൽ, പ്രത്യേകിച്ച് ബാഹ്യകേരള മെത്രാസനങ്ങളിലെ ഇടവകകളിൽ വിവാഹത്തോട് അനുബന്ധിച്ച് നടത്തിവരുന്ന സൽക്കാരങ്ങളിൽ ധൂർത്തും, മദ്യത്തിന്റെ ഉപയോഗവും മറ്റും കൂടിവരുന്നതിനാൽ ടി സംഗതികൾ നിരോധിക്ക ണമെന്നുള്ള ബോംബെ മെത്രാസന വൈദിക സംഘത്തിന്റെ അപേക്ഷ സുന്നഹദോസ് പരിഗണിച്ചു. പ്രസ്തുത വിഷയങ്ങളിൽ ഇടവക മെത്രാപ്പോലീത്താമാർ ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2016 ഫെബ്രുവരി)**

7.16) കത്തോലിക്കാ സഭയിലേക്ക് വിവാഹം കഴിച്ച് അയയ്ക്കപ്പെടുന്ന പെൺകുട്ടികളുടെ മനസ്സമ്മതം.

കത്തോലിക്കാ സഭയിലേക്ക് വിവാഹം കഴിച്ച് അയയ്ക്കപ്പെടുന്ന പെൺകുട്ടികളുടെ മനസ്സമ്മതം കത്തോലിക്കാ സഭയിൽ നടത്തിയതിനുശേഷം വിവാഹ നിശ്ചയം നടത്തേണ്ടി വരുമ്പോൾ ഓർത്ത ഡോക്സ് സഭാ വൈദികർ പങ്കെടുക്കാതിരിക്കുന്നതാണ് ഉചിതമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2019 ഫെബ്രുവരി)**

7.17) സഭ അനുവദിക്കാത്ത ദിവസങ്ങളിൽ നടത്തപ്പെടുന്ന വിവാഹത്തിന്റെ നിശ്ചയം.

കാനോനികമായി വിവാഹം നടത്തുന്നതിന് പരിശുദ്ധ സഭ അനുവദിക്കാത്ത ദിവസങ്ങളിൽ നടത്തുന്ന വിവാഹങ്ങളുടെ നിശ്ചയം സംബന്ധിച്ച് ഇടവക മെത്രാപ്പോലീത്തായുടെ അനുമതി തേടി കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്. **(2019 ഫെബ്രുവരി)**

****

8. കുർബ്ബാനപ്പണവും തളികപ്പണവും മറ്റു വരുമാനങ്ങളും

8.1) തളികപ്പണം പട്ടക്കാർക്ക് കൊടുക്കുന്നതിനെപ്പറ്റി.

കുർബ്ബാനപ്പണവും, ഇരുപത്തഞ്ചു നോമ്പുവീടൽ, ദു:ഖവെള്ളിയാഴ്ച, അമ്പതു നോമ്പുവീടൽ എന്നീ മൂന്നു ദിവസങ്ങളിലെ തളികപ്പണവും പട്ടക്കാർക്കും മറ്റും കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചതിൽ ഓരോ ഭദ്രാസനങ്ങളിലും നിലവിലിരിക്കുന്ന രീതികൾ തൽക്കാലം ഭേദപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. **(1977 ജൂലൈ)**

8.2) മാസവരി.

ഇടവകാംഗങ്ങളിൽ നിന്ന് മാസവരി, പിടിയരി മുതലായവ കൃത്യമായി പിരിക്കേണ്ടതാണ്. ആയത് എല്ലാ ഇടവകകളിലും കൃത്യമായി നടപ്പാക്കുന്നതിന് ഇടവക മെത്രാപ്പോലീത്താമാർ പ്രത്യേകം ശ്രദ്ധിക്കണം. **(1986 ഫെബ്രുവരി)**

1. എല്ലാ ഇടവകകളിലും നിർബ്ബന്ധമായും മാസവരി ഏർപ്പെടുത്തണം. കുറഞ്ഞ തുക 5/- രൂപാ ആയിരിക്കണം. ഓരോരുത്തരുടെയും സാമ്പത്തിക കഴിവനുസരിച്ച് കൂടുതലായുള്ള തുക കമ്മറ്റി കൂടി നിർദ്ദേശിച്ച് പൊതുയോഗത്തിൽ അംഗീകരിച്ച് ഇടവക മെത്രാപ്പോലീത്തായുടെ കൽപന വാങ്ങി നടപ്പാക്കണം. **(1989 ഫെബ്രുവരി)**

2. കുർബ്ബാനപ്പണം, കല്ലറ ഫീസ്, കർമ്മാദികൾക്കുള്ള ഫീസ് മുതലായി പള്ളിക്കുള്ള വരുമാനങ്ങൾ ഏകീകരിക്കുകയും, വർദ്ധിപ്പിച്ച് നടപ്പാക്കുകയും വേണം. (ഉദാ: കുർബ്ബാനപ്പണം ഒരു രൂപാ എന്നുള്ളത് രണ്ടു രൂപയാക്കി ഉയർത്തുക). **(1989 ഫെബ്രുവരി)**

****

9. ആരാധനാക്രമങ്ങളുടെ നടത്തിപ്പ്

9.1) ചില ഞായറാഴ്ചകൾക്ക് പ്രത്യേക പേരുകൾ നൽകുന്നത് സംബന്ധിച്ച്.

യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച **ശിശുദിന**മായും, പരിശുദ്ധ വലിയ നോമ്പിന്റെ രണ്ടാം ഞായറാഴ്ച **കുഷ്ഠ രോഗികളുടെ ഞായറാഴ്ച**യായും, സഖറിയാ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച **Parents' Sunday** ആയും, ദനഹായുടെ ശേഷം നാലാം ഞായറാഴ്ച **തൊഴിലാളി ദിന**മായും ആചരിക്കേണ്ടതാണെന്നും, ആ ദിനങ്ങളിൽ അതാതിന് യോജിച്ച പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1986 ഫെബ്രുവരി)**

9.2) സന്യാസികളുടെ ഞായറാഴ്ച.

പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച **സന്യാസികളുടെ ഞായറാഴ്ച**യായി ആചരിക്കേണ്ടതാണെന്നും, പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് ഇതിനു വേണ്ടി ഒരു പ്രത്യേക കൽപന പുറപ്പെടുവിക്കേണ്ടതാണെന്നും, സന്യാസ ജീവിതം ആഗ്രഹിക്കുന്ന യുവതീ-യുവാക്കളുടെ/ബാലികാ-ബാലന്മാരുടെ ഒരു ഏകദിന സമ്മേളനം എല്ലാ വർഷവും സൗകര്യപ്രദമായ ഒരു സ്ഥലത്തുവച്ച് നടത്തേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2003 ജൂലൈ)**

9.3) ആത്മഹത്യ ചെയ്യുന്നവരുടെ ശവസംസ്ക്കാരത്തെ സംബന്ധിച്ച്.

ആത്മഹത്യ ചെയ്തവരുടെ ഭവനത്തിൽ വൈദീകർ പോയി നമ്മുടെ അംഗങ്ങളായ വിശ്വാസികളെ ആശ്വസിപ്പിക്കുകയും അവിടെ കൗമാ, അനുതാപ പ്രാർത്ഥന (പ്രൂമിയോൻ-സെദ്റ: ശ്ഹീമാ നമസ്കാരം), കുക്കിലിയോൻ, അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ....., പ്രസംഗം ഈ വിധത്തിലുള്ള ഒരു ക്രമം നടത്തണം.

തുടർന്ന് ദേവാലയത്തിൽ കൊണ്ടുവന്ന ശേഷം കൗമാ, 51-ാം മസുമൂറാ, എക്ബോ (3-ാം ക്രമത്തിൽ നിന്ന്), പ്രൊമിയോൻ- സെദ്റ (3-ാം ക്രമത്തിൽ നിന്ന്), കോലോ, കരുണ നിറഞ്ഞവനേ.... എന്നീ പ്രാർത്ഥകളും, സെമിത്തേരിയിൽ വന്ന ശേഷം കബറിൽ പൂകിടുമതി വീരൻ....., മണ്ണിട്ട് പ്രാർത്ഥന എന്നിവ ചൊല്ലി ശവം കല്ലറയിൽ

വച്ച് കുക്കിലിയോൻ ചൊല്ലി ധൂപം വച്ച് അവസാനിപ്പിക്കണം. **(1996 ഫെബ്രുവരി)**

9.4) മേല്പട്ടക്കാരുടെ ചുമതലയെ സംബന്ധിച്ച്.

1. പള്ളി കൂദാശയിൽ 3 മേൽപ്പട്ടക്കാരിൽ കൂടുതൽ പങ്കെടുക്കേണ്ട ആവശ്യം ഇല്ല. ഇടവക മെത്രാപ്പോലീത്തായുടെ പ്രത്യേകമായ ശ്രദ്ധ ഈ കാര്യത്തിൽ പതിയേണ്ടതാണ്. ജൂബിലിയോ അതുപോലെ പ്രധാനപ്പെട്ട അവസരങ്ങളിലോ പല ദിവസം നീണ്ടു നിൽക്കുന്ന ചടങ്ങുകളിൽ മാത്രം ഇതിന് മാറ്റം വരുത്താവുന്നതാണ്. ഭദ്രാസന തലത്തിലുള്ള വളരെ പ്രധാനപ്പെട്ട ചടങ്ങുകളിലും വ്യത്യസ്ത നിലപാട് എടുക്കാവുന്നതാണ്. ശെമ്മാശ്ശന്റെയോ കശീശ്ശായുടെയോ പട്ടാഭിഷേക ശുശ്രൂഷയിൽ രണ്ട് മേൽപ്പട്ടക്കാരിൽ കൂടുതൽ പങ്കെടുക്കേണ്ട ആവശ്യം ഇല്ല. പട്ടാഭിഷേകത്തിന് നേതൃത്വം നൽകുന്ന മേൽപ്പട്ടക്കാരൻ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. സഭയുടെ പ്രധാന പെരുന്നാളുകളിൽ, പരുമല പെരുന്നാൾ കൂടാതെ മലങ്കര മെത്രാപ്പോലീത്തന്മാരുടെയും കാതോലിക്കാമാരുടെയും പെരുന്നാളുകൾക്ക് എല്ലാ മേൽപ്പട്ടക്കാരും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റു പിതാക്കന്മാരുടെ ഓർമ്മകൾക്ക് കഴിവതും പിതാക്കന്മാർ പങ്കെടുക്കണം. ഓരോ പെരുന്നാളുകൾക്കും പ്രത്യേകം ചുമതലയുള്ളവർ ഓരോ വർഷവും പങ്കെടുക്കുവാൻ സാധിക്കുന്ന പിതാക്കന്മാരുടെ സാന്നിധ്യം മുന്നമേ ഉറപ്പ് വരുത്തുന്നത് നല്ലതാണ്. **(1996 ഫെബ്രുവരി)**

2. മേൽപട്ടക്കാരുടെ ചുമതലയെ സംബന്ധിച്ച് 1996 ഫെബ്രുവരി സുന്നഹദോസ് കൈക്കൊണ്ട തീരുമാനത്തിൽ, വിവാഹങ്ങൾക്ക് ഒരു മെത്രാപ്പോലീത്താ മാത്രം സംബന്ധിക്കണമെന്നും, ശവസംസ്കാരത്തിന് അങ്ങനെ നിർബ്ബന്ധിക്കരുതെന്നുമുള്ള ഭേദഗതി സുന്നഹദോസ് നിശ്ചയിച്ചു. **(1996 ജൂലൈ)**

9.5) ശുബ്ക്കോനോ ശുശ്രൂഷ.

1. പരിശുദ്ധ വലിയ നോമ്പിലെ ശുബ്ക്കോനോ ശുശ്രൂഷ തിങ്കളാഴ്ച ഉച്ചയ്ക്ക് നടത്തുന്നതു കൊണ്ട് അധികമാളുകളും അതിൽ സംബന്ധിക്കുന്നില്ലെന്നും, ഒരു ചടങ്ങായി മാത്രം നടത്തുന്നതു കൊണ്ട് നാമമാത്രമായാണ് നടക്കുന്നതെന്നും അഭി. തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ സുന്നഹദോസിൽ പ്രസ്താവിച്ചു. വലിയ

നോമ്പിലെ പേത്തുർത്തോ ഞായറാഴ്ച വൈകിട്ട് സന്ധ്യാനമസ്കാരത്തിന് ശേഷം ശുബ്ക്കോനോ ശുശ്രൂഷ നടത്തുന്നു എങ്കിൽ കൂടുതൽ ആളുകൾ ഇതിൽ പങ്കെടുക്കുന്നതിന് ഇടയാകുമെന്ന് തിരുമേനി അഭിപ്രായപ്പെട്ടു. പ്രസ്തുത അഭിപ്രായത്തോട് എല്ലാ അംഗങ്ങളും യോജിച്ചു. **(1997 ജൂലൈ)**

2. ശുബ്ക്കോനോ ശുശ്രൂഷ മാത്രം ആവശ്യമെങ്കിൽ പേത്തുർത്തോ ഞായറാഴ്ച സന്ധ്യാനമസ്കാരത്തിന് ശേഷം നടത്തുവാൻ അനുവദിക്കാവുന്നതാണ്. ഇപ്പോൾ നടന്നുവരുന്നതു പോലെ വലിയ നോമ്പിലെ ഒന്നാമത്തെ തിങ്കളാഴ്ച ഉച്ച നമസ്കാരത്തിനു ശേഷം ശുബ്ക്കോനോ ശുശ്രൂഷ നടത്തുന്ന രീതി നിർത്തലാക്കേണ്ടതില്ല എന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2000 ഫെബ്രുവരി)**

3. വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം കൈമുത്തുന്ന അവസരത്തിൽ സഭയുടെ പാരമ്പര്യത്തിന് യോജിക്കാത്ത രീതിയിലുള്ള ഗാനങ്ങൾ ആലപിക്കുവാൻ പാടില്ല എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2003 ജൂലൈ)**

9.6) ദയറാക്കാരുടെ ശവസംസ്ക്കാര ശുശ്രൂഷ.

ദയറാക്കാരുടെ ശവസംസ്ക്കാര ശുശ്രൂഷയ്ക്കു വേണ്ടി അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് എപ്പിസ്ക്കോപ്പാ തയ്യാറാക്കിയതും, സുന്നഹദോസ് അംഗങ്ങൾക്ക് വിതരണം ചെയ്തതും വിശദമായ പഠനത്തിന് വിപുലമായ ഒരു കമ്മറ്റിയെ ഏൽപിച്ചിരുന്നതുമായ ശുശ്രൂഷാക്രമം അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് എപ്പിസ്ക്കോപ്പാ സുന്നഹദോസിൽ അവതരിപ്പിച്ച് ടി ക്രമത്തിന്റെ പ്രത്യേകതയും മറ്റും വിശദീകരിച്ചു. എം. ഒ. സി. പബ്ലിക്കേഷൻസിന്റെ ചുമതലയിൽ ടി ശുശ്രൂഷാക്രമം പ്രസിദ്ധീകരിക്കുന്നതിന് പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചു. **(2002 ഫെബ്രുവരി)**

9.7) ദുഃഖവെള്ളിയാഴ്ചയും വചനിപ്പ് പെരുന്നാളും ഒരുമിച്ച് വരുമ്പോൾ ആചരിക്കേണ്ട രീതി.

വചനിപ്പു പെരുന്നാൾ ഏതു ദിവസം വന്നാലും അത് മാറാനായ പെരുന്നാൾ ആയതിനാൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണെന്നും, വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ അല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ നടത്തേണ്ടതാണെന്നും, വചനിപ്പു പെരുന്നാൾ

ദുഃഖവെള്ളിയാഴ്ച വന്നാലും അത് മാറാനായ പെരുന്നാൾ ആയി ആചരിക്കേണ്ടതാണെന്നും, തലേദിവസം സന്ധ്യ മുതൽ പിറ്റെ ദിവസം പ്രഭാതത്തിലെ വി. കുർബ്ബാന വരെയുള്ള നമസ്ക്കാരങ്ങൾ വചനിപ്പുപെരുന്നാളിന്റേതായിരിക്കണമെന്നും മാറാനായ പെരുന്നാൾ ആകയാൽ കുമ്പിടീൽ ആവശ്യമില്ലെന്നും, തുടർന്ന് ദുഃഖ വെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ പ്രഭാത നമസ്ക്കാരം മുതൽ തുടങ്ങി സ്ലീബാ വന്ദനവും മറ്റും നടത്തേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. **(2005 ഫെബ്രുവരി)**

9.8) പരിശുദ്ധ സഭയിലെ രാത്രികാല ശുശ്രൂഷകളുടെ (യൽദോ പെരുന്നാളിന്റെയും, പെസഹാ പെരുന്നാളിന്റെയും, ക്യംതാ പെരുന്നാളിന്റെയും ശുശ്രൂഷകളുടെ) സമയക്രമം സംബന്ധിച്ച്.

1. ക്രിസ്തുമസ്, ഈസ്റ്റർ, പെസഹാ എന്നീ പെരുന്നാളുകൾ ഇനി മുതൽ രാവിലെ രണ്ട് മണിക്ക് ശേഷവും അഞ്ചു മണിക്ക് മുമ്പായും തുടങ്ങാവുന്നതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. ഏതെങ്കിലും ഒഴിച്ചു കൂടാനാവാത്ത സാഹചര്യം വന്നാൽ പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രത്യേക അനുവാദത്തോടു കൂടി മാത്രം സമയക്രമത്തിൽ മാറ്റം വരുത്താവുന്നതാണെന്നും, കേരളത്തിന് പുറത്തുള്ള ദേവാലയങ്ങളിൽ ആവശ്യമെങ്കിൽ സന്ധ്യകഴിഞ്ഞും ഈ ശുശ്രൂഷകൾ നടത്താവുന്നതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. ഈ കാര്യങ്ങളിൽ വൈദികർക്ക് ഒരു മാർഗ്ഗനിർദ്ദേശം നൽകുന്നത് നല്ലതാണെന്ന് അഭിപ്രായമുണ്ടായി. **(2006 ഫെബ്രുവരി)**

2. നിലവിലെ സാമൂഹിക ചുറ്റുപാടുകൾ ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ക്രിസ്തുമസ്, പെസഹാ, ഉയിർപ്പ് എന്നീ ദിനങ്ങളിലെ രാത്രികാല ശുശ്രൂഷകളുടെ സമയക്രമം പുന:പരിശോധിച്ച് ഉചിതമായ തീരുമാനം പരിശുദ്ധ സുന്നഹദോസിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരണം, അടൂർ-കടമ്പനാട് എന്നീ മെത്രാസനങ്ങളിലെ വൈദിക സംഘങ്ങൾ സമർപ്പിച്ച അപേക്ഷകൾ സുന്നഹദോസ് പരിഗണിച്ചു. ചർച്ചകൾക്ക് ശേഷം, ക്രിസ്തുമസ്, പെസഹാ, ഉയിർപ്പ് എന്നീ ദിനങ്ങളിലെ രാത്രികാല ശുശ്രൂഷകളുടെ സമയക്രമം സംബന്ധിച്ച് ഇപ്പോൾ നിലവിലിരിക്കുന്ന രീതിക്ക് വ്യത്യാസം വരുത്തേണ്ടതില്ല എന്നും, ആവശ്യം വരുന്ന പക്ഷം ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടെ ക്രിസ്തുമസ്, പെസഹാ, ഉയിർപ്പ് എന്നീ ദിനങ്ങളിലെ രാത്രികാല ശുശ്രൂഷ

കളുടെ സമയക്രമീകരണത്തിൽ മാറ്റം വരുത്താവുന്നതാണ് എന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2024 ഫെബ്രുവരി)**

3. യൽദോ പെരുന്നാളിന്റെയും, പെസഹാ പെരുന്നാളിന്റെയും, ക്യംതാ പെരുന്നാളിന്റെയും ശുശ്രൂഷകൾ പരമ്പരാഗതമായി പാതി രാത്രിക്കുശേഷം ആരംഭിച്ച് പുലർച്ചെ വിശുദ്ധ കുർബ്ബാനയോടു കൂടി പൂർത്തീകരിക്കുന്ന രീതിയായിരുന്നു അടുത്തകാലം വരെയും പിൻതുടർന്ന് വന്നിരുന്നത് എന്നും, എന്നാൽ ഏതാനും വർഷങ്ങളായി, അതത് ഭദ്രാസന മെത്രാപ്പോലീത്താമാരുടെ അനുമതിയോടെ അവരുടെ മെത്രാസന ഇടവകകൾക്ക് കീഴിലുള്ള പള്ളികളിലെ പ്രത്യേകമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് പ്രസ്തുത പെരുന്നാൾ ദിവസങ്ങളിലെ പ്രാർത്ഥനകളും ശുശ്രൂഷകളും വിശുദ്ധ കുർബ്ബാനയും, പെരുന്നാൾ ദിനത്തിലെ സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് പൂർത്തീകരിച്ചു വരുന്നുണ്ട് എന്നും, അപ്രകാരം നടത്തപ്പെടുന്ന ശുശ്രൂഷകളുടെ സമയക്രമീകരണങ്ങൾ സംബന്ധിച്ച് വൈദികരുടെയും വിശ്വാസികളുടെയും ഇടയിൽ വിവിധ തരത്തിലുള്ള ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും, പരിശുദ്ധ സഭയിലെ രാത്രികാല ശുശ്രൂഷകളുടെ (യൽദോ പെരുന്നാൾ, പെസഹാ പെരുന്നാൾ, ക്യംതാ പെരുന്നാൾ) സമയക്രമത്തിൽ ഒരു ഏകീകരണം ഉണ്ടാവണമെന്ന് വിവിധ മെത്രാസനങ്ങളിലെ വൈദിക യോഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും, ആയതിനാൽ ഇക്കാര്യത്തിൽ പരിശുദ്ധ സുന്നഹദോസ് പൊതുവായ ഒരു തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട് എന്നും പരിശുദ്ധ ബാവാ തിരുമേനി സുന്നഹദോസിൽ അറിയിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം, കേരളത്തിനുള്ളിലുള്ള ദേവാലയങ്ങളിൽ യൽദോ പെരുന്നാൾ, പെസഹാ പെരുന്നാൾ, ക്യംതാ പെരുന്നാൾ എന്നിവയുമായി ബന്ധപ്പെട്ട ശുശ്രൂഷകൾ അതത് ദിവസം രാവിലെ 5.00 മണി മുതൽ ആരംഭിക്കുന്നതിന് സുന്നഹദോസിൽ തീരുമാനമായി. ടി വിഷയവുമായി ബന്ധപ്പെട്ട് ഒരു പൊതു കൽപന പുറപ്പെടുവിക്കുന്നതാണ് എന്ന് പരിശുദ്ധ ബാവാ തിരുമേനി അറിയിച്ചു. ഒഴിച്ചുകൂടാൻ പാടില്ലാത്ത ഏതെങ്കിലും കാരണങ്ങളാൽ ഇതിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ഏതെങ്കിലും സ്ഥലങ്ങളിൽ ഈ ശുശ്രൂഷകൾ നടത്തേണ്ടതുണ്ടെങ്കിൽ ഇടവക മെത്രാപ്പോലീത്താമാർക്ക് പരിശുദ്ധ ബാവാ തിരുമേനിയുടെ അനുവാദത്തോടെ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാ

വുന്നതാണ് എന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2025 ഫെബ്രുവരി)**

9.9) പുതുവത്സര ജാഗരണത്തോടനുബന്ധിച്ചുള്ള വി. കുർബ്ബാന യുടെ സമയം സംബന്ധിച്ച്.

1. യൽദോ, പെസഹാ, ഉയിർപ്പ് എന്നിവയുടെ ശുശ്രൂഷകൾ നടത്തേണ്ട സമയം സംബന്ധിച്ച് സുന്നഹദോസ് തീരുമാനം ചെയ്തിട്ടുണ്ട് എങ്കിലും, പുതുവത്സര ജാഗരണത്തോനുബന്ധിച്ചുള്ള വി. കുർബ്ബാന നടത്തേണ്ടതായ സമയത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ പല സ്ഥലങ്ങളിലും വ്യത്യസ്ത സമയങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നതായി അംഗങ്ങൾ ചൂണ്ടിക്കാട്ടി. അതോടൊപ്പം യൽദോ, പെസഹാ, ഉയിർപ്പ് എന്നിവ യുടെ ശുശ്രൂഷകൾ നടത്തേണ്ട സമയം സംബന്ധിച്ചും പുനർ വിചിന്തനം അത്യാവശ്യമാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ചർച്ചകൾക്ക് ശേഷം, യൽദോ, ദനഹാ, പെസഹാ, ഉയിർപ്പ്, പുതുവർഷ ജാഗരണത്തോടനുബന്ധിച്ചുള്ള വി. കുർബ്ബാന എന്നിവയുടെ സമയക്രമീകരണം സംബന്ധിച്ച്, അതാത് സ്ഥലങ്ങളിലെ സാഹചര്യങ്ങൾക്കനുസരിച്ച്, ഇടവക മെത്രാപ്പോ ലീത്തായുടെ അനുമതിയോടുകൂടി തീരുമാനമെടുത്ത് ആവശ്യ മെങ്കിൽ വൈകുന്നേരത്തും നടത്താവുന്നതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2010 ഫെബ്രുവരി)**

9.10) ദനഹാ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നതിനായി പ്രത്യേകം സ്ഫടിക പാത്രങ്ങൾ.

മലങ്കര ഓർത്തഡോക്സ് സഭയിലെ പള്ളികളിൽ ദനഹാ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നതിനായി പ്രത്യേകം സ്ഫടിക പാത്രങ്ങൾ, അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം മുൻകൈ എടുത്ത് തയ്യാറാക്കിയിട്ടുള്ളതായി അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ സുന്നഹദോസിൽ അറി യിച്ചു. **(2015 ഫെബ്രുവരി)**

9.11) വെള്ളിയാഴ്ച പ്രാർത്ഥനകൾ, കൺവൻഷനുകൾ, ആരാധന കൾ മുതലായവ സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ വെള്ളിയാഴ്ച പ്രാർത്ഥനകൾ, കൺവൻഷ നുകൾ, ആരാധനകൾ മുതലായവയിലെ പ്രാർത്ഥനാ ശൈലികൾ

പലപ്പോഴും പരിശുദ്ധ സഭയുടെ പാരമ്പര്യ ശൈലികളിൽ നിന്നും വ്യതിചലിച്ചു പോകുന്നു എന്നും, ഓരോരുത്തരുടെയും സൗകര്യത്തി നനുസരിച്ച് പ്രാർത്ഥനകളും മറ്റും കൂട്ടിച്ചേർക്കുന്നതായും അംഗ ങ്ങൾ ചൂണ്ടിക്കാട്ടി. ഇത്തരം പ്രവണതകളെക്കുറിച്ച് വിശദമായ അന്വേഷണവും പഠനവും ആവശ്യമാണ് എന്ന് സുന്നഹദോസ് വില യിരുത്തി. ടി വിഷയുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിന് അഭിവന്ദ്യ ഡോ. യൂഹാ നോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ സുന്നഹ ദോസ് ചുമതലപ്പെടുത്തി. അപ്രകാരം ക്രോഡീകരിക്കുന്നതായ മാർഗ്ഗനിർദ്ദേശങ്ങൾ, അഭിവന്ദ്യ തിരുമേനി എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുത്ത്, എല്ലാവരുടെയും അഭിപ്രായങ്ങൾ സ്വീകരിച്ച് റിപ്പോർട്ട് സുന്നഹദോസിൽ സമർപ്പിക്കുന്നതിനും തീരുമാനമായി. **(2016 ഫെബ്രുവരി)**

9.12. സൗദി അറേബ്യയിലെ കോൺഗ്രിഗേഷനുകളിൽ വൈദിക രുടെ അസാന്നിദ്ധ്യത്തിൽ നടത്തേണ്ടതായ ആരാധനാ ഘടന യുടെ ഡ്രാഫ്റ്റ്.

സൗദി അറേബ്യയിലെ കോൺഗ്രിഗേഷനുകളിൽ വൈദികരുടെ അസാന്നിദ്ധ്യത്തിൽ നടത്തേണ്ടതായ ആരാധനാ ഘടനയുടെ ഡ്രാഫ്റ്റ്, അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോ ലീത്താ സുന്നഹദോസിൽ അവതരിപ്പിച്ചു. അംഗങ്ങൾ നിർദ്ദേശി ച്ചതായ തിരുത്തലുകൾ കൂടി ഉൾപ്പെടുത്തി, സൗദി അറേബ്യയിലെ കോൺഗ്രിഗേഷനുകളിൽ മാത്രമായി ഉപയോഗിക്കത്തക്കവണ്ണം പ്രസ്തുത ഡ്രാഫ്റ്റിന് സുന്നഹദോസ് അംഗീകാരം നൽകി. **(2016 ഫെബ്രുവരി)**

9.13) വിവാഹ കൂദാശകളും, മറ്റ് ചടങ്ങുകളും സംബന്ധിച്ച്.

1. വിവാഹ കൂദാശയിലെ മോതിരം വാഴ്വിന്റെ ശുശ്രൂഷ വിവാഹ നിശ്ചയ സമയത്തും, കിരീടം വാഴ്വിന്റെ ശുശ്രൂഷ വിവാഹ ദിവ സവും നടത്തുന്നത് ശരിയാണോ എന്ന വിഷയവും സുന്നഹദോസ് ചർച്ച ചെയ്തു. മോതിരം വാഴ്വിന്റെ ശുശ്രൂഷ വിവാഹ നിശ്ചയ ത്തിന്റെ ശുശ്രൂഷ ആണെങ്കിലും രണ്ട് ശുശ്രൂഷകളും വിവാഹ ദിവസം തന്നെ നടത്തിയാൽ മതിയെന്നും, വിവാഹ നിശ്ചയ ദിവസം വധൂവരന്മാർക്ക് മോതിരം കൈമാറുന്ന രീതി നിരോധിക്കേണ്ടതാ

ണെന്നും, വിവാഹ നിശ്ചയ ദിവസവും വിവാഹ ദിവസവും നടത്തുന്ന ആഘോഷങ്ങളുടെ ആർഭാടം കുറയ്ക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1998 ഫെബ്രുവരി)**

2. വിവാഹ കൂദാശകളും, ദേവാലയവുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന മറ്റ് ചടങ്ങുകളും, അവയോടനുബന്ധിച്ചുള്ള ഇതര ക്രമീകരണങ്ങളും സഭാ പാരമ്പര്യങ്ങൾക്കനുസരിച്ചും ലളിതമായ രീതിയിലും നടത്തേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2019 ഫെബ്രുവരി)**

****

10. ആരാധനാക്രമങ്ങൾ, തർജ്ജമകൾ, പ്രസിദ്ധീകരണം, ഇതര പ്രസിദ്ധീകരണങ്ങൾ

10.1) പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റ്.

സഭാ പുസ്തകങ്ങൾ മുദ്രണം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നതിന് സഭയ്ക്ക് ഒരു പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റ് ഉണ്ടാകണമെന്നും സഭയുടെ ആരാധനാക്രമങ്ങൾ, ശുശ്രൂഷാക്രമങ്ങൾ, വിശ്വാസം, പട്ടത്വം, ഉപദേശം, ഭരണഘടന, ശിക്ഷണം (Discipline), പാരമ്പര്യങ്ങൾ (Traditions), നടപ്പുകൾ (Practices), മാമൂലുകൾ (Customs), നിയമങ്ങൾ, കാനോനുകൾ, ചരിത്രങ്ങൾ മുതലായവ സംബന്ധിച്ച ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ പ്രസ്തുത ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിലും പ. സുന്നഹദോസിന്റെ നിയന്ത്രണത്തിലും പ്രസിദ്ധപ്പെടുത്തണമെന്നും അങ്ങനെയല്ലാതെ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ ഔദ്യോഗിക പുസ്തകങ്ങൾ ആയിരിക്കുകയില്ലെന്നും സുന്നഹദോസ് തീരുമാനിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ പ്രസിഡന്റായുള്ള ഒരു പ്രസിദ്ധീകരണ കമ്മറ്റിയെ, പ്രസ്തുത പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റ് കൈകാര്യം ചെയ്യുന്നതിനും സുന്നഹദോസ് നിശ്ചയിച്ചു. **(1979 ഫെബ്രുവരി)**

10.2) പുസ്തക പ്രസിദ്ധീകരണം.

1979 ഫെബ്രുവരി സുന്നഹദോസ് നിശ്ചയിച്ച പ്രകാരമുള്ള പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റ് പുസ്തക പ്രസിദ്ധീകരണം തുടങ്ങുന്നതുവരെ സഭയിൽ പൊതുവായി ഉപയോഗിക്കുവാനുള്ള ആരാധനാ പുസ്തകങ്ങൾ, സുറിയാനി ക്രമങ്ങളുടെ തർജ്ജമകൾ മുതലായ സഭാസംബന്ധമായ പുസ്തകങ്ങൾ പ്രസിദ്ധീകരണം ചെയ്യുന്നതിന് ആഗ്രഹിക്കുന്നവർ അവ പ്രസിദ്ധീകരണം ചെയ്യുന്നതിനുള്ള അനുമതിക്കായി പരിശുദ്ധ കാതോലിക്കാ ബാവായോട് അപേക്ഷിക്കേണ്ടതും, പ. സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള പ്രസിദ്ധീകരണ കമ്മറ്റി ആ വക പുസ്തകങ്ങൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് പ. കാതോലിക്കാബാവാ നൽകുന്ന അനുമതിയോടുകൂടി മാത്രം പ്രസിദ്ധീകരിക്കേണ്ടതും, പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരണം തുടങ്ങുമ്പോൾ പ്രസ്തുത പുസ്തകങ്ങളുടെ പകർപ്പവകാശം (Copy Right) പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റിന് ഇരിക്കുന്നതുമാകുന്നു. **(1980 ഫെബ്രുവരി)**

10.3) ഹിന്ദി കുർബ്ബാന തക്സാ.

കോട്ടയം ബസ്സേലിയോസ് കോളേജ് ഹിന്ദി അദ്ധ്യാപകൻ പ്രൊഫ. കെ. എം. കുറിയാക്കോസ് പരിഭാഷപ്പെടുത്തി വിദഗ്ദ്ധ സഹായത്തോടുകൂടി ഗാനങ്ങൾ രാഗത്തിലാക്കി (Tune ചെയ്ത്) തയ്യാറാക്കിയിട്ടുള്ള ഹിന്ദി കുർബ്ബാന തക്സാ, ഹിന്ദി ഭാഷാ പണ്ഡിതന്മാരെക്കൊണ്ട് പരിശോധിപ്പിച്ച് മുദ്രണം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. പ്രസ്തുത പുസ്തകത്തിന്റെ പകർപ്പവകാശം (Copy Right) സഭയ്ക്കായിരിക്കുന്നതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1980 ഫെബ്രുവരി)**

10.4) വി. കുർബ്ബാന തക്സായുടെ തമിഴ് പരിഭാഷ.

1. വി. കുർബ്ബാന തക്സായുടെ തമിഴ് പരിഭാഷ ഉണ്ടാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന മദ്രാസ് ഭദ്രാസനത്തിന്റെ അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, ഭാഷാ വിദഗ്ദ്ധരുടെ സഹായത്തോടുകൂടി പ്രസ്തുത തർജ്ജമ ഉണ്ടാക്കി പ. സുന്നഹദോസിൽ സമർപ്പിച്ചു. വളരെ ഭംഗിയായും ആരാധനയ്ക്ക് അനുയോജ്യമായ ഭാഷയിലും പ്രസ്തുത കൃത്യം നിർവ്വഹിച്ച സി. എസ്. ഐ. സഭയിൽപ്പെട്ട റവ. തങ്കരാജിനെ (തൃശ്ശിനാപ്പള്ളി) പ. സുന്നഹദോസിന് വേണ്ടി അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അനുമോദിച്ചു സംസാരിച്ചു. വി. കുർബ്ബാന തക്സായോടൊപ്പം മറ്റ് ആവശ്യമായ ആരാധനാക്രമങ്ങളും തർജ്ജമ ചെയ്യുന്നതിന് റവ. തങ്കരാജിനെ ചുമതലപ്പെടുത്തണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1981 ഫെബ്രുവരി)**

2. തമിഴ് പരിഭാഷ പൂർത്തിയായിട്ടുള്ള മാർ യാക്കോബിന്റെയും മാർ ദീവന്നാസ്യോസിന്റെയും വിശുദ്ധ കുർബ്ബാന തക്സാകളുടെ ആയിരം പ്രതികൾ വീതം അച്ചടിപ്പിക്കുന്നതിനും, കൂദാശാക്രമം തമിഴിൽ പരിഭാഷപ്പെടുത്തുന്നതിനും തമിഴ് പരിഭാഷയുടെ ചുതല വഹിക്കുന്ന അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. **(1982 ഫെബ്രുവരി)**

3. അച്ചടിച്ച തമിഴ് കുർബ്ബാന തക്സാ, മദ്രാസ് ഭദ്രാസനത്തിന്റെ അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിൽ സമർപ്പിച്ചു. പ്രസ്തുത തമിഴ് തക്സാ

പ. സുന്നഹദോസ് അംഗീകരിക്കുകയും, ആയത് പ. സഭയിൽ ഉപ യോഗിക്കുന്നതിന് അനുവദിക്കുകയും ചെയ്തു. തമിഴ് തക്സാ പത്ത് രൂപാ വിലയ്ക്ക് വിൽക്കണമെന്നും, സഭയിൽ ഉപയോഗിക്കു ന്ന നമസ്കാര പുസ്തകം ഉടൻതന്നെ തമിഴിൽ തർജ്ജമ ചെയ്ത് അച്ചടിപ്പിക്കണമെന്നും നിശ്ചയിച്ചു. **(1982 ജൂലൈ)**

10.5) കുടുംബാരാധനാ പുസ്തകത്തിന്റെ വിൽപന.

പ. സുന്നഹദോസിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കുടുംബാരാധനാ പുസ്തകത്തിന്റെ വിൽപന കാതോലിക്കേറ്റ് ഓഫീസ് മാനേജർ റ്റി. ജി. സഖറിയാ കത്തനാർ നടത്തുകയും, പണം പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി പ. കാതോലിക്കാ ബാവായുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചു. **(1982 ജൂലൈ)**

10.6) ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വി. കുർബ്ബാന തക്സാ.

അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീ ത്തായുടെ ചുമതലയിൽ തയ്യാറാക്കി അച്ചടിപ്പിച്ച, ഇംഗ്ലീഷിലും ഹിന്ദി യിലുമുള്ള വി. കുർബ്ബാന തക്സാ തർജ്ജമകൾ പ. സുന്നഹദോസ് പരിശോധിക്കുകയും അവ ഉപയോഗിച്ച് വി. കുർബ്ബാന ചൊല്ലുന്ന തിന് അനുവദിക്കുകയും ചെയ്തു. **(1983 ഫെബ്രുവരി)**

10.7) വലിയനോമ്പിലെ കുടുംബ നമസ്കാരം.

അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായും അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായും ചേർന്ന്, നിലവിലുള്ളതായ നോമ്പിലെ നമസ്കാരങ്ങൾ സംഗ്ര ഹിച്ചും പാമ്പാക്കുട നമസ്കാര പുസ്തകത്തിലെ ആവശ്യമായ ഭാഗ ങ്ങൾ ചേർത്തും തയ്യാറാക്കിയ, നോമ്പിലെ നമസ്കാര പുസ്തകം പ. സുന്നഹദോസ് പരിശോധിക്കുകയും സഭയുടെ പ്രസിദ്ധീകരണ ഡിപ്പാർട്ട്മെന്റ് ഭാഷാശുദ്ധീകരണം വരുത്തി തത്കാലം അതിന്റെ ആയിരം കോപ്പി അച്ചടിപ്പിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു. **(1983 ഫെബ്രുവരി)**

10.8) കുടുംബാരാധനാ ക്രമത്തിന്റെ തമിഴ് തർജ്ജമ.

1983 ഫെബ്രുവരി സുന്നഹദോസ് നിശ്ചയമനുസരിച്ച് അഭിവന്ദ്യ സഖ റിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ

'കുടുംബാരാധനമുറൈ' എന്നപേരിൽ അച്ചടിപ്പിച്ചിട്ടുള്ള മലയാളത്തിലുള്ള കുടുംബാരാധനാ ക്രമത്തിന്റെ തമിഴ് തർജ്ജമ കുടുംബങ്ങളിൽ ഉപയോഗിക്കുന്നതിന് പ. സുന്നഹദോസ് അനുവദിച്ചു. അതിന്റെ വിൽപന സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കണമെന്നും നിശ്ചയിച്ചു. **(1983 ജൂലൈ)**

10.9) ഇസഡ്. എം. പാറേട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ

ഇസഡ്. എം. പാറേട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളിൽ വിൽപനയ്ക്കായി എം. ജി. ഒ. സി. എസ്. എം. സ്റ്റുഡന്റ്സ് സെന്ററിനെ ഏൽപിച്ചിട്ടുള്ള പുസ്തകങ്ങളുടെ വിശദവിവരങ്ങളും, അവ സംബന്ധിച്ചുള്ള കണക്കുകളും, അവ വിറ്റ വകയിൽ നാളിതുവരെ ലഭിച്ചിട്ടുള്ളതും മേലിൽ ലഭിക്കുന്നതുമായ പണവും സഭയുടെ പബ്ലിക്കേഷൻസ് ഡിപ്പാർട്ട്മെന്റിൽ ചേർക്കത്തക്കവണ്ണം പബ്ലിക്കേഷൻസ് ഡിപ്പാർട്ട്മെന്റിനെ ഏൽപിക്കുന്നതിന് സ്റ്റുഡന്റ്സ് മൂവ്മെന്റ് പ്രസിഡണ്ടായിരിക്കുന്ന അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ വേണ്ടത് ചെയ്യണമെന്ന് തീരുമാനിച്ചു. പ്രസ്തുത പുസ്തകങ്ങളുടെ പകർപ്പവകാശം സഭവകയായുള്ള പബ്ലിക്കേഷൻസ് ഡിപ്പാർട്ട്മെന്റിന് ആയിരിക്കുന്നതാണെന്നും നിശ്ചയിച്ചു. **(1983 ഫെബ്രുവരി)**

10.10) സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലേക്ക് തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥനാക്രമം. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലേക്ക് തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥനാക്രമം അവശ്യം വേണ്ടതായ തിരുത്തലുകൾ വരുത്തി പ. ബാവാ തിരുമേനിയെ കാണിച്ച് അനുമതി വാങ്ങിയതിനുശേഷം അത് എത്രയും വേഗം അച്ചടിപ്പിക്കേണ്ടതാണെന്ന് നിശ്ചയിച്ചു. **(1988 ജൂലൈ)**

10.11) വി. കുർബ്ബാന തക്സായുടെ അച്ചടി

1. കുർബ്ബാന തക്സാ മലയാളത്തിൽ അച്ചടിക്കണമെന്നും അതിൽ താഴെ പറയുന്ന ഏഴു ക്രമങ്ങൾ വേണമെന്നും, ഇൻസ്റ്റിറ്റ്യൂഷൻ (സ്ഥാപന വചനം) മുതലായ പ്രധാന ഭാഗങ്ങൾ മാത്രം സുറിയാനിയിൽ കൂടി ഉണ്ടായിരിക്കണമെന്നും യോഗം തീരുമാനിച്ചു. പ്രാർത്ഥനകളിൽ വി. മാർത്തോമ്മാശ്ലീഹായുടേയും പ. പരുമല മാർ ഗ്രീഗോറിയോസിന്റേയും പേരുകൾ കൂടി യുക്തമായ ഭാഗങ്ങളിൽ

ചേർക്കണമെന്നും, ആയതിന്റെ ഡ്രാഫ്റ്റ് അടുത്ത സുന്നഹദോസ് യോഗത്തിൽ അവതരിപ്പിച്ച് അനുവാദം വാങ്ങി അച്ചടിപ്പിക്കണ മെന്നും, അതിന്റെ ചുമതല പബ്ലിക്കേഷൻ കമ്മറ്റിക്കായിരിക്കുമെന്നും യോഗം തീരുമാനിച്ചു. *ക്രമങ്ങൾ: 1. യാക്കോബ് 2. ദീവന്നാസ്യോസ് 3. ഈവാനിയോസ് 4. മത്തായി റോയോ 5. ക്സൊസ്തോസ്. 6. പന്ത്രണ്ട് ശ്ലീഹന്മാർ 7. മാർത്തോമ്മാ ശ്ലീഹാ.* **(1988 ജൂലൈ)**

2. ആരാധനാ പുസ്തകങ്ങളുടെ അച്ചടിയിൽ ആധികാരികമായി അറിയിക്കുമ്പോൾ മാത്രമേ മാറ്റം വരുത്താവു എന്ന് ബന്ധപ്പെട്ടവരെ അറിയിക്കണമെന്ന് തീരുമാനിച്ചു. **(1991 ഫെബ്രുവരി)**

3. സഭയ്ക്ക് ഒരു ലിറ്റർജിക്കൽ കമ്മീഷൻ ഉണ്ടാകണം എന്ന് സുന്ന ഹദോസ് നിശ്ചയിച്ചു. **(1992 ജൂലൈ)**

10:12) പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോ ലീത്തായുടെ ഓർമ്മപ്പെരുന്നാളിലെ ക്രമം.

പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിൽ ഉപയോഗിക്കത്തക്ക വണ്ണം അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോ ലീത്താ തയ്യാറാക്കിയതും, സുന്നഹദോസ് അംഗങ്ങൾക്ക് വിതരണം ചെയ്തതുമായ പെങ്കീസാ നമസ്കാരക്രമം പരിശുദ്ധ ബാവാ തിരു മേനിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കാവുന്ന താണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. (2003 ജൂലൈ)

10.13) ഇംഗ്ലീഷ് വായനപ്പടി ഏവൻഗേലിയോൻ.

അമേരിക്കൻ മെത്രാസനത്തിന്റെ ചുമതലയിൽ ഇംഗ്ലീഷിൽ വായനപ്പടി ഏവൻഗേലിയോൻ (Lectionary) പ്രസിദ്ധികരി ക്കുന്നതിന് അമേരിക്കൻ മെത്രാസനത്തെ അനുവദിക്കണമെന്നുള്ള അഭിവന്ദ്യ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്താ യുടെ അപേക്ഷ സുന്നഹദോസ് പരിഗണിച്ചു. **New Revised Standard Version** - നെ ആധാരമാക്കി തയ്യാറാക്കിയ ഇംഗ്ലീഷ് വായനപ്പടി ഏവൻഗേലിയോൻ പ്രസിദ്ധീകരിക്കുന്നതിന് അമേരി ക്കൻ ഭദ്രാസനത്തിന് സുന്നഹദോസ് അനുമതി നൽകി. **(2005 ജൂൺ)**

മലയാളികൾ അല്ലാത്തവരെ മിഷനറിമാരായി പരിശീലിപ്പി ക്കുന്ന തിനുള്ള ചുമതല ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താമാർ

ഏറ്റെടുത്ത് നടത്തണമെന്നും, അവർക്ക് വേണ്ടിയുള്ള ആരാധനാ ക്രമങ്ങൾ രൂപീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സത്വരമായി ചെയ്യണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2006 നവംബർ)**

10.14) ആരാധനാ പരിഷ്കരണം.

വി. കുർബ്ബാന ക്രമത്തിൽ, സ്ലീബായുടെ പ്രഭാത നമസ്കാരത്തിലെ ആദ്യത്തെ എനിയോനോയിൽ, 'പരുമല മാർ ഗ്രീഗോറിയോസ് - ദീവന്നാസിയോസ് ഇവരൊപ്പം നാഥാ! ദേവാ! നൽകുക യോഗ്യത - നിൻ സ്തുതി പാടാൻ' എന്നുള്ള വരികൾക്കൂടി ഉൾപ്പെടുത്തുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(2006 നവംബർ)**

10.15) ഇതര സഭകളിൽ നിന്നും നമ്മുടെ സഭയിലേക്ക് വരുന്നവരെ സഭാംഗങ്ങളാക്കിത്തീർക്കുന്നതിന് തയ്യാറാക്കിയ ശുശ്രൂഷാക്രമം.

ഇതര സഭകളിൽ നിന്നും നമ്മുടെ സഭയിലേക്ക് വരുന്നവരെ സഭാംഗങ്ങളാക്കിത്തീർക്കുന്നതിന് തയ്യാറാക്കിയ ശുശ്രൂഷാക്രമത്തിന് സുന്നഹദോസ് അംഗീകാരം നൽകി. വി. മാമോദീസാ ക്രമത്തിന്റെ അനുബന്ധമായി ചേർത്തും, പ്രത്യേക ശുശ്രൂഷാ ക്രമമായും എം. ഒ. സി പ്രസിദ്ധീകരണ വകുപ്പിന്റെ ചുമതലയിൽ ടി ശുശ്രൂഷാക്രമം പ്രസിദ്ധീകരിക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2009 ഫെബ്രുവരി)**

10.16) വി. മാമോദീസാ ക്രമത്തിന്റെ ഇംഗ്ലീഷ് പരിഭാഷ.

വി. മാമോദീസാക്രമത്തിന്റെ ഇംഗ്ലീഷ് പരിഭാഷയ്ക്ക് സുന്നഹദോസ് അംഗീകാരം നൽകി. ടി ശുശ്രൂഷാക്രമം എം. ഒ. സി. പ്രസിദ്ധീകരണ വകുപ്പിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2009 ആഗസ്റ്റ്)**

10.17) വേദവായനാ കുറിപ്പിന്റെ പരിഷ്ക്കരണം.

പരിഷ്ക്കരിച്ച വേദവായനാ കുറിപ്പിന്റെ പൂർണ്ണരൂപം സുന്നഹദോസിൽ സമർപ്പിച്ചു. വി. ദൈവമാതാവിന്റെ ഓർമ്മ ദിവസങ്ങളിൽ വായിക്കത്തക്കവണ്ണം ഏതാനും സുവിശേഷഭാഗങ്ങൾക്കൂടി ഉൾപ്പെടുത്തി ടി വേദവായനാ കുറിപ്പ്, എം. ഒ. സി. പ്രസിദ്ധീകരണ വകുപ്പിന്റെ ചുമതലയിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വെവ്വേറെ ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2009 ആഗസ്റ്റ്)**

10.18) രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയുടെ ഇംഗ്ലീഷ് പരിഭാഷ.

രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയുടെ ഇംഗ്ലീഷ് പരിഭാഷ സഭാ പ്രസിദ്ധീകരണ വകുപ്പിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(2012 ഫെബ്രുവരി)**

10.19) ആരാധനാ ഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ സംബന്ധിച്ച്.

കാതോലിക്കേറ്റ് ശതാബ്ദിയുടെ ഭാഗമായി 2012-ൽ നമ്മുടെ എല്ലാ ആരാധനാ ഗ്രന്ഥങ്ങളുടെയും ഇംഗ്ലീഷ് പരിഭാഷ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2010 ഫെബ്രുവരി)**

10.20) നാഗ്പൂർ സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ആരാധനാ ഗ്രന്ഥങ്ങൾ സംബന്ധിച്ച്.

ആരാധനാ സംബന്ധമായി നാഗ്പൂർ സെമിനാരിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന എല്ലാ ഗ്രന്ഥങ്ങളും എം. ഒ. സി. പബ്ലിക്കേഷൻസിന്റെ ചുമതലയിൽ മാത്രമേ പ്രസിദ്ധീകരിക്കാവൂ എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2017 ഓഗസ്റ്റ്)**

10.21) സൗത്ത് വെസ്റ്റ് അമേരിക്ക മെത്രാസനത്തിന്റെ ചുമതലയിൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ശുശ്രൂഷാക്രമങ്ങൾ സംബന്ധിച്ച്.

1. സൗത്ത് വെസ്റ്റ് അമേരിക്ക മെത്രാസനത്തിലെ 'മിനിസ്ട്രി ഓഫ് ലിറ്റർജിക്കൽ റിസോഴ്സ് ഡവലപ്പ്മെന്റി'ന്റെ ചുമതലയിൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ വി. മാമോദീസാ, വി. വിവാഹം, വി. തൈലാഭിഷേകം, ഭവന കൂദാശ എന്നിവയുടെ ശുശ്രൂഷാക്രമങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(2019 ഫെബ്രുവരി)**

2. സൗത്ത് വെസ്റ്റ് അമേരിക്ക മെത്രാസനത്തിന്റെ ചുമതലയിൽ തയ്യാറാക്കിയ വി. കുർബ്ബാനക്രമം, ശ്ഹീമാ നമസ്കാരം എന്നിവയുടെ ഇംഗ്ലീഷ് പരിഭാഷ, ഇനി മുതൽ എം. ഒ. സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന് സുന്നഹദോസിൽ തീരുമാനമായി. **(2020 ഫെബ്രുവരി)**

10.22) വിശുദ്ധ കുർബ്ബാനക്രമം ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാലം മുതൽ ജർമ്മൻ ഭാഷയിൽ ഉപയോഗത്തിലിരുന്ന വിശുദ്ധ കുർബ്ബാനക്രമം പരിശുദ്ധ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം. ഒ. സി. പബ്ലിക്കേഷൻസിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(2020 സെപ്റ്റംബർ)**

10.23) ഭവന കൂദാശ, സ്ഥാപന കൂദാശ, ഉച്ചനമസ്കാരത്തിനുള്ള ലുത്തിനിയാകൾ എന്നിവയുടെ ഹിന്ദി പരിഭാഷ.

നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ചുമതലയിൽ തയ്യാറാക്കിയ ഭവന കൂദാശ, സ്ഥാപന കൂദാശ, ഉച്ചനമസ്കാരത്തിനുള്ള ലുത്തിനിയാകൾ എന്നിവയുടെ ഹിന്ദി പരിഭാഷ നാഗ്പൂർ സെമിനാരിയുടെ ചുമതലയിൽ എം. ഒ. സി. പബ്ലിക്കേഷൻസിനുവേണ്ടി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അനുമതി നൽകി. **(2021 ഫെബ്രുവരി)**

10.24) 'സ്ഥാപന കൂദാശ'യുടെ ഇംഗ്ലീഷ് പരിഭാഷ.

നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ചുമതലയിൽ തയ്യാറാക്കിയ 'സ്ഥാപന കൂദാശ'യുടെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അനുമതി നൽകി. **(2021 ഓഗസ്റ്റ്)**

10.25) വിശുദ്ധ കുർബ്ബാനക്രമം കന്നഡ ഭാഷയിലും, കൊങ്കണി ഭാഷയിലും പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച.

ബഹ്മവാർ മെത്രാസനത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, വിശുദ്ധ കുർബ്ബാനക്രമം കന്നഡ ഭാഷയിലും, കൊങ്കണി ഭാഷയിലും ബ്രഹ്മവാർ മെത്രാസനത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(2023 ഫെബ്രുവരി)**

10.26) ബ്രഹ്മവാർ മെത്രാസനത്തിന്റെ ചുമതലയിൽ കന്നട ലിപിയിൽ തയ്യാറാക്കിയ വിശുദ്ധ കുർബ്ബാനക്രമത്തിന് അംഗീകാരം

നൽകുന്നത് സംബന്ധിച്ച്.

ബ്രഹ്മവാർ മെത്രാസനത്തിന്റെ പ്രത്യേകമായ ആവശ്യം പരിഗണിച്ച്, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അനുമതിയോടെ കന്നട ലിപിയിൽ തയ്യാറാക്കിയ വിശുദ്ധ കുർബ്ബാനക്രമത്തിന് അംഗീകാരം നൽകണമെന്നുള്ള ബ്രഹ്മവാർ ഭദ്രാസനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത കുർബ്ബാനക്രമത്തിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകുകയും, അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. **(2024 ഫെബ്രുവരി)**

10.27) മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വിഭാഗത്തിന്റെ (എം. ഒ. സി. പബ്ലിക്കേഷൻസ്) നിയമാവലിക്ക് അംഗീകാരം.

മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വിഭാഗത്തിന്റെ (എം. ഒ. സി. പബ്ലിക്കേഷൻസ്) നിയമാവലിക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അഗീകാരം നൽകി. **(2024 ജൂലൈ)**

****

11. ശുശ്രൂഷാ വേളകളിലെ അച്ചടക്കം; ഗായക സംഘം

11.1) ശുശ്രൂഷാ വേളകളിൽ ഫോട്ടോ എടുക്കുന്നതിനെപ്പറ്റി.

ഫോട്ടോകൾ എടുക്കുന്നതും അവ സൂക്ഷിക്കുന്നതും പല കാരണങ്ങളാൽ ആവശ്യമുള്ളതാകയാൽ അതിനെ പരിപൂർണ്ണമായി നിരോധിക്കാവുന്നതല്ല. എന്നാൽ കാർമ്മികന്റെയും ശുശ്രൂഷകളിൽ സംബന്ധിക്കുന്നവരുടെയും ശ്രദ്ധ പതറുകയും ശുശ്രൂഷകൾക്ക് പ്രതിബന്ധമുണ്ടാക്കുകയും ചെയ്യാതിരിക്കത്തക്കവണ്ണം ഫോട്ടോ എടുക്കുന്നവർ സൂക്ഷിക്കുകയും പട്ടക്കാർ അനുവദിക്കുന്ന പ്രത്യേക സന്ദർഭങ്ങളിൽ മാത്രം ഫോട്ടോ എടുക്കുകയും ചെയ്യേണ്ടതാകുന്നു. **(1979 ഫെബ്രുവരി)**

11.2) വി. കുർബ്ബാന, നമസ്കാരങ്ങൾ, ഗീതങ്ങൾ മുതലായവ ബ്രോഡ്കാസ്റ്റ് ചെയ്യുക, ടേപ്പ് റെക്കോർഡ് ചെയ്യുക, അവയ്ക്ക് കാസെറ്റ് ഉണ്ടാക്കുക എന്നിവ അനുവദനീയമോ എന്നത് സംബന്ധിച്ച്.

1. വി. കുർബ്ബാന ബ്രോഡ്കാസ്റ്റ് ചെയ്യുന്നത് ശരിയല്ല എന്നും, വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ധ്യാനത്തിനും ഭജനത്തിനുമായി ആയത് ടേപ്പ് റെക്കോർഡുകളിലാക്കി പ്രൈവറ്റായി ഉപയോഗിക്കുന്നതിനെ നിരോധിക്കേണ്ട ആവശ്യമില്ലെന്നും, നമസ്കാര ഗീതങ്ങളും സഭാവിശ്വാസികൾക്കനുരൂപമായ ഭക്തിഗാനങ്ങളും റെക്കോർഡുകളിലോ കാസെറ്റുകളിലോ ഉല്ലേഖനം ചെയ്ത് വിൽക്കുന്നതിനും ഉപയോഗിക്കുന്നതിനും, ഓർത്തഡോക്സ് വിശ്വാസാനുസൃതമായ സുവിശേഷ പ്രസംഗങ്ങൾ അവയ്ക്കു യോജിച്ച പ്രാർത്ഥനകളും ഗാനങ്ങളും ചേർത്ത് റേഡിയോ വഴി പ്രക്ഷേപണം ചെയ്യുന്നതിനും അനുവദിക്കാവുന്നതാണെന്നും, ഇങ്ങനെയുള്ള പരിപാടികൾക്കായി ഭാരതീയ സംഗീത രീതികളും സംഗീതോപകരണങ്ങളും താളമേളങ്ങളും ഉപയോഗിക്കുന്നത് അനുവദനീയമാണെന്നും, അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് മിഷൻ ബോർഡിനെയും മിഷൻ പരിശീലന കേന്ദ്രത്തെയും അനുവദിക്കാമെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു. **(1981 ജൂലൈ)**

2. ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുന്ന ആളിന്റെ അനുവാദമില്ലാതെ ശുശ്രൂഷകൾ സംപ്രേഷണം ചെയ്യുവാൻ പാടില്ല

എന്നുള്ള പരിശുദ്ധ ബാവാ തിരുമേനിയുടെ റൂളിംഗ് സുന്നഹദോസ് അംഗീകരിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിൽ നടത്തപ്പെടുന്നതായ പരിപാടികളും ശുശ്രൂഷകളും പരിശുദ്ധ ബാവാ തിരുമേനിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ സംപ്രേഷണം ചെയ്യുവാൻ പാടില്ല എന്നുള്ള നിർദ്ദേശവും പ. സുന്നഹദോസ് അംഗീകരിച്ചു. **(2013 ഫെബ്രുവരി)**

11.3) ഗായകസംഘങ്ങളും സംഗീതോപകരണങ്ങളും.

1. പള്ളി ആരാധനയിൽ ഗായകസംഘങ്ങൾക്കും സംഗീതോപകരണങ്ങൾക്കുമുള്ള സ്ഥാനം.

പള്ളി ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നത് ഓർത്തഡോക്സ് രീതി അല്ലെങ്കിലും നമ്മുടെ പള്ളി ഗാനാലാപനങ്ങളിൽ കാണുന്ന അനൈക്യവും താളഭംഗവും മറ്റും നീക്കി ജനങ്ങൾ ഒരുമിച്ചും ഭക്തിനിർഭരമായും പാടുന്നതിന് സഹായിക്കത്തക്കവിധം വയലിൻ, ഹാർമോണിയം മുതലായ ലളിത ഉപകരണങ്ങളല്ലാതെ ജാസ് ഉപകരണങ്ങളും താളമേളങ്ങളും മറ്റും ഉപയോഗിക്കുന്നത് നിരോധിക്കേണ്ടതാണെന്നും, ഓർത്തഡോക്സ് പാരമ്പര്യം അനുസരിച്ച് ജനങ്ങളെ ഒഴിച്ചുനിർത്തിക്കൊണ്ട് പാടുകയല്ല, ജനങ്ങളെ ഭംഗിയായി പാടുവാൻ സഹായിക്കുകയാണ് ഗായകസംഘത്തിന്റെ ചുമതലയെന്നും, അങ്ങനെ ആരാധന ഭക്തിനിർഭരമാക്കുവാൻ സഹായിക്കുന്ന ഗായകസംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും പ. സുന്നഹദോസ് നിർദ്ദേശിച്ചു. **(1981 ജൂലൈ)**

2. പള്ളികളിലെ ശുശ്രൂഷകൾക്ക് അതാത് പള്ളിയിലെ ഗായകസംഘം അല്ലാതെ പുറത്തുനിന്നുള്ള ഗായസംഘത്തെയോ, ഓർക്കസ്ട്രായെയോ പങ്കെടുപ്പിക്കുന്നതിന് ആഗ്രഹിക്കുന്നവർ, ശുശ്രൂഷ ഏത് പള്ളിയിൽവച്ച് നടത്തുന്നുവോ ആ പള്ളിക്ക് 250 രൂപാ ഫീസായി മുൻകൂർ നൽകി ഇടവക വികാരിയിൽ നിന്ന് അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. **(1986 ഫെബ്രുവരി)**

3. വി. കുർബ്ബാനയിൽ ആയാലും വിവാഹ ശുശ്രൂഷയിൽ ആയാലും ഗായകസംഘത്തിൽ വിശ്വാസികൾ മാത്രമേ പങ്കെടുക്കാവൂ. സഭാംഗങ്ങൾ അല്ലാത്തവർ ആരാധനാ ഗായസംഘത്തിലോ, വിവാഹ ശുശ്രൂഷ മുതലായവയോടനുബന്ധിച്ചുള്ള ഗായക സംഘങ്ങളിലോ

പാടുന്നത് നിരോധിക്കണം. സഭയുടെ ശുശ്രൂഷാ ഗാനങ്ങൾ ഇടവ കാംഗങ്ങൾ ഒരുമിച്ച് പാടുകയും, ഗായകസംഘം അവരോടൊരുമിച്ച് മാത്രം പാടുകയും വേണം. **(1991 ജൂലൈ)**

4. ആരാധനാശുശ്രൂഷകളിൽ വലിയ ശബ്ദമുണ്ടാക്കുന്ന സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കണം. **(1991 ജൂലൈ)**

5. വിവാഹ ശുശ്രൂഷയിലും വി. കുർബ്ബാനയിലും ആളുകൾക്ക് കൂടെ ചൊല്ലുവാൻ പ്രയാസമുള്ള രീതിയിലാണ് പുറമേ നിന്ന് വിളിക്കുന്ന ഗായകസംഘങ്ങൾ ഗീതങ്ങൾ ആലപിക്കുന്നത്. ഒരു പുരുഷനും ഒരു സ്ത്രീയും പ്രത്യേകം നിന്ന് ശബ്ദകോലാഹലം ഉണ്ടാക്കുന്ന ഉപകരണങ്ങളുമായി പാട്ട് പാടുന്നത് അരോചകമായിത്തീരുന്നു വെന്ന് അംഗങ്ങൾ പലരും അഭിപ്രായപ്പെട്ടു. അതിനെ തരണം ചെയ്യു വാൻ സുന്നഹദോസ് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു: 'ആരാധന ഭക്തി സംവർദ്ധകമാക്കുന്ന രീതിയിൽ മാത്രമേ ഗായക സംഘങ്ങൾ വർത്തിക്കാവൂ. വിവാഹം, വി. കുർബ്ബാന തുടങ്ങിയ ആരാധനകൾക്ക് ഹാർമോണിയം, ഓർഗൻ എന്നീ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. ഇടവകകളിൽ ഗായകസംഘങ്ങൾ ഉണ്ടെങ്കിൽ അവർക്ക് അതത് ഇടവകകളിലും, ക്ഷണിക്കുന്നുവെ ങ്കിൽ മറ്റ് ഇടവകകളിലും ആരാധനയിൽ പങ്കെടുക്കാവുന്നതാണ്. സഭയുടെ പാരമ്പര്യങ്ങൾക്കനുസരണമായ ഗാനരീതികൾ മാത്രമേ ഉപയോഗിക്കാവൂ. വിവിധ ഉപകരണങ്ങളുടെ പശ്ചാത്തലത്തിലും കർണ്ണ കഠോരമായ ശബ്ദത്തിലും രണ്ടു പേർ മാത്രം ആരാധനാ ഗീതങ്ങൾ ആലപിക്കുന്നത് നിരുത്സാഹപ്പെടുത്തണം. ഇക്കാര്യ ത്തിൽ ഒരു ബോധവത്കരണം ആവശ്യമാണ്. 'ശ്രുതി'യുടെ ഡയ റക്ടർ ഫാ. എം. പി ജോർജ് ബോധവത്കരണത്തിന് പ്രത്യേകം ശ്രദ്ധിക്കണം. പ. ബാവാ തിരുമേനി ഈ വക കാര്യങ്ങൾ കാണിച്ച് ഒരു പൊതു കല്പന ബോധവത്കരണം കഴിഞ്ഞ് പുറപ്പെടുവി ക്കണം. 6 മാസം കൊണ്ട് എല്ലാ മെത്രാസനങ്ങളിലും ബോധ വത്കരണം നടത്തിയിരിക്കണം.' 'ശ്രുതി'യുടെ ചുമതലയ്ക്ക് ഒരു മെത്രാപ്പോലീത്തായെ നിയമിച്ചു കൊടുക്കണമെന്ന ആവശ്യം സുന്നഹദോസ് അംഗീകരിച്ചു. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാ നിയോസ് മെത്രാപ്പോലീത്തായെ അതിന്റെ ചുമലയ്ക്കും നിയന്ത്ര ണത്തിനുമായി നിയമിക്കുകയും ചെയ്തു. **(1993 ജൂലൈ)**

11.4) വീഡിയോ ക്യാമറ ഉപയോഗം.

പള്ളി ശുശ്രൂഷകളുടെ സമയത്ത് വീഡിയോ ക്യാമറ ഉപയോഗിച്ച് ശുശ്രൂഷകൾ ടേപ്പ് ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ ശുശ്രൂഷകൾ ഏത് പള്ളിയിൽവച്ച് നടത്തപ്പെടുന്നുവോ ആ പള്ളിക്ക് ഒരു സെറ്റിന് 500/- രൂപാ വീതം ഫീസായി മുൻകൂർ നൽകി ഇടവക വികാരിയിൽ നിന്ന് അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. **(1986 ഫെബ്രുവരി)**

നമ്മുടെ ആരാധന ജനങ്ങളെല്ലാം പങ്കുകൊണ്ട് എല്ലാവർക്കും ചൊല്ലത്തക്കവണ്ണം ആയിരിക്കേണ്ടതാണ്. കയർ ഉണ്ടെങ്കിൽ ജനങ്ങൾക്ക് അറിയാവുന്നതും ജനങ്ങൾക്ക് പാടുന്നതിന് സഹായകം ആകത്തക്കവണ്ണവും ആയിരിക്കണം അവർ പാടേണ്ടത്. ഒരു ശ്രുതി കൊടുക്കത്തക്കവണ്ണം ഹാർമോണിയം, ഓർഗൻ ഇവ മാത്രം ഉപയോഗിക്കേണ്ടതാണ്. തബല മുതലായ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പുതിയ പാട്ടുകൾ അംഗീകാരമുള്ളത് മാത്രമേ പാടുവാൻ പാടുള്ളൂ. ആരാധനയിൽ സിനിമാ ട്യൂണുകൾ ഉപയോഗിക്കുന്നത് ഹൃദ്യമല്ല. കയർ ഒരിക്കലും ആളുകൾ പാടുന്നതിന് മുകളിലായി ആളുകൾക്ക് ചൊല്ലുവാൻ പ്രയാസമുള്ളതാക്കിത്തീർക്കരുത്. കല്യാണത്തിന്റെ രാഗം ഏഴാം നിറത്തിലുള്ളതാണ്. മശിഹാ മണവാളൻ ആയും, സഭ മണവാട്ടി ആയും സ്നേഹം വളരെ ധ്വനിക്കത്തക്ക ഗീതങ്ങളാണ് അതിൽ ഉള്ളത്. അതിന് ഏറ്റവും അനുയോജ്യമായ ഏഴാം നിറത്തിൽ തന്നെ വേണം അത് ചൊല്ലേണ്ടത്. പാശ്ചാത്യ രീതികൾ നമ്മുടെ ആരാധനയുടെ അന്തരീക്ഷത്തിന് യോജിച്ചതല്ല. കയറിൽ നമ്മുടെ സഭാവിശ്വാസികളെ മാത്രമേ പങ്കെടുപ്പിക്കാവൂ. വികാരിയുടെ അനുവാദത്തോടു കൂടി മാത്രമേ കയർ ഗ്രൂപ്പ് ആരാധനയിൽ പങ്കെടുക്കാവൂ. ഈ ആശയങ്ങൾ എല്ലാം ഉൾക്കൊള്ളിച്ച് ഒരു കൽപന എത്രയും വേഗം പള്ളികൾക്ക് അയയ്ക്കണമെന്നും നിശ്ചയിച്ചു. **(1994 ജൂലൈ)**

11.5) സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക്.

1. സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ചുമതലയിൽ റെക്കോർഡ് ചെയ്ത പാട്ടുകൾ എം. പി. ജോർജ്ജ് അച്ചൻ സുന്നഹദോസ് അംഗങ്ങളെ കേൾപ്പിച്ചു. Congregation മുഴുവനും കൂടി പാടത്തക്കവണ്ണം ആയിരിക്കണം ട്യൂണുകൾ എന്ന് സുന്നഹദോസ് അഭിപ്രായപ്പെട്ടു. ഈദൃശ്യപ്രവർത്തനങ്ങളിൽ സുന്നഹദോസ്

അഭിനന്ദനങ്ങൾ രേഖപ്പെടുത്തുകയും എം. പി ജോർജ്ജ് അച്ചനെയും, സെമിനാരി വൈസ് പ്രിൻസിപ്പാൾ റ്റി. ജെ. ജോഷ്വാ അച്ചനെയും മറ്റും അഭിനന്ദിക്കുകയും ചെയ്തു. **(1992 ഒക്ടോബർ)**

2. ആരാധനയിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാക്കുന്നതിനും ഗാനങ്ങളും പ്രാർത്ഥനകളും ആകർഷകമാക്കുന്നതിനും വൈദീക സെമിനാരിയിലെ 'ശ്രുതി'യുമായി ആലോചിച്ച് കൂടുതൽ ക്രമീകരണം വരുത്തുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(1995 ജൂലൈ)**

11.6) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാ ശൈലികളുടെ ഏകീകരണം സംബന്ധിച്ചുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ.

പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദ്ധ്യാത്മികതയുടെയും വേദശാസ്ത്രത്തിന്റെയും പ്രധാന ബിന്ദു ദൈവാരാധനയാണ്. നമ്മുടെ ഓരോ ദേവാലയത്തിലും വിശ്വാസികൾ ഒരുമിച്ചുകൂടി, വൈദികരോട് ചേർന്ന് ഒരുക്കത്തോടും ഭക്തിയോടും കൂടി ദൈവാരാധന സമർപ്പിക്കുമ്പോൾ, അത് സഭയുടെ പൊതു ആദ്ധ്യാത്മിക വളർച്ചയെയും വിശ്വാസികളുടെ കുടുംബപരവും വ്യക്തിഗതവുമായ ആത്മീയ വളർച്ചയെയും വളരെ ആഴമായി സ്വാധീനിക്കുമെന്നത് തർക്കമറ്റ സംഗതിയാണ്. ആരാധനയുടെ കേന്ദ്ര ബിന്ദുവായ വി. കുർബ്ബാനയിൽ വിശ്വാസികൾ മുഴുവൻ ഒരുമയോടും ഒരുക്കത്തോടും ഭക്തിയോടുംകൂടി പങ്കെടുക്കുമ്പോഴാണ് ആരാധന ആദ്ധ്യാത്മികാനുഭവവും ആനന്ദവുമായി മാറുന്നത്. എന്നാൽ സമീപ കാലത്തായി ദൈവാരാധനയെന്നത് ചില ദേവാലയങ്ങളിലെങ്കിലും വൈദീകരുടെയും ശുശ്രൂഷകരുടെയും ഗായകസംഘങ്ങളുടെയും മാത്രം അനുഷ്ഠാനമായി മാറുന്നുണ്ടോ എന്ന ആശങ്ക ചിലയിടങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. വിശ്വാസികൾ മുഴുവൻ സജീവമായി പങ്കെടുക്കുവാൻ തക്കവണ്ണം നമ്മുടെ പൂർവ്വീകർ ക്രമീകരിച്ചുതന്നിരിക്കുന്ന ആരാധനകളിലും ശുശ്രൂഷകളിലും പള്ളിയിൽ വരുന്നവരിൽ ഒരു ചെറിയ വിഭാഗം മാത്രം പങ്കെടുക്കുകയും ബാക്കിയുള്ളവർ വെറുതെ കാഴ്ചക്കാരായി നിന്നിട്ട് പോവുകയും ചെയ്യുന്നത് അത്യന്തം വേദനാജനകമാണ്. തിരുത്തലുകൾ ആവശ്യമായിരിക്കുന്നു എന്നത് പൊതുവിന്റെ ചിന്തയാണ്. ചില നിർദ്ദേശങ്ങൾ ഇവിടെ സമർപ്പിക്കുന്നു:

1. ആരാധനകളുടെ നടത്തിപ്പ്: ആരാധനയിൽ പ്രധാന കാർമ്മികൻ ഒഴികെ മറ്റാരുംതന്നെ മൈക്കുകൾ സ്വന്തമെന്ന രീതിയിൽ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. ഒരു ശുശ്രൂഷക്കാരൻ മാത്രം നടത്തുന്ന ഇടവായനകളുടെ സമയമൊഴികെ മറ്റൊരു സമയത്തും ഒറ്റയാൾ ശബ്ദം ആരാധനാ സമയങ്ങളിൽ ഉണ്ടാകുവാൻ പാടുള്ളതല്ല. പൊതു പ്രാർത്ഥനകളും വായനകളും ഗാനങ്ങളും ആരാധനാക്രമത്തിലെ നിർത്തുകൾ നോക്കി കൂട്ടമായിത്തന്നെ ചൊല്ലിയിരിക്കേണ്ടതാണ്. **(2017 ഫെബ്രുവരി)**

2. ഗായകസംഘം അച്ചടക്കം: ഗായകസംഘങ്ങൾ ദേവാലയത്തിൽ വരുന്ന എല്ലാ വിശ്വാസികളെയും ആരാധനയിൽ സജീവമായി സംബന്ധിപ്പിക്കുവാനുള്ള നേതൃത്വം നൽകേണ്ടവരാണ്. എന്നാൽ പല ദേവാലയങ്ങളിലും ആരാധനയെന്നത്, ഗായകസംഘത്തിന്റെ മാത്രം പരിപാടിയായി മാറുകയും ജനം മിണ്ടാതിരിക്കുകയും ചെയ്തുവരുന്ന രീതിയാണ് കണ്ടുവരുന്നത്. ആകയാൽ, ഗായകസംഘം ആരാധനാക്രമത്തിലുള്ള ഗാനങ്ങൾ മാത്രം, സംബന്ധിക്കുന്ന എല്ലാവർക്കും പാടാവുന്ന തരത്തിലുള്ള പരമ്പരാഗത ഈണങ്ങൾ ഉപയോഗിച്ച് ആലപിക്കേണ്ടതാണ്. നമ്മുടെ ആരാധനാഗീതങ്ങൾ കോറസ് (കൂട്ടമായി പാടുന്നത്) രീതിയിൽ ആലപിക്കേണ്ടവ ആകയാൽ ഏകാംഗ ആലാപനവും, ഒരാളുടെ ശബ്ദം മാത്രം ഉയർന്ന് കേൾക്കുന്നതും നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. സംഗീത ഉപകരണങ്ങൾ നമ്മുടെ ആരാധനയിൽ നിർബ്ബന്ധമില്ലാത്തതാകുന്നു. അഥവാ ആവശ്യമെങ്കിൽ വളരെ ലളിതമായ ഒരുപകരണമൊഴികെ ഗാനമേളകൾക്ക് ഉപയോഗിക്കുന്ന രീതിയിലുള്ള ഉപകരണങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. സംഗീതോപകരണങ്ങളുടെ ശബ്ദം ഒരു കാരണവശാലും വിശ്വാസികളുടെ ശബ്ദത്തെ അധികരിക്കുവാൻ പാടില്ലാത്തതാകുന്നു. കാർമ്മികനും, ഇടവായനകൾ നിർവ്വഹിക്കുന്ന ശുശ്രൂഷകരും പ്രാർത്ഥനകളും വായനകളും നടത്തുമ്പോഴും, കൂട്ടമായി പ്രാർത്ഥനകൾ നടത്തുമ്പോഴും സംഗീതോപകരണങ്ങളിലൂടെയുള്ള ഒരു അകമ്പടി ശബ്ദവും കേൾപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. കാർമ്മികന്റെ പിച്ചും ശബ്ദവും മനസ്സിലാക്കി അതനുസരിച്ച് ഗായകസംഘങ്ങളും, ഇടവായനക്കാരും വായനകളും ഗാനങ്ങളും ആലപിക്കേണ്ടതാണ്. പാശ്ചാത്യ രീതിയിലുള്ള സ്വരങ്ങളും രാഗങ്ങളും നമ്മുടെ ആരാധനയിൽ ഉപയോ

ഗിക്കുവാൻ പാടില്ലാത്തതാകുന്നു. ഗാനങ്ങളും പ്രതിവാക്യങ്ങളും ആരംഭിക്കുന്നതിനുമുമ്പുള്ള ഇൻട്രോ മ്യൂസിക്ക്, ഗാനങ്ങളുടെ ഓരോ ഗുദാകളുടെയും ഇടയിലുള്ള അനാവശ്യദൈർഘ്യം, തുടങ്ങി വിശ്വാസികളുടെ അനുസ്യൂതമായ ആരാധനാ സംബന്ധത്തിന് തടസ്സമാകുന്ന ഒന്നുംതന്നെ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു. കൈമുത്തുന്ന സമയത്ത് ആരാധന ഗീതങ്ങൾ അല്ലാതെ മറ്റൊന്നുംതന്നെ ആലപിക്കുവാൻ പാടില്ലാത്തതാകുന്നു. ഗായകസംഘാംഗങ്ങൾ നിർബന്ധമായും ശുശ്രൂഷകൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ ദൈവാലയത്തിനുള്ളിൽ അവർക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് ഉണ്ടാകേണ്ടതാണ്. **(2017 ഫെബ്രുവരി)**

3. ആരാധനസമയത്തെ ശബ്ദസംവിധാനം, വീഡിയോഗ്രഫി: ദേവാലയത്തിലെ ശബ്ദം വിശ്വാസികളുടെ കാതടപ്പിക്കുന്നതാകാതെ കർണ്ണാനന്ദകരമായ രീതിയിൽ ആകുവാൻ മൈക്കുകൾ ക്രമീകരിക്കേണ്ടതാണ്. അമിതമായ ശബ്ദത്തിന്റെ ആവശ്യമില്ലാത്തതാകുന്നു. വിവാഹം, വി. കുർബ്ബാന തുടങ്ങിയ കൂദാശകൾ പള്ളിക്കുള്ളിൽ നടക്കുമ്പോൾ പള്ളിയുടെ പടിഞ്ഞാറേ പൂമുഖം ആരാധനാസ്ഥലമായിത്തന്നെ നിലനിർത്തുവാൻ ഇടവകകളുടെ ചുമതല വഹിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആരാധനാ സമയങ്ങളിൽ പൂമുഖത്ത് അലസമായി നിൽക്കുകയും, സംസാരങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത് നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. ആരാധനാ സമയങ്ങളിൽ വികാരി അനുവദിക്കുന്ന ഫോട്ടോ - വീഡിയോ ഉപകരണങ്ങൾ അല്ലാതെ മറ്റൊന്നും ദേവാലയത്തിനുള്ളിൽ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. ഫോട്ടോ - വീഡിയോഗ്രഫി എന്നിവയ്ക്ക് നിശ്ചിത സ്ഥലം ക്രമീകരിച്ചുകൊടുക്കുകയും, ആരാധനാസമയങ്ങളിൽ അനാവശ്യമായി അങ്ങോട്ടുമിങ്ങോട്ടും ഓടുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. **(2017 ഫെബ്രുവരി)**

4. അച്ചടക്ക നിബന്ധനകൾ: വി. കുർബ്ബാന ആരംഭിച്ചുകഴിഞ്ഞാൽ കൈമുത്തുന്ന സമയംവരെ പള്ളി ഓഫീസുകൾ നിർബ്ബന്ധമായും അടച്ചിടേണ്ടതാണ്. ദേവാലയ ഭരണസമിതി അംഗങ്ങളും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും നിർബ്ബന്ധമായും ആരാധനാസമയത്ത് പള്ളിയകത്ത് ഉണ്ടായിരിക്കണം. അനുബന്ധകാര്യങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ ആരാധന തുടങ്ങുന്നതിന് മുമ്പുതന്നെ ക്രമീകരിച്ചിരിക്കുകയോ, അല്ലെങ്കിൽ ആരാധനയ്ക്ക് ശേഷം

നിവർത്തിക്കുകയോ ചെയ്യുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. **(2017 ഫെബ്രുവരി)**

വി. കുർബ്ബാനയ്ക്കുശേഷം പള്ളിയുടെ ഉള്ളിലോ പരിസരങ്ങളിലോ നിന്ന് അനാവശ്യ സംസാരങ്ങളും ബഹളങ്ങളും മറ്റും സൃഷ്ടിച്ച് വിശ്വാസികളുടെ ആരാധനാ ജീവിതത്തെ തടസ്സപ്പെടുത്തുന്ന ആരെങ്കിലുമുണ്ടെങ്കിൽ അത് നിർബ്ബന്ധമായും അവസാനിപ്പിക്കേണ്ടതാണ്. പള്ളിയുടെ ഭരണനിർവ്വഹണം സംബന്ധിച്ചോ, മറ്റേതെങ്കിലും വിഷയങ്ങൾ സംബന്ധിച്ചോ, പരാതികളോ, പരിഭവങ്ങളോ ആർക്കെങ്കിലും ഉണ്ടെങ്കിൽ അവ രേഖാമൂലം വികാരിയെ അറിയിച്ചാൽ ഉചിതമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം ഉണ്ടാക്കുവാൻ വികാരി ബാധ്യസ്ഥനാണ്. വികാരിയിൽ നിന്ന് ഉചിതമായ മറുപടി ലഭിക്കാത്ത പക്ഷം, പരാതി ഭദ്രാസന മെത്രാപ്പോലീത്തായുടെ പേർക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് നൽകുന്ന പരാതിയുടെ പകർപ്പ് നിർബ്ബന്ധമായും വികാരിക്ക് നൽകിയിരിക്കേണ്ടതാണ്. **(2017 ഫെബ്രുവരി)**

നമ്മുടെ ജീവിതം ദൈവാരാധനയാണ്. ദൈവാരാധനയുടെ ഭംഗിയും വിശുദ്ധിയും നഷ്ടപ്പെടുത്തുവാൻ ആർക്കും അനുവാദമില്ല. 'എന്റെ സംതൃപ്തി' എന്ന ചിന്തയ്ക്ക് വിപരീതമായി 'ഞങ്ങളുടെ സംതൃപ്തി' എന്ന ചിന്തയുടെ പ്രായോഗികതയായി സഭയുടെ ആരാധന തിരിച്ചുവരണം. പള്ളിയും പരിസരവും വിശുദ്ധിയുടെ കേന്ദ്രങ്ങളായി കണക്കാക്കപ്പെടണം. ദൈവാരാധനയുടെയും, ഇടയപരിപാലനയുടെയും ഉറവിടങ്ങളായി മാത്രം ദൈവാലയങ്ങളെ പരിഗണിക്കണം. ഇത് കാലത്തിന്റെ ആവശ്യം കൂടിയാണ്. **(2017 ഫെബ്രുവരി)**

വി. കുർബ്ബാനയുള്ള ദിനങ്ങളിൽ, യാമപ്രാർത്ഥനകൾ കൃത്യമായി നടത്തിയതിനുശേഷം വി. കുർബ്ബാന അർപ്പിക്കണമെന്നാണ് നമ്മുടെ നിയമം. സാധാരണയായി പ്രഭാതനമസ്കാരത്തിനോട് ചേർന്നാണ് നമ്മുടെ ദേവാലയങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നത്. നമസ്കാരം ആരംഭിക്കുന്നതിനുമുമ്പ് വിശ്വാസികൾ ദേവാലയങ്ങളിൽ വന്നിരിക്കണമെന്നത് നിയമമാണെങ്കിലും, കുറഞ്ഞപക്ഷം വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പെങ്കിലും നിർബ്ബന്ധമായും ദേവാലയത്തിനുള്ളിലായിരിക്കുവാൻ പ്രത്യേകം ശ്രദ്ധ

യുണ്ടാകണം. ആരാധനയെ അതിന്റെ പൂർണ്ണതയിൽ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കാതെ ഓരോരുത്തരും അവരവരുടെ സമയത്തിനനുസരിച്ച് വരുന്നതും പോകുന്നതും ഒട്ടുതന്നെ ശരിയായ കാര്യമല്ല. **(2017 ഫെബ്രുവരി)**

5. വസ്ത്രധാരണ നിബന്ധനകൾ: വിശ്വാസികൾ ദേവാലയങ്ങളിൽ വരുമ്പോൾ അതിന് അനുയോജ്യമായ വസ്ത്രങ്ങൾ ധരിച്ച് വരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഭ്യമായ രീതിയിൽ ശുഭ്രവസ്ത്രങ്ങൾ അണിഞ്ഞ് ദൈവാരാധനയിൽ പങ്ക് കൊള്ളുന്നതാണ് ഉചിതമെന്ന പ്രമാണം എല്ലാവരും ശ്രദ്ധിച്ചിരിക്കണം. വിവാഹ കൂദാശ പോലുള്ള ചില ശുശ്രൂഷകളിൽ മണവാളന്റെയും മണവാട്ടിയുടെയും കൂടെ വരുന്ന തോഴിമാർ ഉൽപ്പെടെയുള്ളവരുടെയും വേഷവിധാനങ്ങളെക്കുറിച്ച് പ്രത്യേകം നിഷ്കർഷയുണ്ടാകണം. **(2017 ഫെബ്രുവരി)**

വി. കുർബ്ബാനക്രമവും കൂദാശാക്രമങ്ങളും ഉപയോഗിച്ച് ആരാധനയിൽ പങ്കെടുക്കുന്നവർക്ക് ശ്രദ്ധയോടെ ആരാധന നടത്തുവാൻ കഴിയുമെന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ ദേവാലങ്ങളിൽ വൈദികഗണമുൾപ്പെടെ ഭൂരിപക്ഷം വിശ്വാസികളും അവ ഉപയോഗിക്കാതെ അശ്രദ്ധയോടെ നിന്ന് തിരിച്ചുപോകുന്ന പതിവ് കൂടുകയാണ്. ഒന്നുകിൽ വിശ്വാസികൾ ആരാധനാക്രമങ്ങൾ സ്വന്തമായി വാങ്ങിച്ച് ഉപയോഗിക്കുകയോ, അല്ലെങ്കിൽ ആരാധനയ്ക്ക് വരുന്ന വിശ്വാസികൾക്ക് ഉപയോഗിക്കുവാൻ തക്കവണ്ണം ദേവാലയങ്ങളിൽ അവ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. **(2017 ഫെബ്രുവരി)**

****

12. പള്ളിപ്പെരുന്നാൾ

12.1) പെരുന്നാൾ ചടങ്ങുകൾ സംബന്ധിച്ച്.

പെരുന്നാൾ ദിവസം ഇടവകാംഗങ്ങൾ എല്ലാവരും വി. കുർബ്ബാന യിൽ സംബന്ധിക്കേണ്ടതാകയാൽ തലേ രാത്രിയിൽ റാസ മുത ലായ എല്ലാ പരിപാടികളും നീട്ടിക്കൊണ്ടുപോകാതെ രാത്രി 10 മണിക്കുമുമ്പായി അവസാനിപ്പിക്കണം. പെരുന്നാൾ രാത്രിയിൽ കലാപരിപാടികൾ നടത്താൻ പാടില്ല. ആവശ്യമെങ്കിൽ പെരുന്നാൾ ദിനത്തിനുമുമ്പോ പിൻപോ ഉള്ള ദിവസങ്ങളിൽ മാത്രം നടത്തേ ണ്ടതും, ആയതിന് ഇടവക മെത്രാപ്പോലീത്തായുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതുമാകുന്നു. **(1977 ഫെബ്രുവരി)**

പെരുന്നാൾ ചടങ്ങുകൾ ഭക്തിയോടും ഭംഗിയായും നടത്തേണ്ടതിന് രാത്രി 10 മണിക്ക് മുൻപെങ്കിലും റാസകൾ പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകണം. (1996 ഫെബ്രുവരി)

12.2) ചെണ്ട, ബാന്റ് തുടങ്ങിയ വാദ്യോപകരണങ്ങളും, സാംസ്കാ രിക സമന്വയത്തിന്റെ അടയാളമായ വെച്ചൊരുക്കും പള്ളികളിലെ പെരുന്നാളിൽ തുടരണമോ എന്നത് സംബന്ധിച്ച്.

അനുഷ്ഠാന കർമ്മങ്ങളും, അനുഷ്ഠാന കലകളും ബന്ധപ്പെടുത്തി പോകുന്നത് നല്ലതാണെന്നും, പ്രാദേശിക കലാരൂപങ്ങൾ പള്ളി പ്പെരുന്നാളിനോടനുബന്ധിച്ച് ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്നും, എന്നാൽ അതിനെ സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ (Guidelines) സഭാവിശ്വാസികൾക്ക് നൽകേണ്ടതാണെന്നും, കലാരൂപ ങ്ങളുടെ ഉപയോഗം, പെരുന്നാൾ ആഘോഷങ്ങളുടെ അന്തരീക്ഷ ത്തിന് അനുയോജ്യമല്ലാത്ത രീതിയിലേക്ക് വഴുതിപ്പോകാതിരി ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2006 ഫെബ്രുവരി)**

12.3) പെരുന്നാളുകളുടെ എണ്ണം സംബന്ധിച്ച്. ചില ദേവാലയങ്ങ ളിലെങ്കിലും ഇടവകപ്പെരുന്നാളുകളുടെയും മറ്റ് ആഘോഷങ്ങളു ടെയും ആധിക്യം മൂലം സൺഡേസ്കൂൾ പോലെയുള്ള ആദ്ധ്യാ ത്മിക സംഘടനകളുടെ പ്രവർത്തനങ്ങൾ ലഘൂകരിക്കപ്പെടുന്നുണ്ട്. ആകയാൽ, മാറാനായ പെരുന്നാളുകളും ഇടവകയുടെ പ്രധാന പെരു ന്നാളുകളുമൊഴികെ മറ്റൊരു പെരുന്നാളും ആഘോഷപരമായി

കൊണ്ടാടേണ്ടതില്ലാത്തതാകുന്നു. അങ്ങനെ വരുന്നവ (ഓർമ്മപ്പെരുന്നാളുകൾ) വി. കുർബ്ബാന മദ്ധ്യേ വരുന്ന ധൂപപ്രാർത്ഥനയോടുകൂടി മാത്രം നിർവ്വഹിക്കേണ്ടതാകുന്നു. സൺഡേസ്കൂൾ മുതലായ ഇടവകയുടെ ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ ദേവാലയങ്ങളിൽ വി. കുർബ്ബാനാനന്തര പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇടവകയുടെ ജൂബിലിയോ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ ജൂബിലിയോ, മറ്റ് ആഘോഷപരിപാടികളോ ഉണ്ടെങ്കിൽ അവ ഇടവകയുടെ പ്രധാന പെരുന്നാളിനോട് ചേർന്ന് നടത്തി അവസാനിപ്പിക്കേണ്ടതാണ്. ആഘോഷങ്ങൾ കുറയ്ക്കുകയും, ഇടയപരിപാലനത്തിനും ആതുരസേവനത്തിനും മുൻതൂക്കം കൊടുക്കുകയും ചെയ്യണമെന്ന് ഇവിടെ വിവക്ഷിക്കുന്നു. പള്ളികളിൽ ധൂർത്തും ആർഭാടവും അനാവശ്യ ആഘോഷങ്ങളും നിർബ്ബന്ധമായും ഒഴിവാക്കിയിരിക്കേണ്ടതാണ്.
(2017 ഫെബ്രുവരി)

****

13. പട്ടത്വം, വൈദികസ്ഥാനികൾ, വൈദികരുടെ വേതനം, വിരമിക്കൽ

13.1) പട്ടംകൊടയും, ഒഴിവുകളും (Exemption).

സഭാ ഭരണഘടന അനുസരിച്ച് വൈദികസെമിനാരി പഠനം പൂർത്തിയാക്കിയിട്ടുള്ളവർക്കുമാത്രമേ കശീശാ പട്ടം കൊടുക്കാവൂ എന്നും, അതിൽ നിന്നും ഒഴിവാക്കൽ (exemption) അത്യാവശ്യമായി വരികയാണെങ്കിൽ ആയതിന് പ. കാതോലിക്കാ ബാവായുടെ രേഖാമൂലമായ അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. **(1977 ജൂലൈ)**

13.2) റമ്പാന്മാരുടെയും മറ്റ് വൈദിക ഗണങ്ങളുടെയും വേഷങ്ങൾ. റമ്പാൻമാർക്ക് യാത്രാസമയത്ത് കറുത്ത അകക്കുപ്പായത്തിനുപുറമേ ഒതുക്കമുള്ള വെള്ള ളോഹയും കറുത്ത ഇടക്കെട്ടും മസനപ്സായുടെ മുകളിൽ ഇറുക്കമുള്ള കറുത്ത പടിത്തൊപ്പിയും ധരിക്കാവുന്നതാണ്. **(1978 ഫെബ്രുവരി)**

പ്രത്യേക സാഹചര്യം നിമിത്തം വൈദികർക്ക് ലൗകിക (secular) ഉദ്യോഗങ്ങൾ ചെയ്യേണ്ടതായി വന്നാൽ അപ്രകാരം ചെയ്യുന്നതിനും. അവരുടെ ലൗകിക ജോലിസമയത്ത് വൈദിക വേഷം ഉപയോഗിക്കുവാൻ നിവൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ സൗകര്യമുള്ള സാധാരണവേഷം ധരിക്കുന്നതിനും ഇടവക മെത്രാപ്പോലീത്തായുടെ ശുപാർശ അനുസരിച്ച് പ. കാതോലിക്കാ ബാവായ്ക്ക് അവരെ അനുവദിക്കാവുന്നതാണ്. **(1978 ഫെബ്രുവരി)**

കശ്ശീശ്ശന്മാരുടെയും പൂർണ്ണ ശെമ്മാശ്ശന്മാരുടെയും, മറ്റ് കീഴ്സ്ഥാനികളുടെയും സാധാരണവേഷം കാൽചട്ടയും, ഷർട്ടും, അവയ്ക്കു പുറമേ വെള്ള കുപ്പായവും, അതായത് കമ്മീസും ആയിരിക്കണം. കമ്മീസിനു പകരം കാസക്കോ, വെള്ള ളോഹയോ ധരിക്കുന്നുവെങ്കിൽ കശീശ്ശന്മാരും പൂർണ്ണശെമ്മാശ്ശന്മാരും കറുത്ത ഇടക്കെട്ടും മറ്റ് കീഴ്സ്ഥാനികൾ വെള്ള ഇടക്കെട്ടും ധരിക്കേണ്ടതാകുന്നു. **(1978 ഫെബ്രുവരി)**

13.3) വൈദികരുടെ വിവാഹം. കശീശാ സ്ഥാനമേറ്റശേഷം വിവാഹം കഴിക്കുന്ന പട്ടക്കാർ, കർമ്മം നടത്തുന്നത് കാനോൻ നിശ്ചയങ്ങൾക്കും സഭാ നടപടികൾക്കും വിരുദ്ധമാകയാൽ ആയത് അനു

വദിക്കാവുന്നതല്ല. ഈ നിയമം ലംഘിച്ച് കർമ്മം നടത്തുന്നവരുടെ പേരിൽ ഇടവക മെത്രാപ്പോലീത്താമാർ മുറപ്രകാരമുള്ള നടപടികൾ എടുക്കേണ്ടതാണ്. **(1958 ഏപ്രിൽ 29; 1972 ഫെബ്രുവരി 18; 1976 മാർച്ച് 31 എന്നീ തീയതികളിലെ പ. സുന്നഹദോസ് നിശ്ചയങ്ങൾ)**

1) സഭാ നിയമപ്രകാരം കശീശന്മാർക്കും പൂർണ്ണ ശെമ്മാശന്മാർക്കും വിവാഹം കഴിക്കുന്നതിന് അനുവാദമില്ല. (ബാർ എബ്രായയുടെ ഹൂദായ കാനോൻ 7-ാം അദ്ധ്യായം 4-ാം ഖണ്ഡിക : നിയോ-കൈസ്സറിയാ നിശ്ചയം 1) **(1980 ഫെബ്രുവരി)**

എന്നാൽ വിവാഹം കഴിക്കുന്നതിനുള്ള അനുവാദത്തോടുകൂടി (അതായത് conditional ആയിട്ട്) പൂർണ്ണ ശെമ്മാശ്ശനായിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള പൂർണ്ണ ശെമ്മാശന്മാർക്ക് വിവാഹം കഴിക്കുന്നതിന് സഭാ പാരമ്പര്യപ്രകാരം ഈ നിയമം തടസ്സമായിരിക്കുകയില്ല. **(1980 ഫെബ്രുവരി)**

പൂർണ്ണ ശെമ്മാശനോ പട്ടക്കാരനോ വിവാഹം കഴിക്കുവാൻ സഭ അനുവദിക്കുന്നില്ലെങ്കിലും, യോഗ്യതയുള്ള വിവാഹം കഴിച്ച ശുശ്രൂഷാ സ്ഥാനികൾക്കും, അത്മായക്കാർക്കും ശെമ്മാശനോ പട്ടക്കാരനോ ആകുന്നതിന് തടസ്സമില്ലാത്തതാകുന്നു. **(1980 ഫെബ്രുവരി)**

2) വൈദിക സ്ഥാനത്തേയ്ക്ക് വരുന്നവർക്ക് വിധവയെയോ, ഉപേക്ഷിക്കപ്പെട്ടവളെയോ വിവാഹം കഴിക്കുവാനോ, പുനർവിവാഹം കഴിക്കുവാനോ അനുവാദമില്ല. (ശ്ലീഹന്മാരുടെ കാനോൻ - Apostolic Canon - XVII : ബാർ എബ്രായയുടെ ഹൂദായ കാനോൻ 7-ാം അദ്ധ്യായം 5-ാം ഖണ്ഡിക കാണുക.) **(1980 ഫെബ്രുവരി)**

വൈദികരുടെ ഭാര്യമാർ ഏക ഭർതൃവ്രതം പാലിക്കണമെന്നുള്ളതാണ് സഭാ നിയമം. അതനുസരിച്ച് അവർ ബസ്ക്യാമോമാർ (ഉടമ്പടിക്കാരികൾ) എന്ന് വിളിക്കപ്പെടുന്നു. വിധവകളായിത്തീർന്നിട്ടുള്ള ബസ്ക്യോമോമാരെ മറ്റൊരാൾ വിവാഹം കഴിക്കുന്ന പാരമ്പര്യം സഭയിലില്ല. **(1980 ഫെബ്രുവരി)**

3) വിവാഹജീവിതം നയിച്ചുകൊണ്ട് വൈദികരായിരിപ്പാൻ ആഗ്രഹിക്കുന്നവർക്ക് വിവാഹം കഴിച്ചശേഷമേ പൂർണ്ണ ശെമ്മാശപട്ടം

കൊടുക്കുവാൻ പാടുള്ളൂ. എന്നാൽ മൂറോൻ കൂദാശ പോലുള്ള അത്യാവശ്യ സന്ദർഭങ്ങളിൽ ശുശ്രൂഷയ്ക്ക് ആവശ്യമുള്ള പൂർണ്ണ ശെമ്മാശന്മാർ ഇല്ലാതെ വന്നാൽ കശീശാ ആകുന്നതിന് മുമ്പ് വിവാഹം കഴിക്കുവാൻ അനുവാദം കൊടുത്തുകൊണ്ട് ആവശ്യമുള്ളിടത്തോളം പേർക്ക് Conditional ആയി പൂർണ്ണ ശെമ്മാശപട്ടം കൊടുക്കുന്ന പതിവ് സഭയിൽ ഉണ്ട്. അങ്ങനെ ചെയ്യുന്നതിനും, ആയതിന് അനുവാദം കൊടുക്കുന്നതിനും പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. **(1980 ഫെബ്രുവരി)**

4) 1980 ഫെബ്രുവരി സുന്നഹദോസ് വൈദികരുടെ വിവാഹം സംബന്ധിച്ച് ചെയ്ത തീരുമാനങ്ങളെ പുതിയ സാഹചര്യങ്ങളിൽ പ. സുന്നഹദോസ് വീണ്ടും പരിഗണിച്ചു. കശീശാ സ്ഥാനം ഏറ്റ ശേഷം വിവാഹം കഴിക്കുന്ന പട്ടക്കാർ കർമ്മം നടത്തുന്നത് കാനോൻ നിശ്ചയങ്ങൾക്കും സഭാ നടപടികൾക്കും വിരുദ്ധ മാണെങ്കിലും, വൈദികനായശേഷം വിവാഹം കഴിക്കുന്നവരുടെ കാര്യത്തിൽ, സന്യാസിവസ്ത്രം സ്വീകരിച്ചശേഷം വിവാഹം കഴിക്കുന്ന വൈദികരെയും, സന്യാസവസ്ത്രം സ്വീകരിക്കാത്ത വിവാഹിത പട്ടക്കാരെയും ഒരേ രീതിയിൽ പരിഗണിക്കുന്നത് ശരിയല്ലെന്നും, രണ്ടാമത്തെ കൂട്ടരുടെ കാര്യത്തിൽ സഭാശിക്ഷണത്തിന് വിഘാതം വരാത്ത വിധത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യേണ്ടതുണ്ടെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു. **(1987 ഫെബ്രുവരി)**

ഏതെങ്കിലും വൈദികൻ വിവാഹം ചെയ്യുന്നതിനായി അനുവാദം അഭ്യർത്ഥിക്കുമ്പോൾ ചുമതലക്കാരനായ മെത്രാപ്പോലീത്താ ആവശ്യമെന്നു കാണുന്ന പക്ഷം വിവാഹം ചെയ്യുന്നതിന് അയാളെ അനുവദിച്ചുകൊണ്ടും, അതോടൊന്നിച്ചുതന്നെ പട്ടത്വത്തിനടുത്ത എല്ലാ അധികാരങ്ങളിൽനിന്നും, കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതിൽനിന്നും അയാളെ സ്ഥിരമായി നിരോധിച്ചു കൊണ്ടുമുള്ള ഒരു കല്പന നൽകേണ്ടതാണ്. **(1987 ഫെബ്രുവരി)**

വൈദികനായ ശേഷം അധികാരപ്പെട്ട മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെയോ ഇതര സഭകളിൽ ചേർന്നോ വിവാഹം ചെയ്യുന്ന പട്ടക്കാരൻ വൈദികവൃത്തിയിൽനിന്നും നിരോധിക്ക

പ്പെടുന്നതോടൊപ്പം, സന്യാസവ്രതം സ്വീകരിച്ചിട്ടുള്ള പട്ടക്കാര നാണെങ്കിൽ അയാളുടെ സന്യാസവസ്ത്രങ്ങൾ ഉരിഞ്ഞുകളഞ്ഞു കൊണ്ടുള്ള കല്പന കൂടി കൊടുക്കേണ്ടതാണ്. **(1987 ഫെബ്രുവരി)**

അധികാരപ്പെട്ട മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി, വിവാഹം കഴിച്ചിട്ടുള്ള, സന്യാസ വ്രതത്തിന്റെ പൂർണ്ണപ്രതിജ്ഞ ചെയ്തിട്ടില്ലാത്ത പട്ടക്കാരുടെ കാര്യത്തിൽ, അവരുടെ കൂദാശാപരമായ അധികാരങ്ങൾ പുനഃസ്ഥാപിക്കുന്ന കാര്യം, വിവാഹശേഷം 20 വർഷത്തേക്ക് പരിഗണിച്ചുകൂടാത്തതാകുന്നു. വിവാഹശേഷം 20 വർഷക്കാലമെങ്കിലും സഭാശിക്ഷണത്തിന് വിധേയമായും, മേലധികാരിയുടെ കല്പന ലംഘിക്കാതെയും നല്ല ജീവിതം ജീവിച്ചിട്ടുള്ള സന്യാസിയല്ലാത്ത പട്ടക്കാരൻ, പൗരോഹിത്യ നടപടികൾ നടത്തുന്നതിനുള്ള അധികാരം തനിക്ക് വീണ്ടും നൽകണമെന്ന് യഥാർത്ഥ അനുതാപത്തോടുകൂടി അപേക്ഷിക്കുന്ന പക്ഷം, ആ പ്രത്യേക വ്യക്തിയുടെ ജീവിതവും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് പ്രസ്തുത അപേക്ഷ പരിശുദ്ധ സുന്നഹദോസ് പരിഗണിക്കാവുന്നതും വേണ്ട നടപടികൾ സ്വീകരിക്കാവുന്നതുമാണ്. **(1987 ഫെബ്രുവരി)**

എന്നാൽ അങ്ങനെ പൗരോഹിത്യ അധികാരങ്ങൾ വീണ്ടും നൽകപ്പെടുന്ന പട്ടക്കാരനെ ഒരു ഇടവക വികാരിയായി നിയമിച്ചു കൂടാത്തതാകുന്നു. **(1987 ഫെബ്രുവരി)**

13.4) പ്രായമുള്ളവർക്ക് പട്ടം കൊടുക്കുന്നത് സംബന്ധിച്ച്.

ആവശ്യമുള്ള വൈദികരുടെ കുറവ് പരിഗണിച്ച് സൽസ്വഭാവികളും കഴിവുള്ളവരും വിദ്യാഭ്യാസ യോഗ്യതയുള്ളവരും അമ്പത്തിയെട്ടു വയസ്സിൽ കവിയാത്തവരുമായ ഏതാനും വിവാഹിതരും അവിവാഹിതരുമായ ആളുകൾക്ക് വൈദിക പരിശീലനം കൊടുത്ത് പട്ടം കൊടുക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി ചിന്തിക്കണമെന്നുള്ള വൈദിക സെമിനാരി ഫാക്കൽറ്റിയുടെ അപേക്ഷ പ. സുന്നഹദോസ് അംഗീകരിച്ച് നിശ്ചയം ചെയ്തു. **(1981 ജൂലൈ)**

13.5) വൈദികരുടെ പെൻഷൻ കാര്യം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാഭരണഘടന 40-ാം വകുപ്പനുസരിച്ച് പട്ടക്കാരെ പള്ളികളിൽ നിയമിക്കുവാനും, നീക്കുവാനും,

സ്ഥലം മാറ്റുവാനുമുള്ള അധികാരം മെത്രാസന മെത്രാപ്പോലീത്താ യ്ക്കുള്ളതാകയാൽ, അവരെ പെൻഷൻ കൊടുത്ത് നീക്കുന്നതും അദ്ദേഹത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നതാണെന്നും, ഇങ്ങനെയുള്ള കാര്യങ്ങൾ വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നിവ യിൽപ്പെട്ട കാര്യങ്ങളാണെന്നും, ഭരണഘടന 128-ാം വകുപ്പ് പ്രകാരം അവ സംബന്ധിച്ച് യാതൊരു നിശ്ചയവും പാസ്സാക്കുന്നതിന് ഇടവ കയോഗത്തിനോ, ഇടവക മാനേജിംഗ് കമ്മറ്റിക്കോ, മെത്രാസന ഇട വകയോഗത്തിനോ, മലങ്കര അസോസിയേഷനോ, അസ്സോസിയേ ഷൻ മാനേജിംഗ് കമ്മറ്റിക്കോ അധികാരമില്ലാത്തതാകുന്നു എന്നും പ. സുന്നഹദോസ് നിശ്ചയിച്ചു. **(1982 ഫെബ്രുവരി)**

13.6) പട്ടക്കാരുടെ ശമ്പളവും, പെൻഷനും ഏകീകരിക്കുന്നത് സംബന്ധിച്ച്.

വൈദികർ പെൻഷനാകുമ്പോൾ എല്ലാവർക്കും പെൻഷൻ കൊടുക്കേ ണ്ടതാണെന്ന് തീരുമാനിച്ചു. ഇതിന് പദ്ധതി നടപ്പായ 1-4-88 മുതൽ തന്നെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ മറ്റു ജോലി യുള്ളവർക്കുള്ള 250/- രൂപായുടെ DA ഭദ്രാസന കേന്ദ്രത്തിൽ പണം ലഭ്യമാകുന്ന മുറയ്ക്ക് കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചു. **(1989 ഫെബ്രുവരി)**

വൈദികർ ജോലിയുള്ളവരെന്നും, ഇല്ലാത്തവരെന്നുമുള്ള വ്യത്യാസ മെന്യേ എല്ലാവർക്കും പെൻഷൻ കൊടുക്കേണ്ടതാണെന്ന് തീരുമാ നിച്ചു. എന്നാൽ മറ്റു ജോലിയുള്ളവർക്ക് 250/- രൂപാ DA കൊടുക്കു വാൻ സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഇപ്പോൾ നിവൃത്തിയില്ലെന്നും, ആ ബുദ്ധിമുട്ട് മാറത്തക്കവണ്ണം കാതോലിക്കാ ദിനപ്പിരിവിന്റെ തുക വർദ്ധിപ്പിക്കണമെന്നും, ശമ്പള കോട്ടാ കൂടുതൽ ഓരോ പള്ളിയിൽ നിന്നും കിട്ടത്തക്കവണ്ണം പള്ളികളുടെ വരുമാനം വർദ്ധിപ്പിക്കണ മെന്നും, അത് എല്ലാ പള്ളികൾക്കും നിർബ്ബന്ധമാക്കണമെന്നും സുന്നഹദോസ് യോഗം തീരുമാനിച്ചു. **(1989 ഫെബ്രുവരി)**

വാർഷിക ഇൻക്രിമെന്റ് പട്ടക്കാർക്ക് കൊടുക്കുന്നതിനായി ഇപ്പോൾ പള്ളികൾക്ക് നിശ്ചയിച്ചിട്ടുള്ള കോട്ടാ 3% വർദ്ധിപ്പിച്ച് അടുത്ത വർഷത്തെ കോട്ടാ നിശ്ചയിച്ച് ഇടവക മെത്രാപ്പോലീത്താമാർ

പള്ളികൾക്ക് ഉടനെ കൽപന അയയ്ക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1989 ഫെബ്രുവരി)**

ഇടവകകളിലും, സഭയ്ക്ക് ആകമാനവും അദ്ധ്യാത്മിക നവോത്ഥാനം ഉണ്ടാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ശക്തിയായ ഊന്നൽ കൊടുത്ത് സംസാരിച്ചു. ഇടവകയിൽ അദ്ധ്യാത്മികത പരിപുഷ്ടിപ്പെടുത്തേണ്ടതിന് പട്ടക്കാർ ഇടവകയിൽ തന്നെ താമസിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അംഗങ്ങൾ ഊന്നിപ്പറഞ്ഞു. അങ്ങനെ ഇടവകയിൽ വന്ന് താമസിക്കുന്ന വൈദീകർക്ക് അതിനാവശ്യമായ ശമ്പളം കൊടുക്കുവാൻ തക്കവണ്ണം മാനേജിംഗ് കമ്മിറ്റിയുമായി ആലോചിച്ച് വൈദീക ശമ്പള പദ്ധതി പുതുക്കണമെന്ന് തീരുമാനിച്ചു. വൈദീകർ ഇടവകയിൽ താമസിച്ചാൽ മാത്രമേ പ്രയോജനകരമായി പ്രവർത്തിക്കുവാൻ സാധ്യമാകുകയുള്ളൂ. ആത്മീയ നവോത്ഥാനത്തിനും തൊഴിൽ പദ്ധതികൾക്കും പ്രാധാന്യം കൊടുത്തിരിക്കുന്ന പഞ്ചവത്സര പദ്ധതി സുന്നഹദോസ് അംഗീകരിച്ചു. ഒരോ ഭദ്രാസനത്തിലും വൈദികരെ വിളിച്ചുകൂട്ടി പദ്ധതി നടപ്പാക്കണമെന്നും വർഷം തോറും മെത്രാപ്പോലീത്താമാർ പ്രവർത്തനം review ചെയ്ത് സുന്നഹദോസിൽ റിപ്പോർട്ട് ചെയ്യണമെന്നും യോഗം തീരുമാനിച്ചു. **(1991 ഫെബ്രുവരി)**

വൈദികരുടെ ജോലി ഭാരം കൂടുന്നതു കൊണ്ട് അവർക്ക് ജീവിക്കുവാൻ മതിയായ വേതനം കൊടുക്കുവാൻ വ്യവസ്ഥ ഉണ്ടാക്കണമെന്ന് നിശ്ചയിച്ചു. **(1992 ജൂലൈ)**

13.7) വൈദീക ക്ഷേമവർഷം ആചരിക്കുന്നതിനെപ്പറ്റി.

1996 വൈദീക വർഷമായി ആചരിക്കുന്നതിനെപ്പറ്റിയുള്ള 27/04/95 -ൽ കൂടിയ സഭാ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പരി. സുന്നഹദോസ് യോഗത്തിൽ അവതരിപ്പിച്ച് സംസാരിച്ചു. ജൂലൈ 8-ാം തീയതി തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ താഴെ പറയുന്ന പദ്ധതി പ. സുന്നഹദോസ് മുൻപാകെ സമർപ്പിച്ചു. (1995 ജൂലൈ)

1. പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് 1996 വൈദീക വർഷമായി പ്രഖ്യാപിച്ച്, എല്ലാ പള്ളികൾക്കും കല്പന അയയ്ക്കേണ്ടതാണ്. **(1995 ജൂലൈ)**

2. വൈദീകർക്കു വേണ്ടി മെത്രാസന അടിസ്ഥാനത്തിൽ സ്റ്റഡി ക്ലാസ്സുകളും, സെമിനാറുകളും വൈദീക സെമിനാരി ഫാക്കൽറ്റി അംഗങ്ങളുടെ സഹായത്തോടു കൂടി സംഘടിപ്പിക്കേണ്ടതാണ്. **(1995 ജൂലൈ)**

3. കാതോലിക്കാദിനം, വൈദീക സെമിനാരി ദിനം തുടങ്ങിയ കേന്ദ്ര പിരിവുകളെയും, മെത്രാസന തലത്തിലുള്ള മറ്റ് പിരിവുകളെയും ബാധിക്കാത്ത തരത്തിൽ ഇടവക പള്ളികൾ കേന്ദ്രീകരിച്ച് പിരിക്കാവുന്നത്രയും തുക സമാഹരിച്ച് ഒരു കോടി രൂപായിൽ കുറയാത്ത തുകയ്ക്ക് ഒരു വൈദീക ക്ഷേമനിധി ഏർപ്പെടുത്തേണ്ടതാണ്. ടി ക്ഷേമനിധിയിൽ നിന്ന് വർഷം തോറും ലഭിക്കുന്ന പലിശ സെന്റ് തോമസ് വൈദീക സംഘത്തിന്റെ ക്ഷേമനിധി അക്കൗണ്ടിലേക്ക് മാറ്റേണ്ടതും, പ്രസ്തുത തുക മെത്രാസന മെത്രാപ്പോലീത്താമാർ മെത്രാസന കൗൺസിലുമായി ആലോചിച്ച് ശുപാർശ ചെയ്യുന്ന വൈദീകർക്കും, അവരുടെ കുടുംബങ്ങൾക്കും, വൈദീക വിദ്യാർത്ഥികൾക്കും ചികിത്സയ്ക്കും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കേണ്ടതാണ്. സാമ്പത്തിക സുരക്ഷിതത്വം ഇല്ലാതിരിക്കുന്ന വൈദീകർക്ക് മാത്രമേ ഈ സഹായം നൽകേണ്ടതുള്ളൂ. **(1995 ജൂലൈ)**

4. ക്ഷേമനിധിയിൽ നിന്ന് പലിശ ഇനത്തിൽ ആവശ്യമായ പണം ലഭിക്കുന്ന മുറയ്ക്ക് സഭയിലെ എല്ലാ വൈദീകർക്കും വൈദീക വിദ്യാർത്ഥികൾക്കും മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതാണ്. **(1995 ജൂലൈ)**

13.8) വൈദീകരുടെ സേവനവും, ഡിസിപ്ലിനും സംബന്ധിച്ച്.

1) ഗൾഫ് മുതലായ വിദേശ രാജ്യങ്ങളിൽ ധാരാളം വൈദീകർ പോയി പണം പിരിക്കുന്നത് അവിടെ പല പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ടെന്നും, ആയതിനാൽ അവിടെ പോകുന്ന വൈദികർ അവരുടെ ഇടവക മെത്രാപ്പോലീത്തായുടെയും പോകുന്ന സ്ഥലത്തെ ഇടവക മെത്രാപ്പോലീത്തായുടെയും അനുവാദമില്ലാതെ പണം പിരിക്കുന്നത്

കർശനമായി നിരോധിക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ച യിച്ചു. **(1996 ഫെബ്രുവരി)**

2) വിദേശത്തുള്ള നമ്മുടെ സഭയിലെ അംഗങ്ങൾ നാട്ടിൽ വന്ന് കർമ്മാദികൾ നടത്തുമ്പോൾ, വിദേശത്തുള്ള ഇടവക വികാരിയുടെ കത്ത് കൂടി കൊണ്ടുവരേണ്ടതാണ്. **(1996 ഫെബ്രുവരി)**

3) വൈദീകരുടെ വേതനവും സേവനവും സംബന്ധിച്ച് മാനേജിംഗ് കമ്മറ്റി കൈക്കൊണ്ട തീരുമാനത്തെ സുന്നഹദോസ് അംഗീകരി ക്കുകയും, വൈദീകരുടെ സേവനവും ശിക്ഷണവും സംബന്ധിച്ചുള്ള കാര്യങ്ങളെപ്പറ്റി ദീർഘമായ ചർച്ചകൾ നടത്തുകയും ചെയ്തു. പുതിയ ശമ്പള സ്കെയിൽ നടപ്പിലാക്കുന്നതോടൊപ്പം, വൈദീക രിൽ നിന്നും പ്രതീക്ഷിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് അവരെ കൂടുതലായി ബോധവൽക്കരിക്കേണ്ടതാണെന്നും, വൈദീക ശമ്പള പരിഷ്ക്കരണ കമ്മറ്റി വൈദീകരുടെ സേവനത്തെ സംബന്ധിച്ച് തയ്യാറാക്കിയ സംഗതികൾ സഭയുടെ ഔദ്യോഗിക മാസികകളിൽ പ്രസിദ്ധീകരിച്ച് വിശ്വാസികളെ അറിയിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1997 ജൂലൈ)**

13.9) കോർ എപ്പിസ്കോപ്പാ സ്ഥാനം കൊടുക്കുന്നത് സംബന്ധിച്ച്.

കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകുന്നത് സംബന്ധിച്ച് ചില പൊതു മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണെന്നും അതിൽ പ്രായം, പൊതുജനാഭിപ്രായം, ഭദ്രാസനം, വൈദീകസംഘത്തിന്റെ ശുപാർശ എന്നീ കാര്യങ്ങൾ പരിഗണിച്ചും, വിശ്വാസികളെ അറിയിച്ചും ചെയ്യേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1997 ജൂലൈ)**

13.10) റമ്പാൻ സ്ഥാനം കൊടുക്കുന്നത് സംബന്ധിച്ച്.

ദയറാകളിൽ അംഗങ്ങളല്ലാത്തവർക്ക് റമ്പാൻ സ്ഥാനം നൽകു മ്പോഴും ചില പൊതു മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണെന്നും അതിൽ പ്രായം, പൊതുജനാഭിപ്രായം, ഭദ്രാസനം, വൈദീക സംഘ ത്തിന്റെ ശുപാർശ എന്നീ കാര്യങ്ങൾ പരിഗണിച്ചും, വിശ്വാസികളെ അറിയിച്ചും ചെയ്യേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1997 ജൂലൈ)**

13.11). വളരെ ചെറുപ്പത്തിൽ തന്നെ ജീവിത പങ്കാളിയെ നഷ്ടപ്പെടുന്ന വൈദികരുടേയും ബസ്ക്യോമോമാരുടേയും പുനർ വിവാഹം സംബന്ധിച്ച്.

വളരെ ചെറുപ്പത്തിൽ തന്നെ ജീവിത പങ്കാളിയെ നഷ്ടപ്പെടുന്ന വൈദീകരിലും ബസ്ക്യോമോമാരിലും പുനർവിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവർക്കെങ്കിലും ആയതിന് അനുകൂലമായ അനുവാദം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള അഖില മലങ്കര ബസ്ക്യോമോ അസ്സോസിയേഷന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചകൾക്കുശേഷം, മേൽ പ്രസ്താവിച്ച പ്രകാരമുള്ളവർ പുനർ വിവാഹത്തിനുള്ള അപേക്ഷ പരിശുദ്ധ ബാവാ തിരുമേനിക്ക് സമർപ്പിക്കേണ്ടതാണെന്നും, പരിശുദ്ധ ബാവാ തിരുമേനി അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാ ണെന്നും സുന്നഹദോസ് തീരുമാനിച്ചു. **(2006 നവംബർ)**

13.12) വൈദീക വിദ്യാർത്ഥികളുടെ പട്ടംകൊട മൂന്ന് കേന്ദ്രങ്ങളിലായി നടത്തുന്നത് സംബന്ധിച്ച്.

കോട്ടയം വൈദീക സെമിനാരിയിലെ അവസാനവർഷ വിദ്യാർത്ഥികളുടെ യവ്ഫദ്യക്നോ പട്ടംകൊട ഈ വർഷം മുതൽ മെയ് മാസത്തിലെ മൂന്നാമത്തെ വ്യാഴാഴ്ച കേരളത്തിൽ മൂന്ന് വ്യത്യസ്ത കേന്ദ്രങ്ങളിലായി ഒരേ ദിവസം തന്നെ നടത്തുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. ഈ മൂന്ന് കേന്ദ്രങ്ങൾ ഓരോ വർഷവും വ്യാത്യാസപ്പെടുത്താവുന്നതാണ് എന്നും തീരുമാനമായി. തുടർന്ന് നടന്ന ചർച്ചയിൽ, സഭയുടെ രണ്ട് സെമിനാരികളിലെയും വിദ്യാർത്ഥികളുടെ യവ്ഫദ്യക്നോ പട്ടംകൊട (ആദ്യ പട്ടം കൊട) ഈ മൂന്ന് കേന്ദ്രങ്ങളിൽ വച്ച് മാത്രമേ നടത്തുകയുള്ളു എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2009 ആഗസ്റ്റ്)**

ഈ വർഷത്തെ പട്ടംകൊട കുണ്ടറ സെമിനാരി, കോട്ടയം പഴയ സെമിനാരി, ആലുവാ തൃക്കുന്നത്ത് സെമിനാരി എന്നിവിടങ്ങളിൽ വച്ച് 2010 മെയ് മാസം 20-ാം തീയതി വ്യാഴാഴ്ച നടത്തുന്നതിനും നിശ്ചയിച്ചു. താത്പര്യമുള്ള സെന്ററുകൾ തെരഞ്ഞെടുക്കുന്നതനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതാണ്. **(2009 ആഗസ്റ്റ്)**

വൈദികസെമിനാരിയിലെ നാലാം വർഷ വിദ്യാർത്ഥികളുടെ പട്ടംകൊട സംബന്ധിച്ച് 2009 ഓഗസ്റ്റ് സുന്നഹദോസിൽ കൈക്കൊണ്ട തീരുമാനത്തിൽ നിന്നും വ്യത്യസ്തമായി, അതത് ഭദ്രാസന മെത്രാപ്പോലീത്താമാർ തന്നെ ബന്ധപ്പെട്ട മെത്രാസനങ്ങളിലെ വിദ്യാർത്ഥികളുടെ പട്ടംകൊട നടത്തിയാൽ മതിയെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2010 ഫെബ്രുവരി)**

13.13) വൈദികർക്ക് ഇടവക ശുശ്രൂഷയിൽനിന്നും അവധി നൽകുന്നത് സംബന്ധിച്ച്.

വൈദികർക്ക് ഇടവകശുശ്രൂഷയിൽ നിന്നും അവധി എടുത്ത് വിദേശ ഭദ്രാസനങ്ങളിലേക്ക് പോകണമെങ്കിൽ, ബന്ധപ്പെട്ട രണ്ട് മെത്രാസനങ്ങളിലെ മെത്രാപ്പോലീത്താമാരുടെയും അനുവാദത്തോടെ മാത്രമേ അനുമതി നൽകാവൂ എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2010 ഫെബ്രുവരി)**

13.14) വിവാഹമോചനം നടത്തിയ വൈദികരുടെ പുനർ വിവാഹത്തിന് അനുമതി നൽകുന്നതിനെപ്പറ്റി.

വൈദികരുടെ പുനർവിവാഹം അനുവദിക്കേണ്ടതില്ല എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2011 ആഗസ്റ്റ്)**

13.15) വൈദികരുടെ വിദേശ സന്ദർശനം സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ വൈദികർ വിദേശ സന്ദർശനം നടത്തുന്നതിന്, അവർ സേവനമനുഷ്ഠിക്കുന്ന മെത്രാസനത്തിലെ മെത്രാപ്പോലീത്തായുടെയും, എവിടെ സന്ദർശനം നടത്തുന്നുവെ ആ മെത്രാസനത്തിലെ മെത്രാപ്പോലീത്തായുടെയും അനുവാദ കൽപനകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കണമെന്നും, ഏത് ഉദ്ദേശ്യവുമായി ബന്ധപ്പെട്ടാണ് സന്ദർശനം എന്നതും, സന്ദർശന തീതയികളും കൽപനകളിൽ വ്യക്തമാക്കണമെന്നും, ബന്ധപ്പെട്ട മെത്രാപ്പോലീത്താമാരെ സന്ദർശന വിവരം നിർബ്ബന്ധമായും അറിയിച്ചിരിക്കണമെന്നും സുന്നഹദോസിൽ തീരുമാനമായി. **(2013 ആഗസ്റ്റ്)**

13.16) വൈദികരുടെ തിരിച്ചറിയൽ രേഖ സംബന്ധിച്ച്.

സഭയിലെ വൈദികർക്ക് ഒരു തിരിച്ചറിയൽ രേഖ ഉണ്ടാകണമെന്നും, പ്രസ്തുത തിരിച്ചറിയൽ രേഖയ്ക്ക് ഒരു കാലാവധി ഉണ്ടാകണ

മെന്നും, പരിശുദ്ധ സഭയിലെ റിട്ടയർ ചെയ്തവരും, വിവിധ സംഘട നകളുമായും, സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വരുമായി, മലങ്കര സഭയിലെ മുഴുവൻ വൈദികരും ഇതിൽ ഉൾപ്പെ ടേണ്ടതാണെന്നും അംഗങ്ങൾ നിർദ്ദേശിച്ചു. **(2014 ഫെബ്രുവരി)**

13.17) സഭയിലെ വൈദികർക്കായി ഒരു സാമ്പത്തിക വായ്പാ പദ്ധതി ക്രമീകരിക്കുന്നത് സംബന്ധിച്ച്.

ഈ വായ്പാ പദ്ധതി ഇടവക ശുശ്രൂഷ മാത്രമുള്ള വൈദികർക്ക് വേണ്ടി ആയിരിക്കണമെന്നും, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് 5% ആയി നിജപ്പെടുത്തേണ്ടതാണെന്നും, ടി വായ്പാ പദ്ധതിയുടെ ഓഫീസ് അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ യുടെ ചുമതലയിൽ അടൂർ-കടമ്പനാട് മെത്രാസന കേന്ദ്രത്തോട് ചേർന്ന് പ്രവർത്തിക്കേണ്ടതാണെന്നും, പദ്ധതിയുടെ നടത്തിപ്പി നായി പരി. ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമേനി നിർദ്ദേശി ച്ചതനുസരിച്ചുള്ള ഒരു സമിതിയെ ചുമതലപ്പെടുത്തേ ണ്ടതാ ണെന്നും സുന്നഹദോസിൽ ധാരണയായി. ചർച്ചകൾക്ക് ശേഷം **ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് വൈദിക വായ്പ പദ്ധതി**യുടെ നിയമാവലിയക്ക് പരി. എപ്പിസ്കോപ്പൽ സുന്നഹ ദോസ് അനുമതി നൽകി. **(2015 ഫെബ്രുവരി)**

13.18) റിട്ടയർ ചെയ്യുന്ന വൈദികരുടെ സേവനം.

1. റിട്ടയർമെന്റിന് ശേഷം സേവനത്തിൽ തുടരുവാൻ ആഗ്രഹിക്കുന്ന വൈദികർക്കായി ഇടവകേതര ശുശ്രൂഷകൾ ഭദ്രാസന തലത്തിൽ ക്രമീകരിക്കേണ്ടതാണ്. ഇത്തരം സേവനങ്ങൾക്കാവശ്യമായ സാമ്പ ത്തികം കണ്ടെത്തുന്നതിനായി വർഷത്തിൽ ഒരു പ്രാവശ്യം ഇടവക തലത്തിൽ കളക്ഷൻ നടത്തുന്നത് ഉൾപ്പെടെയുള്ള സംഗതികളും ഭദ്രാസന തലത്തിൽ ചെയ്യാവുന്നതാണ്. **(2019 ഫെബ്രുവരി)**

2. റിട്ടയർ ചെയ്ത വൈദികർക്ക് കൽപനകളും മറ്റും ലഭിക്കുന്നതി നുള്ള ക്രമീകരണങ്ങൾ ഭദ്രാസന തലത്തിൽ ചെയ്യേണ്ടതാണ്. **(2019 ഫെബ്രുവരി)**

13.19) ഭദ്രാസനങ്ങളിൽ ശുശ്രൂഷ അനുഷ്ഠിച്ചുകൊണ്ടിരിക്കെ കേന്ദ്ര സേവനത്തിലേക്ക് വരുന്ന വൈദികരുടെ പെൻഷൻ സംബ ന്ധിച്ച്.

ഭദ്രാസനങ്ങളിൽ ശുശ്രൂഷ അനുഷ്ഠിച്ചുകൊണ്ടിരിക്കെ കേന്ദ്ര സേവനത്തിലേക്ക് വരുന്ന വൈദികർ, അവരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക്, മുമ്പ് സേവനമനുഷ്ഠിച്ച ഭദ്രാസനത്തിലേക്ക് തിരികെ പോവുകയും, അവിടെ നിന്ന് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ് ഉചിതമെന്ന് സുന്നഹദോസിൽ തീരുമാനമായി. **(2019 ഫെബ്രുവരി)**

13.20) പരിശുദ്ധ സഭയിലെ വൈദിക സ്ഥാനികളുടെയും മറ്റ് പ്രവർത്തകരുടെയും പെരുമാറ്റ നടപടികൾ സംബന്ധിച്ച മാർഗ്ഗരേഖ.

പരിശുദ്ധ സഭയിലെ വൈദിക സ്ഥാനികളുടെയും മറ്റ് പ്രവർത്തകരുടെയും പെരുമാറ്റ നടപടികൾ സംബന്ധിച്ച്, ***Manual of Code of Conduct for Clergy and Lay Ministers*** എന്ന പേരിലുള്ള മാർഗ്ഗരേഖയ്ക്ക്, 2020 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2020 ഫെബ്രുവരി)**

13.21) പരിശുദ്ധ സഭയിലെ വൈദികരുടെ വേഷവിധാനങ്ങളും മറ്റും എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ വൈദികരുടെ വേഷവിധാനങ്ങളും മറ്റും എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച ആധികാരികമായ താഴെ പറയുന്ന ഒരു മാർഗ്ഗരേഖയ്ക്ക് സുന്നഹദോസ് അംഗീകാരം നൽകി. **(2022 ഓഗസ്റ്റ്)**

1. വൈദീകരും ശെമ്മാശന്മാരും സഭ അനുവദിച്ചിരിക്കുന്ന വേഷവിധാനങ്ങൾതന്നെ ഉപയോഗിക്കേണ്ടതാണ്. **(2022 ഓഗസ്റ്റ്)**

2. ശെമ്മാശന്മാർ ഉപയോഗിക്കുന്ന ഊറാറാകളിൽ പരമ്പരാഗത ഡിസൈനുകളല്ലാതെ പുതിയ രീതികൾ രൂപപ്പെടുത്തുവാൻ പാടുള്ളതല്ല. ഊറാറായുടെ അഗ്രം നിലത്ത് മുട്ടാത്തവിധം നീളം ക്രമീകരിക്കേണ്ടതാണ്. **(2022 ഓഗസ്റ്റ്)**

3. കോർ എപ്പിസ്കോപ്പാമാർ ആരാധനാ സമയങ്ങളിലും അല്ലാതെയും പനാഗിയായും, കൈയ്യിൽ സ്ലീബായും ഉപയോഗിക്കുന്നത് അനുവദനീയമല്ല. സാധാരണ സമയങ്ങളിൽ വെളുത്ത കുപ്പായവും,

ചുവന്ന ഇടക്കെട്ടും, കുരിശുമാലയും ധരിക്കാവുന്നതാണ്. **(2022 ഓഗസ്റ്റ്)**

4. റമ്പാന്മാർ ലോഹങ്ങൾകൊണ്ടുള്ള കുരിശുമാലകൾ ആരാധനയിൽ ഉപയോഗിക്കുന്നത് അനുവദനീയമല്ല. **(2022 ഓഗസ്റ്റ്)**

5. മേൽപ്പട്ടക്കാർ, കോർ എപ്പിസ്കോപ്പാമാർ, റമ്പാന്മാർ, വൈദീകർ എന്നിവർ ആരാധനയ്ക്ക് ഉപയോഗിക്കുന്ന അംശവസ്ത്രങ്ങളിൽ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന അലങ്കാരങ്ങളല്ലാതെ (കുരിശ്, പ്രാവ്, കുഞ്ഞാട്, മുന്തിരി, ഗോതമ്പ്) ഐക്കണുകളോ മറ്റു ചിത്രങ്ങളോ തുന്നിച്ചേർക്കാൻ പാടുള്ളതല്ല. **(2022 ഓഗസ്റ്റ്)**

6. വി. കുർബ്ബാന, മാമോദീസാ, വിവാഹം, പട്ടത്വം തുടങ്ങിയ കൂദാശാ സമയങ്ങളിൽ പ്രധാന കാർമ്മികൻ അംശവസ്ത്രങ്ങൾ പൂർണ്ണമായും അണിയുകയും, സഹകാർമ്മികരായ വൈദീക സ്ഥാനികൾ അവരവരുടെ സ്ഥാനത്തിനനുസരിച്ചുള്ള കറുത്ത ളോഹകൾ അണിയുകയും, അതിനു മുകളിൽ ഹമ്നീഖാ ധരിച്ചു നിൽക്കുകയും ചെയ്യേണ്ടതാണ്. കുമ്പസാരിപ്പിക്കുന്ന വൈദീകൻ കറുത്ത ളോഹയ്ക്ക് മുകളിൽ ഹമ്നീഖാ ധരിക്കേണ്ടതാണ്. **(2022 ഓഗസ്റ്റ്)**

13.22) Minor Diaconal Orders പരിശുദ്ധ സഭയിൽ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്.

പൗരസ്ത്യ സഭയിൽ നിലനിന്നിരുന്നതും പിൽക്കാലത്ത് നിന്നു പോയതുമായ സ്ഥിരമായ ശെമ്മാശ്ശസ്ഥാനവും, ശെമ്മാശ്ശിനിമാരുടെ ശുശ്രൂഷയും മലങ്കര സഭയിൽ പുന:സ്ഥാപിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചു. **(2023 ഓഗസ്റ്റ്)**

13.23) പരിശുദ്ധ സഭാ ശുശ്രൂഷകളിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന കുറ്റാരോപിതരായ വൈദീകരുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭാ ശുശ്രൂഷകളിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന കുറ്റാരോപിതരായ വൈദീകരുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് കാനോൻ വിദഗ്ദ്ധൻ, പോലീസ് ഉദ്യോഗസ്ഥൻ, അഭിഭാഷകൻ, കൗൺസലിംഗ് വിദഗ്ദ്ധൻ എന്നിവർ ചേർന്ന ഒരു സമിതി ഭദ്രാസനതലത്തിലും, കേന്ദ്രതലത്തിലും രൂപീകരിക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2023 ഓഗസ്റ്റ്)**

13.24) പരിശുദ്ധ സഭയിലെ വൈദികർ കുരിശുമാല ധരിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

ഇതര ഓർത്തഡോക്സ് സഭകളിലെ വൈദികർ ധരിക്കുന്നതു പോലെ മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികർക്കും കുരിശുമാല ധരിക്കാവുന്നതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2024 ജൂലൈ)**

****

14. ഭദ്രാസനങ്ങൾ: ഭരണം, വിഭജനം

14.1) അമേരിക്കൻ ഭദ്രാസനം സംബന്ധിച്ച്.

1. അമേരിക്കയിൽ ഇപ്പോഴുള്ള എല്ലാ പള്ളികളുടെയും Incorporation വരുത്തി പരിശോധിക്കുകയും, അത് സുന്നഹദോസ് 1980 -ൽ തയ്യാറാക്കി കൊടുത്തതിനനുസരിച്ചാണോ എന്നു ഉറപ്പാക്കുകയും ചെയ്യണം. **(1991 ജൂലൈ)**

2. പുതിയ ഇടവകകൾ സഭാ കേന്ദ്രത്തിന്റെ അനുമതിയോടു കൂടി മാത്രമേ തുടങ്ങുവാൻ പാടുള്ളു. **(1991 ജൂലൈ)**

3. പുതിയ ഇടവക തുടങ്ങുന്നതിന് കുടുംബങ്ങളുടെ അംഗസംഖ്യ കുറഞ്ഞത് ഒരു നല്ല സംഖ്യ എങ്കിലും ഉണ്ടായിരിക്കണം. **(1991 ജൂലൈ)**

4. ഏതെങ്കിലും വൈദികന് അമേരിക്കയിലെ പള്ളികളിലേക്ക് പോകണമെങ്കിൽ ആയത് ഇവിടെയുള്ള മെത്രാപ്പോലീത്തായുടെയും, അമേരിക്കയിലുള്ള മെത്രാപ്പോലീത്തായുടെയും പൂർണ്ണ അനുവാദത്തോടുകൂടിയായിരിക്കണം. **(1991 ജൂലൈ)**

14.2) ഭദ്രാസന വിഭജനം.

ഒരു മെത്രാസനത്തിലുണ്ടായ അഭിപ്രായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഒരു മെത്രാസനത്തെ രണ്ടായി വിഭജിച്ച് ഭരണ ക്രമീകരണങ്ങൾ നടത്തുന്നത് തത്വത്തിൽ തന്നെ തെറ്റാണെന്നും, ഒരു തരത്തിലും സഭയ്ക്ക് ആ നടപടി അഭിലഷണീയമല്ലെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1992 ഫെബ്രുവരി)**

14.3) ഇടവകസന്ദർശനം.

1. ഞായറാഴ്ചകളിൽ മെത്രാപ്പോലീത്താമാർ ഇടവകകൾ സന്ദർശിക്കുമ്പോൾ മുഴുവൻ സമയവും അവിടെ ചെലവഴിച്ച് എല്ലാ സംഘടനകളിലും സന്ദർശനം നടത്തുകയും, ചുരുക്കം ഭവനങ്ങൾ എങ്കിലും (രോഗികളെയോ മറ്റോ) സന്ദർശിക്കുകയും വേണം. **(1992 ജൂലൈ)**

2. വർഷത്തിലെ പകുതി ഞായറാഴ്ചകളെങ്കിലും കുറഞ്ഞത് ഇടവക സന്ദർശനത്തിനായി വേർതിരിയ്ക്കണം. **(1996 ഫെബ്രുവരി)**

14.4) ബാഹ്യകേരള ഭദ്രാസനങ്ങളിൽ ഇടവക ചേരാത്തവരെ സംബന്ധിച്ച്.

ഡൽഹി മുതലായ ബാഹ്യകേരള ഇടവകകളിൽ ധാരാളം അംഗങ്ങൾ ഇടവക ചേരാതെ കൂദാശയുടെ ആവശ്യം വരുമ്പോൾ കുറുക്കു വഴികളിൽ കൂടി നാട്ടിലോ മറ്റു ഇടവകകളിലോ ചെന്ന് അവരുടെ ആവശ്യങ്ങൾ നടത്തുന്നതു മൂലം പല തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ പ. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം അതുമായി ബന്ധപ്പെട്ട് പള്ളികൾക്ക് കൽപന നൽകിയിട്ടുണ്ടെന്ന് അദ്ധ്യക്ഷൻ തിരുമേനി യോഗത്തെ ഓർപ്പിക്കുകയും, ആവശ്യമെങ്കിൽ അതിന്റെ കോപ്പി ഒന്നു കൂടി പള്ളികൾക്ക് അയച്ചുകൊടുക്കാമെന്ന് ഓർപ്പിക്കുകയും ചെയ്തു. ചർച്ചകൾക്ക് ശേഷം ഇവയെപ്പറ്റി പഠിച്ച് അടുത്ത യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ പ്രസിഡന്റായും, ജോബ് മാർ പീലക്സീനോസ് എപ്പിസ്ക്കോപ്പാ കൺവീനറായും, മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ എന്നിവർ അംഗങ്ങളായും ഉള്ള ഒരു സബ് കമ്മറ്റിയെ നിയമിച്ചു. **(1992 ജൂലൈ)**

14.5) ഭരണ ക്രമീകരണങ്ങൾ.

1. ഇടവകയിൽ ആഴ്ചയിൽ ഒരിക്കൽ ബൈബിൾ ക്ലാസ്സുകൾ നടത്തത്തക്കവണ്ണം നിർദ്ദേശങ്ങൾ നൽകണം. വൈദീകർ പാഴ്സനേജിൽ താമസം ഇല്ലാത്ത പള്ളിയിൽ വൈദീകർ ആഴ്ചയിൽ ഒരു ദിവസത്തിൽ കുറയാതെ ചെലവഴിക്കേണ്ടതും, ഭവനങ്ങൾ സന്ദർശിച്ച് വ്യക്തികൾക്ക് ആത്മീയ പ്രോത്സാഹനം നൽകേണ്ടതുമാണ്. അവരുടെ താമസ കാര്യങ്ങളും മറ്റും ഇടവകയിലെ ജനങ്ങളും കൈക്കാരനും ചേർന്ന് ക്രമീകരിക്കേണ്ടതാണ്. ഭദ്രാസനത്തിൽ ഏതെങ്കിലും ഇടവകയിൽ പ്രശ്നമുണ്ടാവുകയും, ഭദ്രാസന മെത്രാപ്പോലീത്തായുടേയോ, മലങ്കര മെത്രാപ്പോലീത്തായുടേയോ കൽപനകൾ അനുസരിക്കാതെ വരികയും ചെയ്യുന്ന ഇടവകളിൽ, ആ ഇടവകയുടെ ഇടവക പെരുന്നാൾ തുടങ്ങിയ സംരംഭങ്ങളിൽ മറ്റു മെത്രാപ്പോലീത്താമാർ സംബന്ധിച്ച് ഇടവകയെ പ്രോത്സാഹിപ്പിക്കുവാൻ ഇടയാകരുത്. ഇടവക മെത്രാപ്പോലീത്താ ഈ വിവരം

മറ്റ് മേൽപ്പട്ടക്കാരെ അറിയിക്കുന്നതും ഉചിതമായിരിക്കും. ഓരോ ഇടവകയിലും അഡ്മിനിസ്ട്രേഷൻ ആദിയായ കാര്യങ്ങൾ ഭംഗിയായും വിശ്വസ്തമായും നടത്തത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും, കൂടുതൽ ഭക്തിയും അനുസരണവും സഭയോടു കൂറുമുള്ള ആളുകളെ ഭരണകാര്യങ്ങൾ ഏൽപിക്കത്തക്കവണ്ണം വിശ്വാസികളെ പ്രബോധിപ്പിക്കുവാൻ പുരോഹിതന്മാരെ ഒരുക്കുകയും ചെയ്യണം. കൂടുതൽ അത്മായക്കാർ ഇടവകയിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകത്തക്കവണ്ണം അവർക്ക് വേണ്ട ക്ലാസ്സുകൾ ഭദ്രാസനതലത്തിൽ ക്രമീകരിക്കുകയും, ചുമതലപ്പെട്ടവരുടെ ശുപാർശയോടെ അവരെ പ്രത്യേക കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിക്കൊണ്ട് ഇടവക മെത്രാപ്പോലീത്തായുടെ കൽപന ഉണ്ടാകുകയും ചെയ്യുന്നത് നല്ലതാണ്. സഭയിൽ ആത്മീയ ഉണർവ്വ് ഉണ്ടാക്കുന്നതിനായി വൈദീകരുടെ പ്രത്യേക സമ്മേളനം വിളിച്ചു കൂട്ടുകയും, അതിന് സഹായകരമായ വിഷയങ്ങൾ പഠന വിഷയമാക്കുകയും, നേതൃത്വം നൽകുവാൻ (ഗ്രൂപ്പ് ചർച്ചകൾ ഉൾപ്പെടെ) തക്കവണ്ണം ആളുകളെ ചുമതലപ്പെടുത്തുകയും ചെയ്യണം. **(1996 ഫെബ്രുവരി)**

2. അങ്കമാലി ഈസ്റ്റ്, വെസ്റ്റ് മെത്രാസനങ്ങൾ ഒരുമിച്ച് ചേർത്ത് പൂർണ്ണ ചുമതലയുള്ള ഒരു മെത്രാപ്പോലീത്തായെ നിയമിക്കുന്നതു വരെ രണ്ടു ഭദ്രാസനങ്ങളുടേയും ചുമതല, പരി. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനിക്കുവേണ്ടി അഭിവന്ദ്യ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ ഏൽപ്പിക്കുവാൻ പരി. ബാവാ തിരുമേനിയോട് സുന്നഹദോസ് ശുപാർശ ചെയ്തു. **(2006 നവംബർ)**

3. ബാഹ്യകേരള ഭദ്രാസനങ്ങളിലെ ആദ്ധ്യാത്മീക സംഘടനാ ഭാരവാഹികളെ ഇടവക-ഭദ്രാസനതല മീറ്റിംഗുകളിൽ പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്താവുന്നതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 നവംബർ)**

14.6) അങ്കമാലി ഈസ്റ്റ് - വെസ്റ്റ് ഭദ്രാസനങ്ങളുടെ സംയോജനം.

അങ്കമാലി ഈസ്റ്റ്, അങ്കമാലി വെസ്റ്റ് മെത്രാസനങ്ങൾ ഒന്നിച്ചു ചേർത്ത് അങ്കമാലി എന്ന പേരിൽ ഒറ്റ മെത്രാസനമാക്കുന്നതിന് തീരുമാനമായി. **(2008 ഫെബ്രുവരി)**

14.7) ഭദ്രാസന വിഭജനം.

1. അമേരിക്കൻ മെത്രാസനത്തെ **North Eastern America, South Western America** എന്നിങ്ങനെ രണ്ട് മെത്രാസനങ്ങളാക്കുക. **(2008 ഫെബ്രുവരി)**

2. കാനഡ-യൂ. കെ-യൂറോപ്പ് മെത്രാസനത്തെ **ലണ്ടൻ** മെത്രാസനം എന്ന പേരിൽ പുനഃക്രമീകരിക്കുക. **(2008 ഫെബ്രുവരി)**

3. രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യപ്രദേശ് സംസ്ഥാനങ്ങളിലെ പള്ളികൾ ഉൾപ്പെടുത്തി **അഹമ്മദാബാദ്** എന്ന പേരിൽ ഒരു പുതിയ മെത്രാസനം രൂപീകരിക്കുക. **(2008 ഫെബ്രുവരി)**

4. കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ പള്ളികൾ ചേർത്ത് **ബാംഗ്ലൂർ** മെത്രാസനം രൂപീകരിക്കുക. **(2008 ഫെബ്രുവരി)**

5. സുൽത്താൻ ബത്തേരി, മലബാർ മെത്രാസനങ്ങളിലെ ഏതാനും പള്ളികൾ ചേർത്ത് **കണ്ണൂർ** മെത്രാസനം രൂപീകരിക്കുക. **(2008 ഫെബ്രുവരി)**

6. റാന്നി കേന്ദ്രമാക്കി **നിലയ്ക്കൽ** മെത്രാസനം രൂപീകരിക്കുക. **(2008 ഫെബ്രുവരി)**

7. അടൂർ കേന്ദ്രമാക്കി **അടൂർ** മെത്രാസനം രൂപീകരിക്കുക. **(2008 ഫെബ്രുവരി)**

14.8) കൊഴുവല്ലൂർ സെന്റ് ജോർജ്ജ് പള്ളി സംബന്ധിച്ച്.

പരിശുദ്ധ ബാവാ തിരുമേനിയുടെ നേരിട്ടുള്ള ഭരണത്തിലിരിക്കുന്ന കൊഴുവല്ലൂർ സെന്റ് ജോർജ്ജ് പള്ളി ചെങ്ങന്നൂർ ഭദ്രാസനത്തിന് വിട്ടുകൊടുക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2009 ഫെബ്രുവരി)**

14.9) സൗദി അറേബ്യയിലെ ഇടവകകളും കോൺഗ്രിഗേഷനുകളും സംബന്ധിച്ച്.

സൗദി അറേബ്യയിലെ ഇടവകകളും കോൺഗ്രിഗേഷനുകളും പരിശുദ്ധ സഭയുടെ 1934-ലെ ഭരണഘടനയ്ക്ക് അനുസൃതമായും, അവയുടെ ചുമതലയുള്ള മെത്രാപ്പോലീത്തായുടെ നിർദ്ദേശങ്ങൾ അനുസരിച്ചും പ്രവർത്തിക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. ഇക്കാര്യം പരിശുദ്ധ ബാവാ തിരുമേനി കൽപന മുഖാന്തിരം

സൗദി അറേബ്യയിലെ ഇടവകകളെയും കോൺഗ്രിഗേഷനുകളെയും അറിയിക്കണമെന്നും തീരുമാനിച്ചു. **(2022 ഫെബ്രുവരി)**

14.10) ഭദ്രാസനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനുള്ള സമിതി.

ഭദ്രാസനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് അഭിവന്ദ്യരായ സഖറിയാ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ എന്നിവരുൾപ്പെടുന്ന ഒരു **എപ്പിസ്കോപ്പൽ ട്രിബ്യൂണലിനെ** നിയമിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2023 ഫെബ്രുവരി)**

14.11) യു. കെ. – യൂറോപ്പ് – ആഫ്രിക്ക മെത്രാസനത്തിലേക്ക് അനിയന്ത്രിതമായി കുടിയേറുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികരെ സംബന്ധിച്ച്.

യു. കെ. – യൂറോപ്പ് – ആഫ്രിക്ക മെത്രാസനത്തിലേക്ക് അനിയന്ത്രിതമായി കുടിയേറുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദീകർക്ക് യു. കെ. – യൂറോപ്പ് – ആഫ്രിക്ക മെത്രാസനത്തിൽ പള്ളികളുടെ ചുമതല നൽകുന്ന കാര്യത്തിൽ ഭദ്രാസന മെത്രാപ്പോലീത്തായുക്തമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ് എന്നും, ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുവാദമില്ലാതെ അത്തരം വൈദീകർ യു. കെ. – യൂറോപ്പ് – ആഫ്രിക്ക മെത്രാസനത്തിലെ പള്ളികളിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ പാടില്ല എന്നും സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2023 ഫെബ്രുവരി)**

14.12) പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്.

കാനഡായിലെ ടൊറോന്റോ കേന്ദ്രമാക്കി **കാനഡാ** എന്ന പേരിലും, ഓസ്ട്രേലിയായിലെ കാൻബറാ കേന്ദ്രമാക്കി **ഏഷ്യാ പസഫിക്** എന്ന പേരിലും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് രണ്ട് ഭദ്രാസനങ്ങൾ കൂടി രൂപീകരിക്കുന്നതിനുള്ള തീരുമാനം സുന്നഹദോസ് അംഗീകരിച്ചു. **(2024 ഫെബ്രുവരി, 2024 ഒക്ടോബർ)**

14.13) തൃശ്ശൂർ മെത്രാസനത്തിന്റെ അഭിവന്ദ്യ യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ അമേരിക്ക

യിൽ കാലിഫോർണിയായിലെ ബർബാങ്കിൽ ഉള്ള സെന്റ് ജെയിംസ് സിറിയക് ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയെ സംബന്ധിച്ച്.

തൃശ്ശൂർ മെത്രാസനത്തിന്റെ അഭിവന്ദ്യ യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ അമേരിക്കയിൽ കാലിഫോർണിയായിലെ ബർബാങ്കിൽ ഉള്ള സെന്റ് ജെയിംസ് സിറിയക് ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയുടെ ഇപ്പോഴത്തെ നിലപാടിനെ സംബന്ധിച്ച് അഭിവന്ദ്യ തിരുമേനി സുന്നഹദോസിൽ അറിയിക്കുകയും, ബർബാങ്കിൽ ഉള്ള സെന്റ് ജെയിംസ് സിറിയക് ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയെ സംബന്ധിച്ച് താഴെ പറയുന്ന തീരുമാനം സുന്നഹദോസ് കൈക്കൊള്ളുകയും ചെയ്തു:

'*കാലം ചെയ്ത പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ 2008 സെപ്റ്റംബർ മാസം 10-ാം തീയതിയിലെ 292 A/2008 നമ്പർ കൽപനയിലൂടെ തൃശൂർ മെത്രാസനത്തിന്റെ അഭിവന്ദ്യ യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്തായ്ക്ക് അമേരിക്കയിൽ കാലിഫോർണിയായിലെ ബർബാങ്കിൽ ഉള്ള സെന്റ് ജെയിംസ് സിറിയക് ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയുടെ ചുമതല നൽകപ്പെട്ടിരുന്നു. എന്നാൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് ബാവായുമായി ഇവർക്കുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെടുകയും, പുതുതായി ചുമതലയേറ്റ പാത്രിയർക്കീസ് ആ ഇടവക ഏറ്റെടുക്കുവാൻ തയ്യാറാവുകയും, അവർക്കായി ഒരു മെത്രാപ്പോലീത്തായുടെ ചുമതല നൽകുകയും ചെയ്തിരിക്കുന്നതായി അറിയിച്ചതിനാൽ മലങ്കര ഓർത്തഡോക്സ് സഭ ആ ഇടവയുടെ ചുമതല തുടരേണ്ടതില്ല എന്നും, മേലിൽ അഭിവന്ദ്യ യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്തായ്ക്ക് ഈ ചുമതല ഉണ്ടായിരിക്കുന്നതല്ല എന്നും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.*' **(2024 ഫെബ്രുവരി)**

****

15. വൈദികസെമിനാരി, എം. റ്റി. സി., വേദശാത്ര പഠനം, ദിവ്യബോധനം

15.1) പഴയ സെമിനാരിയിൽ വനിതകൾക്കുള്ള വേദപഠനം.

പരിശുദ്ധ സഭയുടെ മഠങ്ങളിലെ സിസ്റ്റേഴ്സ്, മർത്തമറിയം സമാജം പ്രവർത്തകർ, വീട്ടമ്മമാർ തുടങ്ങിയവർക്കായി പഴയ സെമിനാരിയിലെ സോഫിയാ സെന്ററിൽവച്ച് വേദപഠനം നടത്തുന്നതിനുള്ള സാധ്യതകളെപ്പറ്റി പരിചിന്തനം ചെയ്യണമെന്നുള്ള വൈദിക സെമിനാരി ഫാക്കൽറ്റിയുടെ അഭ്യർത്ഥന സുന്നഹദോസ് അംഗീകരിക്കുകയും അവർക്കായി പ്രത്യേക ക്ലാസ്സുകൾ എടുക്കുന്നതിനും അവരുടെ വായനക്കും പഠനത്തിനുമായി ലൈബ്രറി സൗകര്യപ്പെടുത്തിക്കൊടുക്കുന്നതിനും സെമിനാരി അധികൃതരെ ചുമതലപ്പെടുത്തണമെന്ന് നിശ്ചയിക്കുകയും ചെയ്തു. **(1981 ജൂലൈ)**

15.2) സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ.

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിന്റെ ഭരണത്തിന് പ. കാതോലിക്കാ ബാവാ രക്ഷാധികാരിയും ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും ഫാ. മാത്യൂസ് എം. ഡാനിയേൽ കൺവീനറുമായി 15 പേരടങ്ങിയ ഒരു ഗവേണിംഗ് ബോർഡ് രൂപീകരിച്ചു. **(1982 ഫെബ്രുവരി)**

15.3) മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ (എം. റ്റി. സി.) വിദ്യാർത്ഥികൾക്ക് ഡിപ്ലോമാ നൽകുന്നതിനെപ്പറ്റി.

തൽക്കാലം ഡിപ്ലോമാ നൽകേണ്ടതില്ലെന്നും **'Successfully Completed the Lay Evangelist Training Course'** എന്ന് ചേർത്തിട്ടുള്ള സർട്ടിഫിക്കേറ്റ് നൽകിയാൽ മതി എന്നും സുന്നഹദോസ് തീരുമാനിച്ചു. **(1982 ഫെബ്രുവരി)**

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ നിന്നും പഠിച്ചിറങ്ങുന്ന നിശ്ചിത യോഗ്യതയുള്ളവരെ 'പ്രേഷിതർ' എന്ന് നാമകരണം ചെയ്യുന്നതിന് അനുവദിക്കണമെന്നുള്ള ആ സ്ഥാപനത്തിലെ ഫാക്കൽറ്റിയുടെ അപേക്ഷ പ. സുന്നഹദോസ് പരിഗണിക്കുകയും അവർക്ക് 'സുവിശേഷകർ' എന്ന പേര് നൽകിയാൽ മതി എന്ന് തീരുമാനിക്കുകയും ചെയ്തു. **(1982 ജൂലൈ)**

15.4) ശാസ്താംകോട്ട ബൈബിൾ സ്ക്കൂൾ.

അത്മായരുടെ ബൈബിൾ പഠനത്തിനായി ശാസ്താംകോട്ടയിൽ പരിശുദ്ധ സഭയുടെ പേരിൽ ഒരു ബൈബിൾ സ്ക്കുൾ ആരംഭിക്കുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(1999 ജൂലൈ)**

15.5) ഞാലിയാകുഴിയിൽ ബൈബിൾ ലാംഗ്വേജ് സ്റ്റഡി സെന്റർ. ഞാലിയാകുഴിയിൽ ഒരു ബൈബിൾ ലാംഗ്വേജ് സ്റ്റഡി സെന്റർ ആരംഭിക്കുന്നതിന് സുന്നഹദോസ് അനുവാദം നൽകി. **(1999 ജൂലൈ)**

15.6) സ്ത്രീകളുടെ വേദശാസ്ത്രാഭ്യസനം.

സ്ത്രീകളുടെ വേദശാസ്ത്ര അഭ്യസനത്തിന് ഒരു സ്ഥാപനം ഉണ്ടാകേണ്ടതാണെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(2001 ഫെബ്രുവരി)**

15.7)അത്മായക്കാരുടെ വേദശാസ്ത്ര അഭ്യസനം.

അത്മായക്കാരുടെ വേദശാസ്ത്ര അഭ്യസനത്തിന് ഒരു സ്ഥാപനം ഉണ്ടാകുന്നതാണ് നല്ലതെന്നും, അവിടെ സ്ത്രീകളെയും അഭ്യസിപ്പിക്കുന്നതിന് സാധിക്കുമെന്നും, പഠനാവശ്യത്തിനായി പുസ്തകങ്ങൾ പ്രത്യേകം തയ്യാറാക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2001 ജൂലൈ)**

15.8) സ്ത്രീ-പുരുഷന്മാർക്കുള്ള വേദശാസ്ത്ര പഠനം സംബന്ധിച്ച്.

1. ശാസ്താംകോട്ടയിൽ പ്രവർത്തിച്ചു വരുന്ന ബൈബിൾ സ്ക്കൂളിൽ വച്ച് സ്ത്രീ-പുരുഷന്മാർക്കുള്ള വേദശാസ്ത്ര പഠനം നടത്താവുന്നതാണെന്ന് സുന്നഹദോസ് അഭിപ്രായപ്പെട്ടു. ഒരു മാസം നീണ്ടു നിൽക്കുന്ന ഹ്രസ്വകാല കോഴ്സിൽ സന്യാസജീവിതം ആഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും, കണ്ടുപിടിക്കുന്നതിനും വേണ്ടി കുറഞ്ഞത് 3 ദിവസമെങ്കിലും നമ്മുടെ സന്യാസ ആശ്രമങ്ങളുടെ സഹകരണത്തോടെ ക്ലാസ്സുകൾ നടത്തേണ്ടതാണെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(2003 ജൂലൈ)**

2. മിഷൻ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള വിദ്യാർത്ഥികളെ ഈ വർഷം മുതൽ കോട്ടയം വൈദിക സെമിനാരിയിൽ പ്രവേശിപ്പിക്കേണ്ടതാണെന്നും, ഒരു വർഷം അവർ മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്ററിൽ പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക്, കോട്ടയം വൈദിക സെമിനാരിയിൽ ചേർന്ന് അഭ്യസനം തുടരേണ്ടതാണെന്നും സുന്ന

ഹദോസ് നിശ്ചയിച്ചു. **(2005 ജൂൺ)**

3. 2006–2007 അദ്ധ്യയന വർഷം മുതൽ നാഗ്പൂർ സെമിനാരിയിൽ സ്ത്രീകൾക്കും B.D. കോഴ്സിന് ചേർന്ന് പഠിക്കുന്നതിനുള്ള അവ സരം നൽകുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2005 ജൂൺ)**

15.9) വൈദിക സെമിനാരി വിദ്യാർത്ഥികളുടെ പ്രോഗ്രസ് റിപ്പോർട്ട്.

ഓരോ മെത്രാസനത്തിൽ നിന്നും സെമിനാരിയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് യഥാസമയം മെത്രാപ്പോലീ ത്താമാർക്ക് അയച്ചു കൊടുക്കേണ്ടതാണെന്നും, സെമിനാരി ദിന പിരിവുകൾ നൽകാത്ത പള്ളികളെ വിവരം അറിയിക്കുമ്പോൾ ആ വിവരം ഭദ്രാസന മെത്രാപ്പോലീത്താമാരെ കൂടി അറിയിക്കണമെന്നും സുന്നഹദോസ് നിർദ്ദേശിച്ചു. **(2006 ഫെബ്രുവരി)**

15.10) നാഗ്പൂർ സെമിനാരി.

നാഗ്പൂർ സെമിനാരിയിലെ വിദ്യാർത്ഥികൾ സമർത്ഥരാണെന്നും, അവിടെ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്നും, കോട്ടയം വൈദിക സെമിനാരിയിലെ അദ്ധ്യാപകരുടെ സാന്നിദ്ധ്യം കൂടുതലായി അവിടെ ഉണ്ടാകേണ്ടതാണെന്നും, ഒരു Manager- Cum-Chaplain-നെ അവിടെ നിയമിക്കേണ്ടതാണെന്നും, കോട്ടയം സെമി നാരിയിൽ നടക്കുന്നതുപോലെ കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷ കൾക്ക് അവിടെയും ഒരു മെത്രാപ്പോലീത്താ നേതൃത്വം നൽകേണ്ട താണെന്നും അഭിപ്രായമുണ്ടായി. ഗവേണിംഗ് ബോർഡ് കൂടി ഒരു Manager-Cum-Chaplain-നെ എത്രയും വേഗം അവിടെ നിയമിക്കേ ണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 ഫെബ്രുവരി)**

15.11) അമേരിക്കയിലുള്ള വൈദിക വിദ്യാർത്ഥികളുടെ പരിശീലനം.

അമേരിക്കയിലുള്ള നമ്മുടെ വൈദിക വിദ്യാർത്ഥികളുടെ പരിശീ ലനം ഇപ്പോൾ നടന്നു വരുന്നതുപോലെ ന്യൂയോർക്ക് സെന്റ് വ്ളാഡിമേഴ്സ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി യിലും, ഫിലാദൽഫിയ സെന്റ് ടിക്കോൺസ് തിയോളജിക്കൽ സെമി നാരിയിലുമായി തുടരേണ്ടതാണെന്നും, വൈദിക സെമിനാരിദിന പിരിവിൽ അമേരിക്കൻ ഭദ്രാസനത്തിൽ നിന്നും ലഭിക്കുന്ന തുക യുടെ 75% അമേരിക്കയിലെ വൈദിക വിദ്യാർത്ഥികളുടെ പഠന ചെലവിനായി മെത്രാസനത്തിൽ തന്നെ നൽകണമെന്നും, 25%

കോട്ടയം പഴയ സെമിനാരിയിലേക്ക് നൽകണമെന്നും, ഇപ്പോൾ കിട്ടുന്ന തുക കുറയരുതെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2007 ഫെബ്രുവരി)**

15.12) വൈദിക പരിശീലനം സംബന്ധിച്ച്.

സുൽത്താൻ ബത്തേരി, മലബാർ, തൃശൂർ, തിരുവനന്തപുരം മെത്രാസനാധിപന്മാരുടെ ആവശ്യം പരിഗണിച്ച് ടി ഭദ്രാസനങ്ങളിലെ വൈദികരുടെ കുറവ് പരിഹരിക്കുന്നതിനായി, 2008 ജൂൺ മാസത്തിൽ ആരംഭിച്ച് 2009 മാർച്ച് മാസത്തിൽ അവസാനിക്കുന്ന വിധത്തിൽ കോട്ടയം വൈദികസെമിനാരിയിലെ അദ്ധ്യാപകരുടെ സഹകരണത്തോടെ (കൂദാശാപരമായ കാര്യങ്ങൾ പരിശീലിപ്പിക്കുന്നതിന്) ടി ഭദ്രാസനങ്ങളിൽ നിന്നുള്ള അപേക്ഷകർക്ക് മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്ററിൽ ഒരു വർഷത്തെ പരിശീലനം നൽകി വൈദികപട്ടം സൽകുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. ടി ഭദ്രാസനങ്ങളിൽ നിന്നുമുള്ള അപേക്ഷകരോടൊപ്പം തടാകം ക്രിസ്തുശിഷ്യ ആശ്രമം, തണ്ണിത്തോട് സെന്റ് ആന്റണീസ് ആശ്രമം, പുതുപ്പാടി സെന്റ് പോൾസ് ആശ്രമം എന്നിവിടങ്ങളിൽ നിന്ന് ഓരോ അപേക്ഷകർക്കും, തിരുവനന്തപുരം കാരുണ്യാ ആശ്രമത്തിൽ നിന്ന് രണ്ട് പേർക്കും കൂടി ഉൾപ്പെടെ ആകെ 25 പേർക്ക് പ്രവേശനം നൽകുന്നതിനും തീരുമാനമായി. **(2008 ഫെബ്രുവരി)**

15.13) സഭാചരിത്ര മ്യൂസിയം.

കോട്ടയം പഴയ സെമിനാരിയിൽ ഒരു സഭാ ചരിത്ര മ്യൂസിയം ആരംഭിക്കുന്നതിന് വൈദിക സെമിനാരിക്ക് സുന്നഹദോസ് അനുമതി നൽകി. **(2008 ഫെബ്രുവരി)**

15.14) Commission for Theological Studies.

പരിശുദ്ധ സഭയുടെ ദൈവശാസ്ത്ര വിഷയങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക വെബ്സൈറ്റ് Commission for Theological Studies-ന്റെ ചുമതലയിൽ തയ്യാറാക്കി, ദൈവശാസ്ത്ര സംവാദങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ഓർത്തഡോക്സ് പഠനങ്ങൾ അതിൽ പ്രസിദ്ധപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു. വൈദീകർക്കുള്ള റിഫ്രഷർ കോഴ്സ് ഭദ്രാസനാടിസ്ഥാനത്തിൽ തുടർച്ചയായി നടത്തുകയും അതിനായി Resourse Persons -ഉം Subject -ഉം പൊതുവായി ഉണ്ടാവുകയും ചെയ്യുന്നതായിരിക്കും

ഉചിതമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. **(2014 ഫെബ്രുവരി)**

15.15) ദിവ്യബോധനം.

1. ദിവ്യബോധനം : ആരംഭം

മലങ്കര ഓർത്തഡോക്സ് സഭയിലെ നവോത്ഥാനത്തിന്റെ ഭാഗമായി സഭയിലെ പഠന വേദിയെ പുഷ്ടിപ്പെടുത്തി ദൈവാശ്രയവും പാണ്ഡിത്യവും സേവന സന്നദ്ധതയുമുള്ള വിശ്വാസികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി വൈദിക സെമിനാരിയിലെ അദ്ധ്യാപകരുടെ ചുമതലയിൽ രൂപംകൊണ്ടുവരുന്ന പഠന പദ്ധതിയായ **ദിവ്യബോധനത്തിന്റെ** നടത്തിപ്പിനായി പ. കാതോലിക്കാ ബാവാ രക്ഷാധികാരിയും, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും, ഏതാനും മെത്രാപ്പോലീത്താമാരും, പട്ടക്കാരും, ഡോക്ടർ സാമുവേൽ ചന്ദനപ്പള്ളിയും അംഗങ്ങളായുമുള്ള ഒരു കേന്ദ്ര കമ്മറ്റിയെ നിശ്ചയിച്ചു. കമ്മറ്റിയുടെ കോ-ഓർഡിനേറ്റർ ഫാ. സി. സി. ചെറിയാൻ ആയിരിക്കുന്നതാണ്. **(1983 ഫെബ്രുവരി)**

2. ദിവ്യബോധനം പഠന പദ്ധതി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനെപ്പറ്റി: ദിവ്യബോധനം പഠന പദ്ധതിയുടെ ഒന്നാംഘട്ടമായ 10 വിഷയങ്ങൾ പഠിച്ച് പരീക്ഷ പാസ്സാകുന്നവർക്ക് സർട്ടിഫിക്കേറ്റുകൾ (**C. O. C. E - Certificate at Orthodox Church Education**) നൽകേണ്ടതാണ്. ദിവ്യബോധനം പഠനപദ്ധതി പ്രകാരമുള്ള പരീക്ഷകൾ പാസ്സായി സർട്ടിഫിക്കേറ്റുകൾ നേടിയിട്ടുള്ളവർക്ക്, സൺഡേസ്ക്കൂൾ പത്താം ക്ലാസ്സ് പാസ്സായിട്ടുള്ളവർക്ക് നൽകുന്ന പ്രകാരം നമ്മുടെ സഭാവക സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, സെമിനാരി മുതലായ സ്ഥാപനങ്ങളിൽ പ്രവേശനമോ, നിയമനമോ നൽകുന്നതിൽ വെയിറ്റേജ് നൽകേണ്ടതാണെന്ന് യോഗം നിശ്ചയിച്ചു. **(1986 ഫെബ്രുവരി)**

ദിവ്യബോധനം സർട്ടിഫിക്കേറ്റ് പാസ്സായിട്ടുള്ളവരെ ഇടവകകളുടെ ആദ്ധ്യാത്മീക പ്രവർത്തനങ്ങളിൽ കൂടുതൽ ഉപയോഗിക്കുവാൻ തക്കവണ്ണം ക്രമപ്പെടുത്തുന്നതിന് യോഗം തീരുമാനിച്ചു. **(1988 ജൂലൈ)**

3. ദിവ്യബോധനം ഡിപ്ലോമാ കോഴ്സ് പാസ്സായവർക്ക് ചുമതലകൾ നൽകുന്നത് സംബന്ധിച്ച്: ദിവ്യബോധനം ഡിപ്ലോമാ കോഴ്സ്

പാസ്സായവർക്ക് പരി. ബാവാ തിരുമനസുകൊണ്ട് കൽപന കൊടുത്ത് വിവിധ ഭദ്രാസനങ്ങളിൽ പ്രവർത്തിക്കുന്നതിന് അവരെ അധികാര പ്പെടുത്തേണ്ടതാണെന്നും, അവർ ഭദ്രാസന മെത്രാപ്പോലീത്താമാ രുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും, ഭദ്രാസന മെത്രാപ്പോലീത്താമാർ വൈദീക യോഗങ്ങൾ മാസത്തിൽ ഒരു പ്രാവശ്യം എങ്കിലും വിളിച്ചു കൂട്ടി വിശ്വാസ കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വൈദീകരെ പ്രബുദ്ധരാക്കണ മെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1997 ജൂലൈ)**

15.16) വൈദീക സെമിനാരി കോർ-ഫാക്കൽറ്റി അംഗങ്ങളുടെ പ്രായപരിധി.

സെറാംപൂർ സെനറ്റിന്റെയും സെറാംപൂർ അക്കാഡമിക് കൗൺസി ലിന്റെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദിക സെമി നാരി കോർ-ഫാക്കൽറ്റി അംഗങ്ങൾക്ക് 68 വയസ്സ് വരെ സെമിനാരി അദ്ധ്യാപകരായി തുടരാവുന്നതാണ് എന്ന് സുന്നഹദോസ് നിശ്ച യിച്ചു. **(2021 ഫെബ്രുവരി - ഏപ്രിൽ)**

15.17) കോട്ടയം വൈദിക സെമിനാരിയോടനുബന്ധിച്ച് ലാംഗ്വേജ് സ്റ്റഡി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത് സംബന്ധിച്ച്.

കോട്ടയം വൈദിക സെമിനാരിയോടനുബന്ധിച്ച് ഒരു ലാംഗ്വേജ് സ്റ്റഡി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അനുമതി നൽകുകയും, തുടർനടപടികൾ സ്വീകരി ക്കുന്നതിന് സെമിനാരി പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ചെയ്തു. **(2021 ഫെബ്രുവരി - ഏപ്രിൽ)**

15.18) വേദശാസ്ത്രത്തിൽ ഉപരിപഠനത്തിനായി വിദ്യാർത്ഥികളെ വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നത് സംബന്ധിച്ച്.

വേദശാസ്ത്രത്തിൽ ഉപരിപഠനത്തിനായി വിദ്യാർത്ഥികളെ വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുമ്പോൾ, അവരെ സ്പോൺസർ ചെയ്ത് അയയ്ക്കുന്ന ഇടവക മെത്രാപ്പോലീത്താമാർ തന്നെ ഒരു undertaking ഒപ്പിട്ട് നൽകുകയും, അതിന്റെ പകർപ്പ് സഭാകേന്ദ്രത്തി ലേക്കും എക്യുമെനിക്കൽ റിലേഷൻസ് ഓഫീസിലേക്കും അയച്ചു കൊടുക്കുകയും ചെയ്യേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2021 ഓഗസ്റ്റ്)**

15.19) വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്നവരിൽ അർഹരായവർക്ക് വിതരണം ചെയ്യത്തക്കവിധം പരിശുദ്ധ സഭയുടേതായി രൂപീകരിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള 'Malankara Orthodox Church Theological Education Fund -ന്റെ ബൈലോയ്ക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.

വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്നവരിൽ അർഹരായവർക്ക് വിതരണം ചെയ്യത്തക്കവിധം പരിശുദ്ധ സഭയുടേതായി രൂപീകരിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള **Malankara Orthodox Church Theological Education Fund -ന്റെ** ബൈലോയ്ക്ക് (Memorandum of Association & Rules and Regulations) പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തത്വത്തിൽ അംഗീകാരം നൽകി. **(2021 ഓഗസ്റ്റ്)**

15.20) നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയിലേക്കുള്ള അഡ്മിഷൻ സംബന്ധിച്ച്.

ബാഹ്യകേരളത്തിൽ സഭാ ശുശ്രൂഷ ചെയ്യുന്നതിന് തയ്യാറുള്ളവർക്ക് മാത്രം ഇനി മുതൽ നാഗ്പൂർ വൈദിക സെമിനാരിയിൽ പ്രവേശനം നൽകിയാൽ മതി എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2023 ഫെബ്രുവരി)**

15.21) കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകരുടെ Evaluation സംബന്ധിച്ച്.

കോട്ടയം വൈദിക സെമിനാരിയുടെ Service Rules അനുസരിച്ച് സെമിനാരി അദ്ധ്യാപകരുടെ Evaluation അഞ്ച് വർഷം കൂടുമ്പോൾ നടത്തുകയും, ആയതിന്റെ റിപ്പോർട്ട് സുന്നഹദോസിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. Evaluation Committee അംഗങ്ങളായി അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ എന്നിവരെ സുന്നഹദോസ് ചുമതലപ്പെടുത്തി. **(2023 ഓഗസ്റ്റ്)**

****

16. ആശ്രമങ്ങളും ദയറാകളും

16.1) ആശ്രമങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്.

എല്ലാ സന്യാസ ആശ്രമങ്ങളും ദയറാകളും പ. സുന്നഹദോസിന്റെ അനുവാദത്തോടുകൂടി മാത്രം ആരംഭിക്കേണ്ടതും, അവ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടേണ്ടതും, അവയുടെ ഉടമസ്ഥത സഭയ്ക്ക് ആയിരിക്കേണ്ടതും അവ സുന്നഹദോസിന് കീഴ്പ്പെട്ടിരിക്കേണ്ടതും ആകുന്നു. (സഭാ ഭരണഘടന 124 -ാം വകുപ്പ്) **(1977 ജൂലൈ)**

16.2) ആശ്രമ അംഗം മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെടുമ്പോൾ.

ഏതെങ്കിലും സന്യാസ സമൂഹാംഗം ഇടവക ഭരണമുള്ള മേൽപട്ട സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയാണെങ്കിൽ, അദ്ദേഹം ഏത് സമൂഹത്തിലെ അംഗമായിരിക്കുന്നുവോ ആ സമൂഹത്തിലുള്ള അദ്ദേഹത്തിന്റെ സജീവാംഗത്വം അവസാനിക്കുന്നതും, അദ്ദേഹം ആ സമൂഹത്തിൽ ഉത്തരവാദിത്വമുള്ള ഔദ്യോഗിക സ്ഥാനങ്ങൾ ഏറ്റുകൂടാത്തതും, അദ്ദേഹം ഇടവക ഭരണത്തിൽനിന്ന് റിട്ടയർ ചെയ്യുന്നെങ്കിൽ അദ്ദേഹത്തിന് സമൂഹത്തിലുള്ള സജീവാംഗത്വം പുതുക്കാവുന്നതുമാകുന്നു. **(1977 ജൂലൈ)**

16.3) വാകത്താനം വള്ളിക്കാട്ട് ദയറാ.

മലങ്കരയിലെ രണ്ടാമത്തെ കാതോലിക്കാ ആയിരുന്ന, വാകത്താനം കാരുചിറ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ താമസിച്ചിരുന്നതും, അദ്ദേഹം കബറടങ്ങിയിരിക്കുന്നതുമായ വള്ളിക്കാട്ട് ദയറായ്ക്കും പള്ളിക്കും മുമ്പിനാലെ വള്ളിക്കാട്ട് പള്ളിവകയായി ഉണ്ടായിരുന്നതും, പള്ളിയും ദയറായും ഇരിക്കുന്നതുമായ 2 ഏക്കർ 48 സെന്റ് സ്ഥലവും, ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ ഗീവർഗീസ് മാർ ഫീലക്സീനോസ് എന്ന പേരിൽ അങ്കമാലി, കോട്ടയം ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്താ ആയിരുന്ന കാലത്ത് സമ്പാദിച്ചിട്ടുള്ള സ്ഥലങ്ങളും നിലവും ഉൾപ്പെടെ ആകെ ആറ് ഏക്കർ 18 സെന്റ് ഭൂമിയാണ് ഉള്ളതെന്നും, അതിൽ പള്ളിക്ക് മുമ്പിനാലെ ഉണ്ടായിരുന്നതും പള്ളിയും ദയറായും ഇരിക്കുന്നതുമായ 2 ഏക്കർ 48 സെന്റ് സ്ഥലം മാത്ര

മാണ് ഇപ്പോൾ സഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വന്നിട്ടുള്ള തെന്നും, ബാക്കി സ്ഥലം ദയറായുടെയും പള്ളിയുടേയും മേൽനോട്ടം നടത്തിയിരുന്ന ഗീവർഗീസ് പ്രഥമൻ ബാവായുടെ സഹോദര പുത്രൻ കാരുചിറ (ചൂരപ്പാടിൽ) പുന്നൂസ് കത്തനാർ വിട്ടുതരാതെ കൈവശം വച്ചുകൊണ്ടിരിക്കുകയാണെന്നും, അയാളെ ചുമതലകളിൽ നിന്നും വിടുർത്തി പകരം ദയറാ മാനേജരും പള്ളി വികാരിയുമായി പേരങ്ങാട്ട് പി. കെ. സഖറിയാ കത്തനാരെ നിയമിച്ചിരിക്കുകയാണെന്നും, അവിടെ ഇപ്പോഴത്തെ കാതോലിക്കാ ബാവായുടെ കൽപനപ്രകാരം ആരംഭിച്ച് പണി പൂർത്തിയാകാതെ സ്ഥിതി ചെയ്തിരുന്ന പുതിയ പള്ളിയുടെ പണിയും, ദയറായുടെയും മറ്റും ജീർണ്ണോദ്ധാരണവും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണെന്നും കാതോലിക്കാ ബാവാ പ. സുന്നഹദോസിൽ പ്രസ്താവിച്ചു. **(1982 ജൂലൈ)**

16.4) പുതുപ്പാടി ആശ്രമസമൂഹം.

പുതുപ്പാടി ആശ്രമ സമൂഹത്തെ **Order of the Missionaries of Christ (O.M.C.)** എന്ന് സംബോധന ചെയ്യുന്നതിന് അനുവദിക്കണമെന്നുള്ള പ്രസ്തുത സമൂഹ സുപ്പീരിയറുടെ അപേക്ഷയെപ്പറ്റി ചിന്തിച്ചതിൽ, ചോദിച്ചിരിക്കുന്ന പേരിന് പകരം **Society of the Missionaries of Christ (S.M.C.)** എന്ന പേര് സ്വീകരിക്കുന്നതിന് പ. സുന്നഹദോസ് അനുവദിച്ചു. **(1983 ഫെബ്രുവരി)**

16.5) പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെ ഭരണഘടന. 1860 -ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 1975 ഡിസംബർ 1-ാം തീയതി രജിസ്റ്റർ ചെയ്തിട്ടുള്ള പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെ ഭരണഘടന പ. സുന്നഹദോസ് പരിശോധിച്ചതിൽ, പ്രസ്തുത ഭരണഘടന അതേപടി സ്വീകരിക്കുന്നതിന് പ്രയാസമാണെന്ന് അഭിപ്രായപ്പെടുകയും, എന്നാൽ എട്ട് കൊല്ലങ്ങൾക്ക് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ഭരണഘടന ആകയാൽ ഭേദഗതി ചെയ്ത മറ്റൊരു ഭരണഘടന ഉണ്ടാകുന്നതുവരെ അതനുസരിച്ച് സെന്റ് പോൾസ് ആശ്രമ കാര്യങ്ങൾ നടത്തുന്നതിന് അനുവദിക്കുകയും ചെയ്തു. പ്രസ്തുത ഭരണഘടന അതിന്റെ 17-ാം വകുപ്പനുസരിച്ച് ഭേദഗതി ചെയ്യുകയും, അങ്ങനെ ഉണ്ടാകുന്ന ഭരണഘടനയ്ക്ക് പ. സുന്നഹദോസിന്റെ അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണെന്ന് നിശ്ചയിച്ചു. **(1983 ജൂലൈ)**

16.6) മാർ അന്തോണിയോസ് ദയറാ, മല്ലപ്പള്ളി എന്ന സന്യാസ സമൂഹത്തിന്റെ നിയമാവലിക്ക് അംഗീകാരം.

മാർ അന്തോണിയോസ് ദയറാ, മല്ലപ്പള്ളി എന്ന സന്യാസ സമൂഹത്തിന്റെ നിയമാവലിക്ക് 2017 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2017 ഫെബ്രുവരി)**

16.7) ഭിലായ് സെന്റ് തോമസ് ആശ്രമത്തിന്റെയും ഭിലായ് സെന്റ് തോമസ് കോൺവെന്റിന്റെയും ഭരണഘടനകൾ സംബന്ധിച്ച്. ഭിലായ് സെന്റ് തോമസ് ആശ്രമത്തിന്റെയും, ഭിലായ് സെന്റ് തോമസ് കോൺവെന്റിന്റെയും ഭരണഘടനകൾക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2019 ഫെബ്രുവരി)**

16.8) ഓതറ സെന്റ് ജോർജ്ജ് ദയറായുടെ നിയമാവലി സംബന്ധിച്ച്.

ഓതറ സെന്റ് ജോർജ്ജ് ദയറായുടെ നിയമാവലിക്ക് 2020 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2020 ഫെബ്രുവരി)**

16.9) പരിശുദ്ധ സഭയിലെ സന്യാസ സമൂഹങ്ങളിൽ മേൽപ്പട്ടക്കാരുടെ അംഗത്വം സംബന്ധിച്ച്.

ഏതെങ്കിലും സന്യാസ സമൂഹാംഗം ഇടവക ഭരണമുള്ള മേൽപട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയാണെങ്കിൽ, അദ്ദേഹം ഏത് സമൂഹത്തിലെ അംഗമായിരിക്കുന്നുവോ ആ സമൂഹത്തിലെ അദ്ദേഹത്തിന്റെ സജീവാംഗത്വം തുടരാവുന്നതാകുന്നു എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. പരിശുദ്ധ സഭയിലെ എല്ലാ ആശ്രമങ്ങളുടെയും ദയറാകളുടെയും നിയന്ത്രണം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് ആയിരിക്കണമെന്നും സുന്നഹദോസിൽ തീരുമാനമായി. **(2018 ഫെബ്രുവരി)**

16.10) പരിശുദ്ധ സഭയിലെ ആശ്രമങ്ങളുടെയും, ദയറാകളുടെയും, കോൺവെന്റുകളുടെയും ക്രമീകൃതമായ നടത്തിപ്പിന് സഹായകമായ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ.

പരിശുദ്ധ സഭയിലെ ആശ്രമങ്ങളുടെയും, ദയറാകളുടെയും, കോൺ

വെന്റുകളുടെയും ക്രമീകൃതമായ നടത്തിപ്പിന് സഹായകമായ രീതിയിൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നിവർ ഉൾപ്പെടുന്ന സമിതി തയ്യാറാക്കിയ *പരിശുദ്ധ സഭയിലെ സന്യാസ സ്ഥാപനങ്ങൾക്കുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക്* പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2021 ഓഗസ്റ്റ് & 2022 ഫെബ്രുവരി)**

പ. സഭയിലെ സന്യാസ സ്ഥാപനങ്ങൾക്കുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ:

ഇവിടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, പുതുതായി ആരംഭിക്കുന്ന ആശ്രമങ്ങൾക്കും ദയറാകൾക്കും മഠങ്ങൾക്കും മാത്രമല്ല, ഈ ഗണത്തിൽപ്പെട്ടവയും ഇപ്പോൾ നിലവിലുള്ളതുമായ എല്ലാ സന്യാസ സ്ഥാപനങ്ങൾക്കും ബാധകമാക്കേണ്ടതാണെന്ന് കരുതുന്നു.

1. മുഖവുര.

മലങ്കര സഭാഭരണഘടന 124-ാം വകുപ്പ്.

സന്യാസ ആശ്രമങ്ങളോ അതുപോലുള്ള സ്ഥാപനങ്ങളോ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അനുമതിയോടുകൂടി മാത്രം തുടങ്ങേണ്ടതും, അവ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് കീഴ്പ്പെട്ടിരിക്കേണ്ടതും ആകുന്നു.

2. മലങ്കര സഭാഭരണഘടന 125-ാം വകുപ്പ്.

ടി സ്ഥാപനങ്ങളിലെ അംഗങ്ങളിൽ ആരെങ്കിലുമോ, എല്ലാവരുമോ ഈ സഭവിട്ട്, അന്യസഭയിലേക്കു പോകുന്നതായാൽ, അവർക്ക് ടി സ്ഥാപനങ്ങളിന്മേലും അവയുടെ വസ്തുവകകളിന്മേലുമുള്ള അവകാശം നശിച്ചുപോകുന്നതും, ടി സ്ഥാപനങ്ങളും സ്വത്തുക്കളും ഈ സഭ വകയായി എന്നും ഇരിക്കുന്നതുമാകുന്നു.

3. ഹൂദായ കാനോൻ.

ആചാര്യത്വം - പത്താം ഖണ്ഡിക - ദയറായക്കാരുടെ ഗണം.

എപ്പിസ്ക്കോപ്പായുടെ കൽപന പ്രകാരമല്ലാതെ ഒരു ദയറാക്കാരൻ ദയറാ നിർമ്മിച്ച് സഹോദരന്മാരെ ചേർത്തുകൂടാ. എല്ലാ ദയറാ

ക്കാരും എപ്പിസ്ക്കോപ്പായ്ക്ക് കീഴ്പ്പെട്ടിരിക്കേണ്ടതും, തങ്ങളുടെ ആലയം വിടുകയോ, ലൗകീക കാര്യങ്ങളിൽ ഉൾപ്പെടുകയോ, ചെയ്തുകൂടാത്തതും ആകുന്നു.

4. മീഖായേൽ സോബൊ പാത്രീയർക്കീസ്.

മോർ മത്തായിയുടെ ദയറായിലെ റീശുദയറായും, ദയറാക്കാരും മപ്രിയാനായുടെ കല്പനയ്ക്ക് കീഴ്പ്പെട്ടിരിക്കണം, അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരമല്ലാത്ത ചെറുതോ വലുതോ ആയ യാതൊരു കാര്യവും അവർ പ്രവർത്തിക്കരുത്.

5. വിശദീകരണം.

മേൽപ്പറഞ്ഞ സഭാ ഭരണഘടനാ വകുപ്പും, കാനോൻ നിബന്ധനകളും ചൂണ്ടിക്കാണിക്കുന്നത്, സഭയുടെ പ്രധാന മേലദ്ധ്യക്ഷനും, എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും സന്യാസസ്ഥാപനങ്ങളുടെ മേൽ, മേൽനോട്ടവും നിയന്ത്രണവും ആവശ്യം ഉണ്ടായിരിക്കണമെന്നത്രെ. സഭാചരിത്രത്തിൽ, സന്യാസഭവനങ്ങൾ ഇത്തരത്തിൽ ഉചിതമായ നിയന്ത്രണങ്ങൾക്ക് വിധേയമാകാതിരുന്ന സാഹചര്യങ്ങളിൽ ചിലപ്പോഴെങ്കിലും, വിശ്വാസ വിപരീതപരവും അല്ലാത്തതുമായ വഴിതെറ്റിൽ പെട്ടുപോയതായി കാണുന്നുണ്ട്.

മലങ്കര സഭയിലെ സന്യാസ സംഘങ്ങൾക്ക് ഒരു നൂറ്റാണ്ടിന്റെ ചരിത്രമേയുള്ളു. അതിന് മുമ്പ് അവിടവിടെ ഏകാന്തവാസികളായ സന്യാസികൾ ഉണ്ടായിരുന്നു. മലങ്കരയിൽ രണ്ടോ മൂന്നോ പേർ ഗുരുശിഷ്യരായി കഴിയുന്ന പാരമ്പര്യം ഉണ്ടായിരുന്നു. ഏകദേശം, ഒരു അനൗപചാരികമായ സന്യാസ സംഘം രൂപമെടുത്തത് പരുമല തിരുമേനിയുടെ നേതൃത്വത്തിലാവണം.

നമ്മുടെ സഭയിൽ നിലവിലുള്ള സന്യാസസംഘങ്ങൾ ഭൂരിഭാഗവും രാജ്യത്തെ നിയമപ്രകാരം സൊസൈറ്റി/ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. ചുരുക്കം ചില സമൂഹങ്ങൾ അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയല്ല എന്നാണ് മനസ്സിലാകുന്നത്. കേരളത്തിനുള്ളിലുള്ള സന്യാസ സംഘങ്ങൾ സൊസൈറ്റി/ട്രസ്റ്റ് ആയി മേലിൽ രജിസ്ട്രേഷൻ നടത്തേണ്ടതില്ല. കാരണം, അല്ലാതെ തന്നെ അവയുടെ കണക്കുകൾ സഭയുടെ പൊതു കണക്കിൽ ഉൾപ്പെടുത്തുക വഴി ഇൻകം ടാക്സ് ഇളവ് കിട്ടിക്കൊള്ളും. രണ്ടായാലും അവയെല്ലാം സഭാ ഭരണഘടനയും, കാനോനും അനുസരിച്ച് എപ്പി

സ്കോപ്പൽ സുന്നഹദോസിന് കീഴ്പ്പെട്ടിരിക്കേണ്ടതാണ് എന്ന നിയമം സുപ്രധാനമാണ്. വിശദാംശങ്ങൾ സഭാ ഭരണഘടനയിൽ നിർവചിച്ചിട്ടില്ലെങ്കിലും കീഴ്പ്പെട്ടിരിക്കുക എന്നത് തികച്ചും ശക്തമായ നിബന്ധന തന്നെയാണ്. സൊസൈറ്റി അഥവാ ട്രസ്റ്റ് എന്ന നിലയിൽ നിയമാനുസൃതമായ പ്രവർത്തന സ്വാതന്ത്ര്യമുണ്ടെന്നത് വസ്തുതയാണെങ്കിലും, സഭയിലെ സ്ഥാപനങ്ങൾ എന്ന നിലയിൽ അവയെല്ലാം എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് കീഴ്പ്പെട്ടിരിക്കേണ്ടതാണ്. ഇക്കാര്യം സന്യാസ സംഘങ്ങളുടെ ഭരണഘടനയിൽ ഇപ്പോൾ നിലവിലില്ലെങ്കിൽ, ഭേദഗതി വഴി ഉൾപ്പെടുത്തി എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരം വാങ്ങേണ്ടതാകുന്നു. അതനുസരിച്ച്, ആവശ്യം നേരിടുന്ന പക്ഷം, സന്യാസ സംഘങ്ങളുടെ കാര്യങ്ങളിൽ ഇടപെടാൻ എപ്പിസ്കോപ്പൽ സുന്നഹദോസിന് അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

പൊതുവേ പറഞ്ഞാൽ, ഓരോ സന്യാസ സംഘത്തിനും അതിന്റേതായ ഭരണഘടനയും (Constitution), ജീവിത നിയമങ്ങളുമുണ്ട് (Rules of life). പൗരസ്ത്യ ഓർത്തഡോക്സ് സന്യാസ പാരമ്പര്യങ്ങളുടെയും ആംഗ്ലിക്കൻ High Church സന്യാസ പാരമ്പര്യങ്ങളുടെയും രീതികൾ ഇവയിൽ പ്രതിഫലിച്ചു കാണുന്നുണ്ട്. ആദിമ പൗരസ്ത്യ ഋഷി പാരമ്പര്യ പ്രകാരമുള്ള സർവ്വസംഗ പരിത്യാഗം ശീലിക്കുന്ന സന്യാസ പ്രസ്ഥാനം മലങ്കരയിൽ ഉണ്ടായിട്ടില്ല. അതത് സമൂഹാംഗങ്ങളുടെ പ്രത്യേക വേഷവിധാനങ്ങൾ, സഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ അനുമതിയോടുകൂടി നിശ്ചയിക്കുന്ന രീതിയാണ് നിലവിലുള്ളത്.

സന്യാസ സ്ഥാപനങ്ങൾക്ക് ഏറ്റക്കുറച്ചിലുകളോടെ ഇതര വരുമാന മാർഗ്ഗങ്ങളുമുണ്ട്. പല സന്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുര ശുശ്രൂഷാ സ്ഥാപനങ്ങൾ, അനാഥ ശാലകൾ, അഗതി മന്ദിരങ്ങൾ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾ മുതലായവ നടത്തി വരുന്നു. ഇത്തരം സ്ഥാപനങ്ങൾ സന്യസ്ഥർക്ക് പ്രവർത്തന മേഖലകളും സാധ്യതകളും, സാമൂഹ്യ പ്രതിബദ്ധതയും നൽകുന്നു എന്നത് വാസ്തവമാണെങ്കിലും, അവരുടെ പ്രതിഷ്ഠാ ജീവിതത്തിന് ഒരളവുവരെ അവ തടസ്സമുണ്ടാക്കുന്നു എന്നത് നിഷേധിക്കാനാവില്ല.

അച്ചടക്കവും, പ്രതിഷ്ഠാ ജീവിതവുമുള്ള സന്യാസ ഭവനങ്ങൾ ധാരാളമായി ഉണ്ടാകേണ്ടത്, സഭയുടെ നിലനിൽപിനും ആത്മീക അഭിവൃദ്ധിക്കും അത്യന്താപേഷിതമാണ്. ആകയാൽ സഭയായി, ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയും ഉത്തേജനവും നൽകേണ്ടതാണ്.

6. പൊതുവായ നിർദ്ദേശങ്ങൾ.

1. മലങ്കര സഭാ ഭരണഘടനയുടെയും കാനോൻ നിബന്ധനകളുടെയും വെളിച്ചത്തിൽ, സഭയിലെ സന്യാസ സ്ഥാപനങ്ങളുടെ ആത്മീകവും ലൗകീകവുമായ സകല കാര്യങ്ങളുടെയും മേൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന് നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഈ നിയന്ത്രണങ്ങൾക്ക് വിധേയമാകാതെ പ്രവർത്തിക്കുവാൻ സന്യാസ സ്ഥാപനങ്ങൾക്ക് അനുവാദമില്ലാത്തതാകുന്നു.

2. പുതുതായി നിലവിൽ വരുന്ന സന്യാസ സ്ഥാപനങ്ങൾ സൊസൈറ്റി/ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്യുവാൻ പാടില്ല. ഏതെങ്കിലും അത്യാവശ്യമുണ്ടായാൽ പ. സുന്നഹദോസിന്റെ തീരുമാനത്തിനനുസരിച്ച് പ്രവർത്തിച്ചുകൊള്ളേണ്ടതാകുന്നു.

3. സന്യാസ സ്ഥാപനങ്ങൾ ഭൂസ്വത്തുക്കൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നതിന് പ. കാതോലിക്കാ ബാവായുടെ അനുമതി വാങ്ങേണ്ടതും, അങ്ങനെ വാങ്ങുന്ന വസ്തുക്കൾ അതത് സ്ഥാപനത്തിനുവേണ്ടി പ. ബാവാ തിരുമേനിയുടെ പേരിൽ ആയിരിക്കേണ്ടതുമാകുന്നു.

4. സന്യാസ സ്ഥാപനങ്ങളുടെ ചുമതലയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ. ബാവാ തിരുമേനിയുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

5. സന്യാസ ഭവനങ്ങൾ അവയുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ, ഭരണ സമിതി എന്നിവരെ തെരഞ്ഞെടുത്തശേഷം അംഗീകാരത്തിനായി പ. ബാവാ തിരുമേനിക്ക് സമർപ്പിക്കേണ്ടതാണ്.

6. ട്രസ്റ്റ്/സൊസൈറ്റി രജിസ്ട്രേഷനുള്ള സമൂഹങ്ങളുടെ വരവ്-ചെലവ് കണക്കുകൾ പ. സുന്നഹദോസിന്റെ അറിവിനും അംഗീകാരത്തിനുമായി വർഷം തോറും സമർപ്പിക്കേണ്ടതാണ്.

7. ടി രജിസ്ട്രേഷൻ ഇല്ലാത്ത സമൂഹങ്ങളുടെ വരവ്-ചെലവ് കണക്കുകൾ വർഷം തോറും പ. സുന്നഹദോസിനെ ബോധ്യപ്പെടുത്തി

അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

8. സന്യാസ സ്ഥാപനങ്ങളിലെ അച്ചടക്കം, ആത്മീക നിലവാരം, സാമ്പത്തിക അച്ചടക്കം, വ്രതപാലനം മുതലായവയെ വിലയിരുത്തി മൂന്ന് വർഷത്തിലൊരിക്കൽ പ. സുന്നഹദോസിൽ റിപ്പോർട്ട് ചെയ്യുന്നതിന് മൂന്ന് മേൽപ്പട്ടക്കാരടങ്ങുന്ന ഒരു എപ്പിസ്കോപ്പൽ മൊണാസ്റ്റിക് കമ്മറ്റിയെ പ. സുന്നഹദോസ് നിയോഗിക്കേണ്ടതാണ്.

9. വൈദിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത സന്യാസ വൈദികരെ ഇടവക വികാരിമാരായി നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

10. സാമ്പത്തിക ഭദ്രതയുള്ള സന്യാസ സംഘടനകൾ, അത്യാവശ്യ ഘട്ടങ്ങളിൽ സഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭയുടെ ആവശ്യങ്ങളിലേക്ക് സാമ്പത്തിക സഹായം നൽകേണ്ടതാണ്.

വിസിറ്റർ ബിഷപ്പ്.

11. ഓരോ സന്യാസ സമൂഹത്തിനും പ. സുന്നഹദോസ് നിയമിക്കുന്ന ഓരോ വിസിറ്റർ ബിഷപ്പ് ഉണ്ടായിരിക്കേണ്ടതാണ്. സാധാരണയായി അതത് സമൂഹത്തിന്, താത്പര്യമുള്ള ഇന്നയാളിനെ വിസിറ്റർ ബിഷപ്പായി കിട്ടിയാൽ കൊള്ളാം എന്ന് പ. ബാവാ തിരുമേനിയെ അറിയിക്കാവുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ച തീരുമാനം പ. സുന്നഹദോസിന്റേതായിരിക്കും.

12. വിസിറ്റർ ബിഷപ്പ്, അതത് സന്യാസ സമൂഹത്തിൽ, പ. കാതോലിക്കാ ബാവായുടെ പ്രതിനിധിയായി പ്രവർത്തിക്കേണ്ടതാണ്. സമൂഹം സംബന്ധിച്ച വിസിറ്റർ ബിഷപ്പിന്റെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും അദ്ദേഹം കാലാകാലങ്ങളിൽ പ. ബാവാ തിരുമേനിയെ അറിയിക്കേണ്ടതാണ്.

13. ഭരണഘടനാനുസരണം സാധാരണയായി മീറ്റിംഗുകളിൽ (ജനറൽ ബോഡി, ചാപ്റ്റർ, പ്രത്യേക മീറ്റിംഗുകൾ എന്നിവയിൽ) അദ്ധ്യക്ഷത വഹിക്കുന്നത് സമൂഹ സുപ്പീരിയർ ആണ്. പ്രസ്തുത മീറ്റിംഗുകളിൽ വിസിറ്റർ ബിഷപ്പ് അദ്ധ്യക്ഷത വഹിക്കണമെന്ന് സമൂഹത്തിന്റെ നിബന്ധനകളിൽ പറയുന്നുണ്ടെങ്കിൽ അത് തുടരേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ എല്ലാ യോഗങ്ങളിലും വിസിറ്റർ ബിഷപ്പ് സന്നിഹിതനായിരിക്കുകയും, ആലോചനകളും നിർദ്ദേശ

ങ്ങളും നൽകുകയും ചെയ്യേണ്ടതാണ്. ടി കമ്മറ്റികളുടെ തീരുമാന ങ്ങൾ വിസിറ്റർ ബിഷപ്പിന്റെ അനുമതിയോടുകൂടെ മാത്രമേ നടപ്പാ ക്കുവാൻ പാടുള്ളൂ.

14. കാലാകാലങ്ങളിൽ സമൂഹത്തിന്റെ വരവ്-ചെലവ് കണക്കുകൾ പരിശോധിക്കുന്നതിന് വേണ്ടിവരുന്ന പക്ഷം ആവശ്യമായ നിർദ്ദേ ശങ്ങൾ നൽകുന്നതിനും വിസിറ്റർ ബിഷപ്പിന് സ്വാതന്ത്ര്യമുണ്ടായി രിക്കും.

14(1). സന്യാസ സമൂഹത്തിൽ പുതിയ അംഗങ്ങളെ ചേർക്കുന്നത് അതത് സംഘത്തിന്റെ നിയമാവലി അനുസരിച്ചും, വിസിറ്റർ ബിഷ പ്പിന്റെ അറിവോടും അനുമതിയോടുംകൂടിയും ആയിരിക്കേണ്ടതാണ്.

15. സമൂഹാംഗങ്ങളുടെ പട്ടംകൊട, അച്ചടക്ക നടപടികൾ, ആരാധനാ ക്രമീകരണങ്ങൾ, ആരാധനയിലെ പങ്കാളിത്തം, സമൂഹാംഗങ്ങളുടെ വൈദീക ഉന്നത വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിൽ വിസിറ്റർ ബിഷപ്പിന്റെ തീരുമാനം അനുസരിച്ച് നടന്നുകൊള്ളേണ്ടതാണ്.

16. കാലാകാലങ്ങളിൽ സമൂഹം സന്ദർശിക്കുന്നതിനും ക്രമമായ ആരാധന, അച്ചടക്ക പരിപാലനം, സന്യാസ വ്രതപാലനം മുതലാ യവ വീഴ്ച കൂടാതെ, സമൂഹങ്ങളിൽ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും വിസിറ്റർ ബിഷപ്പിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

17. സാധാരണയായി വിസിറ്റർ ബിഷപ്പാണ് സമൂഹാംഗങ്ങളുടെ സന്യാസ സ്ഥാനദാനവും പട്ടംകൊടയും നടത്തേണ്ടത്. എന്നാൽ സമൂഹാംഗങ്ങളായ മേൽപട്ടക്കാർ ഉണ്ടായിരിക്കുന്ന പക്ഷം വിസി റ്റർ ബിഷപ്പിന്റെ സമ്മതത്തോടെ, അവർക്ക് പട്ടംകൊട നടത്താവു ന്നതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങളും, സഭാ പാരമ്പര്യങ്ങളും അനുസരിച്ച് നമ്മുടെ സന്യാസ ഭവനങ്ങൾ സഭയുടെ ആത്മീക സ്രോതസ്സുകളായി നിലനിൽക്കേണ്ടതാണ്. വ്രത പരിപാലനം, ആത്മീക വളർച്ച മുത ലായ കാര്യങ്ങൾക്ക് സമൂഹാംഗങ്ങൾ ഊന്നൽ നൽകേണ്ടതാണ്. സന്യാസ ജീവിതക്കാർ അവർക്കുവേണ്ടിയല്ല; കർത്താവിനും സഭയ്ക്കും വേണ്ടി ജീവിക്കുന്നവരാണെന്നുള്ള ബോധ്യം പ്രബല പ്പെടേണ്ടതുമാണ്. **(2021 ഓഗസ്റ്റ് & 2022 ഫെബ്രുവരി)**

16.11) പീരുമേട് മൂന്നാറ്റുമുക്ക് 'ഒലിവുമല ആശ്രമ'ത്തിന്റെ ഭരണ ഘടന അംഗീകരിക്കുന്നത് സംബന്ധിച്ച്.

വന്ദ്യ എം. എസ്. യൂഹാനോൻ റമ്പാന്റെ പ്രധാന ചുമതലയിൽ പീരുമേട് മൂന്നാറ്റുമുക്കിൽ ആരംഭിക്കുന്ന 'ഒലിവുമല ആശ്രമ'ത്തിന്റെ നിയമാവലിക്ക് സുന്നഹദോസ് അംഗീകാരം നൽകി. **(2023 ഫെബ്രുവരി)**

16.12) ശൂരനാട് മൗണ്ട് സീനായ് ആശ്രമത്തിന്റെ നിയമാവലിക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.

ശൂരനാട് മൗണ്ട് സീനായ് ആശ്രമത്തിന്റെ നിയമാവലിക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2024 ഫെബ്രുവരി)**

****

17. ആത്മീക സംഘടനകൾ: സൺഡേസ്ക്കൂൾ, വനിതാസമാജം, യൂത്ത്ലീഗ് ഇത്യാദി

17.1) സൺഡേസ്ക്കൂൾ

17.1.1. സൺഡേസ്കൂൾ പത്താംക്ലാസ്സ് പാസ്സായിട്ടുള്ളവർക്ക് *Weightage* കൊടുക്കുന്നതിനെപ്പറ്റി.

സൺഡേസ്കൂൾ പത്താംക്ലാസ് പാസ്സായിട്ടുള്ളവർക്ക് സഭാവക സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, സെമിനാരികൾ മുതലായ സ്ഥാപനങ്ങളിൽ പ്രവേശനമോ നിയമനമോ നൽകുന്നതിലും, മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽ പ്രവേശിക്കുന്നതിന് സ്പോൺസർ ചെയ്യുന്നതിലും അഞ്ചുമുതൽ പത്തുവരെ ശതമാനം മാർക്ക് വെയിറ്റേജ് ആയി കൊടുക്കേണ്ടതാണെന്ന് നിശ്ചയിച്ചു. **(1977 ജൂലൈ)**

17.1.2. സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ.

1. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം കമ്മിറ്റി തയ്യാറാക്കുന്ന സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ നമ്മുടെ സൺഡേസ്കൂളുകളിൽ ഉപയോഗിക്കത്തക്കവണ്ണം നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി കമ്മിറ്റിയും, കരിക്കുലം കമ്മിറ്റിയിലെ നമ്മുടെ സഭാംഗങ്ങളും യോജിച്ച് ആവശ്യമായ വ്യത്യാസങ്ങളും കൂടുതൽ അദ്ധ്യായങ്ങളും ഉണ്ടാക്കുന്നതിന് നിർദ്ദേശം കൊടുക്കണമെന്ന് നിശ്ചയിച്ചു. **(1979 ഫെബ്രുവരി)**

2. ബാഹ്യകേരളത്തിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി വിശ്വാസ കാര്യങ്ങൾ പ്രതിപാദിക്കുന്ന ലഘുപുസ്തകം ഇംഗ്ലീഷിൽ എത്രയും വേഗം പ്രസിദ്ധീകരിക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1998 ഫെബ്രുവരി)**

3. വിവിധ ക്ലാസ്സുകളിലേക്കുള്ള സൺഡേസ്കൂൾ പാഠപുസ്തകങ്ങൾക്ക് Hand Book കൂടി തയ്യാറാക്കേണ്ടതാണെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു. **(2004 ജൂൺ)**

17.1.3. സൺഡേസ്കൂൾ പ്രസ്ഥാനത്തിനായുള്ള കവർ പിരിവ്.

1. പല കവർ പിരിവുകൾ ഉള്ളതിനാൽ സാധാരണ രീതിയിൽ ഇടവക പള്ളികൾക്ക് പ. കാതോലിക്കാ ബാവാ കൽപന കൊടുത്ത് കവർ പിരിവ് നടത്തുന്നതിന് സൺഡേസ്കൂൾ പ്രസ്ഥാനത്തിന്

അനുമതി കൊടുക്കേണ്ടതില്ലെന്നും, എന്നാൽ കവർ പിരിവിനായി പ്രസ്ഥാന പ്രസിഡണ്ടിന് കൽപന അയയ്ക്കാമെന്നും, അങ്ങനെ അയയ്ക്കുന്ന കൽപന അതത് പള്ളി ഇടവകയിലെ സൺഡേ സ്കൂൾ യൂണിറ്റിനല്ലാതെ പള്ളി ഇടവകയ്ക്ക് പൊതുവായി അയ യ്ക്കരുതെന്നും, ഓരോ യൂണിറ്റിനും അയയ്ക്കുന്ന കൽപന പള്ളി യിൽ പൊതുവായി വായിക്കാവുന്നതാണെന്നും തീരുമാനിച്ചു. **(1979 ഫെബ്രുവരി)**

2. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയെ പരിഗണിച്ച് അതിന്റെ കവർപിരിവിന് സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിഡണ്ട് മെത്രാപ്പോലീത്താ കൽപന കൊടുക്കണമെന്നുള്ള മുൻതീരുമാനം വ്യത്യാസപ്പെടുത്തി, സഭാകേന്ദ്രത്തിൽനിന്നും പ. കാതോലിക്കാ ബാവാ കൽപന അയയ്ക്കേണ്ടതാണെന്ന് തീരുമാ നിച്ചു. **(1982 ജൂലൈ)**

3. സൺഡേസ്കൂൾ പരിപാടികൾ മറ്റ് അദ്ധ്യാത്മിക സംഘടനകളുടെ പരിപാടികളുമായി ഇടച്ചിൽ ഉണ്ടാകുന്നത് മാറ്റിത്തരണമെന്നുള്ള സണ്ടേസ്ക്കൂൾ ഡയറക്ടർ ജനറലിന്റെ കത്ത് ചർച്ച് ചെയ്യുകയും, അവർ മറ്റുള്ള സംഘടനകളുമായി ആലോചിച്ച് അതിന് പരിഹാരം കാണണമെന്ന് തീരുമാനിക്കുകയും ചെയ്തു. **(1995 ജൂലൈ)**

17.1.4. വാർഷിക വർക്ക്ഷോപ്പുകൾ

സൺഡേസ്കൂൾ അദ്ധ്യാപകർക്കും ആത്മീയ സംഘടനാ പ്രവർത്ത കർക്കും വാർഷിക വർക്ക്ഷോപ്പുകൾ ക്രമീകരിക്കേണ്ടതാണ്. കുടുംബ ആരാധനയ്ക്ക് പ്രാധാന്യം നൽകണം. ഫാമിലി കൗൺസ ലിംഗ് ക്യാമ്പുകൾ നടത്തുന്നതും നല്ലതാണ്. **(1996 ജൂലൈ)**

17.1.5. ബാഹ്യകേരള മെത്രാസനങ്ങളിൽ സൺഡേസ്കൂൾ ദിനം ആചരിക്കുന്നതിനെപ്പറ്റി.

ബാഹ്യകേരള മെത്രാസനങ്ങളിൽ യോഹന്നാൻ മാംദാനയുടെ ജനനദിവസം സൺഡേസ്കൂൾ ദിനമായി ആചരിക്കുന്നതിന് സൺഡേസ്കൂൾ അസോസിയേഷന് സുന്നഹദോസ് അനുവാദം നൽകി. **(2005 ജൂൺ)**

17.1.6. സൺഡേസ്കൂൾ ദിനം.

സൺഡേസ്കൂൾ അസ്സോസിയേഷൻ സമർപ്പിച്ച അപേക്ഷ പരിഗ

ണിച്ച്, സ്വർഗ്ഗാരോഹണത്തിന് ശേഷമുള്ള ഞായറാഴ്ച സൺഡേ സ്കൂൾ ദിനമായി ആചരിക്കുന്നതിന് അനുവദിച്ചു. **(2006 നവംബർ)**

17.1.7. ബാഹ്യകേരളാ സൺഡേസ്കൂൾ ദിനം സംബന്ധിച്ച്.

മായൽത്തോ (ഫെബ്രുവരി 2) പെരുന്നാളിന് ശേഷം വരുന്ന ഞായറാഴ്ച ബാഹ്യകേരളാ സൺഡേസ്കൂൾ ദിനമായി ആചരിക്കേണ്ടതാണ്. ഭാരതത്തിന് പുറത്ത് പ്രത്യേക പരിഗണന ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ സാഹചര്യം പരിഗണിച്ച് തീയതിയിൽ വ്യത്യാസം വരുത്തുന്നതിന് ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. **(2019 ഓഗസ്റ്റ്)**

17.1.8. യു. എ. ഇ. സൺഡേസ്കൂളിനെ സംബന്ധിച്ച്.

യു. എ. ഇ. സൺഡേസ്കൂളിനെ ബാഹ്യകേരളാ സൺഡേസ്കൂൾ റീജിയന്റെ കീഴിലുള്ള സബ്-റീജിയൺ ആയി ഉൾപ്പെടുത്തേണ്ടതാണ്. യു. എ. ഇ. ഇടവകകൾ ഉൾപ്പെടുന്ന മൂന്ന് ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ അഞ്ച് (5) വർഷ കാലാവധിയിൽ യു. എ. ഇ. സബ് റീജിയൺ പ്രസിഡണ്ടായി മാറിമാറി വരുന്നതാണ്. യു. എ. ഇ. ഇടവകകളിൽ നിന്നുള്ള ഓരോ വൈദികർ 3 വീതം വർഷത്തേക്ക് മാറിമാറി വൈസ് പ്രസിഡണ്ടായും, ടി ഇടവകകളിൽ നിന്നുള്ള ഒരു അദ്ധ്യാപക പ്രതിനിധി 5 വീതം വർഷത്തേക്ക് മാറിമാറി സബ്-റീജിയൺ ഡയറക്ടറായും പ്രവർത്തിക്കുന്നതാണ്. **(2019 ഓഗസ്റ്റ്)**

17.1.9. സൺഡേസ്കൂൾ പ്രസ്ഥാനം യു. കെ. - യൂറോപ്പ് - ആഫ്രിക്ക സോണും, അമേരിക്ക സോണും ഒരുമിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

സൺഡേ സ്കൂൾ പ്രസ്ഥാനം യു. കെ. - യൂറോപ്പ് - ആഫ്രിക്ക സോണും, അമേരിക്ക സോണും ഒരുമിച്ച് പ്രവർത്തിക്കുന്നത് കൂടുതൽ ഫലപ്രദമായിരിക്കും എന്നുള്ള അഭിവന്ദ്യ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശം പരിഗണിച്ച് സൺഡേസ്കൂൾ പ്രസ്ഥാനം യു. കെ. - യൂറോപ്പ് - ആഫ്രിക്ക സോണും, അമേരിക്ക സോണും ഒരുമിച്ച് പ്രവർത്തിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അനുമതി നൽകി. **(2023 ഫെബ്രുവരി)**

17.2) മർത്തമറിയം സമാജം.

17.2.1. ബാലികാ സമാജവും, മർത്തമറിയം സമാജദിനവും.

മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ ബാലികാസമാജം തുടങ്ങേണ്ടതാണെന്നും, ശൂനോയോ പെരുന്നാൾ ദിവസം (ദൈവമാതാവിന്റെ വാങ്ങിപ്പ്) ആയ ആഗസ്റ്റ് 15-ാം തീയതി 'മർത്തമറിയം സമാജ ദിന'മായി വേർതിരിക്കണമെന്നും തീരുമാനിച്ചു. **(1977 ജൂലൈ)**

17.3) പ്രാർത്ഥനാ യോഗം

17.3.1. പ്രാർത്ഥനാ യോഗങ്ങളുടെ നിയമാവലി

1. പ്രാർത്ഥനാ യോഗങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിയമാവലി തയ്യാറാക്കി സുന്നഹദോസിൽ അവതരിപ്പിക്കുന്നതിന് പ. സുന്നഹദോസിന്റെ 1987 ഫെബ്രുവരി യോഗം ചുമതലപ്പെടുത്തിയിരുന്ന അഭിവന്ദ്യ തോമസ് മാർ മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ, പ്രസ്തുത നിയമാവലിയുടെ നക്കൽ രൂപം സുന്നഹദോസിൽ വായിച്ച് സമർപ്പിച്ചത് വിശദമായ ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. **(1987 ജൂലൈ)**

2. ഇടവകകളിൽ ധ്യാന യോഗങ്ങളും പ്രാർത്ഥനാ യോഗങ്ങളും സംഘടിപ്പിക്കണം. അതിന് 'സുവിശേഷ സംഘം' ആദിയായവ ഉണ്ടാകുന്നത് നല്ലതാണ്. **(1992 ജൂലൈ)**

3. പ്രാർത്ഥനാ യോഗത്തിന്റെ സുഗമമായ നടത്തിപ്പിന് മറ്റ് ആത്മീയ സംഘടനകളെപ്പോലെ ഒരു മെത്രാപ്പോലീത്തായെ പ്രസിഡന്റായി നിയമിക്കുവാൻ തീരുമാനിച്ചു. **(1993 ജൂലൈ)**

4. ഇടവകകളിലെ പ്രാർത്ഥനാ ഗ്രൂപ്പുകളെ ആത്മീയമായും സാമൂഹികമായും ശക്തീകരിക്കുവാൻ ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഓരോ ഇടവകയിലും 'പ്രബോധക സംഘങ്ങൾ' രൂപീകരിക്കണം. **(2006 നവംബർ)**

17.3.2. അഖില മലങ്കര മദ്ധ്യസ്ഥപ്രാർത്ഥനാദിനം സംബന്ധിച്ച്.

സെപ്റ്റംബർ മാസത്തിലെ ആദ്യ ഞായറാഴ്ച മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം ആയി തീരുമാനിക്കണമെന്നുള്ള പ്രാർത്ഥനാ യോഗം സെക്രട്ടറിയുടെ കത്ത് യോഗം പരിഗണിച്ചു. സെപ്റ്റംബർ മാസത്തിലെ ആദ്യ ഞായറാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനമായി ആചരിക്കണ

മെന്ന് നിശ്ചയിച്ചു. **(1995 ജൂലൈ)**

സെപ്റ്റംബർ മാസത്തിലെ ആദ്യ ഞായറാഴ്ച അഖില മലങ്കര പ്രാർത്ഥനാ യോഗത്തിന്റെ ആഭിമുഖ്യത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായി നടത്തിവന്നിരുന്നതിന് മാറ്റം വരുത്തി, 2018 മുതൽ ഡിസംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച അഖില മലങ്കര മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനമായി ആചരിക്കുന്നതിന് സുന്നഹദോസിൽ തീരുമാനമായി. **(2017 ഓഗസ്റ്റ്)**

17.4) യുവജനപ്രസ്ഥാനം.

17.4.1. യുവജനപ്രസ്ഥാനത്തിന്റെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച്.

1. യുവജനപ്രസ്ഥാനത്തിന്റെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റം അവരുടെ പൊതുയോഗം ആലോചിച്ചു തീരുമാനിച്ചത് യോഗത്തിൽ അവതരിപ്പിക്കുകയും,യുവജനപ്രസ്ഥാനത്തിന്റെ തെരഞ്ഞെടുക്കപ്പെടാവുന്ന ഭാരവാഹികൾക്കും കമ്മറ്റിക്കാർക്കും ഉണ്ടായിരുന്ന കാലാവധി ഒരു വർഷം എന്നുള്ളത് മാറ്റി മൂന്നു വർഷമായി പുനഃക്രമീകരിക്കുകയും ചെയ്തു. **(1991 ഫെബ്രുവരി)**

2. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഭരണഘടനാ ഭേദഗതികൾക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2020 സെപ്റ്റംബർ)**

17.5) മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം (M. G. O. C. S. M.).

17.5.1. വിദ്യാർത്ഥി ദിനം.

M. G. O. C. S. M. പൊതുയോഗത്തിൽ അഭിപ്രായപ്പെട്ട വിദ്യാർത്ഥി ദിനത്തെക്കുറിച്ച് സുന്നഹദോസ് ചർച്ച ചെയ്തു. സ്കൂൾ തുറക്കുന്ന ജൂൺ 1-ാം തീയതി 'വിദ്യാർത്ഥി ദിന'മായി എല്ലാ ഇടവകയിലും ആചരിക്കുകയും അന്നേ ദിവസം രാവിലെ ദേവാലയങ്ങളിൽ പ്രത്യേക ശുശ്രൂഷകൾ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുകയും ചെയ്യണമെന്ന് സുന്നഹദോസ് യോഗം തീരുമാനിച്ചു. **(1988 ജൂലൈ)**

17.5.2. വിദൂര സ്ഥലങ്ങളിൽ പഠനത്തിനായി പോകുന്ന കുട്ടികളെ സംബന്ധിച്ച്.

വിദൂര സ്ഥലങ്ങളിൽ പഠനത്തിനായി പോകുന്ന കുട്ടികളുടെ പേരു

വിവരം ഇടവകകളിൽ നിന്ന് M. G. O. C. S. M. ഓഫീസിൽ നൽകണമെന്നും ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാകണമെങ്കിൽ ഇടവകകൾ കൂടുതൽ താത്പര്യത്തോടെ മുന്നോട്ട് വരണമെന്നും സുന്നഹദോസ് നിർദ്ദേശിച്ചു. **(2007 ഫെബ്രുവരി)**

17.6)മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റ്.

17.6.1. മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റ് പ്രോജക്ടുകൾ.

പ. സഭയുടെ മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റിന്റെ ചുമതലയിൽ നടപ്പാക്കുന്ന പുതിയ പദ്ധതിയായ **Christian Parenting**-ന് പ. സുന്നഹദോസ് പ്രവർത്തനാനുമതി നൽകി. **(2011 ആഗസ്റ്റ്)**

ഇടവക തലത്തിൽ 10-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് കൗൺസലിംഗ് നിർബ്ബന്ധമായും നൽകേണ്ടതാണെന്നും ഓരോ ഇടവകയിൽ നിന്നും പ്രഫഷണൽ മേഖലയിലും സർക്കാർ തലത്തിലും ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന വ്യക്തികളുടെ വിവരങ്ങൾ മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റിന്റെ ചുമതലയിൽ ശേഖരിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2013 ഫെബ്രുവരി)**

കേരളത്തിനുള്ളിലും കേരളത്തിന് പുറത്തുമായി 10-ാം ക്ലാസ്സ് മുതൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റി ന്റെ ചുമതലയിൽ, അതത് ഇടവകകളുടെ സഹകരണത്തോടെ ശേഖരിച്ച് സഭാകേന്ദ്രത്തിലും മെത്രാസന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരു തുടർ പ്രക്രിയയായി നിർവ്വഹിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. (2013 ഫെബ്രുവരി)

17.6.2. വിപാസന ഇമോഷണൽ സപ്പോർട്ട് സെന്റർ.

വൈകാരിക പ്രതിസന്ധിയിൽ ആയിരിക്കുന്നവരെയും ആത്മഹത്യാ പ്രവണത ഉള്ളവരെയും സാന്ത്വനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പരിശുദ്ധ സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള 'വിപാസന ഇമോഷണൽ സപ്പോർട്ട് സെന്റർ'ന്റെ പ്രവർത്തനങ്ങൾ എല്ലാ മെത്രാസനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ അഭിവന്ദ്യ പിതാക്കന്മാർ സ്വീകരിക്കേണ്ടതാണ് എന്ന് സുന്നഹദോസിൽ ധാരണയായി. **(2015 ഓഗസ്റ്റ്)**

17.7. പ. സഭയിലെ ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളുടെ ഭരണഘടനയിൽ വ്യത്യാസങ്ങൾ വരുത്തുന്നത് സംബന്ധിച്ച്......

ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളുടെ ഉത്തരവാദിത്തപ്പെട്ട ചുമതലകൾ മെത്രാപ്പോലീത്താമാരിലും വൈദീകരിലും നിക്ഷിപ്തമായിരിക്കേണ്ടതാണ്. അത്മായക്കാർക്ക് ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളുടെ ഭരണപരമായ രംഗങ്ങളിൽ വൈദീക സ്ഥാനികളുടെ മേൽനോട്ടത്തിൽ മാത്രം പങ്കാളിത്തം നൽകേണ്ടതാണ്. വൈദീക – അവൈദീക അംഗങ്ങളുടെ കൂട്ടായ സഹകരണം സഭാ ഭരണഘടനയുടെ അന്ത: സത്തയാണ്. **(1995 ജൂലൈ)**

നിയമനങ്ങൾ

(1). കേന്ദ്രതലം.

1. പ്രസിഡന്റ്.

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയനുസരിച്ച് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി എല്ലാ ആത്മീയ പ്രസ്ഥാനങ്ങളുടെയും പ്രസിഡന്റുമാരായി ഓരോ മെത്രാപ്പോലീത്താമാരെ നിയമിക്കുന്നു. ഈ നില തുടരേണ്ടതാണ്. മുൻ യോഗ നിശ്ചയ പ്രകാരം ഇതിന്റെ കാലാവധി 5 (അഞ്ച്) വർഷം ആയിരിക്കും. **(1995 ജൂലൈ)**

2. വൈസ് പ്രസിഡന്റ്.

പ്രസ്ഥാനത്തിന്റെ കേന്ദ്ര കമ്മിറ്റി മൂന്ന് വൈദീകരെ ഈ സ്ഥാനത്തേക്ക് ശുപാർശ ചെയ്യുകയും, അവരിൽ ഒരാളെ വൈസ് പ്രസിഡന്റായി പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയോടു കൂടി പ. ബാവാ തിരുമേനി നിയമിക്കേണ്ടതുമാണ്. ഇപ്പോൾ എല്ലാ വൈസ് പ്രസിഡന്റുമാരെയും പ്രസിഡന്റ് തന്നെ നിശ്ചയിക്കുന്നു. (വൈദീക സംഘം ഒഴിച്ച്). സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ജനറലായി ഒരു വൈദീകനെ പരിശുദ്ധ സുന്നഹദോസിന്റെ ശുപാർശയനുസരിച്ച് പ. ബാവാ തിരുമേനി നിയമിക്കുന്നതുകൊണ്ട് അദ്ദേഹം വൈസ് പ്രസിഡന്റ് എന്ന സ്ഥാനം കൂടി വഹിച്ചാൽ മതിയാകും. **(1995 ജൂലൈ)**

3. ജനറൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ട്രഷറാർ.

പ്രസ്ഥാനത്തിന്റെ കേന്ദ്ര കമ്മറ്റി മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്ക്

ഓരോന്നിനും മൂന്നു പേരെ വീതം ശുപാർശ ചെയ്യേണ്ടതും, ഓരോരുത്തരെ തൽസ്ഥാനങ്ങളിൽ പ്രസിഡന്റ് നിയമിക്കേണ്ടതുമാണ്. **(1995 ജൂലൈ)**

(2). മെത്രാസനതലം.

1. പ്രസിഡന്റ് : മെത്രാസന മെത്രാപ്പോലീത്താ.

2. വൈസ് പ്രസിഡന്റ്.

മെത്രാസനത്തിലെ വൈദീക യോഗത്തിന്റെ ശുപാർശയ നുസരിച്ച് ഓരോ പ്രസ്ഥാനത്തിനും ഓരോ വൈദീകരെ വൈസ് പ്രസിഡന്റുമാരായി മെത്രാസന മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്. ഭരണഘടന പ്രകാരം ഇപ്പോൾ മെത്രാസന വൈസ് പ്രസിഡന്റ് ഇല്ലാത്ത സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന് അത് ഉണ്ടാകേണ്ടതാകുന്നു. **(1995 ജൂലൈ)**

3. ജനറൽ സെക്രട്ടറി/ഡയറക്ടർ/ജോയിന്റ് സെക്രട്ടറി/ജോയിന്റ് ഡയറക്ടർ/ട്രഷറർ.

ഓരോ പ്രസ്ഥാനത്തിന്റെയും ഭദ്രാസന കമ്മിറ്റി മേൽ പറഞ്ഞ സ്ഥാനങ്ങളിലേക്ക് മൂന്നു പേരെ വീതം ശുപാർശ ചെയ്യുകയും, അവരിൽ ഒരാളെ വീതം തൽസ്ഥാനങ്ങളിലേക്ക് പ്രസിഡന്റ് നിയമിക്കുകയും ചെയ്യേണ്ടതാകുന്നു. **(1995 ജൂലൈ)**

(3). ഡിസ്ട്രിക്ട്/ഗ്രൂപ്പ്/മേഖലാ തലത്തിൽ ഇൻസ്പെക്ടർ/സെക്രട്ടറി/ഓർഗനൈസർ.

പ്രസ്ഥാനത്തിന്റെ മേൽപ്പറഞ്ഞ തലത്തിലുള്ള സ്ഥാനികളെ അതത് തലത്തിലുള്ള യോഗം തെരഞ്ഞെടുക്കേണ്ടതും, മെത്രാസന മെത്രാപ്പോലീത്താ അത് സ്വീകരിക്കുന്ന പക്ഷം നിയമിക്കേണ്ടതുമാണ്. **പൊതുവായത്:** പ്രസ്ഥാനങ്ങളുടെ പണം പ്രസിഡന്റിന്റേയും ട്രഷറാറുടേയും പേരിൽ ജോയിന്റ് അക്കൗണ്ടായി ബാങ്കിൽ നിക്ഷേപിക്കണം. ഇത് കേന്ദ്രം, മെത്രാസനം, ഇടവക എന്നീ തലത്തിൽ പ്രായോഗികമാക്കണം. ഇപ്പോൾ ചില പ്രസ്ഥാനങ്ങളിൽ അപ്രകാരം നടക്കുന്നില്ല. അവ മുൻ നിയമമനുസരിച്ച് നടപ്പാക്കേണ്ടതാണ്. **(1995 ജൂലൈ)**

17.8) പൊതുവായവ.

17.8.1. ആത്മീയ സംഘടനകളും, ഇടവക മെത്രാപ്പോലീത്താമാരും.

ഓരോ പള്ളി ഇടവകയിലുമുള്ള മർത്തമറിയം സമാജം, യുവജന പ്രസ്ഥാനം, ബാലസമാജം, സൺഡേസ്കൂൾ, സ്റ്റുഡന്റ് മൂവ്മെന്റ് എന്നിങ്ങനെയുള്ള ആദ്ധ്യാത്മീക സംഘടനകൾ ഇടവക വികാരിയുടെ നേതൃത്വത്തിൽ നടത്തുകയും, അവയുടെ മേൽനോട്ടം ഇടവക മെത്രാപ്പോലീത്തായ്ക്ക് ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ ആത്മീയ സംഘടനകളുടെ പൊതുവായ നയങ്ങൾ, പരിപാടികൾ, നടത്തിപ്പ് മുതലായ കാര്യങ്ങൾ അതത് സംഘടനകളുടെ പ്രസിഡന്റുമാരായ മേൽപട്ടക്കാരുടെ നേതൃത്വത്തിൽ നിശ്ചയിച്ച് നടപ്പിലാക്കുകയും, അവ സംബന്ധിച്ചുള്ള സംഘടനാ പ്രസിഡന്റുമാരുടെ പൊതുകൽപനകൾ ഇടവക മേൽപട്ടക്കാരുടെ അറിവിനായി അവർക്ക് അയച്ചുകൊടുക്കുകയും ചെയ്യണം. **(1979 ജൂലൈ)**

17.8.2. ആത്മീയ സംഘടനകൾക്കുള്ള ഗ്രാന്റ്.

തത്കാല സാഹചര്യത്തിൽ, മുമ്പ് 5000/- രൂപാ വീതം പ്രതിവർഷം ഗ്രാന്റ് കൊടുത്തുകൊണ്ടിരുന്ന എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും, ഒ. വി. ബി. എസ്. പ്രസ്ഥാനത്തിനും 8000/- രൂപാ വീതം ഗ്രാന്റ് കൊടുക്കണമെന്നും പുതുതായി ആരംഭിച്ച ബാലസമാജത്തിന് 3500/- രൂപാ ഗ്രാന്റ് കൊടുത്താൽ മതിയെന്നും സുന്നഹദോസ് തീരുമാനിച്ചു. **(1982 ജൂലൈ)**

17.8.3. മദ്യവർജ്ജന ധാർമ്മികോന്നമന സമിതി.

മദ്യവർജ്ജന ധാർമ്മികോന്നമന (ദുർവൃത്തി നിവാരണ) സമിതിയുടെ അദ്ധ്യക്ഷൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ സമർപ്പിച്ച സമിതിയുടെ ഭരണഘടനയെപ്പറ്റി പ. സുന്നഹദോസിൽ ചർച്ച ചെയ്തു. അതനുസരിച്ച് രണ്ട് വർഷം പ്രവർത്തിച്ചശേഷം അനുഭവത്തിന്റെ വെളിച്ചത്തിൽ വേണ്ട വ്യത്യാസങ്ങൾ വരുത്തി ആയത് സുന്നഹദോസിൽ വീണ്ടും സമർപ്പിച്ച് പാസ്സാക്കേണ്ടതാണെന്ന് നിശ്ചയിച്ചു. **(1983 ഫെബ്രുവരി)**

17.8.4. സഭയിൽ പ്രവർത്തിച്ചു വരുന്ന വിവിധ ആത്മീയപ്രസ്ഥാനങ്ങളുടെ വാർഷിക പരിപാടികളുടെ സമയക്രമീകരണം സംബന്ധിച്ച്.

സഭയിൽ പ്രവർത്തിച്ചു വരുന്ന വിവിധ ആത്മീയപ്രസ്ഥാനങ്ങളുടെ

വാർഷിക പരിപാടികൾ ഒരേ സമയത്തു തന്നെ ക്രമീകരിക്കുന്നതുമൂലം ബന്ധപ്പെട്ടവർക്ക് എല്ലാ പരിപാടികളിലും പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നു എന്നതിനാൽ ആദ്ധ്യാത്മീക സംഘടനകളുടെ പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും പരി. ബാവാ തിരുമേനി വിളിച്ചു കൂട്ടി ഒരു വാർഷിക പദ്ധതി (Yearly Plan) തയ്യാറാക്കേണ്ടതാണെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(2004 ജൂൺ)**

ആധുനിക തലമുറയ്ക്ക് സഭയുടെ വിശ്വാസ സത്യങ്ങളും പാരമ്പര്യങ്ങളും പകർന്നു നൽകുന്നതിന് മുതിർന്ന തലമുറയ്ക്കുള്ള ഉത്തരവാദിത്വം ഓർമ്മിപ്പിച്ചുകൊണ്ട് ഭദ്രാസന മെത്രാപ്പോലീത്താമാർ കൽപന അയയ്ക്കണം എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 നവംബർ)**

ബാഹ്യകേരളത്തിൽ വളർന്നുവന്ന തലമുറകളെ സംബോധന ചെയ്തുകൊണ്ട് spritually edifying ആയിട്ടുള്ള കൽപനകൾ പരിശുദ്ധ ബാവാ തിരുമേനിയും ഭദ്രാസന മെത്രാപ്പോലീത്താമാരും അയയ്ക്കേണ്ടതാണ് എന്ന് നിശ്ചയിച്ചു. **(2008 ആഗസ്റ്റ്)**

17.8.5. പരിശുദ്ധ സഭയിലെ മുതിർന്ന വ്യക്തികൾക്കായി ഒരു ആദ്ധ്യാത്മിക സംഘടന രൂപീകരിക്കുന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ 40 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്നവർക്കായി ***St. Dionysius Orthodox Forum*** എന്ന പേരിൽ ഒരു ആദ്ധ്യാത്മീക സംഘടന രൂപീകരിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2023 ഓഗസ്റ്റ്)**

17.8.6. പരിശുദ്ധ സഭയിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി ഒരു സംഘടന രൂപീകരിക്കുന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി ***St. Joseph Elders Forum*** എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2024 ഫെബ്രുവരി)**

****

18. വൈദികസംഘം, ശുശ്രൂഷകസംഘം

18.1) സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം.

1980 ഡിസംബറിൽ പരുമല സെമിനാരിയിൽ കൂടിയ അഖില മലങ്കര വൈദീക യോഗം അംഗീകരിച്ചിട്ടുള്ളതും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വൈദികർക്കുവേണ്ടി ആരംഭിച്ചിട്ടുള്ളതുമായ വൈദീക സംഘടനയുടെ പേര് **സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം** എന്നായിരിക്കണമെന്നും, ആവശ്യമായ വ്യത്യാസങ്ങൾ വരുത്തി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സ്വീകരിച്ച അതിന്റെ നിയമാവലിയുടെ ആദ്യരൂപം ആധാരമാക്കി ആയതിന്റെ പൂർണ്ണരൂപം പ്രസ്തുത സംഘടനയുടെ സെൻട്രൽ കമ്മറ്റി എഴുതി ഉണ്ടാക്കി എപ്പിസ്കോപ്പൽ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ സമർപ്പിച്ചതിനുശേഷം, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ സമർപ്പിച്ച് പാസ്സാക്കേണ്ടതാണെന്നു, പ്രസ്തുത സംഘടനയുടെ ആഭിമുഖ്യത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ പൊതു വൈദിക സമ്മേളനവും, രണ്ട് വർഷത്തിലൊരിക്കൽ മേഖലാ വൈദിക സമ്മേളനവും, ആണ്ടിലൊരിക്കൽ വാർഷിക മെത്രാസന വൈദിക സമ്മേളനങ്ങളും നടത്തേണ്ടതാണെന്നും, അതിലേക്കായി (1) കോട്ടയം ഉൾപ്പെടെ വടക്കുള്ള കേരള മെത്രാസനങ്ങൾ (കോട്ടയം, കണ്ടനാട്, കൊച്ചി, അങ്കമാലി, മലബാർ), (2) ക്നാനായ ഭദ്രാസനം ഉൾപ്പെടെ കോട്ടയത്തിനു തെക്കുള്ള കേരള മെത്രാസനങ്ങൾ (ക്നാനായ ഭദ്രാസനം, നിരണം, കൊല്ലം, തുമ്പമൺ, തിരുവനന്തപുരം), (3) കേരളത്തിന് വെളിയിലുള്ള മദ്രാസ്, ബോബെ, ഡൽഹി, കൽക്കട്ടാ, അമേരിക്ക എന്നീ അഞ്ച് ബാഹ്യകേരള മെത്രാസനങ്ങൾ എന്നിങ്ങനെ മൂന്ന് മേഖലകൾ ഉണ്ടായിരിക്കണമെന്നും, പ്രസ്തുത വൈദിക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ത്രൈമാസിക പ്രസിദ്ധപ്പെടുത്തണമെന്നും പ്രസ്തുത സംഘത്തിന്റെ രക്ഷാധികാരിയും പരമാദ്ധ്യക്ഷനും പ. കാതോലിക്കാ ബാവാ ആയിരിക്കുമെന്നും, അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സംഘത്തിന്റെ പ്രസിഡന്റും, അഭിവന്ദ്യരായ യാക്കോബ് മാർ പോളിക്കാർപ്പോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, ഗീവർഗീസ് മാർ ദീയസ്കോറോസ് എന്നീ മേൽപട്ടക്കാർ വൈസ് പ്രസിഡന്റുമാരും ആയിരിക്കുമെന്നും തീരുമാനിച്ചു. **(1981 ഫെബ്രുവരി)**

18.1.1. സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ നിയമാവലി.

സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഭരണഘടനയുടെ ഡ്രാഫ്റ്റ് തൽക്കാലം അംഗീകരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷം പ്രവർത്തിച്ചതിന്റെ ശേഷം അവസാനരൂപം നൽകുകയും ചെയ്താൽ മതിയെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1983 ഫെബ്രുവരി)**

18.1.2. വൈദിക സംഘം അംഗത്വഫീസ് സംബന്ധിച്ച്.

വൈദിക സംഘത്തിന്റെ അംഗത്വ ഫീസായ 10/- രൂപാ (പുരോഹിതൻ മാസികയുടെ വരിസംഖ്യ ഉൾപ്പെടെ) വൈദീകരിൽ നിന്ന് ഭദ്രാസന കേന്ദ്രത്തിൽ ഒരുമിച്ച് ഏൽപിക്കുന്നത് സൗകര്യപ്രദമാണ് എന്ന് സുന്നഹദോസ് നിർദ്ദേശിച്ചു. **(1988 ഫെബ്രുവരി)**

18.1.3. വൈദീക ക്ഷേമനിധി.

വൈദീകർക്ക് ഒരു ക്ഷേമനിധി (2 ലക്ഷം രൂപാ) സഭാകേന്ദ്രത്തിൽ നിന്നും, വ്യക്തികളിൽ നിന്നും പിരിച്ച് ഏർപ്പെടുത്തണം എന്ന് സുന്നഹദോസ് നിശ്ചയിച്ചു. (1988 ഫെബ്രുവരി)

18.1.4. വൈദിക സംഘം – വിവിധ മേഖലകൾ

വൈദിക സംഘത്തിന്റെ ഭരണഘടനയിൽ **3 region** എന്ന് നിശ്ചയിച്ചിരിക്കുന്നത് സൗകര്യാർത്ഥം മേലാൽ **6 region** എന്നാക്കണം. അങ്ങനെ ആക്കുമ്പോൾ 6 വൈസ് പ്രസിഡന്റുമാരും, 6 റീജിയണൽ സെക്രട്ടറിമാരും ഉണ്ടായിരിക്കേണ്ടതാണ്. **(1988 ഫെബ്രുവരി)**

18.1.5. വൈദികസംഘം ഭരണഘടന.

സെന്റ് തോമസ് വൈദിക സംഘത്തിന്റെ ഭരണഘടനയിൽ 3 റീജിയനുകളും, 3 ഉപാദ്ധ്യക്ഷന്മാരും എന്നുള്ളത്, 6 റീജിയനുകളും 6 ഉപാദ്ധ്യക്ഷന്മാരും എന്നായിരിക്കണമെന്നും, അവ താഴെ വിവരിക്കുന്ന പ്രകാരം ആയിരിക്കണമെന്നും സുന്നഹദോസ് തീരുമാനിച്ചു. (1988 ജൂലൈ)

(1) തെക്കൻ റീജിയൻ (Southern Region): തിരുവനന്തപുരം, കൊല്ലം, തുമ്പമൺ, ചെങ്ങന്നൂർ, നിരണം എന്നീ 5 ഭദ്രാസനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തെക്കൻ റീജിയനും, അതിന്റെ റീജിയണൽ

പ്രസിഡന്റ് ഗീവറുഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ആയിരിക്കണമെന്നും നിശ്ചയിച്ചു. **(1988 ജൂലൈ)**

(2) മദ്ധ്യ റീജിയൻ (Central Region): കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി, കണ്ടനാട്, അങ്കമാലി, കൊച്ചി, എന്നീ 6 ഭദ്രാസനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സെൻട്രൽ റീജിയനും, അതിന്റെ റീജിയണൽ പ്രസിഡന്റ് ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ ആയിരിക്കണമെന്നും നിശ്ചയിച്ചു. **(1988 ജൂലൈ)**

(3) വടക്കൻ റീജിയൻ (Northern Region) : കുന്നംകുളം, മലബാർ, സുൽത്താൻ ബത്തേരി എന്നീ 3 ഭദ്രാസനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വടക്കൻ റീജിയനും, അതിന്റെ റീജിയണൽ പ്രസിഡന്റ് പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പായും ആയിരിക്കണമെന്നും നിശ്ചയിച്ചു. **(1988 ജൂലൈ)**

(4) കേരളത്തിനു പുറത്ത് ഇൻഡ്യക്കകത്തുള്ള ബോംബെ, കൽക്കട്ടാ, ഡൽഹി, മദ്രാസ് എന്നീ 4 ഭദ്രാസനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു റീജിയനും, അതിന്റെ റീജിയണൽ പ്രസിഡന്റ് സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ആയിരിക്കണമെന്നും നിശ്ചയിച്ചു. **(1988 ജൂലൈ)**

(5) ഗൾഫ് ദേശത്തുള്ള എല്ലാ ഇടവകകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഗൾഫ് റീജിയനും, അതിന്റെ റീജിയണൽ പ്രസിഡന്റ് സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ആയിരിക്കണമെന്നും നിശ്ചയിച്ചു. **(1988 ജൂലൈ)**

(6) അമേരിക്കൻ ദേശത്തുള്ള ഇടവകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു അമേരിക്കൻ റീജിയനും, അതിന്റെ റീജിയണൽ പ്രസിഡന്റ് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ആയിരിക്കണമെന്നും നിശ്ചയിച്ചു. **(1988 ജൂലൈ)**

18.1.6. വൈദിക സംഘം ഡയറക്ടറി.

വൈദിക സംഘത്തിന്റെ ചുമതലയിൽ സഭയിലെ വൈദീകരുടെ ഡയറക്ടറി ഉണ്ടാക്കുന്നതിന് നിശ്ചയിച്ചു. **(1988 ഫെബ്രുവരി)**

18.1.7. അവിവാഹിതരായ പട്ടക്കാരുടെ കൂട്ടായ്മ സംബന്ധിച്ച്.

അവിവാഹിത പട്ടക്കാർക്കു വേണ്ടി ഒരു കൂട്ടായ്മ നല്ലതാണെന്നും, അതിന് ഒരു നിയമാവലി ആവശ്യമാണെന്നും സുന്നഹദോസ് നിശ്ച

യിച്ചു. വൈദിക സംഘത്തിന്റെ ത്രൈവാർഷിക സമ്മേളനം കൂടുന്ന അവസരത്തിൽ അവിവാഹിത പട്ടക്കാർക്കു വേണ്ടി ഒരു പ്രത്യേക സമ്മേളനം നടത്തണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. സുന്നഹദോസിൽ അവതരിപ്പിച്ച നിയമാവലി അംഗീകരിക്കുകയും, സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ആലോചിച്ച് ടി കൂട്ടായ്മയ്ക്ക് ഒരു പേര് നിർദ്ദേശിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു. **(2005 ഫെബ്രുവരി)**

18.1.8. പരിശുദ്ധ സഭയിലെ വൈദീക സ്ഥാനികളുടെ രാഷ്ട്രീയത്തിലുള്ള ഇടപെടലുകൾ സംബന്ധിച്ച്.

പരിശുദ്ധ സഭയിലെ വൈദീക സ്ഥാനികളുടെ രാഷ്ട്രീയ ഇടപെടലുകളുമായി ബന്ധപ്പെട്ട്, 2024 ജനുവരി മാസം 5-ാം തീയതി പരിശുദ്ധ ബാവാ തിരുമേനി പുറപ്പെടുവിച്ച MOSC/CMM/09/2024 നമ്പർ കൽപനയെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പരിപൂർണ്ണമായി പിന്തുണയ്ക്കുകയും, പരിശുദ്ധ സഭയിലെ വൈദിക സ്ഥാനികളിൽ ആരും തന്നെ യാതൊരു രാഷ്ട്രീയ പാർട്ടികളുടെയും പ്രചാരകർ ആകുവാനും, രാഷ്ട്രീയ പാർട്ടികളിൽ അംഗത്വം എടക്കുവാനും പാടില്ല എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിക്കുകയും ചെയ്തു. **(2024 ഫെബ്രുവരി)**

18.1.9. മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികർ ഇതര സഭകളുടെ ആരാധനകളിൽ സംബന്ധിക്കുമ്പോഴും, ഇതര സഭകളിലെ വൈദീകർ മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനകളിൽ സംബന്ധിക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച്. മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദീകർ ഇതര സഭകളുടെ ആരാധനകളിൽ സംബന്ധിക്കുമ്പോഴും, ഇതര സഭകളിലെ വൈദികർ മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനകളിൽ സംബന്ധിക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് 1977 ഫെബ്രുവരി സുന്നഹദോസിൽ കൈക്കൊണ്ടിട്ടുള്ള താഴെ പറയുന്ന തീരുമാനം മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികർ നിർബ്ബന്ധമായും പാലിച്ചിരിക്കേണ്ടാണ് എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു.

"*മലങ്കര ഓർത്തഡോക്സ് സഭയുമായി സംസർഗ്ഗമില്ലാത്ത ഇതര ക്രൈസ്തവ സഭകളിലെ കൂദാശാനുഷ്ഠാനങ്ങളിലും ആരാധനകളിലും പ്രാർത്ഥനകളിലും നമ്മുടെ മേൽപ്പട്ടക്കാരും പട്ടക്കാരും സംബ*

സ്ഥിക്കേണ്ടതായ ഒഴിച്ചുകൂടാത്ത സാഹചര്യം വന്നാൽ, കാർമ്മിക നടുത്ത അവരുടെ ശുശ്രൂഷകളും പ്രാർത്ഥനകളും നടത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ടതാകുന്നു എന്നും, മറ്റ് ക്രൈസ്തവ സഭക ളിലെ മേൽപ്പട്ടക്കാരും പട്ടക്കാരും നമ്മുടെ ശുശ്രൂഷകളിൽ സന്നി ഹിതരായാൽ കാർമ്മികനടുത്ത നമ്മുടെ ശുശ്രൂഷകളും പ്രാർത്ഥന കളും നടത്തുന്നതിൽ നിന്ന് അവരെയും ഒഴിച്ചുനിർത്തേണ്ട താകുന്നു." **(1977 ഫെബ്രുവരി, 2024 ഫെബ്രുവരി)**

18.2) ശുശ്രൂഷക സംഘം.

17.2.1. ശുശ്രൂഷകസംഘം രൂപീകരണം സംബന്ധിച്ച്.

സഭയിലെ എല്ലാ പള്ളികളിലെയും പള്ളി ശുശ്രൂഷകരെ സംഘടി പ്പിച്ച്, അവർക്കായി ഒരു സംഘടന രൂപീകരിക്കണമെന്നുള്ള കോട്ടയം മെത്രാസനത്തിലെ പള്ളി ശുശ്രൂഷകരുടെ അപേക്ഷ സുന്നഹദോസിൽ വായിച്ചു. സുന്നഹദോസ് യോഗം ഇതേപ്പറ്റി ചിന്തിച്ചതിൽ, എല്ലാ മെത്രാസനങ്ങളിലും മെത്രാസന അടിസ്ഥാന ത്തിൽ ശുശ്രൂഷകരുടെ സംഘങ്ങൾ രൂപീകരിക്കണമെന്നും, അവർക്ക് ആവശ്യമായ പരീശീലനങ്ങൾ നൽകണമെന്നും, ആയതിന് അതത് ഇടവക മെത്രാപ്പോലീത്താമാർ വേണ്ടത് പ്രവർ ത്തിക്കണമെന്നും നിശ്ചയിച്ചു. **(1987 ഫെബ്രുവരി)**

18.2.2. അഖില മലങ്കര അടിസ്ഥാനത്തിൽ ശുശ്രൂഷകരുടെ സംഘടന രൂപീകരിക്കുന്നത് സംബന്ധിച്ച്.

അഖില മലങ്കര അടിസ്ഥാനത്തിൽ ശുശ്രൂഷകരുടെ ഒരു സംഘടന രൂപീകരിക്കുന്നതിനും, അതിനാവശ്യമായ ഒരു ഭരണഘടന തയ്യാറാക്കുന്നതിനുമായി അഭിവന്ദ്യ തോമസ് മാർ അത്താനാ സിയോസ് മെത്രാപ്പോലീത്തായെയും, റവ. ഫാ. എം. പി ജോർജി നെയും സുന്നഹദോസ് ചുമതലപ്പെടുത്തി. **(2005 മാർച്ച്)**

18.2.3. അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം (AMOSS) ഭരണഘടന.

അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘത്തിന്റെ (AMOSS) ഭരണഘടന, സുന്നഹദോസ് അംഗങ്ങൾ നിർദ്ദേശിച്ച തായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി അംഗീകരിച്ചു. **(2005 ജൂൺ)**

18.2.4. വി. മദ്ബഹായിലെ ശുശ്രൂഷകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

1. ശുശ്രൂഷകർ വി. മദ്ബഹായിൽ പ്രവേശിക്കുന്നതിന് മുമ്പ് ശുശ്രൂഷക്കുപ്പായം നിർബ്ബന്ധമായും ധരിച്ചിരിക്കണം.

2. ആവശ്യമായ പരിശീലനം നേടി, ഇടവക മെത്രാപ്പോലീത്തായിൽ നിന്നും സർട്ടിഫിക്കേറ്റ് ലഭിച്ചവരെ മാത്രമേ വി. മദ്ബഹായിൽ പ്രവേശിപ്പിക്കാവൂ.

3. ഞായറാഴ്ച സന്ധ്യയുടെ നമസ്കാരം (ശനിയാഴ്ച വൈകിട്ട്), വി. ദേവാലയത്തിലെത്തി ശുശ്രൂഷ കുപ്പായം ധരിച്ച് നിർവ്വഹിക്കണം.

4. സന്ധ്യാ നമസ്കാരത്തെ തുടർന്ന് ശുശ്രൂഷകർ വി. കുമ്പസാരം നടത്തുകയോ, ഹൂസോയോ പ്രാപിക്കുകയോ ചെയ്യണം.

5. വി. കുർബ്ബാനയുടെ ചുമതലകൾ വികാരിയോ, വികാരി നിയോഗിക്കുന്ന ആളോ ശുശ്രൂഷകരെ ഏൽപിക്കുകയും, അവർ ആവശ്യമായ പരിശീലനം നേടുകയും ചെയ്യണം.

6. സന്ധ്യാനമസ്കാരത്തിനു ശേഷം എല്ലാ ശുശ്രൂഷകരും ചേർന്ന് വി. ത്രോണോസും, വി. മദ്ബഹായും വൃത്തിയാക്കണം.

7. വി. കുർബ്ബാനയ്ക്ക് ആവശ്യമായ അപ്പവീഞ്ഞുകൾ തയ്യാറാക്കുന്നതിന് എല്ലാ ശുശ്രൂഷകരും പഠിക്കേണ്ടതും (പ്രത്യേകിച്ച് കുർബ്ബാന അപ്പത്തിന് കുഴച്ചുവയ്ക്കുന്നതും, ആയത് ഉണ്ടാക്കുന്നതും), ആയത് മുറ നിശ്ചയിച്ച് മാറി മാറി ചെയ്യേണ്ടതുമാകുന്നു. (പ്രധാന ശുശ്രൂഷകന്റെ മേൽനോട്ടത്തിൽ ആവണം ഇത് ചെയ്യേണ്ടത്).

8. വി. കുർബ്ബാന സമയത്ത് വി. മദ്ബഹായിൽ പ്രവേശിക്കുന്നവർ ഉപവാസത്തോടും, യാമപ്രാർത്ഥനകൾ തികച്ചുകൊണ്ടും പ്രവേശിക്കേണ്ടതാണ്.

9. പ്രഭാത നമസ്കാരം ആരംഭിക്കുന്നതിനുമുമ്പുതന്നെ പള്ളിയിൽ എത്തി ശുശ്രൂഷക്കുപ്പായം ധരിച്ച് നമസ്കാരത്തിൽ പങ്കെടുക്കണം.

10. വി. മദ്ബഹായിലെ ശുശ്രൂഷകർ ധരിക്കുന്ന ശുശ്രൂഷക്കുപ്പായം പ. സഭയുടെ പാരമ്പര്യത്തിന് അനുസരിച്ചുള്ളതായിരിക്കണം.

11. ശുശ്രൂഷകർ തങ്ങളുടെ കുപ്പായത്തിനടിയിൽ വെള്ള പാന്റ്സ്, വെള്ള ഷർട്ട്, ജൂബ്ബാ എന്നിവ ധരിക്കണം; ടീ ഷർട്ട് ഒഴിവാക്കണം.

12. ശുശ്രൂഷകർ തങ്ങളുടെ കുപ്പായത്തോടൊപ്പം വി. വേദപുസ്തകം, വി. കുർബ്ബാനക്രമം എന്നിവ നിർബ്ബന്ധമായും കൊണ്ടുവരണം.

13. പ്രൊമിയോൻ- സെദറാ വായിച്ചുതീരുന്നതുവരെ ധൂപാർപ്പണം നടത്തിക്കൊണ്ടിരിക്കണം.

14. ശുശ്രൂഷക്കുപ്പായം ധരിക്കുമ്പോഴും, വി. ത്രോണോസ് മുത്തുമ്പോഴും ഉള്ള പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കി ചൊല്ലണം.

15. പഴയ നിയമം വായിക്കുന്ന സമയത്ത് ശുശ്രൂഷകർ എല്ലാവരും, നമസ്കാരത്തിൽ പങ്കെടുത്തപ്പോൾ എവിടെ നിന്നുവോ അവിടെത്തന്നെ ഇരുന്ന് വേദപുസ്തകം തുറന്ന്, വായിക്കുന്ന ഭാഗം മനസ്സിൽ വായിച്ചുകൊണ്ടിരിക്കണം.

16. പഴയ നിയമ വായനയ്ക്കു ശേഷം നിരയായി, ക്രമമായും, ചിട്ടയായും ശുശ്രൂഷകർ തെക്കുവശത്തുകൂടി മദ്ബഹായിൽ പ്രവേശിച്ച് വി. ഏവൻഗേലിയോൻ, വി. ത്രോണോസ് എന്നിവ മുത്തി ഇരുഭാഗങ്ങളിലായി നിരനിരയായി നിൽക്കണം.

17. വി. മദ്ബഹായിൽ കുറുകെ നടക്കുവാൻ അനുവാദമില്ല.

18. വി. മദ്ബഹായിൽ തെക്കുവശത്തുകൂടി പ്രവേശിക്കുവാനും, വടക്കുവശത്തുകൂടി ഇറങ്ങുവാനും പ്രത്യകം ശ്രദ്ധിക്കണം.

19. വി. കുർബ്ബാന സമയത്ത് വി. ബലിപീഠത്തിങ്കൽ ആവശ്യമില്ലാതെ വന്ന് കാർമ്മികന്റെ ശ്രദ്ധ മാറിപ്പോകാതിരിക്കുവാൻ ശ്രദ്ധിക്കണം.

20. ആരാധനാ മധ്യേ മദ്ബഹായിൽ അലക്ഷ്യമായി ഇരിക്കുവാനോ, സംസാരിക്കുവാനോ പാടുള്ളതല്ല.

21. ഒരു മെഴുകുതിരിയിൽ നിന്നും മറ്റൊരു മെഴുകുതിരി കത്തിക്കുമ്പോൾ, യാതൊരു കാരണവശാലും മെഴുക് ഉരുകി വി. ത്രോണോസിലോ, മദ്ബഹായിലോ വീഴുവാൻ ഇടയാകരുത്.

22. ധൂപാർപ്പണത്തിനായി ധൂപക്കുറ്റിയിൽ ക്രമത്തിലധികമായി കരി നിറയ്ക്കരുത്. ധൂപം വീശുന്നയാൾ അലക്ഷ്യമായി ധൂപക്കുറ്റി വീശി മദ്ബഹാ വൃത്തികേടാക്കരുത്.

23. മറുവഹ്സാ, കിലുക്കുമണി എന്നിവ ഭംഗിയായും ചിട്ടയായും കിലുക്കുന്നതിനും മറ്റും ശുശ്രൂഷകർ പ്രത്യേകം ശ്രദ്ധിക്കണം.

24. എല്ലാ ശുശ്രൂഷകരും ഒരുക്കത്തോടെ വന്ന് വി. കുർബ്ബാന അനുഭ

വിക്കണം. ശുശ്രൂഷകരിൽ പ്രായത്തിൽ മുതിർന്ന ആൾ മുതൽ ഇള യവൻ വരെയുള്ള ക്രമത്തിൽ വി. കുർബ്ബാന അനുഭവിക്കണം.

25. പരസ്പര ബഹുമാനത്തോടും സ്നേഹത്തോടും ശുശ്രൂഷകർ വർത്തിക്കുകയും, വികാരിമാരുടെ നിർദ്ദേശങ്ങൾ കർശനമായി അനു സരിക്കുകയും പാലിക്കുകയും ചെയ്യണം.

26. ആവശ്യമായ പരിശീലനം നേടാത്തവരെ വി. മദ്ബഹായിൽ പ്രവേശിപ്പിക്കരുത്.

27. വി. മദ്ബഹായിലെ ശുശ്രൂഷകരുടെ സേവന കാര്യങ്ങളിലെ പരിപൂർണ്ണ നിയന്ത്രണം വികാരിയിൽ നിഷിപ്തമായിരിക്കും. **(2010 ഫെബ്രുവരി)**

18.2.5. മദ്ബഹായിൽ ശുശ്രൂഷിക്കുന്നവർ നമസ്കാരം തുടങ്ങു ന്നതിന് മുമ്പ് ശുശ്രൂഷക്കുപ്പായം ധരിച്ച് ആരാധനയ്ക്കായി ഒരു ങ്ങേണ്ടതാണ്. നമസ്കാരം തുടങ്ങിക്കഴിഞ്ഞ് വരുന്നവർ വിശ്വാസി കളോടൊപ്പം താഴെ നിന്ന് ആരാധനയിൽ സംബന്ധിച്ചാൽ മതി യാകും. വി. മദ്ബഹായിലെ ശുശ്രൂഷകർ വികാരിയുടെയോ, വികാരി നിയമിച്ചാക്കുന്ന സീനിയർ ശുശ്രൂഷകന്റേയോ നിർദ്ദേശങ്ങൾ സ്വീക രിച്ച് മദ്ബഹായിലെ ശുശ്രൂഷകൾ അനുഗ്രഹപ്രദമായി നിർവ്വഹി ക്കേണ്ടതാണ്. **(2017 ഫെബ്രുവരി)**

****

19. ആത്മീയ നവോത്ഥാനം

19.1) ആത്മീയ നവോത്ഥാനം ഭദ്രാസനതലത്തിലും ഇടവകതലത്തിലും പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച്.

1. ആത്മീയ നവോത്ഥാനം കൈവരുത്തുന്നതിന് പട്ടക്കാർ ഇടവകയിൽ തന്നെ താമസിച്ച് പ്രവർത്തനങ്ങൾ നടത്തുകയും, രാവിലെയും വൈകിട്ടുമെങ്കിലും ദേവാലയത്തിൽ പ്രാർത്ഥന നടത്തുകയും, ക്രമമായി ഭവന സന്ദർശനം നടത്തി രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും, അംഗങ്ങൾക്ക് ആത്മീയാഭിവൃദ്ധി വരുത്തുവാൻ തക്കവണ്ണം പരിപാടികൾ നടത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. പട്ടക്കാർ അങ്ങനെ വീടു വിട്ട് ഇടവകയിൽ വന്ന് താമസിക്കുമ്പോൾ അതിന്റെ ചെലവുകൾ നടത്തത്തക്കവണ്ണം പട്ടക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതാണ്. മാനേജിംഗ് കമ്മറ്റിയിൽ ഇത് ചർച്ച ചെയ്തിട്ടുള്ളതും ശമ്പളം വർദ്ധിപ്പിക്കുവാൻ സുന്നഹദോസ് കമ്മിറ്റിയെ നിയമിക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ഇപ്പോഴുള്ള ശമ്പള പദ്ധതി വൈദിക ശമ്പളത്തിന്റെ ഏകീകരണത്തിന്റെ ഒരു പ്രാരംഭ നടപടി മാത്രമാണ്. അതിന്റെ പോരായ്മകളെല്ലാം മാറ്റി, ഇടവകയിൽ താമസിച്ച് പ്രവർത്തിക്കുന്ന പട്ടക്കാർക്ക് അതിനാവശ്യമായ ചെലവുകൾ വഹിക്കുവാൻ തക്കവണ്ണവും, പ്രോവിഡന്റ് ഫണ്ട്, ലീവിന്റെ വ്യവസ്ഥകൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ടും പൂർണ്ണമായ ഒരു ശമ്പളപദ്ധതിക്ക് രൂപം കൊടുക്കുവാൻ അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു വൈദിക ശമ്പള വർദ്ധന കമ്മറ്റിയെ സുന്നഹദോസ് നിശ്ചയിച്ചു. **(1991 ജൂലൈ)**

2. ബൈബിൾ സൊസൈറ്റിയുടെയും മറ്റും സഹായത്തോടെ മലയാളത്തിലുള്ള ഒരു പുതിയ നിയമം (സങ്കീർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയത്) എങ്കിലും സത്യവിശ്വാസികളുടെ ഓരോ കുടുംബത്തിലും ഉണ്ടാകുന്നതിനു വേണ്ടിയുള്ള ഒരു സംരംഭം ഓരോ ഇടവകയിലും ഉണ്ടാകണം. മൂന്നു രൂപാ വിലയ്ക്കു കിട്ടുന്ന ഈ പുസ്തകം അതിലും കുറഞ്ഞ വിലയ്ക്കു പാവപ്പെട്ടവരുൾപ്പെടെ വിശ്വാസികളായ എല്ലാവരുടെയും ഗൃഹങ്ങളിൽ എത്തിച്ചുകൊടുക്കുവാനുള്ള പദ്ധതി ഭദ്രാസനതലത്തിൽ ക്രമീകരിക്കണം. എല്ലാ ദിവസവും വേദപുസ്തകത്തിന്റെ ഒരു അദ്ധ്യായമെങ്കിലും വീട്ടിലുള്ളവർ

ഒരുമിച്ചിരുന്ന് വായിക്കുന്ന ഒരു പതിവ് എല്ലാ വീടുകളിലും ഉണ്ടാകണം. **(1991 ജൂലൈ)**

3. കുടുംബ പ്രാർത്ഥനാ ക്രമത്തിന്റെ ഒന്നോ അതിൽ കൂടുതലോ കോപ്പികൾ എല്ലാ ഭവനത്തിലും ഉണ്ടായിരിക്കത്തക്കവണ്ണം ഇടവക തലത്തിലും, ഭദ്രാസന തലത്തിലും ക്രമീകരിക്കുകയും, കുടുംബ പ്രാർത്ഥന എല്ലാ ഭവനങ്ങളിലും വേദവായനയോടു കൂടി നടത്തണമെന്നു പഠിപ്പിക്കു കയും വേണം. ഇതു കൂടാതെ സന്ദർഭോചിതമായ പ്രാർത്ഥനകൾ, ധ്യാനപ്രാർത്ഥനകൾ എന്നിവയടങ്ങിയ പുസ്തകങ്ങളും വിശ്വാസികൾക്ക് നൽകണം. **(1991 ജൂലൈ)**

4. ഓരോ ഇടവകയിലും പ്രത്യേകിച്ച് ശനിയാഴ്ച ദിവസമെങ്കിലും യാമ പ്രാർത്ഥനകൾ നടത്തുവാനും, അതിൽ വിശ്വാസികളെ സംബന്ധിപ്പിക്കുവാനും ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. **(1991 ജൂലൈ)**

5. വിശ്വാസികൾക്കാവശ്യമായ മറ്റു പുസ്തകങ്ങളും, ലഘുലേഖകളും ഇടവക തോറും വിതരണം ചെയ്യുകയോ വിൽക്കുകയോ ചെയ്യുവാൻ ഭദ്രാസനതലത്തിൽ ക്രമീകരണം ചെയ്യണം. (വിഷയങ്ങളുടെ ഉദാഹരണം: ശിശു സ്നാനം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, മദ്യവർജ്ജനം പോലുള്ള സാമൂഹ്യ പ്രസ്ഥാനങ്ങൾ, സഭയുടെ വിശ്വാസം മുതലായവ). ഓരോ ഇടവകയിലും ഗ്രന്ഥശാലകളും ബുക്ക് ഷോപ്പുകളും ഉണ്ടാവുകയും, ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾ വിതരണം ചെയ്യുകയും വേണം. **(1991 ജൂലൈ)**

6. ഭവന സന്ദർശനം, രോഗികളെ സന്ദർശിക്കുക, മുതലായവ വികാരിമാർ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുകയും, ഭവന സന്ദർശന ഡയറി സൂക്ഷിക്കുകയും, മൂന്നു മാസത്തിലൊരിക്കൽ അതുവരെ ചെയ്തിട്ടുള്ള ഭവന സന്ദർശനം, ആശുപത്രി സന്ദർശനം എന്നിവയെക്കുറിച്ചുള്ള റിപ്പോർട്ട് ഭദ്രാസന കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കുകയും വേണം. ഇതു കൂടാതെ, ഓരോ ഇടവകയിലും ആദ്ധ്യാത്മീകമായി വളർച്ച പ്രാപിച്ചിട്ടുള്ളവരുടെ ഒരു പാനലിൽ നിന്ന് ചെറിയ ഗ്രൂപ്പുകൾ ഭവനസന്ദർശനവും, രോഗികളെ സന്ദർശിക്കലും മറ്റും നടത്തി പ്രാർത്ഥനകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. **(1991 ജൂലൈ)**

7. പ്രാർത്ഥനാ യോഗങ്ങൾ സഭയുടെ ആത്മീയ നവോത്ഥാനത്തിന്റെ പ്രത്യേക ഉപാധിയാണ്. ഈ പ്രാർത്ഥനാ യോഗങ്ങൾ ഓരോ ഇടവകയിലും - സംഖ്യയിലും കാര്യക്ഷമതയിലും - വളരണം. പ്രാർത്ഥനാ യോഗത്തിൽ തിരുവചനഭാഷ്യത്തെ അടിസ്ഥാനമാക്കി വേദപുസ്തക പഠനം നടത്തണം. ദിവ്യബോധനം പദ്ധതിയിലേക്കുള്ള പുസ്തകങ്ങൾ പതിവായി പ്രാർത്ഥനാ യോഗങ്ങളിൽ പഠിപ്പിക്കണം. അതിന് ഇടവക വികാരിമാർ നേതൃത്വം കൊടുക്കുകയും, പരിശീലനവും പരിചയവും പക്വതയുമുള്ള ഇടവകാംഗങ്ങളെ ഇതിന് നേതൃത്വം കൊടുക്കുന്നതിന് വികാരിമാർ മുൻകൈ എടുത്ത് ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതാണ്. **(1991 ജൂലൈ)**

8. ഭദ്രാസനതലത്തിൽ ഒരു പാരീഷ് മിഷൻ പാനൽ ഉണ്ടാക്കേണ്ടതും, ഇടവകകളിൽ പ്രതിവർഷ പാരീഷ് മിഷൻ നടത്തുന്നതിന് ഭദ്രാസനത്തിൽ നിന്ന് ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്. **(1991 ജൂലൈ)**

9. ഓരോ ഇടവകയിലും ആദ്ധ്യാത്മീക സംഘടനകൾക്ക് നേതൃത്വം കൊടുക്കുവാൻ സാധിക്കുന്ന അത്മായക്കാർക്ക് പ്രത്യേക പരിശീലനം കൊടുക്കുവാൻ വേണ്ടി ഇടദിവസങ്ങളിൽ ഇടവക വികാരിയും മറ്റുള്ളവരും ക്ലാസ്സുകൾ എടുക്കേണ്ടതാണ്. **(1991 ജൂലൈ)**

10. ജനങ്ങൾ അഭിമുഖീകരിക്കുന്ന ജീവിത പ്രശ്നങ്ങളിൽ അവർക്ക് ആവശ്യമായ ഉപദേശവും, ആദ്ധ്യാത്മീക സഹായവും നൽകുന്നതിന് പ്രത്യേകമായി കൗൺസലിംഗ് പരിശീലനമുള്ള ആളുകളുടെ ഒരു പാനൽ ഭദ്രാസന തലത്തിലും, വലിയ ഇടവകകളിലും, സഭാവക കോളേജുകളിലും ഉണ്ടാകുന്നതിന് കേന്ദ്രവും ഭദ്രാസനങ്ങളും മുൻകൈ എടുക്കണം. **(1991 ജൂലൈ)**

11. ഇടവകയിലെ പൊതു ആരാധന ജനങ്ങളുടെ ആദ്ധ്യാത്മീക വളർച്ചയ്ക്ക് കൂടുതൽ സഹായകരമാകത്തക്കവണ്ണം പല കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ചിലതു മാത്രം ചുവടെ ചേർക്കുന്നു: **(1991 ജൂലൈ)**

11.1. വി. കുർബ്ബാനയിൽ എല്ലാവരും ആദ്യം മുതൽ അവസാനം വരെ ഭക്തിപൂർവ്വം സംബന്ധിക്കുകയും, എല്ലാവരും വി. കുർബ്ബാന അനുഭവിക്കുകയും വേണം.

11.2. വിശുദ്ധ കുമ്പസാരത്തിൽ പ്രത്യേക പരിശീലനം വൈദികർക്കും, അത്മായക്കാർക്കും നൽകേണ്ടതാണ്.

11.3. ഹൂസോയോ കൊടുക്കുന്നത് വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പായിരിക്കണം. വി. കുർബ്ബാനയിൽ ആദ്യം മുതലേ സംബന്ധിക്കാത്തവർക്ക് ഹൂസോയോ കൊടുക്കുകയോ വി. കുർബ്ബാന കൊടുക്കുകയോ ചെയ്തുകൂടാ.

11.4. വി. കുർബ്ബാനയിലായാലും വിവാഹ ശുശ്രൂഷയിലായാലും ഗായകസംഘത്തിൽ വിശ്വാസികൾ മാത്രമേ പങ്കെടുക്കാവൂ. സഭാംഗങ്ങളല്ലാത്തവർ ആരാധനാ ഗായകസംഘത്തിലോ, വിവാഹശുശ്രൂഷ മുതലായവയോടനുബന്ധിച്ചുള്ള ഗായസംഘങ്ങളിലോ പാടുന്നത് നിരോധിക്കണം. സഭയുടെ ശുശ്രൂഷാ ഗാനങ്ങൾ ഒരുമിച്ച് പാടുകയും, ഗായകസംഘം അവരോടൊരുമിച്ച് മാത്രം പാടുകയും ചെയ്യേണ്ടതാണ്.

11.5. ആരാധനാശുശ്രൂഷകളിൽ വലിയ ശബ്ദമുണ്ടാക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കണം.

11.6. വി. കുർബ്ബാനയപ്പം ഉണ്ടാക്കുന്നതിനുള്ള അച്ച് കൂടുതൽ വലുപ്പത്തിൽ ഉണ്ടാക്കുകയും, അതനുസരിച്ച് വലിപ്പമുള്ള വലിയ പീലാസാകൾ ഉണ്ടാക്കുകയും വേണം. **(1991 ജൂലൈ)**

12. സഭയ്ക്ക് ഒരു ആത്മീയ നവോത്ഥാനം ഉണ്ടാകുവാൻ തക്കവണ്ണം സഭയിലെ വൈദീകരെ പരിശീലിപ്പിക്കേണ്ടതാണെന്നും, അത് ഭദ്രാസന തലത്തിൽ ഇടവക മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണെന്നും തീരുമാനിച്ചു. കൂടാതെ, സഭാതലത്തിൽ ഇതിനെ ഏകോപിപ്പിക്കുവാൻ തക്കവണ്ണം ഒരു 'സ്പിരിച്ചൽ ഡവലപ്പ്മെന്റ് ബോഡി' ഓരോ ഭദ്രാസനത്തിൽ നിന്നും താത്പര്യമുള്ള രണ്ട് വീതം വൈദികരെ ചേർത്ത് ഉണ്ടാക്കുന്നതിന് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയെയും അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെയും യോഗം ചുമതലപ്പെടുത്തി. ആത്മീയ നവോത്ഥാന പദ്ധതി പൂർണ്ണമായും നടപ്പാക്കുവാൻ സഭയിലെ ഓരോ കുടുംബങ്ങളിലും കുടുംബ പ്രാർത്ഥനകൾ ക്രമമായും കാര്യക്ഷമമായും നടത്തുവാൻ വൈദീകർ നിഷ്കർഷിക്കേണ്ടതാണ്. കൂടാതെ, വാർഷിക ക്യാംപുകൾ, ആത്മീയ പ്രവൃത്തി പരിചയ ക്ലാസ്സുകൾ, ക്രിസ്തീയ കുടുംബോദ്ധാരണ പദ്ധതികൾ, ബൈബിൾ പഠനങ്ങൾ ഇവ ഇടവക തലത്തിൽ നടത്തേണ്ടതാണ്. കുടുംബ പ്രാർത്ഥനകൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടും,

സഭാ വിശ്വാസങ്ങളും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഒരു സണ്ടേസ്ക്കൂൾ കരിക്കുലം ഉണ്ടാക്കുന്നതിനും യോഗം തീരുമാനിച്ചു. കൂടാതെ, പ. സഭയുടെ പാരമ്പര്യത്തിനൊത്തവണ്ണം ദൈവസാന്നിദ്ധ്യത്തെ പ്രതിബിംബിപ്പിക്കുന്നതായ മെഴുകിതിരികളും, എണ്ണ തിരികളും തന്നെ ആരാധനയിൽ വിശുദ്ധ ത്രോണോസുകളിലും പ്രാർത്ഥനകളിലും ഉപയോഗിക്കേണ്ടതാണ്. മെഴുകുതിരി എരിഞ്ഞു തീരുന്നതു പോലെ നാം ദൈവത്തിനുവേണ്ടിയും, സഭയ്ക്കും സമൂഹത്തിനും വേണ്ടിയും എരിഞ്ഞു തീരണമെന്ന തത്വം നമ്മിൽ ഉണ്ടാവേണ്ടത് ആവശ്യമാണ്. **(1996 ജൂലൈ)**

19.2) സഭയ്ക്ക് ഒരു സെൻട്രൽ മിഷൻ ഫോർ റിന്യൂവൽ രൂപികരിക്കുന്നത് സംബന്ധിച്ച്

1. എല്ലാ ഭദ്രാസനങ്ങളിലും റിന്യൂവലിനു വേണ്ടി പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും, അതിന് ഭദ്രാസന തലത്തിൽ ആളുകളെ തെരഞ്ഞെടുത്ത് സംഘടിപ്പിച്ച് പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും യോഗം തീരുമാനിച്ചു. അതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുത്ത് ചെയ്യേണ്ടത് ഇപ്പോൾ വളരെ ആവശ്യമാണ്. **(1994 ഫെബ്രുവരി)**

2. പ. സഭയുടെ ആത്മീയ നവോത്ഥാനത്തിന്റെ ഭാഗമായി, An Orthodox Peace Centre/ Renewal Centre, A Centre for the Spiritual Renewal of the Youth, A Conference and Retreat Centre എന്നീ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായി ഒരു കേന്ദ്രം നിർമ്മിക്കണം. ഇത് കാരാപ്പുഴയിൽ സഭ വകയായി ഉള്ള സ്ഥലത്ത് പണിയണമെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(2006 നവംബർ)**

****

20. വിടുതൽ ഗ്രൂപ്പ്, മറ്റ് നവോത്ഥാന പ്രസ്ഥാനങ്ങൾ

20.1) വിടുതൽ പ്രസ്ഥാനം.

വിടുതൽ ഗ്രൂപ്പ് എന്നറിയപ്പെടുന്ന പ്രസ്ഥാനത്തെ സംബന്ധിച്ചുള്ള സഭയുടെ നിലപാട് സഭാംഗങ്ങളെ അറിയിക്കത്തക്കവണ്ണം പ. സുന്ന ഹദോസ് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന അംഗീകരിച്ചു. **(1978 ജൂലൈ)**

സഭാംഗങ്ങളുടെ ശ്രദ്ധയ്ക്ക്: പരിശുദ്ധാത്മ ദാനങ്ങളെപ്പറ്റി തെറ്റായ ഉപദേശങ്ങൾ സഭയ്ക്ക് പുറത്ത് മാത്രമല്ല, അകത്തും കടന്നുവരുന്നതായി സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും **വിടുതൽ പ്രസ്ഥാനം** എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടങ്ങളുടെയും, ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങളെയും, ഉപദേശങ്ങളെയും പറ്റി പല പരാതികളും സുന്നഹദോസിന് ലഭിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് പ്രസ്ഥാനത്തിലെ പ്രധാന പ്രവർത്തകരെ നേരിൽ കണ്ട് സംസാരിച്ചശേഷം താഴെ പറയുന്ന കാര്യങ്ങൾ വാത്സല്യവാന്മാരായ സഭാമക്കളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നു:

പരിശുദ്ധ സുന്നഹദോസിന്റെ ചിന്തയിൽ പ്രധാന സ്ഥാനം നൽകുന്നത്, സഭാ മക്കളുടെ ആത്മീയ വളർച്ചയ്ക്കും ആരാധനാ ജീവിതത്തിനുമാണ്. പരിശുദ്ധ കൂദാശകളിൽക്കൂടി ദൈവംതമ്പുരാന്റെ കൃപയും അനുഗ്രഹവും പ്രാപിച്ച്, സഭാ മക്കൾ എല്ലാവരും ദൈവാനുരൂപികളായി വളർന്നുവരണം എന്നുള്ളതാണ് പ. സുന്നഹദോസിന്റെ ആഗ്രഹം. സഭയുടെ കെട്ടുപണിക്കും, വിശ്വാസികളുടെ വളർച്ചയ്ക്കും വേണ്ടിയാണല്ലോ പരിശുദ്ധാത്മാവ് തന്റെ ദാനങ്ങൾ സഭയിൽ ചൊരിയുന്നത്.

പരിശുദ്ധാത്മ ദാനങ്ങളെപ്പറ്റി വി. പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത്, എല്ലാ ആത്മീയ നൽവരങ്ങളും പൊതു പ്രയോജനത്തിനു വേണ്ടിയും, സഭയുടെ കെട്ടുപണിക്കുവേണ്ടിയും ഉള്ളവയാണ് എന്നാണ്. സഭയിൽ കുറെപ്പേരെ മാത്രം വിടുതൽ പ്രാപിച്ചവരായി വേർതിരിച്ച്, മറ്റുള്ള സഭാംഗങ്ങളുമായി ആത്മീയ സമ്പർക്കം വിച്ഛേദിക്കുക എന്നുള്ളത് പരിശുദ്ധാത്മ വ്യാപാരത്തിനെതിരാണ്. അങ്ങനെ പ്രവർത്തിക്കുന്നവരുടെ ഉപദേശം നിരോധിക്കേണ്ടത് അത്യാവശ്യവുമാണ്. റോമാ ലേഖനത്തിൽ പറയുന്നതുപോലെ പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്ന് നമുക്ക് വിടുതൽ

ലഭിക്കുന്നതിനായിട്ടാണല്ലോ പുത്രൻ തമ്പുരാൻ മനുഷ്യാവതാരം ചെയ്തതും, ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റതും. വിടുതൽ, മോചനം, രക്ഷ എന്നീ വാക്കുകൾ മിക്കവാറും ഏകാർത്ഥമുള്ള വയാണ്.

ക്രിസ്തുവിനോടുകൂടെ മാമോദീസാമൂലം മരിച്ച് ഉയിർത്തെഴുന്നേറ്റവരാണ് സഭാമക്കളെല്ലാവരും. ആ പരിശുദ്ധ കൂദാശമൂലം പാപ മോചനവും, പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള വിടുതലും, നിത്യജീവനും രക്ഷയും പ്രാപിക്കുന്നു. (റോമർ 6: 7, 8) മനുഷ്യൻ മാത്രമല്ല, സൃഷ്ടി മുഴുവൻതന്നെയും ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാനുള്ളതാണ്. (റോമർ 8:20)

പരിശുദ്ധ മാമോദീസായും, പരിശുദ്ധ മൂറോനഭിഷേകവും മൂലം പാപ മോചനവും, പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്ന് വിടുതലും പ്രാപിച്ചിട്ടുള്ള സഭാമക്കൾ വീണ്ടും പാപത്തിൽ വീഴുന്നപക്ഷം, ആ പാപത്തിന്റെ കെട്ടഴിച്ച്, പാപമോചനം മൂലം വീണ്ടും വിടുതൽ കൊടുക്കുവാൻ സഭയ്ക്കുള്ള നൽവരം, സഭയിൽ വ്യവസ്ഥാപിത രീതിയിൽ പട്ടം കൊടുത്തിട്ടുള്ള പുരോഹിതന്മാരിൽ കൂടിയാണ് വ്യാപരിക്കുന്നത്. നമ്മുടെ കർത്താവ് പരിശുദ്ധ ശ്ലീഹന്മാരെ ഭരമേൽപിച്ചിട്ടുള്ള അധികാരമാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ. വിടുതൽ നൽകുവാനുള്ള ഈ അധികാരം സഭാമക്കൾ അനധികൃതമായി ഉപയോഗിച്ചുകൂടാ. ഈ അധികാരത്തെ നിഷേധിച്ചുകൊണ്ട്, കർത്താവുമായി നേരിട്ടുള്ള ബന്ധംമൂലമാണ് വിടുതൽ ലഭിക്കുന്നതെന്നും, വിടുതൽ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിലും പ്രാർത്ഥനകളിലും കൂടെയാണ് ഈ വിടുതൽ അനുഭവപ്പെടുന്നതെന്നും ഒക്കെയുള്ള ഉപദേശം സഭയുടെ വിശ്വാസത്തിന് എതിരാണ്. പൗരോഹിത്യനൽവരത്തെ വിവേചിക്കുവാനോ, ചിലരുടെ പൗരോഹിത്യം ദൈവത്തിന് സ്വീകാര്യമെന്നും, മറ്റു ചിലരുടേത് സ്വീകാര്യമല്ലെന്നും വിധിക്കുവാനോ സഭയിൽ ഒരു സംഘം ആളുകൾ ശ്രമിക്കുന്നതും വലിയ അബദ്ധമാണ്.

മാത്രമല്ല, വിടുതൽ എന്നുള്ളത് പ്രധാനമായും പാപത്തിൽ നിന്നും മരണത്തിൽനിന്നുമുള്ള വിടുതലാണ്. ആ അർത്ഥത്തിൽ വിടുതൽ എന്ന് പറയുന്നത്, പാപമോചനവും നിത്യജീവൻ പ്രാപിക്കലുമാണ്. പരിശുദ്ധ മാമോദീസായിൽ കൂടിയും പ. മൂറോൻ അഭിഷേകം മൂലവും വി. കുർബ്ബാനാനുഭവം മൂലവും എല്ലാ വിശ്വാസികളും ഈ പാപ

മോചനവും നിത്യജീവനും പ്രാപിക്കുന്നവരാകുന്നു. ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിൽനിന്ന് വിശ്വാസികളെ തടയുന്നത് പാപം മാത്രമാണ്. ആ പാപത്തെ ഏറ്റുപറഞ്ഞ് മോചനം അല്ലെങ്കിൽ വിടുതൽ പ്രാപിക്കുന്നതിന് സഭയിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളുണ്ട്. വിശുദ്ധ കുമ്പസാരം അതിനുവേണ്ടിയുള്ളതാണ്. സഭയിൽ നിന്നും പട്ടംകെട്ടി പാപമോചനാധികാരം നൽകിയിട്ടുള്ള ആചാര്യന്മാരിൽ കൂടിയാണ് പാപമോചന നൽവരമാകുന്ന വിടുതൽ ലഭിക്കുന്നത്.

ഈ വ്യവസ്ഥാപിത മാർഗ്ഗങ്ങളെയെല്ലാം മറികടന്ന് തങ്ങളുടേതാണ് വിടുതൽ പ്രാപിക്കുന്നതിനുള്ള മാർഗ്ഗം എന്ന് ശഠിക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സഭയ്ക്ക് സാധ്യമല്ല. സഭയിലെ പൗരോഹിത്യ നൽവരത്തെ ഔദ്ധത്യപൂർവ്വം വിവേചിച്ചുകൊണ്ട് ചില പട്ടക്കാർ നേതൃത്വം നൽകുന്ന ആരാധനയിൽ സംബന്ധിക്കാം; എന്നാൽ, മറ്റു ചില പട്ടക്കാർ നടത്തുന്ന ആരാധനയിൽ തങ്ങളുടെ അനുയായികൾ പങ്കെടുത്തുകൂടാ എന്ന് ഉപദേശിക്കുന്നത് വലിയ തെറ്റാണ്. നമ്മുടെ കർത്താവ് അപ്പോസ്തലന്മാർ മുഖാന്തിരം സഭയക്ക് നൽകിയിട്ടുള്ള പരിശുദ്ധാത്മ നൽവരത്തെ തുച്ഛമാക്കുന്ന നടപടിയാണിത്.

വേദപുസ്തക വായന, പ്രാർത്ഥന, ധ്യാനം മുതലായ കാര്യങ്ങളിൽ വിടുതൽ പ്രസ്ഥാനക്കാർ ജാഗ്രത കാണിക്കുന്നതിനെ പരിശുദ്ധ സുന്നഹദോസ് അഭിനന്ദിക്കുന്നു. അവരിൽ പലരും പതിവായി വിശുദ്ധ കുർബാന അനുഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയുന്നതിലും പരിശുദ്ധ സുന്നഹദോസ് സന്തോഷിക്കുന്നു. എന്നാൽ സഭയുടെ ക്രമീകരണപ്രകാരമുള്ള ആരാധനകൾ, കാനോനിക നോമ്പുകൾ എന്നിവയുടെ അനുഷ്ഠാനത്തിൽ അവരിൽ പലരും അത്ര തന്നെ ശ്രദ്ധ കാണിക്കുന്നതായി തോന്നുന്നില്ല. സഭയുടെ നിയമങ്ങളെക്കാൾ ഉപരിയായ സ്ഥാനം തങ്ങളുടെ സംഘത്തിന്റെ നിയമങ്ങൾക്ക് അവർ കൊടുക്കുന്നതായി കാണുന്നതിനെ പരിശുദ്ധ സുന്നഹദോസിന് അംഗീകരിക്കുവാൻ സാധ്യമല്ല. സഭയിലെ പിതാക്കന്മാരുടെ അധികാരത്തിനുപരിയായി തങ്ങളുടെ സംഘത്തിന്റെ നേതാക്കന്മാരുടെ അധികാരത്തിന് സ്ഥാനം കൊടുക്കുന്നതായി കാണുന്നതും തികച്ചും തെറ്റാണ്.

വിടുതൽ കൂട്ടത്തിൽ പെട്ടില്ല എന്ന കാരണം കൊണ്ട് വിവാഹ കൂദാശ മൂലം സഭ അവിഭാജ്യമായി യോജിപ്പിച്ചിട്ടുള്ള ഭാര്യാഭർത്താ

ക്കന്മാരെപ്പോലും അവർ അന്യോന്യ സംസർഗ്ഗത്തിൽ നിന്നും വേർപെടുത്തുന്നത് പരിശുദ്ധാത്മ നൽവരത്തിന്റെ അവഗണനയും, ദൈവഹിതത്തിന് എതിരുമാണ്.

സഭയിലെ അംഗങ്ങളെ ആരെയെങ്കിലും വിടുതൽ പ്രാപിച്ചവരല്ല എന്ന് വിധിച്ച് അവരുമായുള്ള ആത്മീയ സംസർഗ്ഗം നിരോധിക്കുകയോ, നിഷേധിക്കുകയോ ചെയ്യുന്നതും വലിയ തെറ്റാണ്.

ഇങ്ങനെയുള്ള പല തെറ്റുകളും അവരുടെ ഉപദേശത്തിലുള്ളതുകൊണ്ട് സഭാമക്കൾ വിടുതൽ പ്രസ്ഥാനത്തെയും, അതിന്റെ പ്രവർത്തനങ്ങളെയും, ഉപദേശങ്ങളെയും കുറിച്ച് വിവേചനാപൂർവ്വം വീക്ഷിക്കേണ്ടതാണെന്ന് പ. സുന്നഹദോസ് ഉദ്ബോധിപ്പിക്കുന്നു. വിടുതൽ സംഘങ്ങളിൽ കൂടിനടക്കുന്നവർ സഭയുടെ കാതോലിക ഉപദേശങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് വ്യവസ്ഥാപിത കൃപാമാർഗ്ഗങ്ങളിൽകൂടി തങ്ങളുടെ ക്രിസ്തീയ ജീവിതത്തെ ക്രമീകരിക്കണമെന്ന് പ. സുന്നഹദോസ് ഉപദേശിക്കുന്നു.

സഭാമക്കൾ ഓർത്തിരിക്കേണ്ട സുപ്രധാനമായ ഒരു കാര്യം, സഭാംഗങ്ങൾ ആരാധനയിൽ ഭക്തിപൂർവ്വം സംബന്ധിക്കാതെയും, പള്ളികളുടെ പണം വെടിക്കെട്ട്, നാടകം, കഥാപ്രസംഗം മുതലായവയ്ക്കായി ധൂർത്തടിച്ചുകൊണ്ടും മദ്യപാനത്തിലും, അസന്മാർഗ്ഗിക നടപടികളിലും നിരതരായി കാണപ്പെടുമ്പോഴാണ് ഇതുപോലെയുള്ള പ്രസ്ഥാനങ്ങൾ സഭയിൽ ഉണ്ടാകുന്നത്. അതുകൊണ്ട് സഭാമക്കളെല്ലാവരും സഭയിലുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി ആത്മീയ പുതുക്കം പ്രാപിച്ച് ദൈവമക്കളായി ജീവിക്കുകയെന്നതാണ് ഇതുപോലെയുള്ള പ്രസ്ഥാനങ്ങളെ നിരുത്സാഹപ്പെടുത്തുവാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം. **(1978 ജൂലൈ)**

20.2) ഇടവകതല പ്രവർത്തനങ്ങൾ.

(1). ഉണർവ് പ്രസ്ഥാനങ്ങളിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കുവാൻ തക്കവണ്ണം മെത്രാസന തലത്തിൽ മെത്രാപ്പോലീത്താമാർ കഴിവുള്ള വൈദീകരെ കണ്ടുപിടിച്ച് ഇടവകകളിലെ പ്രവർത്തനം ശക്തിപ്പെടുത്തണം. പരുമലയിൽ 3 മാസത്തിലൊരിക്കൽ ധ്യാനങ്ങൾ നടക്കുന്നുണ്ട്. വെള്ളിയാഴ്ചകൾ തോറും അഭിവന്ദ്യ തിരുമേനിമാർ നേതൃത്വം കൊടുത്ത് വിശുദ്ധ കുർബാനയും തദനന്തരം ധ്യാനവും നടത്തിവരുന്നു. പരുമലയിൽ വരുന്ന ആളുകളുടെ ആത്മീക അഭി

വൃദ്ധിക്കും ഗൈഡൻസിനുമായി 2 വൈദീകരെ കൂടി എങ്കിലും നിയമിക്കുവാൻ തീരുമാനിച്ചു.

(2). ശാന്തമ്മ എന്നു പറയുന്ന ഒരു സ്ത്രീ ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നുണ്ടെന്നും, അവരുടെ പ്രവർത്തനം നിരോധിക്കേണ്ടതാണെന്നും പല അംഗങ്ങളും അഭിപ്രായപ്പെട്ടു. അവരുടെ പ്രവർത്തന മേഖല തിരുവനന്തപുരം കേന്ദ്രീകരിച്ച് ആയതിനാൽ, ആവശ്യമായ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കുന്നതാണ് എന്ന് തിരുവനന്തപുരം മെത്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ സഭയ്ക്ക് ഉറപ്പു നൽകി. **(1998 ഫെബ്രുവരി)**

(3). ബ്രദർ മാത്യു വറുഗീസിന്റെ നേതൃത്വത്തിലുള്ള I D C F -ന്റെ പ്രവർത്തനങ്ങൾ U. A. E യിലും, വിദേശത്തുമുള്ള വിശ്വാസികളുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതിനാൽ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട എം. സി പൗലോസ് കത്തനാരെ സുന്നഹദോസ് അംഗങ്ങൾ ശ്ലാഘിക്കുകയും, അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, വിശ്വാസികൾ അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്ന് അവരെ ഉപദേശിച്ചുകൊണ്ട് പരിശുദ്ധ ബാവാ തിരുമേനി ഒരു പൊതു കൽപന പുറപ്പെടുവിക്കേണ്ടതാണെന്നും തീരുമാനിക്കുകയും ചെയ്തു. **(1998 ഫെബ്രുവരി)**

20.3) കരിസ്മാറ്റിക് പ്രസ്ഥാനങ്ങളെപ്പറ്റി.

I D C F, വിടുതൽ പ്രസ്ഥാനം തുടങ്ങിയ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളെപ്പറ്റി ദീർഘമായ ചർച്ചകൾ നടന്നു. പരിശുദ്ധ ബാവാ തിരുമേനിയുടെ 43/98-ാം നമ്പർ കൽപന ലംഘിക്കുന്നവർക്കെതിരെ ഇടവക വികാരിമാരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക്, ഇടവക മെത്രാപ്പോലീത്താമാർ അതിനെക്കുറിച്ച് പഠിച്ച് സഭാ ഭരണഘടന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1998 ജൂലൈ)**

20.4) വിശ്വാസ കാര്യങ്ങൾ സംബന്ധിച്ച്.

(1). സ്വയം ദൈവമാണെന്ന് പ്രഖ്യാപിച്ച് ജീവിക്കുന്ന ശാന്തമ്മയുടെ നിലപാട് വേദവിപരീതമാണെന്നും, സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾക്ക് എതിരാണെന്നും സുന്നഹദോസിന് ബോധ്യമാകയാൽ,

ടി ശാന്തമ്മയെ (തിരുവനന്തപുരം) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംഗത്വത്തിൽ നിന്ന് മുടക്കി നീക്കം ചെയ്യുന്നതിന് പരിശുദ്ധ സുന്നഹദോസ് ഏകാഭിപ്രായമായി തീരുമാനിച്ചു. **(2003 ജൂലൈ)**

(2). സഭയുടെ വിശ്വാസത്തിന് എതിരായി പ്രസംഗിക്കുന്ന പ്രൊഫ. എം. വൈ. യോഹന്നാനെ, ഇടവക പള്ളികളിൽ പ്രവേശിച്ച് പ്രസംഗിക്കുന്നതിൽ നിന്നും നിരോധിച്ചുകൊണ്ട് ഇടവക മെത്രാപ്പോലീത്താ കൽപന പുറപ്പെടുവിക്കേണ്ടതാണെന്നും, ടി കൽപന പുറപ്പെടുവിക്കുന്ന മുറയ്ക്ക്, മറ്റ് മെത്രാസനങ്ങളിലും മെത്രാപ്പോലീത്താമാർ അയാളെ നിരോധിച്ചു കൊണ്ട് കൽപന പുറപ്പെടുവിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2003 ജൂലൈ)**

20.5) വിശ്വാസ സംബന്ധമായ നടപടികൾ.

(1). തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ശാന്തമ്മയുടെയും, കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന തങ്കുവിന്റെയും പേരിൽ ഉടനടി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2004 ഫെബ്രുവരി)**

(2). പ്രൊഫ. എം. വൈ. യോഹന്നാൻ നേതൃത്വം നൽകുന്ന CRF പോലെയുള്ള ഇന്റർ ഡിനോമിനേഷണൽ പ്രസ്ഥാനങ്ങൾക്ക് യാതൊന്നിനും മലങ്കര ഓർത്തഡോക്സ് സഭയുമായി ബന്ധമില്ലെന്നും, അവയൊന്നും തന്നെ സഭയുടെ നിയന്ത്രണത്തിലോ അച്ചടക്കത്തിലോ പോകുന്നതല്ലെന്നും, സഭയ്ക്ക് ദോഷകരമായ ഇത്തരം കൂട്ടായ്മകളുമായി സഭയിലെ മേൽപ്പട്ട സ്ഥാനികളോ, വൈദീകരോ, ജനങ്ങളോ ബന്ധപ്പെടുന്നത് ശിക്ഷാർഹമാണ് എന്നും വ്യക്തമാക്കിക്കൊണ്ട് പരിശുദ്ധ ബാവാ തിരുമേനി ഒരു പൊതു കൽപന പുറപ്പെടുവിക്കേണ്ടതാണ് എന്ന് സുന്നഹദോസിൽ തീരുമാനമായി. **(2007 ഓഗസ്റ്റ്)**

20.6) നവോത്ഥാന ഗ്രൂപ്പുകളുടെ ആരാധനയിൽ സംബന്ധിക്കുന്നതിനെക്കുറിച്ച്.

പല വിശ്വാസികളും പള്ളിയിലെ ആരാധനകൾക്കുശേഷം മറ്റ് പല പ്രാർത്ഥനാ കൂട്ടങ്ങളിലേക്കും ഓടിപ്പോകുന്നതായി കണ്ടുവരുന്നു. പ്രത്യേകിച്ച്, സഭാംഗങ്ങളായ യുവതീ-യുവാക്കൾ ഉൾപ്പെടെ ധാരാളം ആളുകൾ ഇന്ന് ശിക്ഷണ ബോധമില്ലാത്ത പല ആധുനീക

അഭിവൃദ്ധി സുവിശേഷങ്ങളിലേക്കും, സുഖലോലുപതയ്ക്കും വികാരത്തള്ളലിനും പ്രാധാന്യം കൊടുക്കുന്ന സംഘടനകളിലേക്കും ചേക്കേറുകയാണ്. എന്തും കാട്ടിക്കൂട്ടിയ ശേഷം ഇടയ്ക്കിടെ ക്രിസ്തുവിന്റെ പേര് ചേർത്താൽ പ്രാർത്ഥനയും ആരാധനയുമായി എന്ന് കരുതുന്നവരുടെ എണ്ണം കൂടുന്നു. പല കാരണങ്ങൾ ഇതിന് പിൻബലമായി അവർ നിരത്താറുണ്ട്. ക്രിസ്തുവിന്റെ മാതൃക പിൻപറ്റി ഇടയ ശുശ്രൂഷ നിർവ്വഹിക്കാത്ത ഇടയന്മാർ, വിശുദ്ധ ജീവിതമോ, സഭയുടെ പ്രമാണങ്ങളോടുള്ള പ്രതിബദ്ധതയോ ഇല്ലാതെ ദൈവ ജനത്തെ ആത്മീയ ചൂഷണം നടത്തുന്ന പള്ളി പ്രമാണിമാർ, ക്രൈസ്തവ ആദ്ധ്യാത്മീകത നഷ്ടമാകുന്ന രീതിയിലുള്ള ഭൗതീകതയുടെ അതിപ്രസരം, ദേവാലയങ്ങളിൽ നേർച്ച സമർപ്പിക്കുന്നതിന് പകരം ദൈവത്തെ പോലും സ്പോൺസർ ചെയ്യുന്ന വികല മാതൃകകൾ ഇങ്ങനെ പലതും അവരാൽ പറയപ്പെടുന്ന കാരണങ്ങളാണ്. വൈദീകരും, പള്ളി ഭരണ സമിതി അംഗങ്ങളും, ആദ്ധ്യാത്മീക സംഘടനകൾക്ക് നേതൃത്വം നൽകുന്നവരും നല്ല മാതൃകകൾ ആവുകയും, സെക്ടേറിയൻ സംഘടനകളിലേക്കും, മറ്റ് സഭാ കൂട്ടായ്മകളിലേക്കും പോകുന്നവരെ കണ്ടുപിടിച്ച് ബോധവത്കരണം നടത്തി സഭാ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. സെക്ടേറിയൻ സംഘടനകളിലേക്കും മറ്റും പോകുന്നവർ, അവ ഉപേക്ഷിച്ച് ദൈവാലയങ്ങളിൽവന്ന് ദൈവാരാധന സമർപ്പിക്കണം. ബോധവത്കരണവും, ഇടയപരിപാലനവും കൃത്യമായി നടത്തിയിട്ടും ശരിയായ ശിക്ഷണ ബോധത്തിൽ വരാത്തവർ ദൈവാലയങ്ങളിൽ നിന്ന് ഔദ്യോഗികമായി തന്നെ വിട്ടുമാറുന്നതായിരിക്കും ഉചിതം. **(2017 ഫെബ്രുവരി)**

****

21. എക്യുമെനിസം

21.1) ചർച്ചകൾ.

നമ്മുടെ വിശ്വാസ സത്യങ്ങൾക്ക് വീഴ്ച വരുത്താതെ, മറ്റ് ക്രൈസ്തവ സഭാ വിഭാഗങ്ങളും, മറ്റ് മതങ്ങളും പ്രത്യയ ശാസ്ത്രങ്ങളുമായി ചർച്ചകൾ നടത്തുകയും, സാമൂഹ്യമായും മറ്റുമുള്ള അവരുടെ പ്രവർത്തനങ്ങളിലും പരിപാടികളിലും പങ്കെടുക്കുകയും മറ്റും ചെയ്യുന്നതിന് നമ്മുടെ സഭയിൽപ്പെട്ട തക്ക യോഗ്യതയുള്ളവരെ അനുവദിക്കാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാകുന്നു. **(1977 ഫെബ്രുവരി)**

റോമൻ കത്തോലിക്കാ, കൽദായ (നെസ്തോറിയൻ), സി. എസ്. ഐ, സി. എൻ. ഐ, തൊഴിയൂർ സ്വതന്ത്രസഭ, മാർത്തോമ്മാ എന്നീ സഭാ വിഭാഗങ്ങളുടെ ആരാധനയ്ക്ക്, അത്യാവശ്യം വന്നാൽ നമ്മുടെ ദേവാലയങ്ങൾ കൊടുക്കാവുന്നതാണ്. എന്നാൽ നമ്മുടെ ത്രോണോസ്, അവരുടെ ഉപയോഗത്തിന് അനുവദിക്കാതെ, അവർക്കായി മറ്റ് ക്രമീകരണങ്ങൾ ചെയ്തുകൊടുക്കാവുന്നതാകുന്നു. അപ്രകാരം അവരുടെ ആരാധനയ്ക്ക് നമ്മുടെ പള്ളികൾ അനുവദിക്കുന്നതിനുമുമ്പ് ഇടവക മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദം വികാരി വാങ്ങിയിരിക്കേണ്ടതാകുന്നു. **(1977 ഫെബ്രുവരി)**

21.2) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുമായി സംസർഗ്ഗമില്ലാത്ത ഇതര ക്രൈസ്തവ സഭകളുടെ കൂദാശാനുഷ്ഠാനങ്ങളിലും, ആരാധനകളിലും മറ്റും സംബന്ധിക്കുന്നതിനെപ്പറ്റി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുമായി സംസർഗ്ഗമില്ലാത്ത ഇതര ക്രൈസ്തവ സഭകളിലെ കൂദാശാനുഷ്ഠാനങ്ങളിലും, ആരാധനകളിലും, പ്രാർത്ഥനകളിലും നമ്മുടെ മേൽപട്ടക്കാരും പട്ടക്കാരും സംബന്ധിക്കേണ്ടതായ ഒഴിച്ചുകൂടാത്ത സാഹചര്യം വന്നാൽ, കാർമ്മികനടുത്ത അവരുടെ ശുശ്രൂഷകളും പ്രാർത്ഥനകളും നടത്തുന്നതിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതാകുന്നു. മറ്റു ക്രൈസ്തവ സഭകളിലെ മേൽപട്ടക്കാരും പട്ടക്കാരും നമ്മുടെ ശുശ്രൂഷകളിൽ സന്നിഹിതരായാൽ, കാർമ്മികനടുത്ത നമ്മുടെ ശുശ്രൂഷകളും പ്രാർത്ഥനകളും

നടത്തുന്നതിൽ നിന്ന് അവരെയും ഒഴിച്ചുനിർത്തേണ്ടതാകുന്നു. **(1977 ഫെബ്രുവരി)**

21.3) Inter Church Aids and Projects Committe.

Inter -Church Aids വാങ്ങുന്നതിനായുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് ഒരു പ്രോജക്ട് കമ്മറ്റി ഉണ്ടായിരിക്കണമെന്നും, ആയതിന്റെ പ്രസിഡന്റ്, അഭിവന്ദ്യ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായും, സെക്രട്ടറിയും കൺവീനറും അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായും ആയിരിക്കണമെന്നും, Project Committee അപേക്ഷകൾ പരിശോധിച്ച്, അവരുടെ ശുപാർശയോടുകൂടി Inter Church Relations Committee-യിൽ അവ സമർപ്പിക്കണമെന്നും, Inter Church Relations Committee പ്രസ്തുത അപേക്ഷകളും ശുപാർശകളും പരിഗണിച്ച്, അവരുടെ ശുപാർശയോടുകൂടി സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ സമർപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1979 ഫെബ്രുവരി)**

21.4) Vienna Conversation between Oriental Orthodox and Roman Catholic Theologians.

പ്രസ്തുത സംഭാഷണങ്ങളിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1979 ഫെബ്രുവരി സുന്നഹദോസ് നിശ്ചയിച്ച കമ്മറ്റിയുടെ തീരുമാനങ്ങൾ, 1980 ജനുവരി മാസം 29-ാം തീയതി കൂടിയ Inter-Church Relations കമ്മിറ്റിയിൽ സമർപ്പിച്ച് ചർച്ച ചെയ്തശേഷം രൂപപ്പെടുത്തിയ താഴെ പറയുന്ന റിപ്പോർട്ട്, കൺവീനർ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പരിശുദ്ധ സുന്നഹദോസിൽ സമർപ്പിച്ചു. **(1980 ഫെബ്രുവരി)**

(a). രേഖകൾ. (Documents).

1. ഇരുവിഭാഗക്കാരും തമ്മിൽ 1971, 73, 76, 78 എന്നീ ആണ്ടുകളിലായി നടത്തിയ നാല് അനൗദ്യോഗിക സംഭാഷണങ്ങൾ സംബന്ധിച്ചുള്ള രേഖകളും മിനിറ്റ്സും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Publication. **Vienna Review for Religion and Culture. "WORT und WARHEIT."**

2. 1978 സെപ്റ്റംബർ മാസം 28-ാം തീയതി **Franciscus Cardinal Konig, Roman Catholic Archbishop of Vienna** പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് അയച്ചുകൊടുത്തിട്ടുള്ള **Official Communique and Confidential Memorandum.**

(b). കമ്മിറ്റിയുടെ ശുപാർശകൾ.

1. A joint declaration between the Pope and the Catholicos of the Malankara Orthodox Syrian Church be signed as proposed by the Cardinal and that such a decision by the Synod be communicated to the Pope and to Cardinal Konig. **(1980 ഫെബ്രുവരി)**

2. To set up a joint commission as proposed by the Cardinal of all the Oriental Orthodox Churches and the Roman Catholic Church composed of Bishops, Theologians, and Canonists to follow up the work already done, and to convene joint assemblies of both Churches locally, ie, one world - wide joint commission and one local Orthodox Roman Catholic Commission. **(1980 ഫെബ്രുവരി)**

3. Regarding the third proposal of Cardinal Konig about Anathemata now proposed by the two Churches on Leo, Flavian, Severus, Diascoros and Philoxenos, the recommendation of the Committee was that there be formal action on the matter of Anathemata, but that all Churches should drop all Anathemata, on the aforesaid five persons, though the Churches would be free to condemn any teaching that they regard as unorthodox, without mentioning any of the five names. **(1980 ഫെബ്രുവരി)**

(c). Committee സമർപ്പിച്ച റിപ്പോർട്ടിലെ Anathemata സംബന്ധിച്ചുള്ള ശുപാർശകൾ പ. സുന്നഹദോസ് അംഗീകരിച്ചുകൊണ്ട് താഴെപ്പറയുന്നപ്രകാരം തീരുമാനം ചെയ്തു:

'Resolved that the Holy Synod accepts in principle the possibility of a joint decision by all the Churches concerned that Anathemata now pronounced by them against one or more of the Roman Cathalic, Byzantine Orthodox or Oriental Orthodox be dropped retaining however the freedom of the Churches to condemn any teaching which they regard as heretical, without mentioning any particular Father or

Fathers, of one or more Churches like Leo, Flavian, Severus, Diascoros, Philoxenos etc. **(1980 ഫെബ്രുവരി)**

21.5) ഓറിയന്റൽ ഓർത്തഡോക്സ്-റോമൻ കത്തോലിക്കാ സംയുക്ത കമ്മീഷൻ.

ഓറിയന്റൽ ഓർത്തഡോകസ് സഭകളും റോമൻ കത്തോലിക്കാ സഭയും തമ്മിൽ ഒരു സംയുക്ത കമ്മീഷൻ ഉണ്ടാക്കണമെന്നുള്ള കർദ്ദിനാൾ Konig - ന്റെ നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ട് പ്രസ്തുത കമ്മീഷനിലേക്ക് താഴെ പറയുന്ന മൂന്നുപേരെ പരിശുദ്ധ സുന്നഹദോസ് നിയമിച്ചു.

1. അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ.
2. റവ. ഡോ. വി. സി. ശമുവേൽ.
3. റവ. ഡോ. കെ. എം. ജോർജ്ജ്.

വിയന്നായിൽവച്ച് നടന്ന അനൗദ്യോഗിക സംഭാഷണങ്ങളുടെ റിപ്പോർട്ടുകളെ ആസ്പദമാക്കി ആവശ്യമായ പഠനങ്ങൾ നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിന്, ഭാരതത്തിലെ (റോമൻ) കത്തോലിക്കാ ബിഷപ്സ് കോൺഫറൻസിന്റെ പ്രതിനിധികളും, മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധികളും അടങ്ങുന്ന ഒരു ഇന്ത്യൻ സംയുക്ത കമ്മീഷനെ നിയമിക്കണമെന്നുള്ള കമ്മറ്റിയുടെ ശുപാർശ പരിശുദ്ധ സുന്നഹദോസ് അംഗീകരിക്കുകയും, അക്കാര്യത്തെക്കുറിച്ച് (റോമൻ) കത്തോലിക്കാ ബിഷപ്സ് കോൺഫറൻസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിന് ഇന്റർ ചർച്ച് റിലേഷൻസ് കമ്മറ്റി സെക്രട്ടറി അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഇന്ത്യൻ സംയുക്ത കമ്മീഷനിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നും താഴെപ്പറയുന്നവരെ ഒരു പാനലായി പരിശുദ്ധ സുന്നഹദോസ് നിശ്ചയിച്ചു. **(1980 ഫെബ്രുവരി)**

1. H. G. Daniel Mar Philoxenos Metropolitan
2. H. G. Mathews Mar Coorilos Metropolitan
3. H. G. Philipose Mar Theophilos Metropolitan
4. H. G. Geevarghese Mar Osthathios Metropolitan

5. H. G. Paulose Mar Gregorios Metropolitan
6. H. G. Joseph Mar Pachomios Metrpolitan
7. H. G. Geevarghese Mar Diascoros Metropolitan
8. Rev. Fr. Dr. V. C. Samuel
9. Rev. Fr. T. J. Joshua
10. Rev. Fr. K. J. Jonah
11. Rev. Fr. Joseph Vendarapally
12. Rev. Fr. Mathai Nooranal
13. Rev. Fr. Dr. K. M. George

ഇവരിൽ നിന്നും അപ്പഴപ്പോൾ മീറ്റിംഗുകൾക്ക് ആവശ്യമുള്ളത്ര പ്രതിനിധികളെ അയയ്ക്കുന്നതിന് കൺവീനറായ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. **(1980 ഫെബ്രുവരി)**

കമ്മറ്റിയുടെ റിപ്പോർട്ടിലെ മേൽപറഞ്ഞ വിയന്നാ സംഭാഷണങ്ങൾ സംബന്ധിച്ച വിഷയങ്ങളൊഴിച്ചുള്ള മറ്റ് വിഷയങ്ങൾ സംബന്ധിച്ച് പ. സുന്നഹദോസിന്റെ നിശ്ചയങ്ങൾ താഴെ ചേർക്കുന്നു:

1. The Committee recommended to invite the following Church dignitaries from other Churches in accordance with their conveniences and opportunities for their reception here.

(1). His Holiness Patriarch Shenoode, Pope and Patriarch of the Coptic Church of Egypt.

(2). His Beatitude Patriarch Ignatius Hazim, Greek (Melkite) Patriarch of Antioch.

(3). His Excellency Archbishop Romon Torella, Vice - President of the Secretariat for Unity.

(4). His Holiness Patriarch Justin of the Romanian Orthodox Church.

(5). His Grace Dr. Robert Runcia, Archbishop of Canterbury (elect) of the Church of England.

2. Regarding the formal opening of dialogue between the Byzantine

Orthodox family of Churches and the Oriental Orthodox family of Churches, proposed by His Holiness Patriarch Demitrios of Constantinople in his letter he had written to the Catholicos in Protocol No. 589, dated September 26th 1979, it was recommended to the Holy Episcopal Synod: **(1980 ഫെബ്രുവരി)**

(a). that the proposal should be welcomed,

(b). that in additiona to the three topics proposed, (ie, Christology of John Damasceno, Christology of St. Severios and Chirstology of the Councils) three other practical topics should also be included in the first round viz, (ii) acceptance or non - acceptance of the Council of Chalcedon and subsequent Councils; (ii) the question of mutual anathemata; (iii) the questian of jurisdiction, primacy and seniority in Protocol after Communion is restored between the two familes.

(c). that the number of members on the joint commission from both sides be equal, and to this end the number and names on the Byzantine side should be communicated to us on the Oriental Orthodox side, so that we can nominate between our five Churches an equal number.

(d). that the following three persons be appointed to the joint commission from our Church,

1. His Grace Dr. Paulose Mar Gregorios
2. Rev. Fr. Dr. V. C. Samuel
3. Rev. Fr. Dr. K. M. George

(e). that His Grace Dr. Paulose Mar Gregorios would represent our Church on any preparotory or executive committee.

(f). that our Synod decisions on the matter be communicated to all the Heads of Churches on both sides.

3. With regard to the dialogue with the Lutherans hitherto made, a report has to be submitted to the Holy Synod for approval.

4. The possibility of starting similar dialogues with the Church of South India and the Church of North India should be explored by His Grace Mar Gregorios.

5. The question of starting a local (Indian) dialogue with the Roman Catholic Churches based on the Vienna conversations should also be explored by him.

6. The matter of taking membership in CASA and N. C. C. and the Constitutional change, which would be necessary for the same have to be pursued by His Grace Mar Gregorios.

7. As for the Kerala Christian Bishops Conference and our own participation in their common meetings, His Grace Mar Grgeorios was asked to pursue the possibility of ensuring a proper constitution and periodic election of office - bearers.

കമ്മിറ്റിയുടെ മേൽപ്പറഞ്ഞ തീരുമാനങ്ങൾ പ. സുന്നഹദോസ് അംഗീകരിച്ച് റിക്കാർഡാക്കി. **(1980 ഫെബ്രുവരി)**

21.6) മദ്രാസ് സി. എൽ. എസ്. അസോസിയേഷൻ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ പ്രതിനിധീകരിച്ച് മദ്രാസ് സി. എൽ. എസ്. അസ്സോസിയേഷനിലേക്ക് ഒരാളെ നോമിനേറ്റ് ചെയ്യണമെന്നുള്ള സി. എൽ. എസ്. അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച്, മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി ഫാ. റ്റി. ജി. സഖറിയായെ (കാതോലിക്കേറ്റ് ഓഫീസ്) നിയമിക്കണമെന്ന് പ. സുന്നഹദോസ് നിശ്ചയിച്ചു. **(1980 ജൂലൈ)**

21.7) ഐക്യകൺവൻഷനിലും, ഇതരസഭക്കാരുടെ യോഗങ്ങളിലും നമ്മുടെ പ്രസംഗകർ പ്രസംഗിക്കുന്നതിനെപ്പറ്റി.

ഐക്യകൺവൻഷനിലും, ഇതരസഭക്കാരുടെ യോഗങ്ങളിലും നമ്മുടെ പ്രസംഗകർ പോയി പ്രസംഗിക്കുന്നതിന്റെ ഭവിഷ്യത്തുകളെപ്പറ്റി പ. സുന്നഹദോസ് പരിഗണിച്ചു. നമ്മുടെ പ്രസംഗകരെ അനുകരിച്ച്, നമ്മുടെ സഭാംഗങ്ങളും അജ്ഞരുമായ മറ്റു പലരും ഇങ്ങനെയുള്ള യോഗങ്ങളിൽ പോയി, സഭയുടെ വിശ്വാസത്തിന് വിരുദ്ധമായുള്ള മറ്റു സഭക്കാരുടെ പ്രസംഗങ്ങൾ കേട്ട്, ചിന്താക്കുഴപ്പത്തിൽ പെടുവാൻ വഴിയുള്ളതുകൊണ്ട് അങ്ങനെ പോകുന്ന കാര്യത്തിൽ നമ്മുടെ പ്രസംഗകർ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്ന് പ. സുന്നഹദോസ് നിർദ്ദേശിച്ചു. **(1981 ഫെബ്രുവരി)**

21.8) നാഷണൽ ക്രിസ്ത്യൻ കൗൺസിലിലും (NCC), കേരള ക്രിസ്ത്യൻ കൗൺസിലിലും (KCC) മെമ്പർഷിപ്പ് എടുക്കുന്നതിനെപ്പറ്റി.

നാഷണൽ ക്രിസ്ത്യൻ കൗൺസിലിലും (NCC), കേരള ക്രിസ്ത്യൻ കൗൺസിലിലും (KCC) ഓർത്തഡോക്സ് സഭ മെമ്പർഷിപ്പ് എടുക്കണമെന്ന് പ. സുന്നഹദോസ് നിശ്ചയിച്ചു. അതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഇന്റർ ചർച്ച് റിലേഷൻസ് കമ്മറ്റി സെക്രട്ടറി അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. നാഷണൽ ക്രിസ്ത്യൻ കൗൺസിൽ (NCC) എക്സിക്യൂട്ടീവിലേക്ക് അദ്ദേഹത്തെ സഭയുടെ പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു. **(1983 ഫെബ്രുവരി)**

നാഷണൽ ക്രിസ്ത്യൻ കൗൺസിലിന്റെ (NCC) ഭരണഘടന വകുപ്പ് 2 (5) അനുസരിച്ച് അവർ ചെയ്യുന്ന പ്രഖ്യാപനങ്ങളേയും തീരുമാനങ്ങളേയും പറ്റി അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ആയത് സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനും, അതനുസരിച്ച് പ്രവർത്തിക്കുന്നതിനുമുള്ള അവകാശം നമുക്കുണ്ടായിരിക്കുന്നതാണെന്നുള്ള വിവരം ബന്ധപ്പെട്ടവരെ അറിയിക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1983 ഫെബ്രുവരി)**

Christian Council of Asia (C.C.A) -യിലുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ അംഗത്വം സംബന്ധിച്ച് വേണ്ട അന്വേഷണം നടത്തി ആയത് ക്രമപ്പെടുത്തുന്നതിന് ഇന്റർ ചർച്ച് റിലേഷൻസ് സെക്രട്ടറി അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ സുന്നഹദോസ് ചുമതലപ്പെടുത്തി. **(1983 ഫെബ്രുവരി)**

21.9) ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസിഡന്റായും, അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ജോയിന്റ് പ്രസിഡന്റായും, ഫാ. ജേക്കബ് കുര്യൻ സെക്രട്ടറിയായും, മറ്റ് പതിനൊന്ന് അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(1989 ജൂലൈ)**

21.10) റോമൻ കത്തോലിക്കാ സഭയുമായുള്ള ഡയലോഗ്.

റോമൻ കത്തോലിക്കാ സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഡയലോഗിന് നിയമിച്ചിട്ടുള്ള ജോയിന്റ് കമ്മീഷൻ, **Christology** സംബന്ധിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ള Joint statement, ഇരു സഭകളും അംഗീകരിച്ച്, 1990 -ലെ പെന്തിക്കോസ്തി ദിവസം (1990 ജൂൺ 3) ഒരേ സമയത്ത് ഇരു സഭയുടെയും ആസ്ഥാനങ്ങളായ വത്തിക്കാനിലും, ദേവലോകത്തും പ. മാർപാപ്പായും പ. കാതോലിക്കാ ബാവായും പ്രഖ്യാപിച്ചതായി പ. സുന്നഹദോസിൽ അറിയിച്ചു. ഇതിനെക്കുറിച്ചുള്ള വിശദീകരണങ്ങൾ തെറ്റുകൂടാതെ സഭാംഗങ്ങൾ മനസ്സിലാക്കത്തക്കവണ്ണം, Inter Church Relations സെക്രട്ടറിയായ ഫാ. ജേക്കബ് കുര്യനെക്കൊണ്ട് മലങ്കര സഭാ മാസികയിൽ എഴുതിക്കണമെന്നും, കൂടാതെ പ. ബാവാ തിരുമേനിയുടെ കല്പന പള്ളികൾക്ക് അയയ്ക്കണമെന്നും അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെടുകയും ചെയ്തു. **(1990 ജൂലൈ)**

21.11) മലങ്കര കത്തോലിക്കാ സഭയിലെ സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്തായെ കാതോലിക്കാ ആയി നാമകരണം ചെയ്യുന്നത് സംബന്ധിച്ച്.

ടി വിഷയത്തെ സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ, സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് കമ്മിറ്റിയുടെ സെക്രട്ടറി വത്തിക്കാനുമായി ബന്ധപ്പെട്ടു എന്നും, സിറിൾ മാർ ബസേലിയോസിനെ മേജർ ആർച്ചുബിഷപ്പായി ഉയർത്തുക മാത്രമാണ് ചെയ്തതെന്ന് വത്തിക്കാനിൽ നിന്നും വിവരം ലഭിച്ചതായും അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ സുന്നഹദോസ് അംഗങ്ങളെ അറിയിച്ചു. വിശ്വാസികളുടെ ഇടയിൽ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിനുള്ള ശ്രമമാണ് മലങ്കര കത്തോലിക്കാ സഭ നടത്തുന്നതെന്ന് സുന്നഹദോസ് അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ വിശ്വാസികളെ ബോധവൽക്കരിക്കുന്നതിന് സഭ യത്നിക്കേണ്ടതാണെന്നും, ഈ വിഷയത്തിൽ സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് കമ്മറ്റി വത്തിക്കാനുമായി ബന്ധപ്പെട്ട് വേണ്ടത് ചെയ്യേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2005 ഫെബ്രുവരി)**

21.11.1. റഷ്യൻ ഓർത്തഡോക്സ് സഭയിലെ കിറിൾ മെത്രാപ്പോലീത്താ കേരളത്തിൽ എത്തുമ്പോൾ സഭ വകയായി ഉചിതമായ സ്വീകരണം നൽകേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 നവംബർ)**

21.11.2. മലങ്കര ഓർത്തഡോക്സ് സഭയും, കത്തോലിക്കാ സഭയും തമ്മിൽ ആരാധനാസ്ഥലങ്ങളും, സെമിത്തേരിയും മറ്റും ആവശ്യം വരുന്ന സാഹചര്യങ്ങളിൽ പരസ്പര ധാരണയോടെ ഉപയോഗിക്കുന്നതിന് തയ്യാറാക്കിയ Agreement സുന്നഹദോസ് അംഗീകരിച്ചു. **(2010 ഓഗസ്റ്റ്)**

21.12) മലങ്കര ഓർത്തഡോക്സ് - റോമൻ കത്തോലിക്കാ ഡയലോഗ് കമ്മീഷന്റെ കോ-ചെയർമാൻ.

എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ശുപാർശ പരിഗണിച്ച്, മലങ്കര ഓർത്തഡോക്സ് - റോമൻ കത്തോലിക്കാ ഡയലോഗ് കമ്മീഷന്റെ കോ-ചെയർമാൻ സ്ഥാനത്തേക്ക് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്തായെ നിയമിക്കുന്നതിന് പരിശുദ്ധ ബാവാ തിരുമേനിയോട് സുന്നഹദോസ് ശുപാർശ ചെയ്തു. **(2018 ഓഗസ്റ്റ്)**

21.13) എത്യോപ്യൻ ഓർത്തഡോക്സ് സഭയുമായുള്ള ഡയലോഗിനുള്ള സ്റ്റാൻഡിംഗ് കമ്മറ്റി.

എത്യോപ്യൻ ഓർത്തഡോക്സ് സഭയും, മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ നടത്തുന്നതിന് ധാരണയായിട്ടുള്ള ഡയലോഗിനുള്ള സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങളായി അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, റവ. ഫാ. ഡോ. ജോസ്സി ജേക്കബ്, റവ. ഫാ. ഏബ്രഹാം തോമസ് എന്നിവരെ സുന്നഹദോസ് നാമനിർദ്ദേശം ചെയ്തു. **(2019 ഫെബ്രുവരി)**

21.14) സി. എസ്. ഐ, സി. എൻ. ഐ, ലൂഥറൻ സഭ, മാർത്തോമ്മാ സഭ എന്നിവയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള Bilateral dialogues പുനരാരംഭിക്കുന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ, സി. എസ്. ഐ, സി. എൻ. ഐ, ലൂഥറൻ സഭ, മാർത്തോമ്മാ സഭ എന്നിവയും മലങ്കര ഓർത്തഡോക്സ്

സഭയും തമ്മിലുള്ള Bilateral dialogues പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അനുമതി നൽകി. **(2021 ഓഗസ്റ്റ്)**

21.15) തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുമായി Bilateral dialoguesആരംഭിക്കുന്നത് സംബന്ധിച്ച്.

തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുമായി Bilateral dialogues ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ ചർച്ചകൾ നടത്തുന്നതിന് എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റിനെ സുന്നഹദോസ് ചുമതലപ്പെടുത്തി. **(2022 ഓഗസ്റ്റ്)**

21.16) എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ നിന്ന് ഇൻഡ്യയിൽ വന്ന് താമസിച്ച് പഠനം നടത്തുന്നതായ വിദ്യാർത്ഥികൾക്കാവശ്യമായ ഇടയപരിപാലനം (Pastoral Care) നൽകുന്നത് സംബന്ധിച്ച്.

എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ നിന്ന് ഇൻഡ്യയിൽ വന്ന് താമസിച്ച് പഠനം നടത്തുന്നതായ വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം, അവർക്കാവശ്യമായ ഇടയപരിപാലനം (Pastoral Care), അവർ താമസിക്കുന്നതായ സ്ഥലത്തുള്ള ഭദ്രാസന മെത്രാപ്പോലീത്താമാർ നിർവ്വഹിച്ചുകൊടുക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2023 ഓഗസ്റ്റ്)**

****

22. മിഷൻ, ജീവകാരുണ്യപ്രവർത്തനങ്ങൾ

22.1) Marriage Assitance Foundation (M.A.F) and Sick Aid Foundation (S. A. F).

അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന **M.A.F, S. A. F.** എന്നീ രണ്ട് പ്രസ്ഥാനങ്ങളും ഏറ്റെടുത്ത് സഭവകയായി നടത്തണ മെന്നുള്ള ഭാരവാഹികളുടെ അപേക്ഷ അംഗീകരിക്കുകയും, രണ്ട് പ്രസ്ഥാനങ്ങളുടെയും അദ്ധ്യക്ഷനായി അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെയും, സഹാദ്ധ്യക്ഷനായി തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്കോറോസിനെയും നിയമിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു. **(1979 ഫെബ്രുവരി)**

22.2) അവികസിത മെത്രാസനങ്ങളുടെയും പള്ളികളുടെയും സാമ്പത്തിക പരാധീനത സംബന്ധിച്ച് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തയ്യാറാക്കിയ റിപ്പോർട്ടിന്റെ സംഗ്രഹം. (The Christian Common responsibility for the building up and expansion of the Church).

പ്രസ്തുത രണ്ട് വിഷയങ്ങളും ഉൾക്കൊള്ളിച്ച് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തയ്യാറാക്കി പ. സുന്ന ഹദോസിൽ സമർപ്പിച്ച ചർച്ചാ സംഗ്രഹം (Synopsis for discussion) ആധാരമാക്കിക്കൊണ്ട് പരിശുദ്ധ സുന്നഹദോസ് ചർച്ച ചെയ്യുകയും, അതിലെ താഴെ പറയുന്ന ആശയങ്ങൾക്ക് പ്രാധാന്യം നൽകി ജന ങ്ങളെ പഠിപ്പിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു:

(1). The Church is the body of Christ, the people of God, united by the bond of Christian love. (സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തീയ സ്നേഹത്താൽ അന്യോന്യം ഐക്യപ്പെട്ടിരിക്കുന്ന ജനസമൂഹവു മാകുന്നു.)

(2). Rebirth into the Church makes the Church a family in which all believers of the Church are sons and daughters of the Church and therefore brothers and sisters of each other. (സഭയിലേക്കുള്ള വിശ്വാ സികളുടെ വീണ്ടും ജനനം (മാമോദീസ മൂലം) സഭയെ ഒരു കുടും ബമാക്കി തീർക്കുകയും, അങ്ങനെ സഭയിലെ എല്ലാ വിശ്വാസികളും

സഭയുടെ പുത്രന്മാരും പുത്രികളും തന്മൂലം അന്യോന്യം സഹോദരന്മാരും സഹോദരികളുമായിത്തീരുകയും ചെയ്യുന്നു.)

(3). The Church being a family, each members should live and work for the whole family. (സഭ ഒരു കുടുംബമാകയാൽ ഓരോ അംഗവും കുടുംബം മുഴുവനുംവേണ്ടി ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്യണം.)

(4). Independent parishes and exclusive right on the income of the parishes and of individuals have no theological justification. (സ്വതന്ത്ര ഇടവകാവാദവും, ഇടവകകളുടെയും വ്യക്തികളുടെയും വരുമാനങ്ങളുമേൽ മറ്റുള്ളവരെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള നിഷേധാത്മകമായ കുത്തകാവകാശവും വേദശാസ്ത്രപരമായി നീതീകരിക്കാവുന്നതല്ല.)

(5). Christian Stewardship. (ക്രിസ്തീയ കാര്യവിചാരകത്വം): ക്രിസ്തീയ കാര്യവിചാരകത്വം പോലെയുള്ള ആശയങ്ങൾ സഭാംഗങ്ങളെ പഠിപ്പിച്ച് സഭയിൽ ആകമാനം ഒരു ആദ്ധ്യാത്മീക നവോത്ഥാനമുണ്ടാക്കി, സഭാംഗങ്ങൾക്ക് നവജീവൻ ഉളവാക്കുന്നതിനായി ഒരു Spiritual New Life Movement (ആത്മീയ നവജീവ പ്രസ്ഥാനം) ഉണ്ടാക്കി, കർമ്മപരിപാടികൾ ആവിഷ്കരിച്ച് എത്രയുംവേഗം നടപ്പിലാക്കുന്നതിന് പ. കാതോലിക്കാബാവാ അദ്ധ്യക്ഷനും, അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കൺവീനറും, അഭിവന്ദ്യരായ മാത്യൂസ് മാർ കൂറീലോസ്, ജോസഫ് മാർ പക്കോമിയോസ്, മാത്യൂസ് മാർ ബർന്നബാസ്, ഗീവർഗീസ് മാർ ദീയസ്കോറോസ് എന്നീ മേൽപട്ടക്കാർ അംഗങ്ങളുമായുള്ള ഒരു ആത്മീയ നവോത്ഥാന കമ്മറ്റിയെ പരിശുദ്ധ സുന്നഹദോസ് നിശ്ചയിച്ചു. **(1980 ഫെബ്രുവരി)**

22.2.1). റിപ്പോർട്ടിലെ പ്രായോഗിക നിർദ്ദേശങ്ങൾ.

1. ക്രിസ്തീയ കാര്യവിചാരകത്വം, സൺഡേസ്കൂൾ മുതലായ എല്ലാ ആത്മീയ സംഘടനകളിലും പഠന വിഷയമാക്കുകയും പള്ളി പ്രസംഗങ്ങളിലും പ്രസംഗയോഗങ്ങളിലും അതേപ്പറ്റി പറയുകയും വേണം. **(1980 ഫെബ്രുവരി)**

2. പ്രയാസപ്പെടുന്ന നിർധനരായ ഇടവകാംഗങ്ങളെ സ്വന്ത ഇടവകയിൽ നിന്നും സഹായിക്കത്തക്കവണ്ണം ഇടവകാംഗങ്ങൾ അവരുടെ

സാമ്പത്തിക സ്ഥിതിക്കനുസരിച്ച് അവരവരുടെ ഇടവകകളിൽ കൂടുതൽ മാസവരി കൊടുക്കണം. **(1980 ഫെബ്രുവരി)**

3. ധനസമൃദ്ധിയുള്ള ഇടവക പള്ളികൾ നിർദ്ധനരായ ഇടവക പള്ളികളുടെ കാര്യം ഏറ്റെടുക്കണം. **(1980 ഫെബ്രുവരി)**

4. വളർന്നുവരുന്ന മെത്രാസനങ്ങളുടെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിന് വളർന്നുകഴിഞ്ഞിട്ടുള്ള മെത്രാസനങ്ങളും, സഭാകേന്ദ്രവും സഹായിക്കണം. **(1980 ഫെബ്രുവരി)**

5. പ്രയാസപ്പെടുന്നവരെ സഹായിക്കത്തക്കവണ്ണം പത്തിലൊന്ന് (ദശാംശം) നീക്കിവയ്ക്കുന്നതിന് സഭാംഗങ്ങളെ നിർബന്ധിതമായി ഉദ്ബോധിപ്പിക്കണം. **(1980 ഫെബ്രുവരി)**

22.3) ശിശുക്ഷേമ ബോർഡ്.

സഭയിലെ ശിശുക്ഷേമ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും അഭിവന്ദ്യരായ സ്തേഫാനോസ് മാർ തേവോദോസിയോസ്, ഗീവർഗീസ് മാർ ദീയസ്കോറോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ മേൽപട്ടക്കാർ വൈസ് പ്രസിഡണ്ടുമാരുമായി ഒരു ശിശുക്ഷേമ ബോർഡിനെ പരിശുദ്ധ സുന്നഹദോസ് നിശ്ചയിച്ചു. **(1980 ജൂലൈ)**

22.4) ആന്ധ്രാപ്രദേശിൽ നടപ്പിൽ വരുത്തുന്നതിന് തയ്യാറാക്കിയ ശിശുക്ഷേമ പ്രോജക്ട്.

ആന്ധ്രാപ്രദേശിൽ ഒരു ശിശുക്ഷേമ പദ്ധതി ആരംഭിച്ച് നടത്തുന്നതിന് ശിശുക്ഷേമ ബോർഡും മദ്രാസ് ഭദ്രാസനക്കാരും കൂടി സഹകരിച്ച് തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, ആന്ധ്രാപ്രദേശിൽ കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുട്ടികളുടെ പുനരധിവാസത്തിന് (rehabilitation) ഒരു ബാലഗ്രാം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ആന്ധ്രാ ഗവൺമെന്റിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശിശുക്ഷേമബോർഡിന്റെയും മിഷൻ ബോർഡിന്റെയും പ്രസിഡണ്ട് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായേയും മദ്രാസ് മെത്രാസനത്തിന്റെ അഭിവന്ദ്യ സഖറിയാസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെയും സുന്നഹദോസ് ചുമതലപ്പെടുത്തി. **(1981 ജൂലൈ)**

22.5) ആന്ധ്രാപ്രദേശിൽ കുഷ്ഠരോഗമില്ലാത്ത കുട്ടികൾക്കായി ബാലഗ്രാം സ്ഥാപിക്കുന്നതിനെപ്പറ്റി.

ആന്ധ്രാപ്രദേശ് ഗവൺമെന്റിൽ നിന്നും തരാമെന്ന് സമ്മതിച്ചിട്ടുള്ള നൂറ് ഏക്കർ സ്ഥലത്ത് ആന്ധ്രാപ്രദേശിലെ കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് നാൽപത്തി നാല് ലക്ഷം രൂപ ചെലവ് വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, ശിശുക്ഷേമ ബോർഡ് സെക്രട്ടറി ഫാ. ജോസഫ് വെണ്ടറപ്പള്ളി പരിശുദ്ധ സുന്നഹദോസിൽ സമർപ്പിച്ചതിനെ സുന്നഹദോസ് അംഗീകരിച്ചു. പ്രസ്തുത സ്ഥലം പരിശോധിച്ച് പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിന് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, ഫാ. ജോസഫ് വെണ്ടറപ്പള്ളി എന്നിവരെ ഒരു സബ് കമ്മറ്റിയായി നിയമിച്ചു. **(1982 ഫെബ്രുവരി)**

22.6) ആന്ധ്രായിലെ കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുട്ടികൾക്കായുള്ള ബാലഗ്രാം.

ബാലഗ്രാം സ്ഥാപിക്കുന്നതിന് ആന്ധ്രാപ്രദേശ് ഗവൺമെന്റ് സഭയ്ക്ക് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലം വനഭൂമി ആയതുകൊണ്ട്, ആയത് ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണെന്നും, അതിന് വളരെ കാലതാമസം നേരിടുമെന്നും, ഒരുപക്ഷേ ആയത് ലഭിക്കാതെ വന്നേക്കാമെന്നും, അവിടുത്തെ പ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കുന്നതിന് ആന്ധ്രാപ്രദേശ് സംസ്ഥാനത്തിൽ മറ്റേതെങ്കിലും സൗകര്യമായ സ്ഥാനത്ത് ആവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങണമെന്നും, അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യോഗത്തെ അറിയിച്ചു. അപ്രകാരം ചെയ്യുന്നതിന് പരിശുദ്ധ സുന്നഹദോസ് അദ്ദേഹത്തെ അനുവദിച്ചു. **(1983 ജൂലൈ)**

22.7) മദ്യവർജ്ജനം.

സഭയിൽപ്പെട്ട മദ്യപാനികൾ, ദുർവ്യത്തന്മാർ മുതലായവരെ വീണ്ടെടുക്കുന്നതിന് ഒരു പ്രസ്ഥാനം ആരംഭിക്കുന്നതിനെപ്പറ്റി. മദ്യപാനവും ദുർവൃത്തിയും മൂലം ജീവിതാധ:പതനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സഭാംഗങ്ങളെ ആദ്ധ്യാത്മീകമായി ഉദ്ധരിക്കുകയും, വീണ്ടെടുക്കുകയും ചെയ്യുന്നതിനായി, ഇടവകകൾതോറും

സന്നദ്ധ സംഘങ്ങൾ (സ്കൗഡുകൾ) രൂപവത്കരിക്കുന്നതിനും പ്രസ്തുത കാര്യസാധ്യത്തിനായി പെരുന്നാളുകൾ, വിരുന്നുസദ്യകൾ മുതലായവയുടെ അനുഷ്ഠാനത്തിൽ വരുത്തേണ്ടുന്ന നിയന്ത്രണങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനും, മദ്യവർജ്ജന സംബന്ധമായും മറ്റുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു കമ്മറ്റിയെ - കൂടുതൽ അംഗങ്ങളെ കോ-ഓപ്റ്റു ചെയ്യുന്നതിനുള്ള അധികാരത്തോടെ - നിയമിക്കണമെന്ന് പ. സുന്നഹദോസ് തീരുമാനിച്ചു. കമ്മിറ്റിയുടെ പ്രസിഡണ്ട് അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ ആയിരിക്കുമെന്നും, ശ്രീ. സി. യു. മാത്യു (കോട്ടയം) സെക്രട്ടറിയും, കൺവീനറും, സംഘാടകനും (Organising Secretary) ആയിരിക്കുമെന്നും പരിശുദ്ധ സുന്നഹദോസ് നിശ്ചയിച്ചു. **(1981 ഫെബ്രുവരി)**

22.8) Leprosy Mission Trust, India.

പ്രസ്തുത ട്രസ്റ്റിന്റെ സെക്രട്ടറി അയച്ചുതന്നിട്ടുള്ള കത്തിലെ താത്പര്യപ്രകാരം Leprosy Mission -ന്റെ പ്രവർത്തനങ്ങളിൽ സഭ താത്പര്യം കാണിക്കണമെന്നും, ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്കായി തന്നാണ്ട് 5000/- രൂപാ അയച്ചുകൊടുക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1981 ജൂലൈ)**

22.9) പാലക്കാട് മഞ്ഞപ്ര മാർ ബസേലിയോസ് ചിൽഡ്രൻസ് ഹോം.

പ്രസ്തുത സ്ഥാപനത്തിന്റെ ഫൗണ്ടർ ഡയറക്ടർ ആയിരുന്ന കവിയൂർ ചിറത്തലയ്ക്കൽ ഏലിയാസ് തോമസ് കോറെപ്പിസ്കോപ്പാ, 1982 മെയ് മാസം 20-ാം തീയതി നിര്യാതനാകയാൽ ചിൽഡ്രൻസ് ഹോമിന്റെ ഭാവിപ്രവർത്തനത്തെപ്പറ്റി പരിശുദ്ധ കാതോലിക്കാ ബാവാ ബന്ധപ്പെട്ടവരുമായി ആലോചിച്ച് വേണ്ടത് ചെയ്യണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1982 ജൂലൈ)**

22.10) പൂവർ ഫണ്ട്.

ആശുപത്രികളിൽ പൂവർ ഫണ്ടും, സഭാ സ്ഥാപനങ്ങളിൽ നിയമനം, അഡ്മിഷൻ എന്നിവയ്ക്ക് പിന്നോക്ക വിഭാഗക്കാർക്ക് കൂടുതൽ കോട്ടായും.

സഭവക ആശുപത്രികളിൽ സാധുക്കളുടെ ചികിത്സയ്ക്കായി പൂവർ ഫണ്ട് ഇല്ലാത്തിടത്ത് അത് ഉണ്ടാക്കുന്നതിനും, ഉള്ള സ്ഥലങ്ങളിൽ

ആയത് വികസിപ്പിക്കുന്നതിനും, സഭവക സ്ഥാപനങ്ങളിലും, സ്കൂൾ, കോളേജ് മുതലായവകളിലും ഉള്ള നിയമനം, അഡ്മിഷൻ എന്നിവ കളിൽ താണ വരുമാനക്കാർക്കും, പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വർക്കും കൂടുതൽ കോട്ടാ നൽകുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനും അഭിവന്ദ്യരായ ഫീലിപ്പോസ് മാർ തെയോഫിലോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാരെ ഒരു കമ്മറ്റിയായി നിശ്ചയിച്ചു. **(1983 ഫെബ്രുവരി)**

22.11) പ. സുന്നഹദോസ് പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുത്ത പ്രമേയങ്ങൾ.

ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങൾ സംബന്ധിച്ച്.

(1). 'ഇന്ത്യയുടെ വടക്കുകിഴക്കുള്ള അരുണാചൽപ്രദേശിലും മറ്റും ക്രിസ്തീയ മതസ്വാതന്ത്ര്യത്തെ അവഗണിച്ച്, ഇന്ത്യൻ പൗരത്വമുള്ള ക്രിസ്ത്യാനികൾക്കുപോലും പ്രവേശന സ്വാതന്ത്ര്യം വിലക്കുകയും, അതേസമയത്ത് ഹൈന്ദവ മതസംഘടനക്കാർ തുടങ്ങിയവരെ അവിടെ പ്രവേശിപ്പിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന ഇന്ത്യാ ഗവൺമെന്റിന്റെ മത വിവേചന നയത്തോട് പരിശുദ്ധ സുന്നഹദോസ് പ്രതിഷേധം രേഖപ്പെടുത്തുകയും, ഭാരതത്തിന്റെ മതേതര സ്വഭാവ ത്തിനെതിരായ ഇത്തരം നിരോധനങ്ങൾ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.' **(1982 ജൂലൈ)**

(2). 'ഭാരതത്തിൽ പലയിടങ്ങളിലും വിശിഷ്യാ, ഉത്തർപ്രദേശിലും മറ്റും ഉയർന്ന ജാതിക്കാർ നടത്തുന്ന ഹരിജന മർദ്ദനങ്ങളും, കൊല പാതകങ്ങളും അവസാനിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് കൂടുതൽ ഊർജ്ജസ്വലമായ നടപടികൾ എടുക്കുകയും, ഹരിജനങ്ങൾക്ക് സുര ക്ഷിതബോധം ഉണ്ടാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.' **(1982 ജൂലൈ)**

(3). 'ഹരിജനങ്ങൾക്ക് സർക്കാരിൽ നിന്ന് നൽകുന്ന എല്ലാ ആനു കൂല്യങ്ങളും ക്രൈസ്തവ സഭയിൽ ചേർന്ന ഹരിജനങ്ങൾക്കും അവശ ക്രൈസ്തവർക്കും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.' **(1982 ജൂലൈ)**

(4). 'മദ്ധ്യപ്രദേശിലുള്ള ഭിലായിലെ സെന്റ് തോമസ് ഓർത്ത ഡോക്സ് മിഷനിൽപ്പെട്ടവരുടെ നേർക്ക് ഈ അടുത്ത കാലത്തു

ണ്ടായ അതിക്രമങ്ങളിലും, അവിടുത്തെ ഒരു വൈദികനെ ദേഹോപദ്രവം ഏൽപിച്ചതിലും പ. എപ്പിസ്കോപ്പൽ സുന്നഹദോസിനുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നു. ഊർജ്ജസ്വലമായ നടപടികൾ സ്വീകരിച്ച് അക്രമികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുകയും, ടി മിഷനിൽപ്പെട്ടവർക്ക് സുരക്ഷിതത്വം നൽകുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.' **(1982 ജൂലൈ)**

22.12) മിഷൻ സൊസൈറ്റി പുനഃസംഘടന.

എല്ലാ മെത്രാപ്പോലീത്താമാരും മിഷൻ സൊസൈറ്റിയുടെ വൈസ് പ്രസിഡന്റുമാരാണ് എന്നുള്ളത്, മിഷൻ സൊസൈറ്റിയുടെ യോഗം കൂടുന്നതിന് അസൗകര്യങ്ങളുണ്ടാക്കുന്നു എന്ന് അതിന്റെ പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സുന്നഹദോസിനെ അറിയിച്ചു. അത് പരിഗണിച്ച ശേഷം, വൈസ് പ്രസിഡന്റുമാരായി അഭിവന്ദ്യരായ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, ഫിലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പാ എന്നിവരെ യോഗം ശുപാർശ ചെയ്തു. പരിശുദ്ധ കാതോലിക്കാ ബാവാ പേട്രൻ പ്രസിഡന്റും, അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മിഷൻ ബോർഡിന്റെ പ്രസിഡന്റുമായി തുടരുന്നതാണ്. നോമിനേറ്റ് ചെയ്യേണ്ട അംഗങ്ങളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് മിഷൻ സൊസൈറ്റി പുനഃസംഘടിപ്പിച്ചു. **(1989 ഫെബ്രുവരി)**

22.13) സഭയുടെ അടുത്ത Decade-ൽ priority തീരുമാനിച്ച് രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നിർവ്വഹിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച്. (രണ്ടാം പഞ്ചവത്സര പദ്ധതി)

രണ്ടായിരാമാണ്ട് ആകുമ്പോഴേക്കും എല്ലാവർക്കും പാർക്കുവാൻ ഭവനം, തൊഴിലില്ലാത്തവർക്കെല്ലാം തൊഴിലുണ്ടാക്കുവാനുള്ള സാധ്യത, ആദ്ധ്യാത്മീക സംഘടനകളിൽ ഏതെങ്കിലുമൊന്നിൽ അംഗങ്ങൾ ആയിരുന്നുകൊണ്ട് അദ്ധ്യാത്മീക വളർച്ച സഭയിൽ ഉണ്ടാക്കുക മുതലായവ നിർവ്വഹിക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1990 ജൂലൈ)**

22.14) മിഷൻ പ്രവർത്തനങ്ങൾ

ആദ്യ നൂറ്റാണ്ടിൽ തന്നെ ഭാരതത്തിന്റെ ഈ ഭാഗത്ത് കർത്താവിന്റെ

ശിഷ്യന്മാരിലൊരാളായ വി. മാർത്തോമാ ശ്ലീഹായാൽ സ്ഥാപിത മായ മലങ്കര സഭയ്ക്ക്, ഭാരതത്തിന്റെ ഇതര വിദൂര ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ജനലക്ഷങ്ങളോട് കർത്താവിന്റെ സുവിശേഷം സാക്ഷിപ്പാൻ വലുതായ ഒരു ചുമതല ഉണ്ട് എന്നും, അതിനെക്കു റിച്ച് നമ്മുടെ ആളുകളെ ബോധവാന്മാരാക്കണം എന്നും അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ സുന്നഹദോസ് യോഗത്തിൽ ശക്തമായി പ്രസ്താവിക്കുകയും, അത് സാധിക്കത്തക്കവണ്ണം നമ്മുടെ കേന്ദ്ര സമിതികളിൽ നിന്നുള്ള പ്രസ്താവനകളിൽ അതിന് പ്രത്യേകമായ ഊന്നൽ ഉണ്ടായിരിക്കണ മെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. വടക്കേ ഇന്ത്യയിലെ സുവി ശേഷ പ്രവർത്തനങ്ങൾക്ക് ആളുകളെ പരിശീലിപ്പിക്കുവാൻ ഭിലാ യിൽ ഒരു മിഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കണമെന്നും, അവിടേക്ക് എല്ലാ ഭദ്രാസനങ്ങളിൽ നിന്നും ആളുകളെ പരിശീലന ത്തിനായി അയയ്ക്കണമെന്നും തിരുമേനി ആഹ്വാനം ചെയ്തു. ഇത് വളരെ അത്യാവശ്യമാണെന്ന് പല അംഗങ്ങളും അഭിപ്രായപ്പെട്ടു. മിഷൻ ട്രെയിനിംഗ് സെന്ററിനോടു കൂടി വടക്കേ ഇന്ത്യൻ ഭാഷകൾ പഠിപ്പിക്കത്തക്കവണ്ണം ഒരു Language Institute കൂടി ഉണ്ടായിരിക്കണ മെന്ന് അഭിപ്രായമുണ്ടായി. ഈ അഭിപ്രായങ്ങളെല്ലാം കേട്ട് ചർച്ച ചെയ്തശേഷം, അപ്രകാരമുള്ള ഒരു മിഷൻ ട്രെയിനിംഗ് സെന്ററും, Language Institute-ഉം അവിടെ സ്ഥാപിക്കേണ്ടത് അത്യാവശ്യമാ ണെന്ന് നിശ്ചയിക്കുകയും ചെയ്തു. **(1990 ജൂലൈ)**

22.15. സഭയുടെ രണ്ടായിരാമാണ്ട് വരെയുള്ള പഞ്ചവത്സര പദ്ധതി കളും നവോത്ഥാനവും സംബന്ധിച്ച കാര്യങ്ങൾ.

സഭയുടെ രണ്ടായിരാമാണ്ട് വരെയുള്ള പഞ്ചവത്സര പദ്ധതികളും നവോത്ഥാനവും സംബന്ധിച്ച കാര്യങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിയോഗിക്കപ്പെട്ട് സബ് കമ്മറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട്, സഭയുടെ പൊതുവേയുള്ള പുരോഗമനത്തിന് ആവശ്യമായ കാര്യങ്ങളെക്കുറിച്ച് അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ യോഗത്തിൽ സംസാരിച്ചു. കാരുണ്യ ഗൈഡൻസ് സെന്റർ പോലുള്ളവ സഭയുടെ നവോത്ഥാന ത്തിന് വളരെ ഏറെ പ്രയോജകീഭവിക്കുന്നുണ്ടെങ്കിലും വൈദീക രിലും അത്മായക്കാരിലും സഭയുടെ ഭാവിയെക്കുറിച്ചുണ്ടാകുന്ന ആശങ്കാ മനോഭാവം ദൂരീകരിക്കുവാൻ പ്രത്യേകമായി യത്നിക്കേണ്ട

താണ്. നല്ല വൈദീക വിദ്യാർത്ഥികളെ ലഭിക്കുന്നതിലും പ്രയാസം അനുഭവപ്പെടുന്നുണ്ട്. എല്ലാ തുറകളിലും നവോത്ഥാനത്തിനുള്ള തീക്ഷ്ണതയും താത്പര്യവും ഉണ്ടെങ്കിൽ മാത്രമേ അത് സഭാ തലത്തിൽ പ്രാവർത്തികമാകുകയുള്ളൂ. നമ്മുടെ സഭ വിസ്തൃതമായ ഭാരതത്തിന്റെ പല ഭാഗങ്ങളിലേക്കും വളർന്നു കൊണ്ടിരിക്കുന്ന തിനാൽ, ഭാരതത്തിന്റെ സുവിശേഷീകരണത്തിനു വേണ്ടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് അഭിവന്ദ്യ തേവോദോസിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. അതിനു വേണ്ടി ഭിലായ് മിഷൻ ട്രെയി നിംഗ് സെന്ററിലേക്ക് ആളുകളെ അയച്ചും, മറ്റുവിധത്തിലും സഹായ സഹകരണങ്ങൾ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഭിലായിൽ ഭാരതത്തിലെ വിവിധ ഭാഷകൾ പഠിക്കുവാനും, വേദ ശാസ്ത്ര പരമായും സുവിശേഷപരമായും നൈപുണ്യം കൈവ രുത്തുവാനും ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ട്. ആരാധനയിൽ കൂടി മാത്രമേ നമ്മുടേതുപോലുള്ള ഈ പൗരസ്ത്യ സഭയിൽ നവോ ത്ഥാനം ഉണ്ടാകുകയുള്ളൂ, അതിന് നമ്മുടേതായ യൂണിവേഴ്സിറ്റി ഉണ്ടാകണം. Protestent യൂണിവേഴ്സിറ്റികൾ നമ്മുടെ സഭയുടെ നവോത്ഥാനത്തിന് സഹായിക്കുകയില്ല. വൈദികർ ചുമതല എടുത്ത് പ്രവർത്തിക്കുവാൻ തക്കവണ്ണം റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിച്ച്, ആരാധനയിൽ കൂടിയുള്ള പുതുക്കം കൈവരിക്കു വാൻ ശ്രമങ്ങൾ നടത്തണമെന്ന് അഭിവന്ദ്യ മക്കാറിയോസ് മെത്രാ പ്പോലീത്താ അഭിപ്രായപ്പെട്ടു. ഇടവക സന്ദർശനത്തിൽ ഭവന സന്ദർശനത്തിനുള്ള അവസരം മെത്രാപ്പോലീത്താമാർ ഉണ്ടാക്കേ ണ്ടത് പാസ്റ്ററൽ കെയറിന്റെ അഭിവൃദ്ധിക്ക് നല്ലതാണ്. ആരാധനയിൽ ആളുകളെ പങ്കെടുപ്പിക്കുവാനും, സീനിയർ മെമ്പേഴ്സ് ഗ്രൂപ്പുകളായി ഭവന സന്ദർശനവും പ്രാർത്ഥനാ ഗ്രൂപ്പുകളും ഇടവകകളിൽ നടത്തു ന്നത് ആത്മീക ഉണർവ് ഉണ്ടാക്കുവാൻ സഹായിക്കും. 60 പള്ളിക ളിൽ കൂടുതൽ ഒരു ഭദ്രാസനത്തിൽ ഉണ്ടാകുന്നത്, വേണ്ടതു പോലെ പാസ്റ്ററൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് മെത്രാ പ്പോലീത്താമാർക്ക് പ്രയാസമായിരിക്കുമെന്ന് പരിശുദ്ധ ബാവാ തിരുമേനി അഭിപ്രായപ്പെട്ടു. **(1992 ജൂലൈ)**

22.16) സഭയുടെ 2000-ാം ആണ്ട് വരെയുള്ള പഞ്ചവത്സര പദ്ധതി കളുടെ അവലോകനവും, ആദ്ധ്യാത്മീക നവോത്ഥാന പദ്ധതികളും.

മുമ്പ് നടപ്പാക്കിയിട്ടുള്ള പഞ്ചവത്സര പദ്ധതികളുടെ പൂർത്തീകരണ

ത്തിനുവേണ്ടി എല്ലാ മെത്രാസനങ്ങളിലും പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തണമെന്ന് പഞ്ചവത്സര പദ്ധതി കമ്മറ്റിയുടെ കൺവീനർ അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പദ്ധതികൾ അവലോകനം ചെയ്തു കൊണ്ട് പ്രസ്താവിച്ചു. ചർച്ച കൾക്ക് ശേഷം, താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു: **(1993 ഫെബ്രുവരി)**

1. വിശ്വാസത്തിൽ ആളുകളെ ഉറപ്പിക്കുക. **(1993 ഫെബ്രുവരി)**

2. തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരമെന്നവണ്ണം തൊഴിൽ ദാന പദ്ധതികൾ ഇടവകകളിൽ സംഘടിപ്പിക്കുക. **(1993 ഫെബ്രുവരി)**

3. 2000-ാം ആണ്ട് ആകുമ്പോഴേക്കും ഭവനമില്ലാത്തവർക്കെല്ലാം ഭവനം ഉണ്ടാക്കി കൊടുക്കുക. **(1993 ഫെബ്രുവരി)**

22.17) മിഷൻ പ്രവർത്തനത്തെ സംബന്ധിച്ച്.

മിഷൻ വേലയ്ക്കായി ഓരോ ഭദ്രാസനത്തിലും കഴിവും താത്പ ര്യവും, പ്രാപ്തിയുമുള്ള ആളുകളെ സംഘടിപ്പിച്ച് പരിശീലിപ്പിച്ച് സുവിശേഷ പ്രവർത്തനം വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് വ്യാപി പ്പിക്കണം. **(1996 ഫെബ്രുവരി)**

22.18) ഒറീസാ സൈക്ലോൺ റിലീഫ് ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ച്.

ഒറീസാ സൈക്ലോൺ റിലീഫ് ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ച് അഭി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഒരു ചെറുവിവരണം നൽകി. ഇതിനോടകം 66 ലക്ഷം രൂപാ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്നും, ഒരു ഗ്രാമത്തിലെ ഭവനങ്ങളുടെ പണി പൂർത്തി യായി എന്നും പരി. ബാവാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ബഹു. ഒറീസാ ഗവർണ്ണർ ശ്രീ. എം. എം. രാജേന്ദ്രൻ 40 ഭവനങ്ങളുടെ താക്കോൽ ദാനകർമ്മം നിർവ്വഹിക്കുകയുണ്ടായി എന്നും, കൂടുതൽ ഗ്രാമങ്ങൾ ദത്തെടുക്കുന്നതിന് നിർബ്ബന്ധിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. **(2000 ജൂലൈ)**

22.19) ഗുജറാത്തിലെ ഭൂകമ്പബാധിത പ്രദേശങ്ങളിൽ ആരംഭി ക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച്.

വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട നമ്മുടെ സഭാംഗങ്ങളുടെ വീടു കൾ പുനർ നിർമ്മാണം ചെയ്യുന്നതിന് കഴിയുന്നത്രയും സഹായം

ചെയ്യേണ്ടതാണെന്നും, അറ്റകുറ്റപണികൾ മാത്രം ആവശ്യമുള്ള ഭവനങ്ങളുടെ പണികൾ പൂർത്തിയാക്കുന്നതിന് അവരെ സഹായിക്കേണ്ടതാണെന്നും, വലിയ കേടുപാടുകൾ സംഭവിച്ചിട്ടുള്ള പള്ളിയും പാഴ്സനേജും പുനർ നിർമ്മാണം ചെയ്തു കൊടുക്കേണ്ടതാണെന്നും, നാനാജാതി മതസ്ഥരായ മറ്റുള്ളവർക്കും പ്രയോജനകരമാം വിധം നമ്മുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. **(2001 ഫെബ്രുവരി)**

22.20) എയിഡ്സ് രോഗികൾക്കു വേണ്ടി ഒരു സ്ഥാപനം ഉണ്ടാക്കുന്നത് സംബന്ധിച്ച്.

എയിഡ്സ് രോഗികൾക്കു വേണ്ടി മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനുള്ള മിഷൻ ബോർഡിന്റെ അപേക്ഷ സ്വീകരിച്ച്, സുന്നഹദോസ് അനുമതി നൽകി. **(2005 ജൂൺ)**

22.21) നവോത്ഥാനം – ഭദ്രാസന തലത്തിൽ.

(1). ഭദ്രാസനതലത്തിൽ, ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ ഇടവകളെ ഉൾപ്പെടുത്തി വാർഷിക സംഗമങ്ങൾ (Centralised Conventions) നടത്തണം. **(2006 നവംബർ)**

(2). കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്തായുടെ മുഖ്യചുമതലയിൽ, മറ്റ് ബാഹ്യകേരള മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടെ ഉചിതമായ സ്ഥലത്ത് ഒരു ബാഹ്യകേരള മിഷനറി ട്രെയിനിംഗ് സെന്റർ തുടങ്ങണം. **(2006 നവംബർ)**

22.22) ആർദ്ര ചാരിറ്റബിൾ സൊസൈറ്റി.

1. സഭാ കേന്ദ്രത്തിലെ റജിസ്ടേർഡ് അല്ലാതെയുള്ള എല്ലാ ചാരിറ്റി പ്രവർത്തനങ്ങളും, അവയുടെ പേരുകൾ നഷ്ടപ്പെടുത്താതെയും, തനിമ നിലനിർത്തിക്കൊണ്ടും, ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ പോഷകസംഘടനകൾ ആയി ഇനി മുതൽ പ്രവർത്തിക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2007 ഓഗസ്റ്റ്)**

2(1). ആർദ്രയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന *നഴ്സിങ്ങ് പഠന സ്പോൺസർഷിപ്പ് പദ്ധതിക്ക്* സുന്നഹദോസ് അംഗീകാരം നൽകി.

2(2). സഭയുടെ കേന്ദ്ര ബഡ്ജറ്റിൽ ആർദ്രയുടെ ആതുര സേവനത്തിന് ഒരു തുക, വക കൊള്ളിക്കണം.

2(3). ഡിസംബറിലെ ആദ്യ ഞായറാഴ്ച **ആതുരസേവനദിന**മായി പ്രഖ്യാപിച്ച്, അന്ന് ഇടവകകളിൽ പ്രത്യേകം പ്രാർത്ഥന നടത്തണം.

2(4). സഭയുടെ കേന്ദ്രതലത്തിൽ നടത്തപ്പെടുന്ന എല്ലാവിധ സേവന പദ്ധതികളും, സഭയുടെ വിവിധ ആത്മീയ സംഘടനകളും, ഭദ്രാസന ങ്ങളും ഇടവകളും നടത്തുന്ന എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങളും സർക്കാരിന്റെയും സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരു ന്നതി നുള്ള ഒരു 'നോഡൽ ഏജൻസി' ആയി ആർദ്ര ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തിക്കണം. **(2008 ഫെബ്രുവരി)**

22.23) 'Home for the Senior Citizen' എന്ന പ്രോജക്ട് സംബന്ധിച്ച്.

കാരാപ്പുഴ വസ്തുവിൽ 'Home for the Senior Citizen' എന്ന പേരിൽ ഒരു പ്രോജക്ട് സ്പോൺസർ ചെയ്യുന്നതിന് താത്പര്യം പ്രകടിപ്പിച്ചു കൊണ്ട് കുവൈറ്റിലെ അഹമ്മദി പള്ളി മാനേജിംഗ് കമ്മറ്റി സമർപ്പിച്ച അപേക്ഷ സുന്നഹദോസ് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം, അഹമ്മദി പള്ളിയുടെ താത്പര്യം സുന്നഹദോസ് തത്വത്തിൽ അംഗീകരിക്കുകയും, ആ വസ്തുവിനെ സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിയോഗിക്കപ്പെട്ട സബ്കമ്മറ്റി, ഈ പ്രോജക്ടിന്റെ സാധ്യതകൾ കൂടി കണക്കിലെ ടുത്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണെന്ന് നിശ്ചയിക്കുകയും ചെയ്തു. **(2008 ഫെബ്രുവരി)**

22.24) പരുമല സെമിനാരിയിൽ നിന്നുള്ള ഭവന നിർമ്മാണ സഹായം.

പരുമല സെമിനാരിയിൽ നിന്ന് ഭവന നിർമ്മാണത്തിനുള്ള സഹായം ചെയ്യുമ്പോൾ, ഓരോ ഭദ്രാസനത്തിൽ നിന്നുമുള്ള അപേക്ഷകൾ അതത് ഇടവക മെത്രാപ്പോലീത്താമാരെക്കൊണ്ട് ശുപാർശ ചെയ്യി ക്കേണ്ടതും, മെത്രാപ്പോലീത്താമാർ നിർദ്ദേശിക്കുന്നതനുസരിച്ച് സഹായം ചെയ്തു കൊടുക്കേണ്ടതുമാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1991 ഫെബ്രുവരി)**

22.25) പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോടനുബ ന്ധിച്ചുള്ള 'സ്നേഹസ്പർശം' പദ്ധതി സംബന്ധിച്ച്.

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന അർഹരായ കാൻസർ രോഗികളെ സഹായിക്കുന്നതി നായി ആരംഭിച്ചിട്ടുള്ള **സ്നേഹസ്പർശം** പദ്ധതിയുടെ നടത്തിപ്പ്

സംബന്ധമായ ക്രമീകരണങ്ങൾക്കായി പരുമല ആശുപത്രി മെത്രാപ്പോലീത്തൻ കൗൺസിലിനെ സുന്നഹദോസ് ചുമതലപ്പെടുത്തി. നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ച **'സ്നേഹസ്പർശം - കാൻസർ സാന്ത്വന പരിപാലന ദിന'** മായി ആചരിക്കുന്നതിനും സുന്നഹദോസിൽ തീരുമാനമായി. **(2018 ഫെബ്രുവരി)**

****

23. സാമ്പത്തികം, കണക്ക്, ഗ്രാന്റുകൾ

23.1) സാമ്പത്തിക വർഷം.

പ. സുന്നഹദോസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, പ്രസ്ഥാനങ്ങൾക്കും സാമ്പത്തിക വർഷം ഏപ്രിൽ ആദ്യം മുതൽ മാർച്ച് അവസാനം വരെ ആയിരിക്കണം. **(1978 ഫെബ്രുവരി)**

23.2) ഓഡിറ്റിംഗ് (കണക്ക് പരിശോധന).

1. പ. സുന്നഹദോസിന്റെ ആഭിമുഖ്യത്തിലുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ മുതലായവയുടെ കണക്കുകൾ സഭയിൽ നിന്ന് പൊതുവായി നിശ്ചയിക്കുന്ന ഓഡിറ്ററെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്. എന്നാൽ എന്തെങ്കിലും കാരണത്താൽ അത് സാധിക്കാതെ വന്നാൽ, ഏതെങ്കിലും ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് കണക്കു പരിശോധിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് അംഗീകരിക്കാവുന്നതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1979 ജൂലൈ)**

2. ഭദ്രാസനങ്ങളിൽ ഉള്ള എല്ലാ സ്ഥാപനങ്ങളുടെയും ബജറ്റും, തെരട്ടും ലഭിക്കത്തക്കവണ്ണം ലിസ്റ്റിൽ പേര് ഉൾപ്പെടുത്തണം. ഇപ്പോൾ ലിസ്റ്റിൽ ഇല്ലാത്ത സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ മെത്രാപ്പോലീത്താമാർ കേന്ദ്ര ഓഫീസിൽ അറിയിക്കേണ്ടതാണ്. **(1991 ഫെബ്രുവരി)**

23.3) സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അക്കൗണ്ട്സിനെ സംബന്ധിച്ച്.

ഓരോ സ്ഥാപനത്തിന്റെയും **Receipts & Payments Account, Income & Expenditure Account, Balace Sheet** എന്നിവ സഭാ കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(1991 ജൂലൈ)**

23.4) അവികസിത പള്ളികൾക്ക് സഹായത്തിനായുള്ള അപേക്ഷ.

1. അവികസിത പള്ളികൾക്ക് സഹായത്തിനായുള്ള അപേക്ഷകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച്, അതത് ഭദ്രാസന മെത്രാപ്പോലീത്താമാരുടെ ശുപാർശയും പണത്തിന്റെ ലഭ്യതയും കണക്കിലെടുത്തുകൊണ്ടു വേണം സഹായം ചെയ്യുവാൻ എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(1990 ഒക്ടോബർ)**

2. അവികസിത പള്ളികളുടെ വളർച്ചയും മിഷൻ പ്രവർത്തനത്തിന്റെ ഭാഗമാകയാൽ, ഇപ്പോൾ നിലവിലിരിക്കുന്നതുപോലെ Mission Sunday Collection -ന്റെ 40% അവികസിത പള്ളികൾക്കുവേണ്ടി തന്നെ വിനിയോഗിക്കേണ്ടതാണ്. **(2003 ജൂലൈ; 2006 ഫെബ്രുവരി)**

3. സഭയുടെ സ്ഥാപനങ്ങൾക്ക് വേണ്ടി ബാങ്കുകളിൽ നിന്നും ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങുന്നതിന് മുമ്പായി ഒരു കമ്മിറ്റിയെക്കൊണ്ട് പഠനം നടത്തേണ്ടതാണെന്ന് സുന്നഹ ദോസ് നിശ്ചയിച്ചു. **(2006 ഫെബ്രുവരി)**

23.5) പള്ളികളുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച്.

പള്ളികളുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും ഇടവക വികാരിയും, കൈസ്ഥാനിയും ചേർന്ന് മാത്രമേ കൈകാര്യം ചെയ്യുവാൻ പാടുള്ളൂ എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. പ്രസ്തുത നിശ്ചയം പരിശുദ്ധ സഭയിലെ എല്ലാ ഇടവകകളെയും അറിയിക്കുന്നതിനും തീരുമാനമായി. **(2017 ഓഗസ്റ്റ്)**

23.6) ഇടവക പള്ളികൾക്ക് പ്രത്യേകമായി പാൻ കാർഡ് എടുക്കുന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭയുടെ പാൻ കാർഡ് പൊതുവായി ഉപയോഗിക്കുന്ന എല്ലാ ഇടവക പള്ളികളും ഇനി മുതൽ, പ്രത്യേകം പ്രത്യേകം പാൻ കാർഡ് എടുക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2022 ഫെബ്രുവരി)**

****

24. പാത്രിയർക്കീസ് വിഭാഗവുമായുള്ള ബന്ധം

24.1) ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസിന്റെ കേരള സന്ദർശനവും സഭാ സമാധാനവും.

അന്ത്യോഖ്യയിലെ സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാ പ്രഥമന്റെ കേരള സന്ദർശനവേളയിൽ സഭാ സമാധാനത്തെപ്പറ്റി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളിലും, നടത്തിയിട്ടുള്ള പ്രസംഗങ്ങളിലും മലങ്കര ഓർത്തഡോക്സ് സുറിയാനി സമുദായത്തിന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്ന ചില പരാമർശങ്ങൾ ഉള്ളതിനാൽ അവയെപ്പറ്റി പ. സുന്നഹദോസ് ആലോചിച്ച ശേഷം താഴെ പറയുന്നപ്രകാരം തീരുമാനിച്ചു. **(1982 ഫെബ്രുവരി)**

1. 1958 -ലെ സഭാ സമാധാന വ്യവസ്ഥകളിൽ നിന്നും സ്വയം പിന്മാറിയ യാക്കോബ് തൃതീയൻ പാത്രിയർക്കീസും, അദ്ദേഹത്തിന്റെ അനുയായികളും ചെയ്തിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക മാത്രമാണ് സഭാ സമാധാനത്തിനുള്ള ഏക മാർഗ്ഗം. **(1982 ഫെബ്രുവരി)**

2. 1958 -ൽ സഭയിൽ സമാധാനം സ്ഥാപിച്ചശേഷം, അതിന്റെ അടിസ്ഥാന പ്രമാണമായ മലങ്കര സഭാ ഭരണഘടനയ്ക്ക് വിരുദ്ധമായ നടപടികൾ സ്വീകരിച്ച് അതിൽ നിന്നും പടിപടിയായി യാക്കോബ് തൃതീയൻ പാത്രിയർക്കീസ് പിന്മാറി.

3. മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെയും സിംഹാസനത്തെയും ചോദ്യം ചെയ്തുകൊണ്ട് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് 1970 -ൽ അദ്ദേഹത്തിന്റെ 203-ാം നമ്പർ കൽപന പുറപ്പെടുവിച്ചു.

4. മലങ്കര സഭയുടെ വ്യവസ്ഥാപിത ഭരണ ഘടകങ്ങളായ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും, മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെയും ഏകകണ്ഠമായ എതിർപ്പിനെ വകവയ്ക്കാതെ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അപ്രേം ആബൂദി മെത്രാപ്പോലീത്തായെ മലങ്കരയിലേക്ക് ഡെലിഗേറ്റായി അയച്ചു.

5. മലങ്കര സഭാ സുന്നഹദോസിന്റെയും, അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെയും പ്രതിഷേധത്തെ ധിക്കരിച്ചും, മലങ്കര അസ്സോ

സിയേഷന്റെ തെരഞ്ഞെടുപ്പുകൂടാതെയും, മലങ്കര സഭയ്ക്കായി തുടരെ തുടരെ മേൽപട്ടക്കാരെ വാഴിച്ചത് മലങ്കര സഭാ ഭരണഘടനയുടെ വ്യക്തമായ ലംഘനമായിരുന്നു.

6. മലങ്കര അസ്സോസിയേഷന് എതിരായി യാക്കോബായ അസ്സോസിയേഷൻ എന്ന പേരിൽ ഒരു ബദൽ സംഘടനയ്ക്ക് യാക്കോബ് തൃതീയൻ പാത്രീയർക്കീസ് അംഗീകാരം നൽകി.

7. മലങ്കര സഭയുടെ അറിവോ സമ്മതമോ കൂടാതെയും മലങ്കര അസ്സോസിയേഷന്റെ തെരഞ്ഞെടുപ്പ് ഇല്ലാതെയും അദ്ദേഹം ഒരു എതിർ കാതോലിക്കായെ വാഴിച്ചു.

8. മലങ്കരയിലുള്ള യഥാർത്ഥ കാതോലിക്കായെയും, മേൽപട്ടക്കാരെയും, ജനങ്ങളെയും പുറംതള്ളിയതായി (മുടക്കിയതായി) 1974 -ൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അനധികൃത പ്രസ്താവന ഇറക്കി.

9. കാതോലിക്കായുടെ ഭരണസീമയിൽ ക്ഷണിക്കപ്പെടാതെ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ എന്നുള്ള വ്യക്തമായ കാനോൻ വിധികളെ ലംഘിച്ചുകൊണ്ട് യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ പിൻഗാമിയായ സഖാ പ്രഥമൻ പാത്രിയർക്കീസ് മലങ്കരയിലേക്ക് വന്നു.

10. സഖാ പ്രഥമൻ പാത്രിയർക്കീസ് മലങ്കരയിൽ വച്ച് മൂറോൻ കൂദാശ നടത്തിയതും മേൽപട്ടക്കാരെ വാഴിച്ചതും കാനോൻ ലംഘനവും, അനധികൃതവുമാണ്.

മേൽപറഞ്ഞ തെറ്റുകൾക്ക് പരിഹാരമുണ്ടാക്കാതെ മലങ്കര ഓർത്തഡോക്സ് സഭ സമാധാനത്തിന് തയ്യാറല്ല. എന്നാൽ സഭാ സമാധാനത്തിനുള്ള ക്രിയാത്മകമായ എല്ലാ നടപടികൾക്കും ഓർത്തഡോക്സ് സഭ എക്കാലവും പരിപൂർണ്ണ സഹകരണം നൽകുന്നതാണ്. **(1982 ഫെബ്രുവരി)**

24.2) സഭാ സമാധാനത്തിന്റെ അടിസ്ഥാന തത്വങ്ങൾ.

(1). 1912 -ൽ പൗരസ്ത്യ കാതോലിക്കാ സിംഹാസനം അബ്ദുൾ മ്ശിഹാ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ ഇന്ത്യയിൽ പുനഃസ്ഥാപിച്ചപ്പോൾ, മേൽപ്പട്ടക്കാരെ വാഴിക്കുവാനും, മൂറോൻ കൂദാശ ചെയ്യുവാനും, കാതോലിക്കാ സിംഹാസനത്തിന്റെ ഒഴിവു

വരുമ്പോൾ ഇവിടുത്തെ സുന്നഹദോസ് തന്നെ കാതോലിക്കായെ വാഴിക്കുന്നതിനുമുള്ള അവകാശം കാതോലിക്കേറ്റിന് കൈമാറ്റം ചെയ്യപ്പെട്ടതാകയാൽ, അപ്രകാരമുള്ള അവകാശം അന്ത്യോഖ്യാ പാത്രിയർക്കീസിന് 1912 മുതൽ ഇല്ലാതെയായി. **(1996 ഏപ്രിൽ)**

(2). മലങ്കര സഭയുടെ 1934-ൽ പാസ്സാക്കിയതും പിന്നീട് ഭേദഗതി ചെയ്തിട്ടുള്ളതുമായ ഭരണഘടനയ്ക്ക് വിപരീതമായി ഒരു സമാധാനത്തിനും മലങ്കര സഭ തയ്യാറാകുന്നതല്ല. **(1996 ഏപ്രിൽ)**

(3). ബഹു. സുപ്രീം കോടതിയുടെ ജൂൺ 20, 1995 -ലെ വിധിയും, അതിന്റെ തുടർച്ചയായി 1996 മാർച്ച് 25-ാം തീയതി ഉണ്ടായിട്ടുള്ള ഉത്തരവും സമാധാനത്തെ ലക്ഷ്യമാക്കിയുള്ളതാണ്. വിധിയിൽ കൂടി നമുക്ക് ലഭിച്ചിട്ടുള്ള ഒരു തത്വവും സമാധാനത്തിനു വേണ്ടി വിട്ടുകളയുകയില്ല. **(1996 ഏപ്രിൽ)**

(4). മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടുവാൻ അധികാരവും, അവകാശവുമുള്ള ഏകവ്യക്തി മാർത്തോമ്മായുടെ ശ്ലൈഹീക സിംഹാസനത്തിൽ വാണരുളുന്ന മലങ്കര മെത്രാപ്പോലീത്തായും, കാതോലിക്കായുമായ സ്ഥാനി മാത്രമാണ്. **(1996 ഏപ്രിൽ)**

****

25. പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്നതും, തിരുശേഷിപ്പ് സ്ഥാപനവും സംബന്ധിച്ച്

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്, ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്നീ പിതാക്കന്മാരെയും, അതുപോലുള്ള മറ്റു പിതാക്കന്മാരുണ്ടെങ്കിൽ അവരെയും അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി സഭയുടെ പരസ്യാരാധനയിൽ ഓർക്കുകയും, അവരുടെ പേരിൽ പള്ളികളും മറ്റും സ്ഥാപിക്കുകയും ചെയ്യത്തക്കവിധം സഭയിലെ അംഗീകരിക്കപ്പെട്ട പരിശുദ്ധന്മാരായി പ. സുന്നഹദോസ് പ്രഖ്യാപിക്കണമെന്നുള്ള ആഗ്രഹം സഭയിൽ പലയിടത്തുമുള്ളതായി രേഖാമൂലവും, അല്ലാതെയും പ. സുന്നഹദോസിന്റെ അറിവിൽ പെട്ടിരിക്കുകയാൽ ഈ കാര്യത്തിൽ സഭാംഗങ്ങളുടെ ഇടയിലുള്ള അഭിപ്രായങ്ങൾ, അനുഭവങ്ങൾ മുതലായവയെക്കുറിച്ച് പഠിച്ച് വിലയിരുത്തുന്നതിനും, ഇത് സംബന്ധിച്ചുള്ള പൗരസ്ത്യ പാരമ്പര്യം എന്താണെന്ന് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും, അങ്ങനെ ആരെയെങ്കിലും പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭ എടുക്കേണ്ട നടപടികൾ എന്തെല്ലാമായിരിക്കണമെന്ന് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ഏഴ് പേരടങ്ങിയ ഒരു കമ്മിറ്റിയെ പ. സുന്നഹദോസ് നിശ്ചയിച്ചു. കമ്മറ്റിയുടെ പ്രസിഡണ്ട് അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായും, കൺവീനർ അഭിവന്ദ്യപൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ആയിരിക്കുന്നതാണ്. **(1981 ഫെബ്രുവരി)**

പ്രസ്തുത കമ്മറ്റി പ. സുന്നഹദോസ് കൂടുന്ന അവസരങ്ങളിൽ ഇത് സംബന്ധമായ ഇടക്കാല റിപ്പോർട്ടുകളും, അഞ്ച് വർഷത്തിനകം അവസാന റിപ്പോർട്ടും പ. സുന്നഹദോസിൽ സമർപ്പിക്കേണ്ടതാകുന്നു. പ്രസ്തുത പിതാക്കന്മാരുമായി പരിചയമോ, ബന്ധമോ, അറിവോ ഉള്ളവരിൽ നിന്ന് വസ്തുതകൾ ശേഖരിച്ച് പ. സുന്നഹദോസിൽ സമർപ്പിക്കുന്നതോടൊപ്പം, പൊതുജനങ്ങളിൽ നിന്നുള്ള തിരുത്തലുകളും കൂടുതൽ വിവരങ്ങളും ലഭിക്കത്തക്കവിധം പ. സുന്നഹദോസിന്റെ അനുവാദത്തോടുകൂടി അവ പ്രസിദ്ധം ചെയ്യാവുന്നതുമാണ്. **(1981 ഫെബ്രുവരി)**

25.1) വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള

പ്രാരംഭ റിപ്പോർട്ട്.

ഇക്കാര്യത്തിനായി അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള കമ്മിറ്റി തയ്യാറാക്കിയ പ്രാരംഭ റിപ്പോർട്ട് അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ യോഗത്തിൽ അവതരിപ്പിച്ചു. ആവശ്യമായ ചർച്ചകൾക്ക് ശേഷം ഈ റിപ്പോർട്ട്, ആളുകളുടെ അഭിപ്രായമറിയുന്നതിന് അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന് തീരുമാനിച്ചു. റിപ്പോർട്ട് അച്ചടിപ്പിക്കുന്നതിന്, പ്രാരംഭ കമ്മറ്റിയിലെ ഒരംഗമായ അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പായെ ചുമതലപ്പെടുത്തി. ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിന് ശേഷം കൂടുന്ന സുന്നഹദോസിൽ ഒരു ഉന്നതതല കമ്മീഷനെ നിയമിക്കണമെന്നും, ആ കമ്മീഷൻ അവർക്ക് ലഭിക്കുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പഠനം നടത്തി, സുന്നഹദോസിലേക്ക് ഇത് സംബന്ധിച്ചുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. **(1990 ഫെബ്രുവരി)**

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് സുന്നഹദോസ് ഏകാഭിപ്രായമായി തീരുമാനിച്ചു. **(2002 ഫെബ്രുവരി)**

പ. അരാം കാതോലിക്കാ ബാവായുടെ സാന്നിദ്ധ്യം ലഭ്യമാകും എന്നുള്ളതിനാൽ, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന ചടങ്ങുകളും മറ്റും വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ പെരുന്നാളിനോടനുബന്ധിച്ച്, 2003 ഫെബ്രുവരി മാസത്തിൽ നടത്തിയാൽ മതിയെന്ന് സുന്നഹദോസ് തീരുമാനിച്ചു. **(2002 ജൂലൈ)**

25.2) വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന തീയതിയും മറ്റു നടപടിക്രമങ്ങളും സംബന്ധിച്ച്.

വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന ചടങ്ങുകൾ 2003 ഫെബ്രുവരി മാസം 24-ാം തീയതി രാവിലെ 7 മണിക്ക് പ്രഭാത നമസ്കാരത്തോടുകൂടി ആരംഭിക്കേണ്ടതാണെന്നും, വിശുദ്ധ കുർബ്ബാനമദ്ധ്യേ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ ഒരു പ്രഭാഷണം ചെയ്യേണ്ടതാണെന്നും, തുടർന്ന്

അതിനുവേണ്ടി തയ്യാറാക്കിയ പ്രത്യേക ശുശ്രൂഷകൾ നടത്തി, വട്ട ശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ വിശുദ്ധനായി പ്രഖ്യാപിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ച യിച്ചു. **(2003 ഫെബ്രുവരി)**

25.3) പരി. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീ ത്തായുടെ കബർ നവീകരിക്കുന്നതിനെ സംബന്ധിച്ച്.

പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ കബർ പുതുക്കി പണിയണമെന്നും, അദ്ദേഹം ഉപയോഗിച്ചിരുന്ന വടി, സ്ലീബാ, ഡയറി തുടങ്ങിയവ സെമിനാരിയുടെ തെക്കുകിഴക്കേ മുറി ഭംഗിയാക്കി അവിടെ ഒരു മ്യൂസിയം ക്രമീകരിക്കണമെന്നുള്ള മുൻ സുന്നഹദോസ് തീരുമാനം നടപ്പിലാക്കി അവിടെ സൂക്ഷിക്കണ മെന്നും, അതിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള സബ്കമ്മറ്റി ഇത് നിർവ്വഹിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2006 ഫെബ്രുവരി)**

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേ നിയുടെ ചരമ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച്, തിരുമേനിയുടെ കബർ നവീകരിക്കുന്നതിന് പ. സുന്നഹദോസ് തീരുമാനിച്ചു. **(2008 ഫെബ്രുവരി)**

25.4) പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്,

പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിയന്ത്രണങ്ങൾ ആവശ്യമാണ് എന്ന് സുന്നഹദോസ് ഏകകണ്ഠ മായി അഭിപ്രായപ്പെട്ടു. ഇനി മുതൽ പരിശുദ്ധ സഭയിലെ ദേവാലയ ങ്ങളിൽ തിരുശേഷിപ്പുകൾ സ്ഥാപിക്കുന്നതിന് മുമ്പായി, ബന്ധപ്പെട്ട അപേക്ഷ സുന്നഹദോസിൽ വരേണ്ടതാണെന്നും, തിരുശേഷിപ്പു കളുടെ ആധികാരികത സംബന്ധിച്ച് വിശദമായ പഠനം നടത്തിയ തിന് ശേഷം മാത്രം തിരുശേഷിപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയാൽ മതിയെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2009 ഓഗസ്റ്റ്)**

25.5) പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷകൾ സംബന്ധിച്ച്.

പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ ദേവാലയങ്ങളിൽ സ്ഥാപിക്കു

ന്നത് സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ സുന്നഹദോസ് കൈക്കൊണ്ടു:

(1). വി. മാർത്തോമ്മാശ്ലീഹാ, വി. ഗീവറുഗീസ് സഹദാ എന്നിവരുടെ തിരുശേഷിപ്പുകൾ ലഭ്യമല്ലാത്തതിനാൽ അവരുടെ തിരുശേഷിപ്പുകൾ നൽകാനാവില്ല.

(2). ദേശീയ വിശുദ്ധരായ പരിശുദ്ധ പരുമല തിരുമേനി, പരിശുദ്ധ വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനി എന്നിവരുടെ തിരുശേഷിപ്പുകൾ ലഭ്യമാകയാൽ, പരിശുദ്ധ സുന്നഹദോസിന്റെ തീരുമാന പ്രകാരം, പരിശുദ്ധ ബാവാ തിരുമേനിയുടെ അനുവാദ കൽപന വാങ്ങി അവ ദേവാലയങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.

(3).തിരുശേഷിപ്പ് സ്ഥാപിക്കുമ്പോൾ അത് വിശുദ്ധ ദേവാലയത്തിനകത്ത് മദ്ബഹായോട് ചേർന്ന് സൗകര്യപ്രദമായ സ്ഥലത്ത് ആയിരിക്കണം; അതിന്റെ പേരിൽ പ്രത്യേക ഭണ്ഡാരം വയ്ക്കുവാൻ പാടില്ലാത്തതുമാകുന്നു. **(2010 ആഗസ്റ്റ്)**

****

26. വനിതാ പങ്കാളിത്തം, സ്ത്രീ ശാക്തീകരണം

26.1) സ്തീകൾക്ക് സഭാപ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം നൽകുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തീരുമാനങ്ങൾ സുന്നഹദോസ് കൈക്കൊണ്ടു:

വിശുദ്ധ മാമോദീസായ്ക്ക് ശേഷം ആൺകുട്ടികളെപ്പോലെ പെൺകുട്ടികളെയും വിശുദ്ധ മദ്ബഹായിൽ കയറ്റി ബലിപീഠം മുത്തിക്കാമെന്നും, ആരാധനകളിൽ അത്യാവശ്യം എന്നു കണ്ടാൽ വിശുദ്ധ കുർബ്ബാന ആരംഭിക്കുന്നതിന് മുമ്പായി ഹൈക്കലായിൽ നിന്നുകൊണ്ട് പഴയനിയമ വേദഭാഗങ്ങൾ വായിക്കുന്നതിന് സ്ത്രീകളെ അനുവദിക്കാമെന്നും നിശ്ചയിച്ചു. മറ്റേതെല്ലാം രംഗങ്ങളിൽ സ്ത്രീകളെ പങ്കെടുപ്പിക്കാം എന്നതിനെക്കുറിച്ച് കൂടുതൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് ചുമതലപ്പെടുത്തി. **(1988 ജൂലൈ)**

26.2) സ്ത്രീകൾക്ക് സഭാ പ്രവർത്തനങ്ങളിൽ കൊടുക്കാവുന്ന സ്ഥാനം.

1. ഇടവകകളിൽ നടക്കുന്ന പൊതുയോഗത്തിൽ, ഇടവകയിൽ അംഗത്വമുള്ള കുടുംബങ്ങളിലെ 21 വയസ്സ് പ്രായപൂർത്തിയായി വി. കുമ്പസാരവും, വി. കുർബ്ബാനാനുഭവവും ക്രമപ്രകാരം നടത്തി ജീവിക്കുന്ന സ്ത്രീകളെ നിരീക്ഷകരായി സംബന്ധിപ്പിക്കുന്നതിനും, വോട്ടവകാശമില്ലാതെ അദ്ധ്യക്ഷൻ അനുവദിക്കുമ്പോൾ മാത്രം ഇടവക പൊതുയോഗത്തിൽ അഭിപ്രായ പ്രകടനം നടത്തുന്നതിന് അനുവദിക്കുന്നതിനും വിരോധമില്ല. ഇങ്ങനെ ചെയ്യുന്നതിനുമുൻപ് ഇക്കാര്യം പൊതുയോഗത്തിൽ കൊണ്ടുവരികയും, അങ്ങനെ അനുവദിച്ചുകൊണ്ടുള്ള പ്രമേയം പാസ്സാക്കി മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ചെയ്യണം. **(1988 ജൂലൈ)**

2. ഇടവക മാനേജിംഗ് കമ്മിറ്റിയുടെ യോഗം കൂടുമ്പോൾ സ്ത്രീസമാജത്തിന്റെ പ്രതിനിധികളായി, സ്ത്രീസമാജ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്നവരും, വി. കുമ്പസാര ജീവിതത്തിലും, വി. കുർബ്ബാനാനുഭവത്തിലും ജീവിക്കുന്നവരുമായ രണ്ട് സ്ത്രീകളെ നിരീക്ഷകരായി സംബന്ധിപ്പിക്കാവുന്നതാണ്. എന്നാൽ അവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ കാര്യങ്ങൾ വിശദ

മായ പഠനം നടത്തി പിന്നീട് സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. **(1988 ജൂലൈ)**

26.3) ഇടവക പൊതുയോഗത്തിൽ വനിതകളുടെ പ്രാതിനിധ്യം സംബന്ധിച്ച്.

1. മലങ്കര ഓർത്തഡോക്സ് സഭയിലെ ഇടവകകളിൽ കുടിശ്ശിക ഇല്ലാത്തവരും, കുമ്പസാരിച്ചവരുമായ 21 വയസ്സ് പൂർത്തിയായിട്ടുള്ള വനിതകൾക്ക് ഇടവക പൊതുയോഗത്തിൽ നീരിക്ഷകരായി സംബന്ധിക്കാവുന്നതാകുന്നു. ഭരണഘടനാ ഭേദഗതി നിലവിൽ വരുന്നതുവരെ അവർക്ക് വോട്ട് ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതല്ല. മലങ്കരസഭയുടെ പ്രവർത്തന പന്ഥാവിൽ വനിതകൾക്കും പങ്കാളിത്തം അനുവദിക്കുന്നതിനുള്ള നീക്കത്തിന്റെ പ്രാരംഭപടിയായി ഇതിനെ കാണേണ്ടതാകുന്നു. **(2007 ഫെബ്രുവരി)**

2. സഭയിലെ ആദ്ധ്യാത്മീകസംഘടനകളിലും വനിതകൾക്ക് ഉചിതമായ പ്രാതിനിധ്യം നൽകേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. (2007 ഫെബ്രുവരി)

26.4) ഇടവക പൊതുയോഗത്തിൽ വനിതകൾ നിരീക്ഷകരായി പങ്കെടുക്കുന്നത് സംബന്ധിച്ച്.

(1). കുടുബനാഥൻ കുടിശ്ശിക തീർത്തിരിക്കുന്നു എങ്കിൽ, ആ കുടുംബത്തിലെ 21 വയസ് പൂർത്തിയായവരും, ആണ്ടുകുമ്പസാരം നടത്തിയിട്ടുള്ളവരുമായ പുരുഷന്മാർക്കും, വനിതകൾക്ക് നിരീക്ഷകരായി മാത്രവും പൊതുയോഗത്തിൽ സംബന്ധിക്കാവുന്നതാണ്. **(2008 ഫെബ്രുവരി)**

(2). പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ഒരേ കുമ്പസാര റജിസ്റ്റർ മതിയാകും. **(2008 ഫെബ്രുവരി)**

(3). നിരീക്ഷകരായി സംബന്ധിക്കുവാൻ അർഹതയുള്ള വനിതകളുടെ പേരു വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം. **(2008 ഫെബ്രുവരി)**

(4). പൊതുയോഗത്തിൽ വനിതകൾക്ക് ഒപ്പിടുന്നതിനായി ഒരു നിരീക്ഷക രജിസ്റ്റർ പ്രത്യേകം ഉണ്ടായിരിക്കണം. **(2008 ഫെബ്രുവരി)**

(5). പൊതുയോഗത്തിൽ വനിതകൾക്ക് അഭിപ്രായ സ്വാതന്ത്ര്യം ഉണ്ട്; എന്നാൽ വോട്ടിംഗ് അവകാശം ഉണ്ടായിരിക്കുന്നതല്ല. **(2008 ഫെബ്രുവരി)**

(6). വനിതകളെ ഇടവക മാനേജിംഗ് കമ്മറ്റി അംഗമായി ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല; എന്നാൽ ഇടവകയുമായി ബന്ധപ്പെട്ട ഉപസമിതികളിലെ അംഗങ്ങൾ ആക്കാവുന്നതാണ്. **(2008 ഫെബ്രുവരി)**

26.5) സ്ത്രീകൾക്ക് സഭയിൽ വോട്ടവകാശം നൽകുന്നതിനെ സംബന്ധിച്ച്.

1. ടി വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട്, അഭിവന്ദ്യ യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്താ സുന്നഹദോസിൽ അവതരിപ്പിച്ചത് സുന്നഹദോസ് അംഗീകരിച്ചു. സഭാ സമിതികളിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കരുതെന്നും, നിശ്ചിത ശതമാനം (30%) സംവരണം പ്രസ്തുത സമിതികളിൽ നീക്കിവയ്ക്കുന്നതാണ് ഉചിതമെന്നും തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ അഭിപ്രായപ്പെട്ടു. ടി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്, റിപ്പോർട്ടിൽ കൂടുതലായ വസ്തുതകൾ ഉൾപ്പെടുത്തുന്നതിനും, ശതമാന സംവരണത്തിൽ നിയമോപദേശം തേടുന്നതിനും അഭി. യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് ചുമതലപ്പെടുത്തി. **(2011 ഫെബ്രുവരി)**

2. മലങ്കര സഭയുടെ ഇടവകളിലെ പൊതുയോഗത്തിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകിയ നടപടി പൊതുവേ സ്വാഗതം ചെയ്യപ്പെട്ടു എന്നും, ഇടവക കമ്മറ്റികളിൽ വനിതാ പ്രാതിനിധ്യം ഉണ്ട് എങ്കിലും കൈസ്ഥാനി - സെക്രട്ടറി സ്ഥാനങ്ങളിൽ വനിതാ സാന്നിദ്ധ്യം പൊതുവേ കുറവാണ് എന്നും, ചില ഇടവക കമ്മറ്റികളിൽ വനിതാ പ്രാതിനിധ്യം ഇല്ല എന്നും, മെത്രാപ്പോലീത്താമാരും വൈദീകരും വനിതാപ്രാതിനിധ്യത്തെ സ്വാഗതം ചെയ്യുന്നു എന്നും, അടുത്ത പടി എന്ന നിലയിൽ വനിതാ പ്രാതിനിധ്യം മെത്രാസന പൊതുയോഗത്തിലേക്കും വ്യാപിപ്പിക്കണമെന്ന് ടി സമിതി ശുപാർശ ചെയ്യുന്നു എന്നും ടി വിഷയം പഠിച്ച സമിതി റിപ്പോർട്ട് ചെയ്തു. ചർച്ചകൾക്ക് ശേഷം, സമിതിയുടെ ശുപാർശ സഭാ വർക്കിംഗ് കമ്മിറ്റിയിലും മാനേജിംഗ് കമ്മറ്റിയിലും അവതരിപ്പിച്ച്, ഭരണഘടനാ ഭേദഗതിക്കായി റൂൾ കമ്മറ്റിക്ക് വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരിശുദ്ധ ബാവാ തിരുമേനിയോട് സുന്നഹദോസ് ഏകാഭിപ്രായമായി ശുപാർശ ചെയ്തു. **(2016 ഓഗസ്റ്റ്)**

26.6) നവജ്യോതി മോംസ് ചാരിറ്റബിൾ സൊസൈറ്റി.

നവജ്യോതി മോംസ് ചാരിറ്റബിൾ സൊസൈറ്റിയെ മർത്തമറിയം വനിതാ സമാജത്തിന്റെ ചുമതലയിൽ നിന്നും വിടുർത്തി, പരിശുദ്ധ സഭയിലെ സ്ത്രീശാക്തീകരണത്തിനുള്ള ഒരു പ്രത്യേക പ്രസ്ഥാന മായി അംഗീകരിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2019 ഓഗസ്റ്റ്)**

****

27. സ്ക്കൂൾ, കോളേജ്, ആശുപത്രി

27.1) മലങ്കര ഓർത്തഡോക്സ് ചർച്ച് മെഡിക്കൽ മിഷൻ (Service) ബോർഡ് ഭരണഘടന.

1. അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, മലങ്കര ഓർത്തഡോക്സ് ചർച്ച് മെഡിക്കൽ മിഷൻ (Service) ബോർഡിനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച ഭരണഘടന പ. സുന്നഹദോസ് അംഗീകരിച്ചു. **(1981 ഫെബ്രുവരി)**

2. 1983 ഫെബ്രുവരി സുന്നഹദോസ്, പ്രസ്തുത ഭരണഘടനയുടെ വകുപ്പ്-3 ഉപവകുപ്പ്-ബി. അനുസരിച്ച് അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ ബോർഡിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടായും, വകുപ്പ്-3 ഉപവകുപ്പ്-ഡി. അനുസരിച്ച് കോലഞ്ചേരി മെഡിക്കൽ മിഷൻ സൂപ്രണ്ട് ഡോ. മാമ്മൻ ചെറിയാനെ ബോർഡിന്റെ ഡയറക്ടറും ട്രഷറാറുമായും വകുപ്പ്-3 ഉപവകുപ്പ്-എഫ്. അനുസരിച്ച് ഡോ. പത്രോസ് മത്തായി, ഡോ. കോശി പൂപ്പള്ളിൽ, ഫാദർ ജോർജ്ജ് കുര്യൻ (Student Centre) എന്നിവരെ അംഗങ്ങളായും നോമിനേറ്റ് ചെയ്തു. **(1983 ഫെബ്രുവരി)**

27.2) അക്കാഡമിക്ക് കൗൺസിൽ ആൻഡ് ട്രെയിനിംഗ് സ്കീം.

വിവിധ മൽസര പരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലന കേന്ദ്രങ്ങൾ സംബന്ധിച്ച് 23-08-1991 ൽ കൂടിയ സഭാ മനേജിംഗ് കമ്മറ്റി കൈക്കൊണ്ടതായ തീരുമാനം ചർച്ച ചെയ്യുകയും, അംഗീകരിക്കുകയും ചെയ്തു. അതിനെ തുടർന്ന്, അതിന്റെ കൺവീനർ ശ്രീ. സി. കെ. കൊച്ചുകോശി സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ സഭാ വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചതനുസരിച്ച് അതിന്റെ ചിലവിലേക്ക് അഞ്ചു ലക്ഷം രൂപാ കൊടുക്കണമെന്നും സുന്നഹദോസ് യോഗം തീരുമാനിച്ചു. **(1991 ഒക്ടോബർ)**

27.3) കാതോലിക്കേറ്റ് ആന്റ് എം. ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഓഫീസ്.

കാതോലിക്കേറ്റ് ആന്റ് എം. ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഓഫീസ് ദേവലോകത്ത് ആക്കുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(1991 ഒക്ടോബർ)**

27.4) വിദ്യാഭ്യാസ സുരക്ഷാ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച്.

വിദ്യാലയങ്ങളിൽ നിന്ന് രാഷ്ട്രീയം തുടച്ചു നിക്കുന്നതിന് കാര്യ ക്ഷമമായി പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സുരക്ഷാ സമിതിയുടെ പ്രവർത്തനങ്ങളെ പരി. സുന്നഹദോസ് ശ്ലാഘിക്കുകയും ബഹു. കേരള ഹൈക്കോടതിയിൽ നിന്നും അനുകൂലമായ വിധി സമ്പാദിച്ച പ്രവർത്തകരെയും, പ്രത്യേകിച്ച്, കൺവീനർ കൂടിയായ സഭാംഗം സത്യവാൻ കൊട്ടാരക്കരയെയും അനുമോദിക്കുകയും, ടി അനുകൂല വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്ത ഗവൺമെന്റ് നടപടികളിൽ പ്രതിഷേധിക്കുകയും, ടി കേസിൽ സഭ കക്ഷിയായി ചേരേണ്ടതാ ണെന്ന് സുന്നഹദോസ് നിശ്ചയിക്കുകയും, കേസിൽ കക്ഷി ചേരു ന്നതിന് കാതോലിക്കേറ്റ് ആന്റ് എം. ഡി. സ്കൂൾസ് മാനേജരെ ചുമതലപ്പെടുത്തുകയും ചെയ്തു. **(1997 ഫെബ്രുവരി)**

27.5) കോലഞ്ചേരി മെഡിക്കൽ കോളേജിലെ അഡ്മിഷൻ സംബന്ധിച്ച്.

കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജിൽ ഇപ്പോൾ നടക്കുന്നതും, ഭാവിയിൽ ആരംഭിക്കുവാനിരിക്കുന്നതുമായ എല്ലാ കോഴ്സുകളിലും 10% സീറ്റ്, സഭ സ്പോൺസർ ചെയ്യുന്ന വിദ്യാർത്ഥി കൾക്ക് നൽകണമെന്ന് കോളേജിന്റെ ചുമതലക്കാരെ അറിയിക്കുന്ന തിന് സുന്നഹദോസ് നിശ്ചയിച്ചു. **(2003 ജൂലൈ)**

27.6) വെല്ലൂർ സി. എം. സി. യിൽ പി. ജി. കോഴ്സിന് ഓർത്ത ഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്ത് അയയ്ക്കുന്നത് സംബന്ധിച്ച്.

വെല്ലൂർ സി. എം. സി. യിൽ പി. ജി. കോഴ്സിന് ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്ത് അയയ്ക്കു ന്നതിനുള്ള ക്രമീകരണങ്ങൾ ഇനി മുതൽ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനവും (എം. ജി. ഒ. സി. എസ്. എം.), പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപ ത്രിയും ചേർന്ന് നിർവ്വഹിക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ച യിച്ചു. **(2019 ഓഗസ്റ്റ്)**

27.7) പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ സംബന്ധിച്ച്.

2016 നവംബർ മാസം 22-ാം തീയതി രാവിലെ 11 മണിക്ക് പുതിയ

ആശുപത്രിയുടെ കൂദാശ നിർവ്വഹിക്കുന്നതിനും, 23-ാം തീയതി രാവിലെ 10 മണിക്ക് ആശുപത്രിയുടെ ഉദ്ഘാടനം ക്രമീകരിക്കുന്നതിനും സുന്നഹദോസിൽ ധാരണയായി. **(2016 ഓഗസ്റ്റ്)**

27.8) പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയുടെ കാർഡിയോളജി വിഭാഗത്തിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ പേര് നൽകുന്നത് സംബന്ധിച്ച്.

പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയുടെ കാർഡിയോളജി വിഭാഗത്തിന് **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ മെമ്മോറിയൽ കാർഡിയോളജി ബ്ലോക്ക്** എന്ന് നാമകരണം ചെയ്യുന്നതിനും, **സ്നേഹസ്പർശം** കാൻസർ ചികിത്സാ സഹായ പദ്ധതി കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ പരുമല ആശുപത്രി കൗൺസിലിന്റെയും പരുമല ആശുപത്രി മെത്രാപ്പോലീത്തൻ കൗൺസിലിന്റെയും സംയുക്ത ചുമതലയിൽ കൈക്കൊള്ളുന്നതിനും, എം. ബി. ബി. എസ്. കോഴ്സിന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ (C. M. C.) പരിശുദ്ധ സഭയ്ക്ക് നഷ്ടപ്പെട്ടുപോയ സ്പോൺസർഷിപ്പ് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സുന്നഹദോസ് നിശ്ചയിച്ചു. **(2021 ഓഗസ്റ്റ്)**

****

28. പരുമല സെമിനാരി

28.1) പരുമല സെമിനാരിയുടെ ഭരണക്രമം.

പരുമല സെമിനാരിയുടെ നടത്തിപ്പിലേക്കായി തയ്യാറാക്കിയതും, 8-07-1978 -ൽ കൂടിയ പ. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം ആവശ്യമായ നിയമോപദേശം നേടിയ ശേഷം, എപ്പിസ്കോപ്പൽ സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മിറ്റി ഭേദഗതികൾ വരുത്തി പ. സുന്നഹദോസിൽ സമർപ്പിച്ചതുമായ ഭരണക്രമം ഏതാനും ഭേദഗതികളോടുകൂടി പ. സുന്നഹദോസ് പാസാക്കുകയും, ആയത് 'These are only interim rules, subject to the provisions in the constitution of the Church and shall be superseded by a fully comprehensive set of rules prepared and passedby the Managing Committee and Synod of the Church' എന്നുള്ള വ്യവസ്ഥയോടുകൂടി നടപ്പിലാക്കുന്നതിന് പ. സുന്നഹദോസ് തീരുമാനിക്കുകയും ചെയ്തു. **(1978 നവംബർ)**

28.2) പരുമല സെമിനാരിയിൽ വരുന്നവർക്ക് കൗൺസലിംഗ് മുതലായവ ചെയ്തു കൊടുക്കുന്നതിനുള്ള സംവിധാനം സംബന്ധിച്ച്.

കൗൺസലിംഗിനും, ധ്യാനം നടത്തുന്നതിനും, ആളുകളുടെ പ്രയാസങ്ങൾ കേട്ട് ആശ്വാസം പറഞ്ഞുകൊടുക്കുന്നതിനും ആയി കുറെ വൈദികർ അവിടെ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. അമേരിക്കയിൽ കൗൺസലിംഗിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഫാ. ജോയി പൈങ്ങോളിലിനെ വരുത്തി കൗൺസലിംഗിന്റെ ചുമതല കൊടുക്കുന്നത് നന്നായിരിക്കുമെന്നുള്ള അഭിപ്രായം ഉണ്ടായി. അതുപോലെ, തീർത്ഥാടകരായി വരുന്നവർക്ക് വെള്ളം കുടിക്കുന്നതിന് വാട്ടർ കൂളറും, ചെരുപ്പ് നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും, ആളുകൾക്ക് ഓരോ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിന് വോളന്റിയർമാരെയും ക്രമീകരിക്കണമെന്ന് അഭിപ്രായമുണ്ടായി. കൂടുതൽ ആളുകളുള്ള ദിവസങ്ങളിൽ തിരുമേനിമാർ മാറി മാറി ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടതനുസരിച്ച് മാസത്തിന്റെ ഒന്നാം വെള്ളിയാഴ്ച അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും, രണ്ടാം വെള്ളിയാഴ്ച അഭിവന്ദ്യ പൗലൂസ് മാർ പക്കോമിയോസ് എപ്പിസ്ക്കോ

പ്പായും, മൂന്നാം വെള്ളിയാഴ്ച അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും, നാലാം വെള്ളിയാഴ്ച അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും പരുമലയിൽ പോയി ആരാധനയ്ക്ക് നേതൃത്വം കൊടുക്കാം എന്ന് സ്വമനസ്സാലെ സമ്മതിച്ചു. **(1995 ഫെബ്രുവരി)**

28.3) പരുമലയിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന 28 ഏക്കർ സ്ഥലം വാങ്ങുന്നതിന് സുന്നഹദോസ് അനുമതി നൽകി എന്നാൽ, അത് ഘട്ടം ഘട്ടമായി (2005-2006, 2006-2007 എന്നീ സാമ്പത്തിക വർഷങ്ങളിലായി) വാങ്ങിയാൽ മതിയെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2005 ജൂൺ)**

28.4) സഭയുടെ പൊതുസ്ഥാപനമായ പരുമല സെമിനാരിയിൽ നിന്നുള്ള വരുമാനം, സഭയ്ക്കാകമാനം പ്രയോജനം വരത്തക്കവിധം ഉപയോഗിക്കേണ്ടതാണെന്നും, സുന്നഹദോസ് പാസ്സാക്കുന്ന ബഡ്ജറ്റിനുള്ളിൽ നിന്നുവേണം പരുമല കൗൺസിൽ അവിടെ വികസന പ്രവർത്തനങ്ങൾക്കും മറ്റും ചിലവ് ചെയ്യേണ്ടത് എന്നും, പരുമലയിൽ സഭയ്ക്കുള്ള മുഴുവൻ സ്ഥലത്തിനും വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന് ശേഷമേ അവിടെ വികസന പ്രവർത്തനങ്ങൾ നടത്താവൂ എന്നുള്ള മുൻ സുന്നഹദോസ് നിശ്ചയത്തെ മറികടന്ന് ഇപ്പോൾ അവിടെ നടത്തുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളും മറ്റ് പണികളും ഉടനടി നിർത്തിവയ്ക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2005 ജൂൺ)**

28.5) പരുമല സെമിനാരി പള്ളിയിൽ കൂടിവരുന്ന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ച് ദത്തവകാശപ്രകാരം വരുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ഇടവകാംഗത്വം നൽകുന്നത് സംബന്ധിച്ച്.

പരുമല സെമിനാരി പള്ളിയിൽ കൂടിവരുന്ന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ച് ദത്തവകാശപ്രകാരം വരുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് (നിലവിലുള്ള കുടുംബത്തിലെ ഒരാൾ മാത്രം എന്ന നിലയിൽ) ഉചിതമായ അഫിഡവിറ്റ് വാങ്ങിക്കൊണ്ട് ഇടവകാംഗത്വം നൽകുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(2022 ഓഗസ്റ്റ്)**

****

29. അവാർഡുകളും, ബഹുമതികളും

29.1) അഭിവന്ദ്യ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്തായ്ക്ക് ഉചിതമായ ഒരു സ്ഥാനനാമം നൽകുന്നത് സംബന്ധിച്ച്.

അഭിവന്ദ്യ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ സഭാ സേവനങ്ങളെ മുൻ നിർത്തി **സഭാതേജസ്സ്** എന്ന സ്ഥാനനാമം നൽകി ആദരിക്കുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2009 ഓഗസ്റ്റ്)**

29.2) പരിശുദ്ധ സഭയുടേതായി ഔദ്യോഗികമായി അവാർഡുകൾ നൽകുന്നത് സംബന്ധിച്ച്.

The Order of St. Thomas, The St. Gregorios of Parumala Award, The St. Dionysius Award, The Catholicate Award എന്നീ നാല് അവാർഡുകൾ പരിശുദ്ധ സഭയുടേതായി ഔദ്യോഗികമായി നൽകേണ്ടതാണ് എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2016 ഫെബ്രുവരി)**

29.3) റവ. ഫാ. ഡോ. ടി. ജെ. ജോഷ്വായ്ക്ക് ഉചിതമായ സ്ഥാന നാമം നൽകി ആദരിക്കുന്നത് സംബന്ധിച്ച്

ആദരണീയനായ ഡോ. ടി. ജെ. ജോഷ്വാ അച്ചന് **മലങ്കരസഭാ ഗുരു രത്നം** എന്ന സ്ഥാനനാമം നൽകി ആദരിക്കുന്നതിന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. അതോടൊപ്പം ഒരു കുരിശുമാലയും സമ്മാനിക്കേണ്ടതാണ് എന്നും ധാരണയായി. **(2016 ഫെബ്രുവരി)**

29.4) തടാകം ക്രിസ്തശിഷ്യ ആശ്രമം സ്ഥാപകൻ ബിഷപ്പ് പെക്കൻഹാം വാൽഷിന് ഉചിതമായ സ്ഥാനനാമം നൽകുന്നത് സംബന്ധിച്ച്

തടാകം ക്രിസ്തശിഷ്യ ആശ്രമം സ്ഥാപകൻ ബിഷപ്പ് പെക്കൻഹാം വാൽഷിന് **സഭാ ബന്ധു** എന്ന സ്ഥാനനാമം നൽകുന്നതിന് സുന്ന ഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. **(2016 ഫെബ്രുവരി)**

29.5) Awards Instituted in the Orthodox Church.

The following awards that are to be on special occasions on a regular basis in the Malankara Orthodox Church as determined by the Holy Synod:

1.The order of St. Thomas.

This Order is to be conferred on the Heads of Churches when they arrive on a visit to the Malankara Orthodox Church.

The Order is to be in the form of a medallion on a ribbon and carries a citation.

2. The St. Gregorios of Parumala Award.

This Award is to be given to persons who are recognized by the Malankara Orthodox Church to have made outstanding contributions in any field.

This award is to be given when an occasion for the recognition of the recipient is deemed necessary by the Church.

3. The Vattasseril St. Dionysius Award.

This Award is to be given exclusively to a bishop, priest or deacon for his outstanding contributions to the Church (theological, musical, liturgical, ministry and the like).

Since it is a new award, the Holy Synod will have to determine if this is to be given on annualy or periodically.

4. The Catholicate Award.

At present this award is given by the Church to individuals who have excelled in a particular field on special occasions in the arts, cultural areas, sports and in the field of social commitment.

These above awards and their details are to be determined by an Awards Committee to be instituted by the Holy Episcopal Synod.

(2016 ഫെബ്രുവരി)

****

30. പരിസ്ഥിതി

30.1) പരിസ്ഥിതി ദിനമായി ഒരു ഞായറാഴ്ച ആചരിക്കുന്നത് സംബന്ധിച്ച്.

സൃഷ്ടിയോടുള്ള നമ്മുടെ ഉത്തരവാദിത്തം നാം മനസ്സിലാക്കേണ്ട താണെന്നും, ഓഗസ്റ്റ് മാസം 15-ാം തീയതിയോ, അതിനു ശേഷം വരുന്ന ഞായറാഴ്ചയോ **പരിസ്ഥിതി ദിന**മായി സഭ ആചരിക്കേണ്ട താണെന്നും, അന്നേ ദിവസം വൃക്ഷത്തൈകളും, ഔഷധ സസ്യ ങ്ങളും വച്ചു പിടിപ്പിക്കേണ്ടതാണെന്നും, പ്ലാസ്റ്റിക്ക് വിരുദ്ധ പ്രചരണ ങ്ങളും, ചർച്ചകൾ, ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയവയും പള്ളികളിൽ സംഘടിപ്പിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ച യിച്ചു. **(2005 ജൂൺ)**

30.2) പരിസ്ഥിതി ദിനം.

ഓഗസ്റ്റ് മാസത്തിലെ അവസാനത്തെ ഞായറാഴ്ച സഭയിൽ പരിസ്ഥിതി ദിനമായി ആചരിക്കുന്നതിന് സുന്നഹദോസ് തീരുമാ നിച്ചു. **(2007 ഫെബ്രുവരി)**

30.3) ഊർജ്ജപ്രതിസന്ധി, മാലിന്യ നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച്.

(1) ഊർജ്ജപ്രതിസന്ധി.

ഗുരുതരമായ ഊർജ്ജപ്രതിസന്ധിക്ക് പരിഹാരമായി വീടുകളിലും, സ്ഥാപനങ്ങളിലും, ആരാധനാലയങ്ങളിലും സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ എടുക്കേണ്ടതാണെന്ന് സുന്നഹദോസ് ശുപാർശ ചെയ്തു.

(2) കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജനം.

കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജനം കീറാമുട്ടിയായി മാറുന്ന സാഹചര്യത്തിൽ, മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന തിന് വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്ക രിച്ച് നടപ്പിലാക്കണമെന്ന് പരിശുദ്ധ സുന്നഹദോസ് നിർദ്ദേശിച്ചു. **(2012 ഓഗസ്റ്റ്)**

30.4) പരിസ്ഥിതി സൗഹൃദ ജീവിതശൈലിയുടെ ആവശ്യകത സംബന്ധിച്ച്.

വിവിധ തരത്തിലുള്ള അന്തരീക്ഷ മലിനീകരണം, വനനശീകരണം,

പ്രകൃതിയെയും മനുഷ്യന്റെ ആരോഗ്യത്തെയും നശിപ്പിക്കുന്ന കൃഷി രീതികൾ, ജീവിതശൈലീ രോഗങ്ങൾ, നഗരവത്കരണം തുടങ്ങിയവയെല്ലാം പരിസ്ഥിതിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്ന വിഷയങ്ങളാണ് എന്നും, മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ജീവിക്കണമെന്നാണ് സ്രഷ്ടാവായ ദൈവം ആഗ്രഹിക്കുന്നതെന്നും സുന്നഹദോസ് നിരീക്ഷിച്ചു. പരിസ്ഥിതി സൗഹൃദ ജീവിതത്തിന് വ്യക്തികളെ പ്രാപ്തരാക്കുന്ന വിധത്തിലുള്ള പരിശീലനം സഭയിൽ നിന്നും ക്രമീകരിക്കേണ്ടത് ആവശ്യമാണ് എന്നും, അതിന് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പ്രസിദ്ധീകരണങ്ങൾ സഭാതലത്തിൽ ഉണ്ടാകണമെന്നും, ഇടവകകളെ *പരിസ്ഥിതി സൗഹൃദ – ഹരിത* ഇടവകകളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തേണ്ടിയിരിക്കുന്നു എന്നും, ഇതര ഊർജ്ജ സ്രോതസ്സുകളും മറ്റും കണ്ടെത്തുന്നതിനുള്ള ശ്രമം ആവശ്യമാണ് എന്നും, എല്ലാറ്റിനും ഉപരിയായി ഒരു *ലളിത ജീവിത ശൈലി* സഭാമക്കൾ സ്വായത്തമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്നും സുന്നഹദോസിൽ തീരുമാനമായി. **(2020 ഫെബ്രുവരി)**

30.5) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പരിസ്ഥിതി കമ്മീഷൻ മാർഗ്ഗരേഖ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ **പരിസ്ഥിതി കമ്മീഷന്റെ** മാർഗ്ഗരേഖയ്ക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2024 ഫെബ്രുവരി)**

****

31. പള്ളിഭോഗങ്ങളെ സംബന്ധിച്ച്

31.1) കേരളത്തിന് പുറത്തുള്ള ഇടവകയിൽ താത്കാലിക അംഗത്വമുള്ളവർ വി. കൂദാശാ കർമ്മാദികൾ മാതൃ ഇടവകയിൽ നടത്തുമ്പോൾ അവരിൽ നിന്ന് പിരിക്കേണ്ട ഫീസുകൾ.

കേരളത്തിന് പുറത്തുള്ള ഇടവകയിൽ താത്കാലിക അംഗത്വമുള്ളവർ വി. കൂദാശാ കർമ്മാദികൾ മാതൃ ഇടവകയിൽ നടത്തുമ്പോൾ പകുതി വരുമാനം ഇപ്പോൾ അവർ കൂടി നടക്കുന്ന ഇടവകയ്ക്കും, പകുതി വരുമാനം മാതൃ ഇടവകയ്ക്കും കൊടുക്കണമെന്നുള്ള പരിശുദ്ധ സുന്നഹദോസിന്റെ മുൻ തീരുമാനം നിർബ്ബന്ധമായും പാലിക്കപ്പെടേണ്ടതാണെന്ന് സുന്നഹദോസ് തീരുമാനിച്ചു. കേരളത്തിൽ നിന്നും വിദേശത്തേക്ക് ജോലി സംബന്ധമായും മറ്റും പോകുന്നവർ, മാതൃ ഇടവകയിൽ നിന്നും ഒരു സർട്ടിഫിക്കറ്റ് വാങ്ങി വിദേശ ഇടവകയിൽ അംഗത്വം എടുക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(1998 ഫെബ്രുവരി)**

31.2) വ്യത്യസ്ത ഇടവകകളിൽ ഒരേ സമയം അംഗത്വമുള്ളവർ നൽകേണ്ട ഇടവക വിഹിതങ്ങൾ സംബന്ധിച്ച്.

വ്യത്യസ്ത ഇടവകകളിൽ ഒരേ സമയം അംഗത്വമുള്ളവർ നൽകേണ്ട ഇടവക വിഹിതങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് കൈക്കൊണ്ടു. **(2023 ഓഗസ്റ്റ്)**

1. കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ സംബന്ധിച്ച്.

സഭാ ഭരണഘടന 9-ാം വകുപ്പു പ്രകാരം മാതൃ ഇടവകയുടെ അനുവാദത്തോടുകൂടി മറ്റൊരു ഇടവകയിൽ താത്കാലിക അംഗത്വം സ്വീകരിച്ചിട്ടുള്ളവർ മാസവരി, മെത്രാസനദിന സംഭാവന, കാതോലിക്കാദിന സംഭാവന തുടങ്ങിയ എല്ലാ വിഹിതങ്ങളും, താത്കാലിക അംഗത്വമുള്ള ഇടവകയോഗം നിശ്ചയിക്കുന്ന മറ്റു വിഹിതങ്ങളും അവിടെ നൽകേണ്ടതാണ്. എന്നാൽ മാമോദീസാ, വിവാഹം, ശവസംസ്കാരം മുതലായ ഏതെങ്കിലും കർമ്മങ്ങൾ മാതൃ ഇടവകയിൽ നടത്തുവാൻ ആഗ്രഹിച്ചാൽ, മാതൃ ഇടവകയിൽ ആ കർമ്മങ്ങൾക്ക് നിലനിൽക്കുന്ന നിരക്കനുസരിച്ച് വിഹിതം (കർമ്മഫീസ്) നൽകേണ്ടതാണ്. എന്നാൽ ഈ വിഹിതത്തിന്റെ മറവിൽ മാതൃ ഇടവക

യിൽ മാസവരി തുടങ്ങിയ ഒരു സംഖ്യയും ഈടാക്കുവാൻ പാടുള്ള തല്ല. അത്തരം സന്ദർഭങ്ങളിൽ, കർമ്മം നടത്തി കൊടുക്കണമെന്ന് വ്യക്തമാക്കുന്ന ഒരു കത്ത്, താത്കാലിക അംഗത്വമുള്ള ഇടവക യിലെ വികാരി മാതൃ ഇടവക വികാരിക്ക് നൽകേണ്ടതും, മാതൃ ഇടവക വികാരി അത് പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്. ഇത്തരം സന്ദർഭങ്ങളിൽ, താത്ക്കാലിക അംഗതമുള്ള ഇടവക, കർമ്മ ങ്ങൾക്കുള്ള വിഹിതം (കർമ്മഫീസ്) ഈടാക്കുവാൻ പാടുള്ളതല്ല. ബന്ധപ്പെട്ട കക്ഷി സ്വമേധയാ സംഭാവന നൽകിയാൽ അത് സ്വീക രിക്കാവുന്നതാണ്. കർമ്മങ്ങൾ താത്ക്കാലിക അംഗത്വമുള്ള ഇടവക യിലാണ് നടക്കുന്നതെങ്കിൽ, അവിടെ നിലവിലുള്ള നിരക്കനുസരിച്ച് വിഹിതങ്ങൾ നൽകേണ്ടതാണ്.

2. മാതൃ ഇടവകയിൽ അംഗത്വമുള്ള ഏതൊരു വ്യക്തിയും ഇടവക യിൽ നിന്ന് ദൂരെ മാറി താമസിക്കുമ്പോൾ, ആ വിവരം ഇടവക വികാരിയെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

3. സഭാ ഭരണഘടന വകുപ്പ് 9 പ്രകാരം ഒരു വ്യക്തി, അയാൾ മാസ വരി നൽകുന്ന ഇടവകയുടെ ഇടവക യോഗത്തിൽ മാത്രമേ പങ്കെ ടുക്കുവാൻ പാടുള്ളൂ. ഒരു വ്യക്തി ഒരു ഇടവകയിൽ മാത്രമേ മാസ വരി നൽകുവാൻ പാടുള്ളൂ. മറ്റേ ഇടവകയിൽ നൽകുന്ന തുക സംഭാ വനയായി മാത്രമേ കണക്കിടുവാൻ പാടുള്ളൂ.

4. മാതൃദേവാലയം വിട്ട് മറ്റ് സ്ഥലങ്ങളിലേക്ക് മാറി താമസിക്കുന്ന സഭാംഗങ്ങൾ, അവിടെ സഭയുടെ ദേവാലയങ്ങൾ ഉണ്ടെങ്കിൽ താത് കാലിക അംഗത്വം സ്വീകരിക്കേണ്ടതാണ്. മാതൃ ഇടവകയിൽ കർമ്മ ങ്ങൾ നടത്തുവാൻ വരുന്നപക്ഷം, താത്കാലിക അംഗത്വമുള്ള ഇട വക വികാരിയുടെ കത്ത് കൊണ്ടുവരേണ്ടതും, മാതൃ ഇടവക വികാരി ഇത് ഉറപ്പ് വരുത്തേണ്ടതുമാണ്. താമസിക്കുന്ന ദേശത്ത് സഭയുടെ ദേവാലയങ്ങൾ ഉണ്ടായിരിക്കുകയും, എന്നാൽ അവിടെ ചേർന്ന് നടക്കാതെ മറ്റ് സഭാവിഭാഗങ്ങളിൽ ചേർന്ന് നടക്കുകയും, പിന്നീട് മാമോദീസാ, വിവാഹം തുടങ്ങിയ കർമ്മങ്ങൾ നടത്തി കിട്ടുന്നതി നായി മാതൃ ഇടവകയിൽ വരുകയും ചെയ്താൽ, ഇടവക മെത്രാ പ്പോലീത്തായുടെ അനുമതിയോടുകൂടി മാത്രം കർമ്മങ്ങൾ നിർവ്വഹി ക്കേണ്ടതാണ്. അങ്ങിനെയുള്ളവരിൽനിന്ന്, മാസവരി ഉൾപ്പെടെ യുള്ള വിഹിതങ്ങളെല്ലാം കുടിശ്ശികയായി കരുതി മാതൃ ഇടവക ഈടാക്കേണ്ടതാണ്.

5. താത്കാലിക അംഗത്വം സ്വീകരിച്ച് മാതൃ ഇടവകയിൽ നിന്ന് മാറി നിന്നവർ, തിരികെ മാതൃദേശത്തു സ്ഥിരതാമസത്തിന് വരുന്ന പക്ഷം, അവർ സ്വീകരിച്ച താത്കാലിക അംഗത്വം രേഖാമൂലം ഉപേക്ഷിക്കേണ്ടതാണ്. താത്കാലിക അംഗത്വമുള്ള പള്ളിയിൽ നിന്ന് വിടുതൽ സർട്ടിഫിക്കേറ്റ് വാങ്ങി മാതൃദേവാലയത്തിൽ ഹാജരാക്കേണ്ടതാണ്.

6. മാതൃ ഇടവകയിൽ നിന്ന് മറ്റൊരു സ്ഥലത്ത് താത്കാലിക അംഗത്വം സ്വീകരിക്കുന്നവർ, അവിടെ നിന്ന് മൂന്നാമത് ഒരു ദേശത്തു പോകുന്ന പക്ഷം, നിലവിലുള്ള താത്കാലിക അംഗത്വം രേഖാമൂലം ഉപേക്ഷിക്കുകയും, ആ വിവരം മാതൃ ഇടവക വികാരിയെ, താത്കാലിക അംഗത്വമുള്ള ഇടവകയിലെ വികാരിയുടെ കത്ത് മൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്. പുതുതായി പോകുന്ന സ്ഥലത്തുള്ള ഇടവകയിലേക്ക് മാതൃ ഇടവകയിലെ വികാരിയുടെ കത്താണ് സമർപ്പിക്കേണ്ടത്. അതായത്, ഒരു വ്യക്തിക്ക് താത്കാലിക അംഗത്വമുള്ള ഇടവകയിലെ വികാരിക്ക്, ആ വ്യക്തിയുടെ മാതൃ ഇടവകയിലേക്കല്ലാതെ മറ്റൊരു ഇടവകയിലേക്ക് വിടുതൽ സർട്ടിഫിക്കേറ്റ് നൽകുന്നതിന് അവകാശമില്ലാത്തതാകുന്നു.

7. ഒരു വ്യക്തിക്ക് ഒരേസമയത്ത് ഒരു ഇടവകയിൽ മാത്രമേ താത്കാലിക അംഗത്വം അനുവദിക്കുകയുള്ളൂ. ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്, താത്കാലിക അംഗത്വമുള്ള ഇടവകയിൽ നിന്ന് വിടുതൽ വാങ്ങി മറ്റൊരു ഇടവകയിൽ താത്കാലിക അംഗത്വം സ്വീകരിക്കണമെങ്കിൽ, ആ വ്യക്തി മാത്രം അവിടെ നിന്ന് വിടുതൽ വാങ്ങി, മാതൃ ഇടവകയിലെ വികാരിക്ക് സമർപ്പിക്കേണ്ടതും, ആ വികാരിയിൽ നിന്ന് കത്ത് വാങ്ങി, അംഗത്വം ആഗ്രഹിക്കുന്ന ഇടവകയിലെ വികാരിക്ക് അപേക്ഷ നൽകി, അവിടെ താത്കാലിക അംഗത്വം സ്വീകരിക്കാവുന്നതുമാണ്. ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക്, പുതുതായി അയാൾ സ്വീകരിച്ച താത്കാലിക അംഗത്വമുള്ള ഇടവകയിൽ അംഗത്വം ഉണ്ടായിരിക്കുകയില്ല.

8. മാതൃ ഇടവകയിലോ, താത്കാലിക അംഗത്വമുള്ള ഇടവകയിലോ അല്ലാതെ, സൗകര്യാർത്ഥം മൂന്നാമതൊരു ദേവാലയത്തിൽ വച്ച് കർമ്മങ്ങൾ നടത്തുന്നുവെങ്കിൽ, ദേശകുറി/കത്ത് നൽകുന്ന ദേവാലയത്തിൽ വിഹിതങ്ങൾ അടയ്ക്കേണ്ടതാണ്. കർമ്മം നടത്തുന്ന ദേവാലയത്തിൽ അവിടെ നിശ്ചയിച്ചിരിക്കുന്ന സംഭാവനകൾ മാത്രം

നൽകിയാൽ മതിയാകും.

9. 21 വയസ്സോ അതിൽ കൂടുതലോ പ്രായം ഉള്ളവർ, മാതാപിതാക്കൾ/ഭാര്യാഭർത്താക്കന്മാർ/മക്കൾ എന്നിവർക്കൊപ്പം അല്ലായെങ്കിൽ, സ്വതന്ത്ര അംഗത്വം സ്വീകരിക്കേണ്ടതാണ്. മറ്റ് ബന്ധുക്കളുടെ അംഗത്വത്തോട് അങ്ങിനെയുള്ളവരെ ചേർക്കുവാൻ പാടില്ലാത്തതാകുന്നു.

10. ഒരു വ്യക്തിയോ, കുടുംബമോ ഇടവകാംഗത്വത്തിനുവേണ്ടി അപേക്ഷ നൽകുമ്പോൾ അവരിൽ നിന്ന്, ഇടവക നിശ്ചയിച്ചിരിക്കുന്ന മാസവരിയും, സ്വമേധയാ നൽകുന്ന സംഭാവനയും മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇടവക മാനേജിംഗ് കമ്മറ്റിയുടെ ശുപാർശയോടും, ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടും കൂടി ഇടവക വികാരിക്ക് ഇക്കാര്യത്തിൽ തീരുമാനം സ്വീകരിക്കാവുന്നതാണ്. **(2023 ഓഗസ്റ്റ്)**

****

32. അച്ചടക്കം; അച്ചടക്കനടപടികൾ

32.1) അംഗീകൃതമല്ലാത്ത കൂട്ടായ്മകൾ.

ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാ യോഗങ്ങളിലും, കൂട്ടായ്മകളിലും വിശ്വാസികൾ പങ്കെടുക്കരുത് എന്ന് കാണിച്ച് പരിശുദ്ധ ബാവാ തിരുമേനി ഒരു സർക്കുലർ കൽപന എത്രയും വേഗം പുറപ്പെടുവിക്കേണ്ടതാണെന്നും, പരിശുദ്ധ ബാവാ തിരുമേനിയുടെ കൽപന ധിക്കരിച്ച് കൂട്ടായ്മ നടത്തുന്നവരുടെ മേലും, അതിൽ സംബന്ധിക്കുന്നവരുടെ മേലും നിയമാനുസരണം ശിക്ഷണ നടപടികൾ സത്വരം ആരംഭിക്കേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. **(2001 ഫെബ്രുവരി)**

32.2) ഫാ. സി. ജി മാത്യുവിനെ സംബന്ധിച്ച്.

പരിശുദ്ധ സഭയുടെ നിയമങ്ങൾക്കും കാനോനുകൾക്കും വിരുദ്ധ മായി മേൽപട്ടവേഷം ധരിച്ച് നടക്കുന്ന ഫാ. സി. ജി മാത്യുവിനെ തിരേ ഉചിതമായ നിയമനടപടികളുടെ അടിസ്ഥാനത്തിൽ ശിക്ഷണ നടപടികൾ സ്വീകരിച്ച്, അദ്ദേഹത്തെ സഭയിൽ നിന്നും മുടക്കി പുറ ത്താക്കേണ്ടതാണെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2010 ഓഗസ്റ്റ്)**

32.3) സമൂഹ മാധ്യമങ്ങളുടെ (സോഷ്യൽ മീഡിയ) ഉപയോഗം സംബന്ധിച്ച്.

വിവര സാങ്കേതിക വിദ്യ അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, പരിശുദ്ധ സഭയുടെ അന്തസ്സിനും, പാരമ്പര്യ യശ സ്സിനും വിഘ്നം സൃഷ്ടിക്കുന്ന ദൃശ്യങ്ങളും വാർത്തകളും, പേരിനും പെരുമയ്ക്കും പൊങ്ങച്ചത്തിനും വേണ്ടി പല ഇടവകകളും, വൈദീ കരും, വിശ്വാസികളും സമൂഹ മാധ്യമങ്ങൾ (സോഷ്യൽ മീഡിയ) വഴി ദുരുപയോഗം ചെയ്യുന്ന സാഹചര്യത്തിൽ, സമൂഹ മാധ്യമ ങ്ങളുടെ (സോഷ്യൽ മീഡിയ) ദുരുപയോഗത്തിന് സഭാതലത്തിൽ നിയന്ത്രണം വരുത്തുന്നതിന്റെ ഭാഗമായി, പരിശുദ്ധ സഭയുടെ ഔദ്യോഗിക മാധ്യമ വിഭാഗത്തിന്റെ അംഗീകാരമില്ലാത്ത യാതൊരു വാർത്തകളും ഇടവകകളോപ്രസ്ഥാനങ്ങളോ, വൈദീകരോ, വിശ്വാ സികളോ പ്രചരിപ്പിക്കരുത് എന്നുള്ള നിർദ്ദേശം സഭാതലത്തിൽ നൽകുന്നതിന് സുന്നഹദോസ് നിശ്ചയിച്ചു. **(2017 ഓഗസ്റ്റ്)**

32.4). പരിശുദ്ധ സഭയിൽ നിന്നും വിവിധ കൂട്ടായ്മകളിലേക്ക് പോയതിന് ശേഷം സഭയിലേക്ക് തിരികെ വരുന്നവരെ സ്വീകരിക്കുന്നത് സംബന്ധിച്ച്.

പരിശുദ്ധ സഭയിൽ നിന്നും വിവിധ കൂട്ടായ്മകളിലേക്ക് പോയതിന് ശേഷം സഭയിലേക്ക് തിരികെ വരുന്നവരെ സ്വീകരിക്കുന്നത് സംബന്ധിച്ച്, ഭദ്രാസന മെത്രാപ്പോലീത്താമാർ ഉചിതമായ തീരുമാനങ്ങൾ ചെയ്യേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2023 ഫെബ്രുവരി)**

32.5) ആത്മഹത്യ ചെയ്തവരെ സംബന്ധിച്ച് പരിശുദ്ധ സഭയുടെ സമീപനം.

അഭിവന്ദ്യരായ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിക്കുകയും, ചർച്ചകൾക്കു ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

ആത്മഹത്യ ചെയ്യുന്നവരുടെ സംഖ്യ നാൾക്കുനാൾ കൂടിക്കൊണ്ടിരിക്കുന്നുവെന്നും, അതിൽ നമ്മുടെ സഭാംഗങ്ങളും ഉൾപ്പെടുന്നുവെന്നും അറിയുന്നതിൽ പരിശുദ്ധ സുന്നഹദോസ് അംഗങ്ങൾ ദുഃഖിക്കുന്നു. 'ഒരു നാശയോഗ്യനല്ലാത്ത മറ്റാരും നശിച്ചു പോകില്ല' എന്ന കർതൃവചനം, യൂദായെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ ദുഃഖം വ്യക്തമാക്കുന്നു. 'നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു; ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും' എന്ന തിരുവചനം അനുസരിച്ച്, സ്വന്തം ജീവനെ നശിപ്പിക്കുവാൻ മനുഷ്യന് അധികാരമില്ല. ദൈവം തന്ന ജീവനെ തിരികെ എടുക്കുവാൻ ദൈവത്തിന് മാത്രമേ അധികാരമുള്ളൂ.

ആത്മഹത്യ മന:പൂർവ്വം നടത്തുന്നവരും, മാനസിക രോഗത്താൽ ആത്മഹത്യ ചെയ്യുന്നവരും, മറ്റുള്ളവരുടെ കുറ്റാരോപണം സഹിക്കാനാവാതെ ദുർബ്ബല നിമിഷത്തിൽ ആത്മഹത്യ ചെയ്യുന്നവരും, പീഢനം ഭയന്ന് ആത്മഹത്യ ചെയ്യുന്നവരും, പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പിടിച്ചു നിൽക്കാനാവാതെ ആത്മഹത്യ ചെയ്യുന്നവരും, മാറാ രോഗത്തിൽ നിന്നും വേദനയിൽ നിന്നും വിടുതൽ ലഭിക്കുന്നതിന് ആത്മഹത്യ ചെയ്യുന്നവരുമുണ്ട്. അവരെയെല്ലാം

ഒരു പോലെ പരിഗണിക്കാവുന്നവതല്ല. ആത്മഹത്യ ചെയ്യുന്നവരെ പള്ളിയുടെ സെമിത്തേരിയിൽ അടക്കരുത് എന്നുള്ള ഇപ്പോഴത്തെ പതിവ്, വിശ്വാസികളെ ആത്മഹത്യയിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി ഉള്ളതാണ്. ആത്മഹത്യ നിരുത്സാഹപ്പെടുത്തുവാൻ സഭ അങ്ങേയറ്റം പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വൈദീകരും, മനഃശാസ്ത്രവിദഗ്ദ്ധരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. സമാധാന ദായകനായ ക്രിസ്തുവിനെ കാണുവാൻ സാധിച്ചാൽ, മനുഷ്യൻ ആത്മഹത്യയിൽ നിന്ന് പിന്തിരിയും. ആത്മഹത്യ ചെയ്യുന്നവരുടെ ബന്ധുക്കൾ സഭയുടെ മക്കൾ ആയതിനാലും, അവരെ ആശ്വസിപ്പിക്കേണ്ടത് സഭയുടെ ചുമതല ആയതിനാലും, ആത്മഹത്യ ചെയ്ത ആൾ, ജീവൻ നഷ്ടപ്പെടുന്നതിന് മുൻപ് ഹൃദയത്തിൽ അനുതപിച്ചുവോ എന്ന് നമുക്ക് അറിയുവാൻ പാടില്ലാത്തതിനാലും വൈദീകർ, ആത്മഹത്യ ചെയ്തവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുവാനും, മൃതശരീരം പള്ളിയിൽ കൊണ്ടുവന്നതിന് ശേഷം, ഉചിതമായ പ്രാർത്ഥനകൾ ചൊല്ലി, ആത്മഹത്യ ചെയ്തവരുടെ ശവസംസ്ക്കാരം, ഉചിതമായ സ്ഥലത്ത് നടത്തുവാനും അനുവദിക്കാവുന്നതാകുന്നു. **(1995 ജൂലൈ)**

****

33. മറ്റു പൊതുവായ കാര്യങ്ങൾ

33.1) പ. സഭയുടെ വിശ്വാസം, പാരമ്പര്യം, ആരാധന മുതലായവയെപ്പറ്റി.

പ. സഭയുടെ വിശ്വാസം, ആരാധന മുതലായവയെക്കുറിച്ച് കുർബാന മദ്ധ്യേ പ്രസംഗിക്കുവാൻ ഒരു വർഷത്തേക്കുള്ള കുറിപ്പുകൾ തയ്യാറാക്കുന്നതിന് സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മറ്റി നിർദ്ദേശിച്ച അഭിവന്ദ്യരായ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ദീയസ്കോറോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ മെത്രാപ്പോലീത്താമാർ ഉൾപ്പെടുന്ന കമ്മറ്റിയെ സുന്നഹദോസ് അംഗീകരിക്കുകയും, അവർ തയ്യാറാക്കുന്ന പ്രസംഗക്കുറിപ്പുകൾ കമ്മറ്റി ഏകോപിപ്പിച്ച് പ. കാതോലിക്കാ ബാവായെ കാണിച്ച് അംഗീകാരം വാങ്ങി അച്ചടിപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. **(1989 ജൂലൈ)**

33.2) ഒരു വർഷത്തേക്ക് പ്രസംഗിക്കുവാനുള്ള പ്രസംഗക്കുറിപ്പുകൾ പ്രസിദ്ധപ്പെടുത്തുന്നതിനെപ്പറ്റി.

എല്ലാ ഞായറാഴ്ചകളിലും ഇടവകകളിൽ ഉപയോഗിക്കുവാൻ തക്കവണ്ണം സബ് കമ്മറ്റി തയ്യാറാക്കിയിട്ടുള്ള പ്രസംഗക്കുറിപ്പുകൾ അത്യാവശ്യമായ തിരുത്തലുകൾ വരുത്തി, പ. കാതോലിക്കാ ബാവായുടെ അനുവാദ കൽപനയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതിന് തീരുമാനിച്ചു. **(1990 ജൂലൈ)**

33.3) മനുഷ്യാവയവങ്ങൾ മാറ്റി വയ്ക്കുന്നതിനെ സംബന്ധിച്ച്.

അപകടങ്ങളിലും മറ്റും പെട്ട് മരിച്ച സ്ഥിതിയിൽ (clinically dead) ആയിരിക്കുന്ന വ്യക്തികളുടെ അവയവങ്ങൾ മാറ്റി മറ്റൊരാൾക്ക് നൽകുന്നതിനെ സംബന്ധിച്ച് പരിശുദ്ധ സുന്നഹദോസ് ചർച്ച ചെയ്തു. മരിച്ച ഒരാളുടെ അവയവം മറ്റൊരാൾക്ക് കൊടുക്കുന്നതു കൊണ്ട് രണ്ടാമത്തെ ആൾക്ക് കുറെ നാളുകൾ കൂടി ജീവിക്കുവാൻ സാധിക്കുമെങ്കിൽ, അത് ദൈവീകമായ ഒരു പ്രവർത്തനം ആയിരിക്കുമെന്നും അതിനെ സഭ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും പരിശുദ്ധ സുന്നഹദോസ് നിശ്ചയിച്ചു. **(1998 ഫെബ്രുവരി)**

33.4) സൈത്ത് കൂദാശ നടത്തുന്നത് സംബന്ധിച്ച് (1998).

1998 ഓഗസ്റ്റ് മാസം 12-ാം തീയതി സൈത്ത് കൂദാശ നടത്തുന്നതിന്

തീരുമാനിച്ചിട്ടുണ്ടെന്നും, എല്ലാ സുന്നഹദോസ് അംഗങ്ങളും സംബന്ധിക്കണമെന്നും പരി. ബാവാ തിരുമേനി അറിയിച്ചു. **(1998 ജൂലൈ)**

33.5) വി. മൂറോൻ കൂദാശ നടത്തുന്നത് സംബന്ധിച്ച് (1999).

1999 -ലെ നാല്പതാം വെള്ളിയാഴ്ച വി. മൂറോൻ കൂദാശ നടത്തുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(1998 ജൂലൈ)**

33.6) ദളിത് ക്രിസ്ത്യാനികൾക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച്.

ദളിത് സമൂഹത്തിൽപ്പെട്ടവർ ക്രിസ്ത്യാനികളായി മതപരിവർത്തനം നടത്തുമ്പോൾ ദളിത് സമൂഹത്തിനർഹതപ്പെട്ട ഗവൺമെന്റ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് നീതിയല്ല എന്നുള്ളത് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിന് നിശ്ചയിച്ചു. **(1999 ഫെബ്രുവരി)**

33.7) സഭയുടെ പേരിൽ ട്രസ്റ്റുകളും, സൊസൈറ്റികളും റജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്.

(1). സഭയുടെ പേരിൽ ട്രസ്റ്റുകളും, സൊസൈറ്റികളും റജിസ്റ്റർ ചെയ്യുമ്പോൾ, സഭയുടെ മേലധികാരികൾക്ക് സ്ഥാനന്യായേന അതിൽ ഔദ്യോഗിക സ്ഥാനം ഉണ്ടായിരിക്കേണ്ടതാണെന്നും, **അപ്പലേറ്റ് അതോറിറ്റി** പരിശുദ്ധ സുന്നഹദോസ് ആയിരിക്കേണ്ടതാണെന്നും നിശ്ചയിച്ചു. **(1999 ജൂലൈ, 2024 ഫെബ്രുവരി)**

(2). സഭയുടെ പേരിൽ ട്രസ്റ്റുകളോ, സൊസൈറ്റികളോ രജിസ്റ്റർ ചെയ്യുമ്പോൾ കേന്ദ്ര ത്തിൽ നിന്നും നൽകുന്ന ഒരു മോഡൽ ഭരണഘടന അനുസരിച്ചായിരിക്കണം അവ രജിസ്റ്റർ ചെയ്യേണ്ടത്. **(2000 ജൂലൈ, 2024 ഫെബ്രുവരി)**

32.7.1. സഭയുടേതായി ഒരു സ്ഥാപനം ആരംഭിക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു.

(1). സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും സഭയ്ക്ക് ആയിരിക്കണം. അതായത്, വസ്തുവകകളുടെ ആധാരം പരിശുദ്ധ കാതോലിക്കാ ബാവായുടെ പേരിൽ ആയിരിക്കണം. ബാഹ്യകേരള മെത്രാസനങ്ങളിലെ പ്രത്യേക സാഹചര്യത്തിൽ, സഭയ്ക്കുവേണ്ടി ഇടവക മെത്രാപ്പോലീത്തായുടെ പേരിൽ **ടൈറ്റിൽ ഡീഡ്** ഉണ്ടാ

ക്കുന്നത് സൗകര്യപ്രദമായിരിക്കും.

(2). പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പാസ്സാക്കിയ ഒരു ഭരണഘടന അനുസരിച്ച് മാത്രമേ സ്ഥാപനം പ്രവർത്തിക്കാവൂ.

(3). പരിശുദ്ധ സുന്നഹദോസിന്റെ ആലോചനപ്രകാരം പരിശുദ്ധ കാതോലിക്കാ ബാവാ ഒരു ഭരണസമിതിയെ നിയമിക്കേണ്ടതാണ്. ഈ ഭരണസമിതിയുടെ അദ്ധ്യക്ഷൻ, പരിശുദ്ധ സുന്നഹദോസ് നിർദ്ദേശിക്കുന്ന ഒരു മേൽപട്ടക്കാരൻ ആയിരിക്കേണ്ടതും, ഭരണ സമിതിയുടെ ആലോചന പ്രകാരം മാത്രം സ്ഥാപനത്തിന്റെ നിർമ്മാ ണവും, പ്രവർത്തനങ്ങളും മറ്റും നടത്തേണ്ടതുമാണ്.

(4). സഭയുടെ സാക്ഷ്യത്തിന് ചേരാത്ത ഒരു പ്രവർത്തനവും ഒരു കാരണവശാലും അവിടെ നടക്കരുത്.

(5). സ്ഥാപനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ചാപ്പലുകളിൽ ക്രമ മായ പ്രാർത്ഥനയും, അത്യാവശ്യ സന്ദർഭങ്ങളിൽ വി. കുർബ്ബാനയും മാത്രം നടത്താവുന്നതാണ്. മറ്റ് വിശുദ്ധ കൂദാശകൾ ഒന്നുംതന്നെ നടത്തിക്കൂടാ. എന്നാൽ ഇടവക വികാരിയുടെ അനുവാദ കത്തോടു കൂടി വരുന്ന കർമ്മാദികൾ നടത്താവുന്നതാണ്.

(6). സമീപ ഇടവകകളുടെയോ, മെത്രാസനത്തിന്റെയോ പ്രവർത്ത നങ്ങൾക്ക് വിഘാതമുണ്ടാകുവാൻ പാടില്ലാത്ത വിധം സ്ഥാപന ത്തിന്റെ പ്രവർത്തനം നിയന്ത്രിക്കേണ്ടതാണ്.

(7). ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ്, വരവു-ചെലവു കണക്ക്, ആസ്തി ബാധ്യതകൾ തുടങ്ങിയവ പരിശുദ്ധ സുന്നഹ ദോസിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. **(2000 ജൂലൈ)**

33.8). ഓർത്തഡോക്സ് പാരമ്പര്യമുള്ള പള്ളികൾ നിർമ്മിക്കുന്ന തിനാവശ്യമായ മോഡലുകളും നിർദ്ദേശങ്ങളും നൽകുന്നതിനെ സംബന്ധിച്ച്.

1. പള്ളികൾ പണിയുമ്പോൾ ഓർത്തഡോക്സ് പാരമ്പര്യവും, വാസ്തുശിൽപ മാതൃകകളും ഉപയോഗിച്ചു കാണാത്തതിൽ സുന്ന ഹദോസ് ഉൽക്കണ്ഠ രേഖപ്പെടുത്തുകയും, ആവശ്യമായ മാതൃക കളും, നിർദ്ദേശങ്ങളും നൽകുന്നതിന് സഭയിലെ താത്പര്യമുള്ള ആർക്കിടെക്ടുമാരെ വിളിച്ചു കൂട്ടി ഉചിതമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സുന്നഹദോസ് സെക്രട്ടറി അഭി. തോമസ് മാർ അത്താ

നാസിയോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് ചുമതലപ്പെടുത്തുകയും ചെയ്തു. **(2003 ജൂലൈ)**

2. ഓർത്തഡോക്സ് പാരമ്പര്യമുള്ള പള്ളികൾ നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ, സുന്നഹദോസിന്റെ ചുമതലയിൽ അച്ചടിച്ച് പുതിയ പള്ളികൾ പണിയുമ്പോൾ ആവശ്യക്കാർക്ക് സൗജന്യമായി നൽകേണ്ടതാണ് എന്ന് സുന്നഹദോസ് തീരുമാനിച്ചു. **(2005 ഫെബ്രുവരി)**

3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പള്ളികൾ പുതിയ ദേവാലയം നിർമ്മിക്കുവാൻ കഷ്ടപ്പെടുമ്പോൾ, സാമ്പത്തിക ഭദ്രതയുള്ള പള്ളികൾ ലക്ഷക്കണക്കിന് പണം ചെലവാക്കി വലിയ ദേവാലയങ്ങൾ നിർമ്മിക്കുന്നതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്ന് സുന്നഹദോസ് അംഗങ്ങൾ നിർദ്ദേശിച്ചു. **(2005 ജൂൺ)**

33.9) മുൻ കാതോലിക്കാമാർ ഉപയോഗിച്ച സുറിയാനി പുസ്തകങ്ങളും മറ്റും കോട്ടയം വൈദിക സെമിനാരിക്ക് നൽകുന്നത് സംബന്ധിച്ച്.

മുൻ കാതോലിക്കാമാർ ഉപയോഗിച്ച വളരെയധികം പുസ്തകങ്ങൾ ദേവലോകം അരമനയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, അത് വൈദിക സെമിനാരിക്ക് നൽകുന്നപക്ഷം പലർക്കും പ്രയോജനപ്പെടുമെന്നുമുള്ള അഭിപ്രായത്തെ തുടർന്ന്, ഈ പുസ്തകങ്ങൾ കോട്ടയം വൈദിക സെമിനാരിക്ക് നൽകുന്നതിന് സുന്നഹദോസ് തീരുമാനിച്ചു. **(2004 ഫെബ്രുവരി)**

33.10) മൃതദേഹം ദഹിപ്പിക്കുന്നത് സംബന്ധിച്ച്.

1) **മാമോദീസാ ഏൽക്കാതെ മരിച്ചുപോകുന്ന പൈതങ്ങളുടെ മൃതദേഹം,** ആവശ്യമെങ്കിൽ പള്ളിയിൽ കൊണ്ടുവന്ന് ശുശ്രൂഷകൾ നടത്തി സംസ്കരിക്കുന്നതിന് സുന്നഹദോസ് അനുമതി നൽകി. **(1999 ജൂലൈ)**

2) **മരിച്ചവരുടെ മൃതദേഹം ദഹിപ്പിക്കുവാൻ സാധിക്കുമോ** എന്നത് സംബന്ധിച്ച് സാഹചര്യങ്ങൾ അനുസരിച്ചും, ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്നതനുസരിച്ചും മൃതദേഹം ദഹിപ്പിക്കുവാൻ അനുവദിക്കാവുന്നതാണ് എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2005 ജൂൺ)**

33.11) സഭയിലെ കേസുകൾ സംബന്ധിച്ച്.

സഭയിലെ കേസുകളുടെ documents നന്നായി സൂക്ഷിക്കുന്നതി നായി ഒരു ഓഫീസ് ദേവലോകത്ത് ആരംഭിക്കണമെന്നും, അപ്ര കാരം ഒരു ഓഫീസ് ക്രമീകരിച്ച് സഭയുമായി ബന്ധപ്പെട്ട എല്ലാ കേസുകളുടെയും റിക്കാർഡുകൾ അവിടെ സൂക്ഷിക്കണമെന്നും സുന്നഹദോസ് തീരുമാനിച്ചു. **(2005 ഡിസംബർ)**

33.12) സഭാ വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച്.

സഭയുടെ ദൈനംദിന കാര്യങ്ങൾ, ചരിത്രം, കൽപനകൾ തുടങ്ങി യവ അപ്പോഴപ്പോൾ ഇന്റർനെറ്റിൽ കിട്ടത്തക്കവിധം സഭയുടേതായി ഒരു വെബ്സൈറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ക്രമീകര ണങ്ങൾ എത്രയും വേഗം ചെയ്യണമെന്ന് സുന്നഹദോസ് തീരുമാ നിച്ചു. **(2005 ഡിസംബർ)**

33.13) അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കബറിടം.

ഗോവയിൽ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഒരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2006 നവംബർ)**

33.14) വൈറ്റില, പടമുകൾ പള്ളികളുടെ സെമിത്തേരി സംബന്ധിച്ച്.

വൈറ്റില, പടമുകൾ പള്ളികൾക്ക് സ്വന്തമായി സെമിത്തേരി ഇല്ലാത്തതിനാൽ, രണ്ട് ഇടവകകളുടെയും ആവശ്യപ്രകാരം, മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിലുള്ള വെട്ടിക്കൽ സെന്റ് തോമസ് ദയറായുടെ കോമ്പൗണ്ടിൽ രണ്ട് പള്ളികൾക്കും വേണ്ടി 20 അറകൾ വീതമുള്ള രണ്ട് common vault -കൾ പണിയുന്നതിന് സുന്നഹ ദോസ് തീരുമാനിച്ചു. **(2006 നവംബർ)**

33.15) ദൃശ്യ മാധ്യമങ്ങളിൽക്കൂടിയുള്ള സുവിശേഷ ഘോഷണം സംബന്ധിച്ച്.

സഭയുടെ ദൗത്യത്തെ മൊത്തത്തിൽ സഹായിക്കുന്ന ഒരു ദൃശ്യ മാധ്യമ ശൈലി ആവശ്യമാണെന്നും, സഭയുടെ വിശ്വാസ- ആചാരാ നുഷ്ഠാനങ്ങളുടെ പഠനം കൂടി ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തണ മെന്നും, ആരാധനാ ഗീതങ്ങൾ അവതരിപ്പിക്കുന്നതിന് കൂടുതൽ പരിഗണന നൽകണമെന്നും, കുട്ടികൾക്കും യുവജനങ്ങൾക്കും മറ്റും

പ്രയോജനപ്രദമായ പ്രോഗാമുകൾ മാസത്തിൽ ഒരു തവണ വീത മെങ്കിലും ക്രമീകരിക്കണമെന്നും, വി. കുർബ്ബാന ടെലിവിഷനിലൂടെ പ്രക്ഷേപണം ചെയ്യുന്ന പ്രവണത നിരുത്സാഹപ്പെടുത്തണമെന്നും, ദൃശ്യ മാധ്യമ വിഭാഗവുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാവർക്കും ഒരു ഓറിയന്റേഷൻ നൽകേണ്ടത് ആവശ്യമാണെന്നും സുന്നഹ ദോസ് നിശ്ചയിച്ചു. **(2007 ഫെബ്രുവരി)**

33.16) പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീ യൻ ബാവാ തിരുമേനിയുടെ ഉപയോഗിച്ചിരുന്നതായ വസ്തു ക്കളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുന്നത് സംബന്ധിച്ച്.

1. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ഉപയോഗിച്ചിരുന്നതായ വസ്തുക്കളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി അത് വർഷം തോറും update ചെയ്യണ മെന്നും, സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും അവരുടെ ഉപ യോഗത്തിലിരിക്കുന്നതായ സാധനങ്ങളുടെ ഒരു പട്ടിക എഴുതിയു ണ്ടാക്കി, അതിന്റെ ഒരു പകർപ്പ് പരിശുദ്ധ ബാവാ തിരുമേനിക്ക് സമർപ്പിക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2008 ഫെബ്രുവരി)**

2. പരിശുദ്ധ സഭയുടെ എല്ലാ പ്രാമാണിക രേഖകളും സഭാ കേന്ദ്ര ത്തിൽ ഒരു ആർക്കൈവ്സ് ഉണ്ടാക്കി അവിടെ സൂക്ഷിക്കണമെന്നും, പുതിയ സെൻട്രൽ സെക്രട്ടറിയേറ്റ് പൂർത്തിയാവുമ്പോൾ, ഇപ്പോ ഴത്തെ കാതോലിക്കേറ്റ് ഓഫീസ് അതിനായി സജ്ജീകരിക്കണ മെന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2009 ഫെബ്രുവരി)**

33.17) സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫൗണ്ടേഷൻ.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫൗണ്ടേഷന്റെ ഭരണഘട നയ്ക്ക് സുന്നഹദോസ് അംഗീകാരം നൽകി. **(2010 ഫെബ്രുവരി)**

33.18) എൻഡോസൾഫാൻ നിരോധിക്കുന്നത് സംബന്ധിച്ച്.

മണ്ണിന്റെ ജൈവഗുണം നശിപ്പിക്കുകയും, മാരക രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്ന എൻഡോസൾഫാൻ ഉൾപ്പെടെയുള്ള അപകടകാരികളായ കീടനാശിനികൾ നിരോധിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാ രുകളോട് ആവശ്യപ്പെടുന്ന പ്രമേയം സുന്നഹദോസ് പാസ്സാക്കി. **(2011 ഫെബ്രുവരി)**

33.19) അവയവദാനം സംബന്ധിച്ച്.

അവയവദാനം മഹാദാനമാണ് എന്നും, അതിനെ പ്രോത്സാഹിപ്പിക്കണമെന്നും, സുന്നഹദോസ് യോഗം അഭിപ്രായപ്പെട്ടു. എല്ലാ പിതാക്കന്മാരും മരണശേഷം അവയവദാനത്തിന് സന്നദ്ധരാണ് എന്ന് പ്രസ്താവിക്കുകയും, ഈ മാതൃക പരിശുദ്ധ സഭാമക്കൾ പിന്തുടരണം എന്ന് സുന്നഹദോസ് ആഹ്വാനം ചെയ്യുകയുമുണ്ടായി. **(2013 ഓഗസ്റ്റ്)**

33.20) വൈദികനെ സംസ്കരിച്ച കല്ലറയിൽ പിന്നീട് സഹധർമ്മിണിയെയോ, സഹധർമ്മിണിയെ സംസ്കരിച്ച അതേ കല്ലറയിൽ പിന്നീട് വൈദികനെയോ സംസ്കരിക്കുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച്.

വൈദികനെ സംസ്കരിച്ച കല്ലറയിൽ പിന്നീട് സഹധർമ്മിണിയെയോ, സഹധർമ്മിണിയെ സംസ്കരിച്ച അതേ കല്ലറയിൽ പിന്നീട് വൈദികനെയോ സംസ്കരിക്കുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച്, വൈദികനെ സംസ്കരിക്കുന്ന കല്ലറയിൽ മറ്റാരെയും അടക്കം ചെയ്യുന്ന പതിവ് പരിശുദ്ധ സഭയിൽ നിലവിലില്ല എന്ന് സുന്നഹദോസ് വ്യക്തമാക്കി. **(2014 ഓഗസ്റ്റ്)**

33.21) വൈദികരുടെ ഭൗതിക ശരീരം അടക്കം ചെയ്യുന്ന കല്ലറയിൽ അത്മായരുടെ ഭൗതിക ശരീരം അടക്കം ചെയ്യാമോ എന്നത് സംബന്ധിച്ച്.

വൈദികരുടെ ഭൗതിക ശരീരം അടക്കം ചെയ്യുന്ന കല്ലറയിൽ അത്മായരുടെ ഭൗതിക ശരീരം അടക്കം ചെയ്യുവാൻ പാടില്ല എന്ന് സുന്നഹദോസ് നിശ്ചയിച്ചു. **(2025 ഫെബ്രുവരി)**

33.22) വിശുദ്ധ മൂറോൻ കൂദാശ സംബന്ധിച്ച് (2018).

2018- ലെ പരിശുദ്ധ വലിയ നോമ്പിനോടനുബന്ധിച്ചുള്ള നാൽപതാം വെള്ളിയാഴ്ച വിശുദ്ധ മൂറോൻ കൂദാശ നടത്തുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ തീരുമാനമായി. ആയതിന്റെ ക്രമീകരണങ്ങൾക്കായി അഭിവന്ദ്യ സഖറിയാ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ എന്നിവരെ സുന്നഹദോസ് ചുമതലപ്പെടുത്തി. **(2017 ഓഗസ്റ്റ്)**

33.23) ബോംബെ മെത്രാസനത്തിലെ റോഹയിലുള്ള 'ഗ്രീഗോറിയൻ കമ്മ്യൂണിറ്റി'യെ സംബന്ധിച്ച്.

ബോംബെ മെത്രാസനത്തിലെ റോഹയിലുള്ള *ഗ്രീഗോറിയൻ കമ്മ്യൂണിറ്റി*യുടെ നിയമാവലിക്ക് 2020 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2020 ഫെബ്രുവരി)**

33.24) 'മലങ്കരസഭ' മാസികയുടെ നിയമാവലി സംബന്ധിച്ച്.

മലങ്കരസഭ മാസികയുടെ നിയമാവലിക്ക് 2020 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകി. **(2020 ഫെബ്രുവരി)**

33.25) മലങ്കര സഭയിലെ പള്ളികളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കേറ്റുകൾക്ക് ഏകീകൃത രൂപം നൽകുന്നത് സംബന്ധിച്ച്.

മലങ്കര സഭയിലെ പള്ളികളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കേറ്റുകൾക്ക് ഏകീകൃത രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വിവിധ സർട്ടിഫിക്കേറ്റുകളുടെ ഡ്രാഫ്റ്റിന് സുന്നഹദോസ് അംഗീകാരം നൽകി. ടി സർട്ടിഫിക്കേറ്റുകൾ പരിശുദ്ധ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം. ഒ. സി. പബ്ലിക്കേഷൻസിന്റെ ചുമതലയിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ് എന്നും, മലങ്കര സഭയിലെ പള്ളികളിൽ നിന്നും നൽകുന്ന സർട്ടിഫിക്കേറ്റുകൾക്ക് ഈ മാതൃക തന്നെ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം മെത്രാസന വൈദീക മീറ്റിംഗുകളിൽ വൈദീകർക്ക് നൽകേണ്ടതാണ് എന്നും സുന്നഹദോസിൽ തീരുമാനമായി. **(2020 സെപ്റ്റംബർ)**

33.26) മലങ്കര സഭാ തേജസ് അഭിവന്ദ്യ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് II (മാർ ദീവന്നാസിയോസ് V) മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിന്റെ തീയതി സംബന്ധിച്ച്.

ലഭ്യമായ ആധികാരിക രേഖകൾ അനുസരിച്ച് **മലങ്കര സഭാ തേജസ്** അഭിവന്ദ്യ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് II (മാർ ദീവന്നാസിയോസ് I) മെത്രാപ്പോലീത്താ കാലം ചെയ്തത് ജൂലൈ മാസം 11-ാം തീയതി ആയതിനാൽ, അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ജൂലൈ മാസം 11-ാം തീയതി ആചരിക്കേണ്ടതാണ് എന്ന് സുന്നഹദോസ് ഏകാഭിപ്രായമായി നിശ്ചയിച്ചു. അന്നേ ദിവസം

സഭയിൽ **വിദ്യാഭ്യാസ ദിന**മായി ആചരിക്കുന്നതിനും തീരുമാന മായി. **(2021 ഓഗസ്റ്റ്)**

33.27) സ്വവർഗ്ഗാനുരാഗം/സ്വവർഗ്ഗരതി – മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലപാട്.

ആമുഖം: ആധുനിക ക്രൈസ്തവലോകത്തെ ഏറ്റവും വലിയ ചർച്ചകളിലൊന്ന് സ്വവർഗ്ഗാനുരാഗത്തെക്കുറിച്ച്/സ്വവർഗ്ഗരതി യെക്കുറിച്ച് ആണ്. സ്വവർഗ്ഗ ആകർഷണം ദൈവത്തിനെതിരായ മത്സരത്തിലൂടെ സംഭവിക്കുന്നതാണെന്നും, അല്ലാതെ ദൈവം സ്വവർഗ്ഗാനുരാഗികളെ സൃഷ്ടിച്ചതുകൊണ്ടല്ല എന്നുമാണ് ഓർത്ത ഡോക്സ് ദൈവശാസ്ത്ര വീക്ഷണം. മതേതരത്വത്തിന്റെ പ്രതി ഭാസം (The Phenomenon on Secularisation), ധാർമ്മിക ആപേക്ഷിക വാദം (Moral Relativism) എന്നിവയാൽ വളരെയധികം സ്വാധീനിക്ക പ്പെടുന്ന നമ്മുടെ യുവജനങ്ങളിൽ പലരും ഈ വിഷയത്തിൽ സഭ യുടെ നിലപാട് അറിയുവാനും, മനസ്സിലാക്കുവാനും നിരന്തരം വാതിലുകളിൽ മുട്ടുന്നു എന്നതും, പലരും സഭയുടെ നിലപാടിനെ ചോദ്യം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു എന്നതും സഭയ്ക്ക് അവഗ ണിക്കുവാനാവില്ല.

സ്വവർഗ്ഗാനുരാഗം ജന്മനാ ഉള്ളതാണ് എന്ന വാദത്തോടൊപ്പം എന്തുകൊണ്ട് സ്വവർഗ്ഗരതി (സ്വവർഗ്ഗവിവാഹം) അംഗീകരിക്കു ന്നില്ല? എന്തുകൊണ്ട് സ്വവർഗ്ഗാനുരാഗികളെ സഭ സ്വാഗതം ചെയ്യു ന്നില്ല? ഈ വിഭാഗത്തിലുള്ള വ്യക്തികളെ പരിപാലിക്കുവാൻ സഭ എന്തു ചെയ്യുന്നു തുടങ്ങിയ അവരുടെ ചോദ്യങ്ങൾ സഭ ശ്രദ്ധിക്കേ ണ്ടതാണ്. ഭൂരിഭാഗം ഓർത്തഡോക്സ് സഭകളും സ്വവർഗ്ഗരതിയെ വ്യക്തമായി അപലപിക്കുകയോ നിരസിക്കുകയോ ചെയ്തിട്ടുണ്ട്. സ്വവർഗ്ഗരതി ദൈവത്തിനെതിരായ ശണ്ഠയാണെന്നും, മനുഷ്യ സ്വഭാവത്തിനും, മനുഷ്യ വർഗ്ഗത്തിന്റെ നിലനിൽപിനും എതിരാ ണെന്നും ഉള്ള സിദ്ധാന്തപരമായ വിശ്വാസം സഭകൾ പ്രകടിപ്പി ക്കുന്നു. അത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്ക പ്പെട്ട ആളുകൾക്ക് യോജ്യമല്ല എന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു.

അതുകൊണ്ട് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഈ വിഷയം ഇനി അവഗണിക്കാനാവില്ല. അത് അഭിമുഖീകരിക്കുക തന്നെ വേണം. എന്നാൽ ഈ വിഷയത്തോടുള്ള സഭയുടെ നിലപാട് വളരെ

സൂക്ഷ്മതയോടും, ജാഗ്രതയോടും പരിഗണിക്കേണ്ടതുണ്ട്. കുടും ബാസൂത്രണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതും, മനുഷ്യ ലൈംഗികതയെ സമഗ്രമായി വിശകലനം ചെയ്യേണ്ടതും നിലപാടുകൾ രൂപപ്പെടുത്തേണ്ടതുമാണ്. മറ്റ് ഓർത്തഡോക്സ് സഭ കളുടെ നിലപാടുകൾ കൂടി പരിഗണിക്കുകയും, വിശകലനം ചെയ്യു കയും ചെയ്യേണ്ടതും ആവശ്യമാണ്.

ജീവശാസ്ത്രപരവും, മനഃശാസ്ത്രപരവുമായ വസ്തുതകൾ. മനഃശാസ്ത്രപരമായ വിലയിരുത്തലുകളും സഭ ഇക്കാര്യത്തിൽ നട ത്തേണ്ടതാണ്. അതിൽ പ്രധാനമായും സ്വവർഗ്ഗ ആകർഷണം, സ്വവർഗ്ഗ രതി ഇവ ബോധപൂർവ്വമല്ലെന്നും താഴെ പറയുന്ന ഘടകങ്ങളുടെ പരിണിതഫലമായി സംഭവിക്കുന്നതാണെന്നും ഉള്ള നിലപാടുകളാണ്.

(1). ബാലപീഡനം.

(2). ആധിപത്യം പുലർത്തുന്ന മാതാപിതാക്കൾ.

(3). എൻഡോക്രൈനൽ ഡിസ്ഫംഗ്ഷൻ.

(4). സ്ത്രീകളോട്/പുരുഷന്മാരോട് ഉള്ള വെറുപ്പ് അല്ലെങ്കിൽ അവരു മായി ഇടപെടുവാനുള്ള ഭയം.

ജീവശാസ്ത്രപരമായി ഇന്റർസെക്സ് ഒരു സ്വാഭാവിക വേരിയന്റാണ്. എന്നാൽ സ്വാഭാവികമല്ലാത്തവിധം പുരുഷന്റെയും സ്ത്രീയുടെയും പ്രത്യുല്പാദന അവയവങ്ങളോടെ ജനിക്കുന്ന അപൂർവ്വതകളുമുണ്ട്. ഇത് വൈദ്യശാസ്ത്രം ഒരു ഡിസോർഡർ ആയി പരിഗണിക്കുന്നു.

ഒരേ ലിംഗത്തിലുള്ള ഒരു കൂട്ടം, മറ്റുള്ളവരുമായി ഇടപഴകാതെ വളരെക്കാലം ഒരുമിച്ച് ജീവിച്ചാൽ സ്വവർഗ്ഗ ആകർഷണം ഉയർന്നു വരാം. കുട്ടിക്കാലത്തെ ചില ആഘാതങ്ങൾ സ്വവർഗ്ഗ ആകർഷണ ത്തിനും കാരണമാകാം. ഒരേ ലിംഗത്തിലുള്ളവരിൽ നിന്നുള്ള മുൻകാല ലൈംഗിക ദുരുപയോഗം ആ ലിംഗത്തിലേക്കുള്ളവരു മായുള്ള ആകർഷണം വർദ്ധിപ്പിക്കാം. കൂടാതെ, മാതാപിതാക്കളു ടെയോ റോൾ മോഡലുകളുടെയോ അഭാവം നിലവിലെ ലിംഗഭേദ ത്തിന്റെ സവിശേഷതകൾ സ്വീകരിക്കുവാൻ പ്രേരിപ്പിക്കാം.

ഇത്തരത്തിൽ മന:ശാസ്ത്രപരവും, വൈദ്യശാസ്ത്രപരവും, ജീവ ശാസ്ത്രപരവുമായ മറ്റ് ഘടകങ്ങൾ പരിശോധിക്കുകയും, വിലയിരു

ത്തുകയും കൂടി ചെയ്തിട്ടുവേണം സഭ ഈ വിഷയത്തിൽ നിലപാടുകൾ സ്വീകരിക്കേണ്ടത്.

തിരുവെഴുത്തുകളുടെയും, സഭാവിജ്ഞാനീയത്തിന്റെയും അടിസ്ഥാനങ്ങൾ.

ഈ അടിസ്ഥാനങ്ങളുടെ വെളിച്ചത്തിൽ സ്വവർക്ഷരതിയോ സ്വവർഗ്ഗ വിവാഹങ്ങളോ, സഭയ്ക്ക് നിയമാനുസൃതമായ ലൈംഗിക പ്രകടനമായി അംഗീകരിക്കുവാനും അനുവദിക്കുവാനും സാധ്യമല്ല.

1. പഴയ-പുതിയ നിയമപണ്ഡിതരിൽ ഭൂരിഭാഗവും ഇത് ഒരു പാപകരമായ അവസ്ഥയാണെന്നും, അനുവദനീയമല്ലെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

2. സൃഷ്ടികർമ്മത്തിൽ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും പുരുഷനെയും, സ്ത്രീയെയും സൃഷ്ടിച്ച ദൈവപദ്ധതിയിൽ, അവർ ഒന്നാകുമ്പോഴാണ് ദൈവത്തിന്റെ പ്രതിഛായയുടെ പൂർണ്ണതയുണ്ടാകുന്നത്. ഇത്തരത്തിലുള്ള ഭിന്നലിംഗ സൃഷ്ടി ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതും, വിശുദ്ധീകരിക്കപ്പെട്ടതുമാണ്.

3. ദൈവത്തിന്റെ യഥാർത്ഥ പദ്ധതിയുമായി പൊരുത്തപ്പെടാത്തതും, സൃഷ്ടികർമ്മത്തിൽ രൂപപ്പെടുത്തിയ ലൈംഗിക ബന്ധങ്ങൾക്ക് വൃത്യസ്തമായതുമായ നിലപാടുകളെ സഭ നിരാകരിക്കുന്നു. പുരുഷനും, സ്ത്രീയും തമ്മിലുള്ള നിയമാനുസൃതവും, കാനോനികവുമായ ലൈംഗികബന്ധത്തിന് മാത്രമേ സഭ അനുവാദം നൽകുന്നുള്ളൂ. അല്ലാത്തവ പാപമായി സഭ കരുതുന്നു.

4. ഒരു വ്യക്തിക്ക് അത്തരമൊരു പ്രവണതയുണ്ടെങ്കിലും, അത്തരമൊരു ജീവിതശൈലി അവലംബിക്കുന്നില്ലെങ്കിൽ, സഭ അവരുടെ മേൽ ശിക്ഷാനടപടികൾ സ്വീകരിക്കരുത്.

5. ഒരു വ്യക്തി അവന്റെ/അവളുടെ മുൻഗണന വ്യക്തമായി പ്രസ്താവിക്കുന്ന സന്ദർഭങ്ങളിൽ, മുമ്പ് പ്രസ്താവിച്ച ഘടകങ്ങൾ കാരണമായേക്കാവുന്നതിനാൽ ഈ അവസ്ഥ എങ്ങനെ സംജാതമായി എന്ന് വിലയിരുത്തേണ്ടതാണ്.

6. ഇത്തരം ജീവിതശൈലി സ്വീകരിക്കുന്നവരെ, പാപബോധം വരുത്തി അതിൽ നിന്നും പിന്മാറുവാൻ പ്രേരിപ്പിക്കുന്ന ഒരു ഇടയത്വ ശുശ്രൂഷ സഭ അവർക്ക് നൽകണം. ഇത്തരത്തിൽ അവബോധം

വരുത്തുമ്പോൾ, മുൻവിധി കൂടാതെ അവരെ സമീപിക്കുവാനും, വിവേചനപരമായ സമീപനങ്ങൾ ഒഴിവാക്കുവാനും ശ്രദ്ധിക്കണം.

7. സ്വവർഗ്ഗരതിയെ/ബന്ധത്തെ പ്രായപൂർത്തിയായ രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധത്തിന്റെ ഒരു രൂപമായി ചില രാജ്യങ്ങളിൽ വ്യാഖ്യാനിക്കുവാനും. സ്കൂളുകളിൽ പഠിപ്പിക്കുവാനും ആരംഭിച്ചിരിക്കുന്നു എന്നത് സ്ഥിതി കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുന്നു.

ഉപസംഹാരം:

വളർന്നുവരുന്ന ഈ പ്രശ്നത്തെ നേരിടുവാൻ സഭ സ്വയം സജ്ജമാകണം. മറ്റ് ഓർത്തഡോക്സ് സഭകളുമായി ചേർന്ന്, ദൈവകൽപനയാൽ ലൈംഗികതയ്ക്ക് നിയുക്തമാക്കിയിട്ടുള്ളതും, പ്രകൃതിനിയമമായി മനുഷ്യന്റെ അനുഭവത്തിൽ വെളിപ്പെടുത്തിയതുമായ, വ്യക്തവും മാറ്റമില്ലാത്തതുമായ ലക്ഷ്യത്തിന് വിരുദ്ധമായ വ്യക്തിയുടെ എല്ലാ ലൈംഗിക പ്രകടനങ്ങളും സഭ വ്യക്തമായി നിരസിക്കണം. അതോടൊപ്പം തന്നെ, വലിയ ആഘാതകരമായ അനുഭവങ്ങൾ അഭിമുഖീകരിക്കുന്ന സ്വവർഗ്ഗാനുരാഗികൾക്ക് ഫല പ്രദമായ അജപാലന ശുശ്രൂഷ നൽകുവാനും, സൗഖ്യത്തിന് മുഖാന്തിരമാകുവാനും സഭയ്ക്ക് ബാദ്ധ്യതയുണ്ട്. **(2023 ഫെബ്രുവരി, 2023 ഓഗസ്റ്റ്)**

33.28) Premarital Counselling - നെ സംബന്ധിച്ച്.

മലങ്കര സഭയിലെ ഏത് മെത്രാസനവും ഔദ്യോഗികമായി നൽകുന്ന Premarital Counselling Certificate -ന് മലങ്കര സഭയിൽ എല്ലായിടത്തും അംഗീകാരം ഉണ്ടായിരിക്കുന്നതാണ് എന്നും, അതത് മെത്രാസനങ്ങൾ നടത്തുന്ന Premarital Counselling Course -ൽ മാത്രമേ പങ്കെടുക്കാവൂ എന്ന നിബന്ധന പാടില്ല എന്നും സുന്നഹദോസ് നിശ്ചയിച്ചു. **(2025 ഫെബ്രുവരി)**

****

അനുബന്ധങ്ങൾ

സ്വയം സ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ
(മുദ്ര)

നമ്പർ: 161/91

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നിങ്ങളുടെ എല്ലാവരുടെയും ക്ഷേമം അന്വേഷിച്ചുകൊണ്ട് നാം നിങ്ങളെ അടിയന്തിരമായ ചില കാര്യങ്ങൾ അറിയിക്കുകയാണ്:

ലോകമൊക്കെയും ഇന്ന് ആളുകൾ അസമാധാനത്തിന്റെയും വഷളത്വത്തിന്റെയും പരസ്പരസ്നേഹമില്ലായ്മയുടെയും തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യർ ദൈവത്തിൽനിന്ന് അകന്നകന്നു പോകുന്നതാണ് ഇതിനെല്ലാം കാരണമെന്ന് നാം കരുതുന്നു. ഈ ദു:സ്ഥിതിയിൽ നിന്ന് നമ്മുടെ സഭാംഗങ്ങൾ വിടുതൽ പ്രാപിക്കേണ്ടിയിരിക്കുന്നു. അതിലേക്ക് 1991 ജൂലൈ മാസത്തിൽ ചേർന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സഭാംഗങ്ങളുടെ ഇടയിൽ നടപ്പാക്കേണ്ടിനായി ആവിഷ്കരിച്ച ആദ്ധ്യാത്മിക നവോത്ഥാനപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ നിങ്ങളുടെ അറിവിലേക്കും ഇടവകാംഗങ്ങളുടെ ഇടയിൽ നടപ്പാക്കേണ്ടതിനുമായി ഇതുസഹിതം അയയ്ക്കുന്നു. ഇവ എത്രയും വേഗം നമ്മുടെ ഓരോ ഇടവകയിലും നടപ്പാക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ആവശ്യപ്പെടുന്നു.

കൂടാതെ പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ച് നമ്മെ ചുമതലപ്പെടുത്തിയ ചില കാര്യങ്ങൾ കൂടെ നിങ്ങളെ നാം അറിയിക്കുന്നു:

നമ്മുടെ സഭാഗംങ്ങളുടെ ഇടയിൽ വിവാഹമോചനവും പുനർവിവാഹവും സംബന്ധിച്ചും, നോമ്പുദിവസങ്ങളിലും മറ്റ് കടപ്പെട്ട ദിവസങ്ങളിലും നിരോധിച്ചിട്ടുള്ള വിവാഹകൂദാശ നടത്തുന്നത് സംബന്ധിച്ചും ഉള്ള ദൈവ കൽപനയും സഭയുടെ പുരാതനമായ വിശ്വാസവും ആചാരവും ലംഘിക്കുന്നതിനുള്ള ഒരു പ്രവണത കണ്ടുവരുന്നുണ്ട്. പലരും ഇവ അനുവദിക്കുന്നതിനായി നമ്മുടെ അടുക്കൽ വരുന്നുമുണ്ട്. പ്രിയരെ, വളരെ ദു:ഖത്തോടെയാണ് ഈവക കാര്യങ്ങൾ നാം കൈകാര്യം ചെയ്യുന്നത്.

വിവാഹമോചനം സഭ അനുവദിക്കുന്നതല്ല. ''ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്'' എന്ന് നമ്മുടെ കർത്താവ് കൽപിച്ചിട്ടുള്ളതാണ്. കൽപന ലംഘനം പാപമാണ്. പാപത്തിന്റെ ശമ്പളം മരണം ആണല്ലോ. ആകയാൽ നാം പാപത്തിൽ വീണ് ദൈവതേജസ്സ് നഷ്ടപ്പെടുത്തി ആത്മാവിൽ മരിക്കുന്നതിന് ഇടകൊടുക്കരുത്. നമ്മുടെ മക്കളെ അതിന് പ്രേരിപ്പിക്കുകയും അരുത് എന്ന് നാം നിങ്ങളെ പ്രത്യേകം ഗുണദോഷിക്കുന്നു.

വിവാഹമോചനത്തിനും തുടർന്നുള്ള പുനർവിവാഹത്തിനും അനുമതിക്കായി സഭാമക്കൾ ആരും തന്നെ ഒരുങ്ങരുതെന്നും അതിലേക്ക് അനുമതിക്കായി നമ്മുടെ അടുക്കലേക്ക് വരരുതെന്നും പ്രത്യേകം അറിയിക്കുന്നു. ബഹുമാനപ്പെട്ട വൈദീകർ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ശുപാർശ ചെയ്ത് ആളുകളെ നമ്മുടെ അടുക്കലേക്ക് അയയ്ക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇതുപോല തന്നെയാണ് നോമ്പുദിവസങ്ങളിലും വിലക്കപ്പെട്ട മറ്റുദിവസങ്ങളിലും വിവാഹം നടത്തണമെന്ന് തീരുമാനിക്കുന്നത്. നമ്മുടെ പിതാക്കന്മാർ നോമ്പ് വളരെ ചിട്ടയോടെ ആചരിച്ചുവന്നിരുന്നു. നോമ്പുദിവസങ്ങളിൽ ഭാര്യാഭർത്താക്കന്മാർ ശാരീരികമായി ബന്ധപ്പെട്ടിരുന്നില്ല. മത്സ്യമാംസങ്ങൾ പാകം ചെയ്തുവരുന്ന പാത്രങ്ങൾപോലും നോമ്പുകാലങ്ങളിൽ ഭക്ഷണം പാകം ചെയ്യുവാൻ ഉപയോഗിച്ചിരുന്നില്ല. നോമ്പു ദിവസങ്ങളിലോ വിലക്കപ്പെട്ട മറ്റുദിവസങ്ങളിലോ വിവാഹം നടത്തുക എന്നത് അവർക്ക് ചിന്തിക്കാൻ പോലും വയ്യായിരുന്നു. അത് പാപമാണെന്നുതന്നെ അവർ വിശ്വസിച്ചിരുന്നു.

നമ്മുടെ പരിശുദ്ധ പിതാവായ ബസേലിയോസ് ഗീവർഗീസ് ദിതീയൻ ബാവാ ഇത് സംബന്ധിച്ച് പറഞ്ഞ ഒരു കാര്യം ഇപ്പോഴും നാം ഓർക്കുന്നു. അത് വളരെ ശ്രദ്ധേയമാണ്. ഒരു ദിവസം ഞാൻ കൂടെ ബാവായുടെ അടുത്തുനിൽക്കുമ്പോൾ ഒരു നോമ്പുദിവസം ഏതോ അത്യാവശ്യം പ്രമാണിച്ച് മകന്റെ കല്യാണം നടത്തുന്നതിന് അനുവാദത്തിനായി ഒരാൾ വന്നു. ബാവായ്ക്ക് വളരെ വേണ്ടപ്പെട്ടതും സഭയിലെ ഒരു സുപ്രധാന ആളുമായിരുന്നു വന്നത്. കാര്യങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം കൽപിച്ചു: 'എടോ, ഈ കല്യാണം മാറ്റിവയ്ക്ക്. ഇതു നടത്തിയാൽ തന്റെ മകനെയും അവൻ വിവാഹം കഴിക്കുന്ന പെൺകുട്ടിയേയും ഞാൻ പാപികളാക്കിത്തീർക്കുകയായിരിക്കും ചെയ്യുന്നത്. ഞാൻ ഇത് അനുവദിച്ചാൽ ഞാനും പാപിയായിത്തീരും. എനിക്ക് എന്റെ പാപം തന്നെ ചുമക്കുവാൻ നിവൃത്തിയില്ല. അങ്ങനെ ഇരിക്കുമ്പോൾ അന്യപാപംകൂടെ ഞാൻ എങ്ങനെ ചുമക്കും? സഭയുടെ വേലിയും വരമ്പും സംരക്ഷിക്കുവാൻ ദൈവം എന്നെ ചുമതലപ്പെടുത്തിയിരിക്കുമ്പോൾ അതെല്ലാം നശിപ്പിക്കുവാനാണോ താൻ എന്നോടു ആവശ്യപ്പെടുന്നത്. താൻ സമുദായത്തിലെ പ്രമുഖനായ ഒരു വ്യക്തിയാണല്ലോ. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നതിന് എന്റെ അടുക്കൽ വരരുത്.' എന്നിട്ട് തിരുമേനിയുടെ വെള്ളിപോലെ വെളുത്ത മീശ ഇടതുകൈകൊണ്ട് ഉയർത്തി വലതുകൈ കഴുത്തിൽ വച്ചിട്ട് പറഞ്ഞു: 'എന്റെ കഴുത്ത് ഇവിടെ വച്ച് മുറിക്കേണ്ടി വന്നാലും ഞാൻ അനുവദിക്കുകയില്ല.' തിരുമേനി വളരെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ആളായിരുന്നു അനുവാദത്തിനു വന്ന വ്യക്തി. തിരുമനസ്സിലെ നിലപാടു മനസ്സിലാക്കി കല്യാണം നോമ്പുകഴിഞ്ഞു നടത്താൻ ഏർപ്പാടുചെയ്തുകൊള്ളാമെന്ന് പറഞ്ഞ് അയാൾ പോവുകയാണുണ്ടായത്.

ഇതുപോലെ കടപ്പെട്ട ദിവസങ്ങളിൽ വിവാഹം നടത്തുന്നതിന് നമ്മുടെ ആളുകൾ തുനിയാതിരിക്കണം. ഇക്കാര്യത്തിൽ നമ്മുടെ വൈദികർ പ്രത്യേകം ശ്രദ്ധചെലുത്തണമെന്ന് നാം അനുസ്മരിപ്പിക്കുന്നു.

എന്നാൽ യാതൊരു വിധത്തിലും ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹചര്യത്തിൽ ചില പ്രത്യേക നിബന്ധനകൾക്ക് വിധേയമായി ഈ ദിവസങ്ങളിൽ വിവാഹം നടത്തുന്നതിന് അനുമതി നൽകാൻ പ. സുന്നഹദോസ് നമ്മെ അനുവദിച്ചിട്ടുണ്ട്. കഴിവതും ആളുകൾ

അതിന് തുനിയരുതെന്നും അത് നമുക്ക് വലിയ പ്രയാസം ഉളവാക്കുന്നതാണ് എന്നും നിങ്ങളെ അറിയിക്കുന്നു. അങ്ങനെയുള്ള അപേക്ഷകൾ ഇടവക മെത്രാപ്പോലീത്താമാരുടെ ശുപാർശയോടുകൂടെ ആയിരിക്കണം അയയ്ക്കേണ്ടത്.

അതുപോലെ വി. കുർബ്ബാന അനുഭവത്തിനുമുമ്പുള്ള ഹൂസോയോ പ്രാർത്ഥന സംബന്ധിച്ചും പ. സുന്നഹദോസ് ഒരു സുന്നഹദോസ് തീരുമാനം ചെയ്തിട്ടുണ്ട്. കുമ്പസാരിക്കത്തക്ക തെറ്റുകളൊന്നും ചെയ്തിട്ടില്ലെന്നു ബോദ്ധ്യമുള്ളവർ വി. കുർബ്ബാന അനുഭവത്തിനു മുമ്പ് പട്ടക്കാരിൽ നിന്ന് ഹൂസോയോ പ്രാപിക്കുന്നത് വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പായിരിക്കണം. വി. കുർബ്ബാന അനുഭവിക്കണമെന്നുള്ളവർ തലേദിവസം തന്നെ ഒരുങ്ങി കഴിവതും രാവിലെ പള്ളിയിൽ വന്ന് പ്രഭാതനമസ്കാരത്തിൽ സംബന്ധിച്ച് ഹൂസോയോ പ്രാപിക്കണം. വി. കുർബ്ബാന കഴിഞ്ഞ് ഹൂസോയോ പ്രാപിച്ച് വി. കുർബ്ബാന അനുഭവിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

പ്രിയരെ, ഒരു കാര്യംകൂടെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നാം നിർത്തുന്നു. നമ്മുടെ സൺഡേസ്കൂൾ അസോസിയേഷന്റെ പ്രസിഡണ്ടായി 15 വർഷക്കാലം സേവനം അനുഷ്ടിക്കുന്നതിന് നമുക്ക് അവസരം ലഭിച്ചു. നിങ്ങൾ സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ നമുക്കു ചെയ്തുതന്ന എല്ലാ സഹകരണപ്രവർത്തനങ്ങൾക്കും കർത്താവിൽ നന്ദി അറിയിക്കുന്നു.

ബലഹീനനായ നമ്മെ നമ്മുടെ സഭയുടെ പ്രധാന ഇടയനായി ദൈവം ഉയർത്തി. അതോടെ സൺഡേസ്കൂൾ പ്രസ്ഥാന പ്രസിഡണ്ട് സ്ഥാനത്തുനിന്ന് നാം മാറുകയുണ്ടായി. ജൂലൈ മാസത്തെ സുന്നഹദോസ് നമുക്ക് പകരമായി സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി നമ്മുടെ മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാച്ചനെ നിശ്ചയിച്ചു എന്നുള്ള വിവരം സന്തോഷത്തോടെ നിങ്ങളെ അറിയിക്കുന്നു. നിങ്ങളെല്ലാവരും അദ്ദേഹത്തോട് ചേർന്ന് സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ അങ്ങേയറ്റം സഹകരിച്ചു പ്രവർത്തിക്കണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ ചെയ്യുമെന്ന് നാം വിശ്വസിക്കുകയും ചെയ്യുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ പരിശുദ്ധ മാർതോമാ ശ്ലീഹായുടെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.....

(ഒപ്പ്)

ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

1991 സെപ്റ്റംബർ 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനിയിൽ നിന്ന്.

1991 ജൂലൈയിൽ കോട്ടയം സോഫിയ സെന്ററിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് പാസാക്കിയ ആദ്ധ്യാത്മിക നവോത്ഥാന പദ്ധതികൾ

പ. സഭയിൽ നവജീവൻ പകർന്നുകൊടുക്കുന്നതിനുള്ള നടപടികൾ സദാ പ്രായോഗികമാക്കിക്കൊണ്ടിരിക്കേണ്ടത് മേൽപട്ടക്കാരുടെയും പട്ടക്കാരുടെയും വിശ്വാസികളുടെയും ചുമതലയാണ്. മെത്രാസനതലത്തിലും ഇടവകതലത്തിലും ചെയ്യേണ്ട താഴെപറയുന്ന കാര്യങ്ങൾ പ. ബാവാ തിരുമേനി ഒരു കൽപനമൂലം എല്ലാവരെയും അറിയിക്കേണ്ടതാണ്:

ദൈനംദിന ആരാധനയും പഠനവും

നമസ്കാര പുസ്തകങ്ങളും വി. വേദപുസ്തകവും എല്ലാ ഭവനങ്ങളിലും ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. ചുരുങ്ങിയത് കുടുംബാരാധനക്രമമെന്ന ചെറിയ പുസ്തകവും പുതിയനിയമവും (സങ്കീർത്തനങ്ങൾ ചേർത്തത്) ഇല്ലാത്ത എല്ലാ ഭവനങ്ങളിലും

നിർബന്ധമായി അവ വിതരണം ചെയ്യണം. സന്ദർഭോചിതമായ പ്രാർത്ഥനകൾ എന്ന പുസ്തകം ഭവനങ്ങളിലും പ്രാർത്ഥനായോഗങ്ങളിലും ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കണം. വിശ്വാസ സംബന്ധമായ പുസ്തകങ്ങളും ലഘുലേഖകളും ധാരാളം ഉണ്ടാക്കണം.

പട്ടക്കാർ

പട്ടക്കാർ വീട്ടിൽനിന്നും ദൂരെ പോയി ഇടവകകൾ ഭരിക്കുന്നവരാണെങ്കിലും ശനിയാഴ്ച തന്നെ പള്ളികളിലെത്തി സന്ധ്യാനമസ്കാരം നടത്തുകയും വിശ്വാസികളെ അതിൽ സംബന്ധിപ്പിക്കുന്നതിൽ നിഷ്ഠ ഉള്ളവരുമായിരിക്കണം. ആത്മീയ സംഘടനകളെ കൂട്ടിവരുത്തി ബൈബിൾ ക്ലാസ്, വിശ്വാസസംബന്ധമായ പഠനം ഇവ നൽകണം. ചെറുപ്പക്കാർക്ക് പ്രവർത്തിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുവാൻ പ്രത്യേക പരിശീലനം നൽകണം. അതിനായി അവരെ കൂട്ടികൊണ്ട് ഭവനം സന്ദർശിക്കുകയും രോഗികളെ സന്ദർശിക്കുകയും വേണം. ഇപ്രകാരം ചെയ്യുന്നതിന്റെ റിപ്പോർട്ട് പട്ടക്കാർ ദിവസവും ഡയറിയിലെഴുതുകയും മൂന്നുമാസത്തിലൊരിക്കൽ അത് മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയും വേണം. വി. കുമ്പസാരം, കൗൺസലിംഗ് ഇവ നടത്തുവാനുള്ള പ്രത്യേക പരിശീലനം പട്ടക്കാർക്കുണ്ടായിരിക്കണം. വൈദികർ ധ്യാനയോഗങ്ങളിൽ നിർബന്ധമായും സംബന്ധിച്ചിരിക്കണം.

ശുശ്രൂഷക്കാർ

ആരാധന ഹൃദ്യമാക്കുന്നതിന് ശുശ്രൂഷക്കാർക്ക് ആവശ്യമായ പരിശീലനം നൽകണം. എല്ലാ ശനിയാഴ്ചയും വൈകിട്ട് ശുശ്രൂഷക്കാർ പള്ളിയിൽകൂടി ആരാധനയുടെ റിഹേഴ്സൽ നടത്തുന്നത് ഉചിതമായിരിക്കും.

സുവിശേഷ പ്രവർത്തകർ

പരിചയവും പക്വതയും ഉള്ളവർ ഇടവകയുടെ ആത്മീയവളർച്ചയ്ക്കാവശ്യമായ ക്ലാസുകൾ എടുക്കണം. ദിവ്യബോധനം, തിരുവചന ഭാഷ്യം ഇവയെ അടിസ്ഥാനമാക്കി ക്ലാസുകൾ എടുക്കുന്നതിനുള്ള

പരിശീലനം ഇവർക്കുനൽകണം. ഗ്രൂപ്പുകളായി ഭവനസന്ദർശനം നടത്തുക. രോഗികളെ സന്ദർശിക്കുക, സാമ്പത്തിക സഹായം ആവശ്യമായവരെ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുക, മദ്യപാനം, മയക്കുമരുന്ന്, പുകവലി മുതലായ ദുശ്ശീലങ്ങളിൽ നിന്ന് ജനങ്ങളെ പിൻതിരിപ്പിക്കുക എന്നിവയെല്ലാം സുവിശേഷകന്മാർക്ക് ചെയ്യാവുന്നതാണ്. പട്ടക്കാർ ഇവർക്ക് കഴിയുന്നത്ര നേതൃത്വവും പ്രോത്സാഹനവും കൊടുക്കണം. ഓരോ ഇടവകയിലും സൺഡേസ്കൂൾ ബാലികാസമാജം, ബാലസമാജം, മർത്തമറിയം സമാജം, യുവജനപ്രസ്ഥാനം, മിഷൻ, പ്രാർത്ഥനായോഗം എന്നീ ആത്മീയസംഘടനകൾ എല്ലാം ഉണ്ടായിരിക്കണം. ഇവർക്ക് വിഭാഗം വിഭാഗമായോ, ഒരുമിച്ചോ, അടുത്തടുത്ത് വി. കുർബ്ബാന അനുഭവിക്കുവാൻ സൗകര്യം ഉണ്ടാക്കണം.

മിഷൻ

നമ്മുടെ കർത്താവ് കൽപിക്കുംപ്രകാരം മറ്റുള്ളവരുടെ മുമ്പാകെ എന്നെ ഏറ്റുപറയാത്തവനെ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും ഏറ്റുപറയുകയില്ല. ആകയാൽ സഭയും ഇടവകയും സഭയിലെ ഓരോ വ്യക്തിയും മറ്റുള്ളവരോട് കർത്താവിനെ സാക്ഷിക്കുന്നവരായിരിക്കണം. ഓരോരുത്തരുടെയും കർത്താവിന്റെ സന്നിധിയിലുള്ള വി. ജീവിതം മറ്റുള്ളവർ കണ്ടറിഞ്ഞ് ദൈവസന്നിധിയിലേക്ക് വരുവാൻ സംഗതിയായിത്തീരണം. അതുപോലെ ഓരോ ഇടവകയിലും കർത്താവിനെ സാക്ഷിക്കുന്ന സമൂഹങ്ങൾ ഉണ്ടാവണം. നമ്മുടെ പള്ളി പെരുന്നാളുകളിൽ നാടകം, പാട്ടുകച്ചേരി, കഥാകലാക്ഷേപം തുടങ്ങിയ പരിപാടികൾ പാടുള്ളതല്ല. വിപുലമായ കരിമരുന്ന് പ്രയോഗങ്ങൾ മുതലായ ആർഭാടങ്ങൾ വർജ്ജിക്കേണ്ടതാണ്. എത്ര ആളുകൾക്കാണ് അപകടമുണ്ടായി മരിക്കുന്നത്. റാസ നടത്തുമ്പോൾ ചെണ്ട, ബാൻഡ് തുടങ്ങിയവ ഇല്ലാതിരിക്കുന്നത് ഉചിതമാണ്. പള്ളി പെരുന്നാൾ ഒരു ആത്മീയാസ്വാദനത്തിന്റെ ദിനങ്ങളായിരിക്കണം.

ഇടവകതലം

വിശ്വാസസംബന്ധമായും ധാർമ്മികമായും ജനത്തിന് വിജ്ഞാനം നൽകുന്ന പുസ്തകങ്ങളുടെ ഒരു ലൈബ്രറി എല്ലാ ഇടവകയിലും ഉണ്ടാകണം. മലങ്കരസഭ മാസിക എല്ലാ പള്ളികളിലും സഭയുടെ

എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമായും വരുത്തണം. പാരീഷ് മിഷൻ, ധ്യാനയോഗം, കൺവൻഷൻ ഇവ ക്രമമായി നടത്തണം.

മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾക്കെതിരെ പ്രചരണം നടത്തുന്നതിന് സെമിനാറുകളും ഭവനസന്ദർശനങ്ങളും ലഘുലേഖാ വിതരണവും നടത്തണം. ഈവകകാര്യങ്ങളിൽ നിന്ന് ഇടവക ജനങ്ങൾ ഒഴിഞ്ഞിരിക്കുകയും വേണം. വി. കുർബ്ബാനയിൽ എല്ലാവരും ആദ്യാവസാനം ഭക്തിപൂർവ്വം സംബന്ധിക്കുന്നതിൽ നിഷ്കർഷിക്കണം. വി. കുർബ്ബാനയിൽ ആദ്യം മുതലേ സംബന്ധിക്കാത്തവർക്ക് ഹൂസോയോ നൽകുകയോ വി. കുർബ്ബാന കൊടുക്കുകയോ ചെയ്യരുത്. വി. കുർബ്ബാനക്രമം എല്ലാവരും ഉപയോഗിച്ച് ഒരുമിച്ച് പ്രതിവാക്യങ്ങൾ ചൊല്ലുന്നത് അഭിലഷണീയമായിരിക്കും.

വി. കുർബ്ബാനയപ്പം ഉണ്ടാക്കുന്നതിനുള്ള അച്ച് സാമാന്യം വലിപ്പമുള്ളതായിരിക്കുകയും അതിനനുസരിച്ച് വലിയ പീലാസാ ഉണ്ടാക്കിക്കുകയും വേണം. കാരണം അധികമാളുകൾ വി. കുർബ്ബാന അനുഭവിക്കാനുണ്ടെങ്കിൽ സാധാരണ പീലാസായിൽ പ്രയാസമായിരിക്കുമല്ലോ.

ആരാധനകളിൽ വലിയ ശബ്ദമുണ്ടാക്കുന്ന സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കണം. വി. കുർബ്ബാനയിലായാലും വി. വിവാഹശുശ്രൂഷയിലായാലും ഗായകസംഘത്തിൽ വിശ്വാസികൾ മാത്രമേ പങ്കെടുക്കാവൂ. സഭാംഗങ്ങളല്ലാത്തവർ ഗായകസംഘത്തിൽ ചേർന്ന് പാടാൻ അനുവദിക്കരുത്. ശുശ്രൂഷാഗാനങ്ങൾ ഗായകസംഘവും ജനങ്ങളും ഒന്നിച്ചുചേർന്ന് പാടണം. സംഗീതോപകരണങ്ങളുടെ സമൃദ്ധികൊണ്ട് ആരാധനകളുടെ ആനന്ദവും സുഖവും സന്തോഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അത് ദൈവസന്നിധിയിൽ അസ്വീകാര്യമാണ്. ജനങ്ങൾ അഭിമുഖീകരിക്കുന്ന ജീവിതപ്രശ്നങ്ങളിൽ അവർക്ക് ആവശ്യമായ ഉപദേശവും ആദ്ധ്യാത്മിക സഹായവും നൽകുന്നതിന് പ്രത്യേകമായ കൗൺസലിംഗ് പരിശീലനമുള്ള ആളുകളുടെ ഒരു പാനൽ ഉണ്ടാക്കണം.

മെത്രാസനതലം

മെത്രാപ്പോലീത്തന്മാർ ഓരോ ഇടവകയും ആണ്ടിലൊരിക്കലെ

ങ്കിലും സന്ദർശിക്കുകയും ആദ്ധ്യാത്മികസംഘടനകൾക്ക് ഉത്തേജനം നൽകുകയും വേണം. മദ്യപാനം, കൈക്കൂലി, വ്യാജവ്യാപാരം മുതലായ സാമൂഹ്യദൂഷ്യങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് മുൻകൈ എടുക്കുകയും ചെയ്യണം. ഇടവകയിലെ ഒരംഗംപോലും അശുദ്ധമായ കൂട്ടുകെട്ടുകളിൽ ഇടപെടുന്നവരായിരിക്കരുത്.

പരിശുദ്ധ ബാവാ തിരുമേനി ഓരോ മാസത്തിലും ഓരോ മെത്രാസനത്തിലെ ഒരു പള്ളി സന്ദർശിച്ച് വെള്ളിയാഴ്ച വൈകുന്നേരം മുതൽ ഞായറാഴ്ച വി. കുർബ്ബാനവരെ അവിടെ താമസിച്ച് മാർഗ്ഗനിർദ്ദേശം നൽകണമെന്ന് ആഗ്രഹിക്കുന്നതായി പ്രസ്താവിക്കുകയുണ്ടായി.

സമാപനം

യഥാർത്ഥമായ തീഷ്ണതയും രൂപാന്തരവും ജനങ്ങളിൽ ഉണ്ടാകുന്നതിനാണ് ഇവയെല്ലാം എന്ന സത്യം മനസ്സിലാക്കി അതിനെ മുൻനിർത്തി പ്രാർത്ഥനയോടെ പട്ടക്കാരും ജനങ്ങളും ഒന്നിച്ച് ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.

****

സ്വയം സ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ
(മുദ്ര)

നമ്പർ 187/1995

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയനെ,

നിങ്ങളുടെ ഏവരുടെയും ക്ഷേമം ചോദിച്ചുകൊണ്ട് സ്നേഹപുരസ്സരം അറിയിക്കുന്നത്. നമ്മുടെ സഭയിൽ ഇപ്പോൾ ഉയർന്നുവരുന്ന ചില പ്രവണതകളെക്കുറിച്ച് അറിയിക്കുവാനും മാർഗ്ഗനിർദ്ദേശം നൽകുവാനും വേണ്ടിയാണ് ഈ കൽപന നാം എഴുതുന്നത്. നമ്മുടെ ആരാധനകൾക്ക്, പ്രത്യേകിച്ച് വിവാഹ കൂദാശകൾക്ക് വിവിധതരം സംഗീതോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് കയർ ഗ്രൂപ്പുകൾ ഗീതങ്ങൾ ആലപിക്കുന്നു. അത് പലപ്പോഴും ആരാധനയ്ക്ക് ഭംഗി കൂട്ടുന്നതിനേക്കാൾ ആരാധനയുടെ ഭക്തി നഷ്ടപ്പെടുത്തുന്ന വിധമാണ്. കയർ അംഗങ്ങൾ അലക്ഷ്യമായും, സ്ത്രീകൾ തലയിൽ മൂടുപടം ഇടാതെയും സംബന്ധിക്കുന്നത് നമ്മേപ്പോലെയുള്ളവർക്ക് വളരെ വേദന ഉളവാക്കുന്ന സംഗതിയാണ്. ചില കയർ ഗ്രൂപ്പുകളിൽ അക്രൈസ്തവരും ഉണ്ടെന്നാണ് കേൾക്കുന്നത്. കയർ ഗ്രൂപ്പുകൾ സംഗീതോപകരണങ്ങളുടെ ആധിക്യത്താൽ പാട്ടുകച്ചേരിയുടെ പ്രതീതിയാണ് പലപ്പോഴും ജനിപ്പിക്കുന്നത്. ആയതിനാൽ ആരാധനകളിലെ ഗാനത്തിന് ശ്രുതി കൊടുക്കുവാൻ ഉതകുന്ന വിധത്തിൽ ഹാർമോണിയമോ, ഓർഗണോ ഏതെങ്കിലും ഒരു ഉപകരണം മാത്രമേ ഉപയോഗിക്കാവൂ എന്ന് നാം ആജ്ഞാപിക്കുന്നു.

ആരാധനയുടെ ഗീതങ്ങളും പ്രതിവാക്യങ്ങളും ഗായകസംഘം മാത്ര മല്ല, വിശ്വാസികളും അതിൽ പങ്കാളികളായി ആരാധന ആസ്വദിക്ക ണം. ആയതിനാൽ ഗായകസംഘങ്ങൾ ആരാധനയുടെ ഭക്തി വർദ്ധി പ്പിക്കുവാനുതകുമാറ് ഏവർക്കും പരിചിതമായ രീതിയിൽ വേണം നേതൃത്വം നൽകേണ്ടത്. വിശ്വാസികളും ഗായകസംഘത്തിന് മുന്നേ റിപ്പോകാതെ ഗായകസംഘത്തോടൊപ്പം ചേർന്ന് ചൊല്ലുവാൻ ശ്രമി ക്കേണ്ടതാണ്. ഇപ്രകാരം കുറെ നാൾ ശ്രമിച്ചുകഴിയുമ്പോൾ ഏവർക്കും ആരാധനയിൽ പൂർണ്ണ ഹൃദയത്തോടുകൂടി സംബന്ധി ക്കുവാൻ സാധിക്കും. ശവസംസ്കാരം, വിവാഹം, മാമോദീസ തുട ങ്ങിയ എല്ലാ കൂദാശകളുടെയും ഗാനങ്ങളും പ്രാർത്ഥനകളും എല്ലാ വരും പഠിച്ച് പരിചയിച്ച് ആരാധന ഹൃദ്യമാക്കിത്തീർക്കണമെന്ന് നാം നിങ്ങളെ സ്നേഹത്തോടുകൂടി അറിയിക്കുകയാണ്. ഇതിനാ വശ്യമായ പരിശീലനം നമ്മുടെ വൈദിക സെമിനാരിയുടെ ഭാഗ മായ ശ്രുതിയിലൂടെ നേടാവുന്നതാണ്.

ശേഷം പിന്നാലെ

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രങ്ങളും നിങ്ങൾ ഏല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.....

(ഒപ്പ്)

ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

1995 ജൂലൈ 14-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്

****

No. HES/HH/045/99

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധനായ പരുമല തിരുമേനിയുടെ 97-ാമത് ഓർമ്മപ്പെരുന്നാൾ ആഘോഷങ്ങൾക്ക് ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, പെരുന്നാളിനോടനുബന്ധിച്ച് നാം ആണ്ടുതോറും നടത്തിവരാറുള്ള തീർത്ഥാടന പദയാത്രയിൽ അനുവർത്തിക്കേണ്ട ചില അടിസ്ഥാന സംഗതികളെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുവാൻ നാം ആഗ്രഹിക്കുന്നു.

ദൈവത്തിൽ നിന്ന് ആരംഭിച്ച് ദൈവത്തോടുചേർന്ന് ദൈവത്തിങ്കലേക്ക് തീർത്ഥാടനം ചെയ്യുന്ന ഒരു തീർത്ഥാടക സമൂഹമാണ് പ. സഭ. തീർത്ഥയാത്രയുടെയും പദയാത്രയുടെയും ആത്യന്തികലക്ഷ്യം ദൈവസംസർഗമാണ് - ദൈവാരാധനയാണ്. പുറപ്പാട് 5:1-ൽ ഈ കാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. തീർത്ഥയാത്രയിലും പദയാത്രയിലും പങ്കെടുക്കുന്നവരുടെ ദേഹവും, ദേഹിയും, മനസ്സും, ചിന്തയും, വികാരവും എല്ലാം സർവ്വശക്തനിൽ സ്വയം അർപ്പിച്ചിരിക്കണം. അവരുടെ മനസ്സിലും ചിന്തയിലും ഒരിക്കൽപ്പോലും ഈ ലോകത്തിന്റേതായ വികാരവിചാരങ്ങൾ അലയടിക്കുവാൻ പാടി

ല്ലാത്തതാകുന്നു. അടിമത്വത്തിൽനിന്നും ദുർസ്വഭാവങ്ങളിൽ നിന്നും വിടുതൽ നേടിക്കൊണ്ടാവണം ഇത് ആരംഭിക്കേണ്ടത്. കാരണം കർത്താവിനെ ആരാധിക്കുവാനാണ് തീർത്ഥാടകർ പുറപ്പെടുന്നത്. (പുറപ്പാട് 12:31). തീർത്ഥയാത്രയ്ക്കിടയിൽ പാപത്തിന്റെയും തിന്മയുടെയും സാമീപ്യവും സ്വാധീനവും ഉണ്ടായിക്കൂടാ (പുറപ്പാട് 14:20). തീർത്ഥാടനയാത്രയിൽ കയ്പിന്റെയും വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങൾ ഉണ്ടാകുമ്പോൾ വഴികാട്ടിയോടും ദൈവത്തോടും പിറുപിറുക്കരുതെന്നും വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. (പുറപ്പാട് 16:24, 16:2, 16:8).

തീർത്ഥയാത്രയിൽ പങ്കെടുക്കുന്നവർ സ്വാർത്ഥത, അത്യാഗ്രഹം എന്നിവ ഉള്ളവരായിരിക്കരുതെന്ന് മാത്രമല്ല, ഭക്ഷണപാനീയ കാര്യങ്ങളിൽ വിശുദ്ധിയും മാന്യതയും പാലിക്കണമെന്നും വി. വേദം നമ്മെ ഓർമ്മിപ്പിക്കുന്നു. (പുറ 16:18-20). ദൈവ സാന്നിദ്ധ്യം ഉള്ള സ്ഥാനത്തായിരിക്കണം തീർത്ഥാടകർ വിശ്രമിക്കേണ്ടത്. (സംഖ്യ 2:2, 3). തീർത്ഥാടകരിൽ ഒരുവന്റെ കളങ്കം ആകമാന തീർത്ഥാടകരുടെ പാപത്തിനും തീർത്ഥാടനത്തിന്റെ പരാജയത്തിനും കാരണമായിത്തീരാനും ഇടയുണ്ട്. (യോശുവ7:18-22). കൗദാശിക അനുഷ്ഠാനത്തോടുകൂടിയാകണം തീർത്ഥയാത്രകളും പദയാത്രകളും പൂർത്തീകരിക്കേണ്ടത് (യോശുവ 5:10). അതുപോലെതന്നെ മടക്കയാത്ര കർത്താവിനെയുംകൂടി ചേർത്തുകൊണ്ടായിരിക്കണം (ലൂക്കോസ് 2: 43 -51). എങ്കിൽ മാത്രമേ തീർത്ഥാടനം അർത്ഥപൂർണ്ണമാവുകയുള്ളൂ.

പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഇപ്പോൾ നടന്നുവരുന്ന തീർത്ഥാടകരിൽ പലരും മേൽപ്പറഞ്ഞ സംഗതികൾ മനസ്സിലാക്കുകയോ പാലിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് നാം സംശയിക്കുന്നു. കേരളത്തിലെ നാനാജാതി മതസ്ഥർ ഭയഭക്തി ബഹുമാനപൂർവ്വം ആദരിക്കുന്ന ഒരു മഹാ പരിശുദ്ധനാണ് പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. അദ്ദേ

ഹത്തിന്റെ മദ്ധ്യസ്ഥത യാചിച്ചുകൊണ്ട് പരുമല കബറിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നത് അതും പദയാത്രയായി പോകുന്നത് അനുഗ്രഹപ്രദം തന്നെ. തകർന്നും നുറുങ്ങിയതുമായ ഹൃദയത്തോടെ നിഷ്കളങ്ക മനസ്സോടെ കബറിങ്കൽ പോയി അപേക്ഷിച്ചവർ ആരും തന്നെ നിരാശരായി മടങ്ങിയിട്ടില്ല. അതുകൊണ്ടുതന്നെയാണ് പരുമലയിലേക്കുള്ള ഭക്തജനപ്രവാഹം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്.

പദയാത്രാസംഘങ്ങളുടെയും അതിൽ പങ്കെടുക്കുന്നവരുടെയും എണ്ണം വർദ്ധിക്കുന്നതിനോടൊപ്പം തന്നെ പല ദുഷിച്ച പ്രവണതകളും ഉടലെടുക്കുന്നതായി മനസ്സിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തീർത്ഥാടക സംഘത്തിന്റേതായ ഗാനങ്ങൾ ഒരു കൂട്ടർ ആലപിക്കുമ്പോൾ അതേ സംഘത്തിൽപ്പെട്ട മറ്റൊരു കൂട്ടർ സ്വകാര്യ സംഭാഷണത്തിലും മറ്റും മുഴുകുന്നു. ചിലർ വഴിയോരങ്ങളിലുള്ള വാണിഭകേന്ദ്രങ്ങളിൽ നിന്നും ശീതളപാനീയങ്ങളും ലഘുഭക്ഷണങ്ങളും വാങ്ങിക്കഴിക്കുന്നു. രാത്രി വിശ്രമത്തിനായി ഏതെങ്കിലും ദൈവാലയത്തിലോ അതിന്റെ പരിസരത്തോ തങ്ങുന്നവരിൽ ചിലർ അവിടെ നടക്കുന്ന ആരാധനയിൽ സംബന്ധിക്കാതെയും വിശ്രമത്തിന് ശ്രമിക്കാതെയും മദ്യഷാപ്പുകളിലും സിനിമാശാലകളിലും പോകുന്നു എന്നും നാം മനസ്സിലാക്കുന്നു. ഇപ്രകാരം മുമ്പോട്ടു പോയാൽ സഭയ്ക്കോ സമൂഹത്തിനോ നിയന്ത്രിക്കാനാവാത്ത സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടത്തിനുള്ള രംഗമായി തീർത്ഥാടനങ്ങൾ മാറിയെന്നുവരാം.

ഒക്ടോബർ മാസം പരുമല പദയാത്രയ്ക്കുള്ള ഒരുക്കത്തിന്റെ സമയമാണല്ലോ. പദയാത്രയിൽ സംബന്ധിക്കുന്നവർ ആത്മനിയന്ത്രണത്തോടും പരിപാകതയോടുംകൂടി അതിൽ സംബന്ധിക്കുവാൻ വികാരിമാർ പ്രത്യേകം നിഷ്കർഷിക്കണം. ഭക്തിസംവർദ്ധകങ്ങളായ ഗാനങ്ങളും അപേക്ഷകളും മാത്രമേ പദയാത്രയിൽ ഉപയോഗിക്കാവൂ. പദയാത്ര നടത്തുന്ന ഇടവകകൾ വികാരിയുടെയും, കമ്മ

റ്റി അംഗങ്ങളുടെയും ആത്മീയ സംഘടനാ പ്രവർത്തകരുടോയും നേതൃത്വത്തിൽ പദയാത്രകൾ ക്രമീകരിക്കണം. മറ്റുള്ളവർക്ക് മാർഗ തടസ്സം ഉണ്ടാകാതിരിക്കുവാൻ പദയാത്രികർ പ്രത്യേകം ശ്രദ്ധിക്ക ണം. തീർത്ഥാടകർ പരുമലയിൽ എത്തിക്കഴിഞ്ഞാൽ അവിടെ നട ക്കുന്ന യാമപ്രാർത്ഥനകളിലും ആരാധനകളിലും ഭക്തിപൂർവ്വം സംബന്ധിക്കുകയും വേണം. പരുമല പദയാത്ര അനുഗ്രഹകരമാ യിത്തീരുവാൻ എല്ലാവരും സർവ്വാത്മനാ സഹകരിച്ചുപ്രവർത്തിക്ക ണം.

ദൈവത്തിൽ നിന്നാരംഭിച്ച് ദൈവത്തോടു ചേർന്ന് ദൈവസന്നിധി യിലേക്കു തീർത്ഥാടനം ചെയ്യുന്ന ഒരു സമൂഹമായിരിക്കട്ടെ നമ്മുടെ വിവിധ ഇടവകകളിൽ നിന്നും പുറപ്പെടുന്ന പദയാത്ര സംഘ ങ്ങൾ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനു ഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാ കട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ .....

(ഒപ്പ്)

ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

1999 സെപ്റ്റംബർ 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്

****

നമ്പർ: HES/HH/C/18/2000

**സ്വയം സ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
ആയ
മോറാൻ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ
(മുദ്ര)**

നമുക്കെത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് 1976 മാർച്ച് മാസം മുതൽ 1983 ജൂലൈ മാസം വരെയുള്ള കാലയളവിൽ പാസ്സാക്കിയിട്ടുള്ള നിശ്ചയങ്ങളിൽ സഭാംഗങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഭാഗങ്ങൾ മാത്രം ചേർത്ത് ഒരു ലഘു പുസ്തകം നമ്മുടെ മുൻഗാമി ശ്രേഷ്ഠനായ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി 1984 മാർച്ച് മാസം 25-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനുശേഷം പ. സുന്നഹദോസ് കൈക്കൊണ്ട തീരുമാനങ്ങൾ കൂടിചേർത്ത് പുതുക്കിയ ഒരു പതിപ്പ് പ്രസിദ്ധീകരിക്കുവാൻ നമ്മുടെ സുന്നഹദോസ് ഓഫീസ് പരിശ്രമിച്ചുവരികയാണ്.

ഓരോ സുന്നഹദോസും കഴിയുമ്പോൾ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവരെ അറിയിച്ചുകൊണ്ട് ഒരു പൊതു കൽപന നാം പുറപ്പെടുവിക്കേണ്ടതാണെന്ന് പരിശുദ്ധ സുന്നഹദോസ് കൈക്കൊണ്ട തീരുമാനത്തിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന സംഗതികൾ ഈ കൽപനമൂലം നാം നിങ്ങളെ അറിയിക്കുന്നു.

1. ശുബുക്കോനോ ശുശ്രൂഷ നടത്തുന്ന സമയത്തെ സംബന്ധിച്ച്:-

വലിയ നോമ്പിലെ ശുബുക്കോനോ ശുശ്രൂഷ ഇപ്പോൾ നടത്തുന്നത് നോമ്പിലെ ആദ്യ തിങ്കളാഴ്ച ഉചനമസ്കാരത്തെ തുടർന്ന് ആകുന്നുവല്ലോ. ഈ ശുശ്രൂഷ പല പള്ളികളിലും നടത്താറില്ല. നടത്തുന്ന പള്ളികളിൽതന്നെ വളരെ ചുരുക്കം വിശ്വാസികൾ മാത്രമേ, ശുശ്രൂഷയിൽ പങ്കെടുക്കുന്നുള്ളൂ. കൂടുതൽ വലിശ്വാസികൾ ഈ ഹൃദയസ്പർശിയായ ശുശ്രൂഷയിൽ പങ്കെടുത്ത് കാണമെന്ന് പരിശുദ്ധ സുന്നഹദോസ് ആഗ്രഹിക്കുന്നതിനാൽ ആവശ്യമെങ്കിൽ ശുശ്രൂഷാ പേത്രത്താ ഞായറാഴ്ച സന്ധ്യാനമസ്കാരത്തെ തുടർന്ന് (നോമ്പിലെ തിങ്കളാഴ്ച സന്ധ്യാനമസ്കാരം) നടത്തുന്നതിന് സുന്നഹദോസ് അനുവദിച്ചിരിക്കുന്നു. പഴയ രീതി തുടരുന്നതിനും ഇടവകകൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

2. വിവാഹ നിശ്ചയത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾ സംബന്ധിച്ച്:

വിവാഹ നിശ്ചയ ദിവസം തന്നെ മോതിരം വാഴ്വിന്റെ ശുശ്രൂഷ നടത്തുന്നതായും വിവാഹസമയത്ത് വധൂവരന്മാർ പരസ്പരം മോതിരം കൈമാറുന്നതായും വധൂവരന്മാർ ഒരുമിച്ച് വേദിയിൽ ഉപവിഷ്ടരാകുന്ന രീതി ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നതായും പരിശുദ്ധ സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയങ്ങളെ സംബന്ധിച്ച് പ. സുന്നഹദോസ് ദീർഘമായി ചർച്ച ചെയ്യുകയും, മോതിരം വാഴ്വിന്റെ ശുശ്രൂഷ, വിവാഹനിശ്ചയത്തിന്റെ ശുശ്രൂഷ ആണെങ്കിൽത്തന്നെയും, വിവാഹ ദിവസംതന്നെ നടത്തിയാൽ മതിയെന്നും, വിവാഹ നിശ്ചയ ദിവസം വധൂവരന്മാരെ ഒരുമിച്ച് വേദിയിൽ ഉപവിഷ്ടരാക്കേണ്ടതില്ലെന്നും, അവർ പര്സപരം മോതിരം കൈമാറുന്ന രീതി പാടില്ലെന്നും സുന്നഹദോസ് തീരുമാനിച്ച വിവരം നാം നിങ്ങളെ അറിയിക്കുന്നു.

വിവാഹ നിശ്ചയ ദിവസവും, വിവാഹ ദിവസവും നടത്തുന്ന വിരുന്നുകൾ ആർഭാടമാകാതെ, ധൂർത്ത് ഒഴിവാക്കി നടത്തുന്നതിന് വിശ്വാസികൾ ശ്രദ്ധിക്കേണ്ടതാണെന്ന് സുന്നഹദോസ് നിർദ്ദേശിച്ചിട്ടുണ്ട്.

3. കർമ്മാദികൾ മൂന്നാമതൊരു പള്ളിയിൽ വച്ച് നടത്തുമ്പോൾ കൊടുക്കേണ്ട വരുമാനത്തെ സംബന്ധിച്ച്:

കർമ്മാദികൾ മൂന്നാമതൊരു പള്ളിയിൽവച്ച് നടത്തുമ്പോൾ ആ

പള്ളിക്ക് കൊടുക്കേണ്ട വരുമാനത്തെ സംബന്ധിച്ച് നമ്മുടെ മുൻഗാമി ശ്രേഷ്ഠനായ ഔഗേൻ പ്രഥമൻ ബാവാ തിരുമേനിയുടെ 100/74-ാം നമ്പർ കൽപനയിൽ നിർദ്ദേശിച്ചിരിക്കുന്ന 25 രൂപാ ഇപ്പോൾ കേവലം തുച്ഛമായ ഒന്നാകയാൽ ആ തുക 500 രൂപയായി സുന്നഹദോസ് പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

4. സഭാംഗങ്ങൾ കേരളത്തിന് പുറത്തുള്ള ഇടവകകളിൽ അംഗത്വം എടുക്കുന്നതിനെ സംബന്ധിച്ചും, കർമ്മാദികൾ മാതൃഇടവകയിൽ വച്ച് നടത്തുന്നതു സംബന്ധിച്ചും:-

ജോലി സംബന്ധമായും മറ്റും സഭാംഗങ്ങൾ കേരളത്തിന് പുറത്തേക്ക് പോകുന്ന അവസരത്തിൽ മാതൃഇടവകയിൽ നിന്നും അവർ ഒരു സർട്ടിഫിക്കേറ്റ് കൊണ്ടുപോകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് കേരളത്തിന് പുറത്തുള്ള ഇടവകകളിൽ അംഗത്വം നൽകേണ്ടതുമാകുന്നു. (ഭരണഘടന 9-ാം വകുപ്പ്) വിദേശത്ത് താമസിക്കുന്നവർ സ്വദേശത്ത് വന്ന് അവരുടെ മാതൃ ഇടവകയിൽ കർമ്മാദികൾ നടത്തിക്കിട്ടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അവർ വിദേശത്തുള്ള ഇടവകര വികാരിയിൽ നിന്ന് ഒരു സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതുമാകുന്നു. വിദേശ ഇടവകകളിൽ താത്കാലിക അംഗത്വം ഉള്ളവർ മാതൃ ഇടവകരയിൽ കർമ്മാദികൾ സ്വീകരിക്കുമ്പോൾ വിദേശ ഇടവകകളിൽ നിലവിലിരിക്കുന്ന വരുമാനത്തിന്റെ പകുതി അവിടെയും, മാത്യു ഇടവകയിൽ നിലവിലിരിക്കുന്ന വരുമാനത്തിന്റെ പകുതി മാതൃഇടവകയിലും കൊടുക്കേണ്ടതാണെന്നുള്ള മുൻ തീരുമാനം നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണെന്നും സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്.

5. സഭയുടെ അംഗീകാരം ഇല്ലാത്ത പ്രസ്ഥാനങ്ങളിലും മറ്റും വൈദിക ശ്രേണിയിൽപ്പെട്ടവരും, വിശ്വാസികളും സംബന്ധിക്കുന്നത് സംബന്ധിച്ച്:-

സഭയുടെ അംഗീകാരം ഇല്ലാത്ത പ്രസ്ഥാനങ്ങളിലും വ്യക്തികൾ നേതൃത്വം കൊടുത്ത് നടത്തിവരുന്ന സംരംഭങ്ങളിലും പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലും, സഭയിലെ മേൽപ്പട്ടക്കാരും വൈദികരും മറ്റ് ചുമതലക്കാരും വിശ്വാസികളും പങ്കെടുക്കുകയോ, കൗദാ

ശികമായ പങ്കാളിത്വം വഹിക്കുകയോ ചെയ്യരുതെന്ന് സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്.

സഭ അംഗീകരിക്കാത്ത വ്യക്തികൾ നമ്മുടെ ആരാധനകളിലും മറ്റും സംബന്ധിക്കുന്നു എങ്കിൽ കൗദാശികമായ കാര്യങ്ങളിൽ പങ്കെടുപ്പിക്കരുതെന്നും, സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്.

6. പ്രീമാരിറ്റൽ കൗൺസിലിംഗ് കൊടുക്കുന്നത് സംബന്ധിച്ച്:-

വിവാഹത്തെക്കുറിച്ച് ഒരു ക്രൈസ്തവ വീക്ഷണമില്ലാതെ നമ്മുടെ യുവതീയുവാക്കന്മാർ വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്നതു കൊണ്ട് കുടുംബജീവിതത്തിൽ പല വിധത്തിലുള്ള പ്രയാസങ്ങളു മുണ്ടായിക്കൊണ്ടിരിക്കുന്നതായി പ. സുന്നഹദോസിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ച് 2000 ഫെബ്രുവരി സുന്ന ഹദോസ് വിശദമായി ചർച്ച ചെയ്യുകയും, വിവാഹിതരാകുന്നതി നന് മുമ്പ് നമ്മുടെ യുവതീയുവാക്കന്മാർക്ക് കൗൺസലിംഗ് നൽകേ ണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. ഇടവക തലത്തിൽ വികാ രിമാരും, മെത്രാസനതലത്തിൽ മെത്രാസനാധിപന്മാരും ഈ കാര്യ ത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

സുന്നഹദോസ് തീരുമാനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ വികാരിയും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനു ഗ്രങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.....

(ഒപ്പ്)

ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

2000 മാർച്ച് 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

****

സ്വയം സ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ (മുദ്ര)

നമ്പർ: 46/2003

കർത്താവിൽ നമ്മുടെ സഹോദരന്മാരായ എല്ലാ മേൽപ്പട്ടക്കാർക്കും നമ്മുടെ കർത്താവായ യേശുമിശിഹായിൽ സമാധാനവും, വാത്സല്യവാന്മാരായ കോർ-എപ്പിസ്കോപ്പാമാർക്കും, റമ്പാന്മാർക്കും, വൈദീകർക്കും, വെടിപ്പുള്ള ശെമ്മാശ്ശന്മാർക്കും, നൈഷ്ഠികരായ സന്യസ്ഥർക്കും, ആത്മീയ വിശ്വാസികൾക്കും ദൈവീക കൃപയും, സ്വർഗ്ഗീയ വാഴ്വുകളും!

കർത്താവിൽ വാത്സല്യമുള്ളവരേ,

നമ്മുടെ പരിശുദ്ധ സഭ കർതൃശിഷ്യനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമാണ് എന്ന സത്യം നമുക്ക് ഏറ്റവും അഭിമാനകരവും, ആഗോള സഭാ രംഗത്ത് നമുക്ക് നിലയും വിലയും നേടിത്തന്നിട്ടുള്ളതുമാണ്. ഭാരതത്തിലെ ഈ ദേശീയ സഭയുടെ തനിമയെയും സ്വാതന്ത്ര്യത്തെയും ഹനിക്കുന്നതിന് പല വിദേശ സഭകളും ശ്രമിച്ചിട്ടുണ്ടെങ്കിലും ദൈവകൃപയാൽ ഇന്നയോളം സത്യവിശ്വാസത്തിൽ നിന്നും തെറ്റിപ്പോകാതെ അതിന്റെ സ്വാഭാവികമായ സ്വയശീർഷകത്വം നിലനിർത്തിപ്പോരുന്നു എന്നത് ശ്രദ്ധേയമായ സംഗതിയാണ്. എന്നാൽ അപ്പോസ്തോലിക പാരമ്പര്യത്തിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ വിശുദ്ധ സഭ വിശുദ്ധിയിലും ക്രിസ്തീയ സാക്ഷ്യത്തിലും സേവന സരണികളിലും മുന്നേറാനാണ് നമ്മുടെ വിളിയും തെരഞ്ഞെടുപ്പും എന്നത് വിസ്മരിക്കാനാവുന്നില്ല.

പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ സഭാംഗങ്ങളെ വിശുദ്ധ രായി പ്രഖ്യാപിക്കുന്ന രീതി സർവ്വസാധാരണമല്ല. നമ്മുടെ സഭ യിൽ പുണ്യചരിതരായ അനേകർ എഴുന്നേറ്റിട്ടുണ്ടെങ്കിലും, പരി ശുദ്ധ പരുമല കൊച്ചുതിരുമേനിയെയും, പരിശുദ്ധ യൽദോ മാർ ബസേലിയോസിനെയും മാത്രമേ വിശുദ്ധരായി നാം പ്രഖ്യാപിച്ചി ട്ടുള്ളൂ. മഹാ പരിശുദ്ധനും സന്യാസ പാരമ്പര്യത്തിലെ ഉജ്ജ്വല തേജസുമായിരുന്ന പരുമല പുണ്യവാളൻ മലങ്കര സഭയ്ക്ക് ദൈവം നൽകിയ മഹത്തായ ദാനമാണ്.

പരിശുദ്ധ പരുമല തിരുമേനിയുടെ അരുമ ശിഷ്യന്മാരിൽ പ്രഥമ ഗണനീയനാണ് 'സഭാഭാസുരൻ' വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവ ന്നാസിയോസ് മെത്രാപ്പോലീത്താ. ഒരു പുരുഷായുസ്സു മുഴുവൻ സ്വജീ വൻ പോലും തൃണവൽഗണിച്ച് മാതൃസഭയ്ക്കുവേണ്ടി രാപകൽ അധ്വാനിച്ച ഈ സത്യവിശ്വാസ സംരക്ഷകനെ (defender of faith) മലങ്കര സഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. വിദേശ മേൽക്കോ യ്മകളുടെ അനധികൃത കൈയ്യേറ്റ കടന്നാക്രമണങ്ങളെ വീരസിംഹം പോലെ ചെറുത്തുനിന്ന് സഭയുടെ സ്വാതന്ത്ര്യവും സ്വയശീർഷക ത്വവും സംരക്ഷിക്കുന്നതിന് ദൈവനിയോഗം പ്രാപിച്ച ഈ പിതാവ് നിരവധി പ്രതിസന്ധികളുടെ നടുവിൽ നിന്നുകൊണ്ട് രചിച്ച വീര ഗാഥ മലങ്കര സഭാ ചരിത്രത്തിലെ ഏറ്റവും ത്യാഗോജ്ജ്വലമായ ഭാഗ മാണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും അചഞ്ചലമായ സഭാഭക്തിയുടെയും സൽഫലങ്ങളാണ് ഇന്ന് അഭിമാനത്തോടെ നാം സംരക്ഷിക്കുന്ന പൗരസ്ത്യ കാതോലിക്കേറ്റും സഭാ ഭരണഘടന യും. അഗ്നിപരീക്ഷകളെ നേരിട്ടുകൊണ്ട് അദ്ദേഹം കൈവരിച്ച നേട്ട ങ്ങൾ വിസ്മയാവഹമാണ്. 'സഭാഭാസുരൻ' എന്ന പദവിക്ക് അർഹ നായതും ഈ കാരണത്താലാണ്.

അഗാധ ധിഷണാശാലിയും ക്രാന്തദർശിയുമായിരുന്ന ഈ പിതാവ് തന്റെ ഗുരുവായ പരുമല തിരുമേനിയെപ്പോലെ ജീവിത വിശുദ്ധി യിലും നിഷ്ഠയിലും മുൻപന്തിയിലായിരുന്നു എന്ന് അദ്ദേഹത്തിന്റെ സമകാലീനർ സാക്ഷിക്കുന്ന സത്യമാണ്. ഈ പശ്ചാത്തലത്തിലാണ്

വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിത വിശുദ്ധി, വിശ്വാസ സംരക്ഷ കൻ എന്ന നിലയിലുള്ള അതുല്യ സംഭാവനകൾ, സഭാ സ്വാതന്ത്ര്യ ത്തിനുവേണ്ടി സഹിച്ച യാതനകൾ എന്നിവയെ മുൻനിർത്തി അദ്ദേ ഹത്തെ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് 1980-ൽ പരുമല യിൽ കൂടിയ അഖില മലങ്കര വൈദീക യോഗം ഏകകണ്ഠമായി ആവശ്യമുന്നയിച്ചത്. ഈ അപേക്ഷ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പരിഗണിക്കുകയും ഈ വിഷയത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിക്കുകയും ചെയ്തു. അതോടൊപ്പം ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതി നുള്ള നിയമാവലി പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ചു. പരി ശുദ്ധ സുന്നഹദോസ് അംഗീകരിച്ച നടപടിച്ചട്ടങ്ങളുടെ വെളിച്ചത്തി ലാണ് കമ്മീഷൻ പ്രവർത്തിച്ചത്. കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ട് ലഭിച്ച മുറയ്ക്ക് കൂടുതൽ പഠനത്തിനും അന്തിമ റിപ്പോർട്ട് തയ്യാറാ ക്കുന്നതിനും വേണ്ടി വിപുലമായ ഒരു കമ്മറ്റിയെ നിയോഗിക്കുക യുണ്ടായി. പ്രസ്തുത കമ്മറ്റി വിപുലമായ

അന്വേഷണങ്ങളും പഠനങ്ങളും നടത്തി അന്തിമ റിപ്പോർട്ട് തയ്യാ റാക്കി അംഗീകരിക്കുകയും, 2001-ൽ പരിശുദ്ധ സുന്നഹദോസിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. പരിശുദ്ധ സുന്ന ഹദോസ് ഈ വിഷയ സംബന്ധമായി കൂടിയ വിശേഷാൽ യോഗ ത്തിലും തുടർന്ന് വന്ന രണ്ട് യോഗങ്ങളിലും ചർച്ച ചെയ്ത ശേഷം 2002 ഫെബ്രുവരിയിൽ കമ്മറ്റി റിപ്പോർട്ട് ഏകകണ്ഠമായി അംഗീക രിക്കുകയും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാ പ്പോലീത്തായെ വിശുദ്ധനായി പ്രഖ്യാപിക്കണമെന്നുള്ള ശുപാർശ ഏകകണ്ഠമായി സ്വീകരിക്കുകയും ചെയ്ത സന്തോഷവാർത്ത നാം നിങ്ങളെ അറിയിക്കുന്നു.

മലങ്കരസഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഏകകണ്ഠ മായ നിശ്ചയപ്രകാരം 1934 ഫെബ്രുവരി 23-ന് കാലം ചെയ്ത് പഴയ സെമിനാരി ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന 'സഭാഭാസുരൻ' വട്ട ശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ വിശുദ്ധനായി നാം പ്രഖ്യാപിക്കുന്നു. അദ്ദേഹത്തിന്റെ നാമം വിശു

ദ്ധന്മാരുടെ പട്ടികയിൽ ചേർത്ത് 5-ാം തുബ്ദേനിലും മറ്റും അനുസ്മരിക്കേണ്ടതാണ്. ഈ വിശുദ്ധന്റെ പേരിൽ ത്രോണോസുകളും, ദേവാലയങ്ങളും, കുരിശടികളും സ്ഥാപിക്കാവുന്നതാണ്. എല്ലാ വർഷവും ഫെബ്രുവരി 23 അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളായി ആചരിക്കേണ്ടതുമാണ്.

വാത്സല്യമുള്ളവരേ, 'സഭാഭാസുരൻ' വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനി കാലം ചെയ്തിട്ട് ഇന്ന് 69 വർഷം തികയുകയാണ്. ഇന്ന് സഭയ്ക്ക് മഹാദിനമാണ്. സ്വർഗ്ഗീയ മദ്ധ്യസ്ഥനായി ഒരു പിതാവിനെ കൂടി ദൈവം സഭയ്ക്ക് നൽകിയിരിക്കുന്നു. ആകയാൽ സങ്കീർത്തനക്കാരനോടൊപ്പം നമുക്കും പറയാം:

'ഇത് യഹോവ ഉണ്ടാക്കിയ ദിവസം,
ഇന്നു നാം സന്തോഷിച്ച് ആനന്ദിക്കുക.' സങ്കീ. 118:24

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും വാഴ്വുകളും നിങ്ങളേവരുടെമേലും വന്നാവസിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, നമ്മുടെ സഭാസ്ഥാപകനായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് പിതാവിന്റെയും, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് പിതാവിന്റെയും, ശേഷം എല്ലാ വിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....

(ഒപ്പ്)
ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

2003 ഫെബ്രുവരി 24-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്

****

സ്വയം സ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ
(മുദ്ര)

നമ്പർ 33/2005

നമുക്കെത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളി വികാരിമാരും, പള്ളി കൈക്കാരന്മാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

നിങ്ങളുടെ എല്ലാവരുടെയും ക്ഷേമം ആരാഞ്ഞകൊണ്ട് സ്നേഹപുരസ്സരം നാം എഴുതി അറിയിക്കുന്നത്. ഈ വർഷം ദു:ഖവെള്ളിയാഴ്ചയും, വചനിപ്പുപെരുനാളും ഒരുദിവസം വരുന്നതിനാൽ അത് എപ്രകാരം ആചരിക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു. വചനിപ്പുപെരുനാൾ ഏതുദിവസം വന്നിരുന്നാലും അത് മാറാനായ പെരുനാൾ ആയതിനാൽ അന്നേദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതും, പെരുനാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതുമാണ്. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ, അതല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ നടത്താവുന്നതാണ്. ഈ വർഷം വചനിപ്പു പെരുനാൾ ദു:ഖവെള്ളിയാഴ്ച വരുന്നതിനാൽ അത് മാറാനായ പെരുന്നാളായി ആചരിക്കേണ്ടതാണ്. തലേദിവസം സന്ധ്യമുതൽ പിറ്റെ ദിവസം രാവിലെ വി. കുർബ്ബാന വരെയുള്ള നമസ്കാരങ്ങൾ വചനിപ്പ് പെരുന്നാളിന്റേത് ആയിരിക്കണം. മാറാനായ പെരുനാൾ ആയതിനാൽ കുമ്പിടീൽ ആവശ്യമില്ല. തുടർന്ന് ദു:ഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ പ്രഭാതനമസ്കാരം മുതൽ തുടങ്ങി

സ്ലീബാ വന്ദനവും മറ്റും നടത്തേണ്ടതാണ്. പരിശുദ്ധ നോമ്പിൽ പതിവുള്ളതുപോലെ കുമ്പിടീലും നടത്തേണ്ടതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവ മാതാവായ വിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസ്യോ സിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

(ഒപ്പ്)

ബസേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ

2005 ഫെബ്രുവരി 22-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

****

നമ്പർ 300/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ
(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ഭരണസമിതി അംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
സഭയുടെ അടിസ്ഥാന വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടും, സഭയുടെ അച്ചടക്കം പാലിക്കാതെയും പല വ്യക്തികളും പ്രവർത്തിക്കുന്നതായി നാം മനസ്സിലാക്കുന്നു. അങ്ങനെയുള്ള വ്യക്തികളുടെ നേതൃത്വത്തിൽ പല ആധുനിക ഉണർവ്വ് പ്രസ്ഥാനങ്ങളും ഇന്ന് രൂപപ്പെട്ടിട്ടുണ്ടല്ലോ. സഭാ വിശ്വാസവും, പാരമ്പര്യവും മുറുകെ പിടിക്കുന്നു എന്ന് അവകാശപ്പെടുകയും, സഭയുടെ നിയന്ത്രണത്തിലും അച്ചടക്കത്തിലും പോകുവാൻ കൂട്ടാക്കാതെ ഇരിക്കുകയും ചെയ്യുന്ന സ്വതന്ത്ര ഉണർവ്വ് പ്രസ്ഥാനങ്ങളെയും അവയുടെ പ്രായോജകരെയും അംഗീകരിക്കുവാൻ സഭയ്ക്ക് സാദ്ധ്യമല്ല. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ വിവിധ സമ്മേളനങ്ങളിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയും, 2007 ഓഗസ്റ്റ് സമ്മേളനം ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കോലഞ്ചേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പ് (സി. ആർ. എഫ്) പോലെയുള്ള ഇന്റർ ഡിനോമിനേഷണൽ പ്രസ്ഥാന

ങ്ങൾ കൗദാശിക ജീവിതത്തിന് പ്രാധാന്യം കൽപിക്കുകയോ, സഭയുടെ നിയന്ത്രണത്തിൽ വരുവാൻ താത്പര്യപ്പെടുകയോ, സഭയുടെ അടിസ്ഥാന വിശ്വാസ സംഹിതകളെപ്പറ്റി പരാമർശിക്കുകയോ ചെയ്യുന്നില്ല എന്ന് പരിശുദ്ധ സുന്നഹദോസ് വിലയിരുത്തി. ആയതിനാൽ, പ്രൊഫ. എം. വൈ. യോഹന്നാൻ നേതൃത്വം നൽകുന്ന സി. ആർ. എഫ്. പോലെയുള്ള ഇന്റർ ഡിനോമിനേഷണൽ പ്രസ്ഥാനങ്ങൾക്ക് യാതൊന്നിനും മലങ്കര ഓർത്തഡോക്സ് സഭയുമായി ബന്ധമില്ലെന്നും, അവയൊന്നും തന്നെ സഭയുടെ നിയന്ത്രണത്തിലോ, അച്ചടക്കത്തിലോ പോകുന്നതല്ലാത്തതിനാൽ, സഭയ്ക്ക് ദോഷകരമായ ഇത്തരം കൂട്ടായ്മകളുമായി സഭയിലെ മേൽപ്പട്ടസ്ഥാനികളോ, വൈദികരോ, ജനങ്ങളോ ബന്ധപ്പെടുന്നത് ശിക്ഷാർഹമാണെന്നുമുള്ള പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനം ഈ കൽപന മുഖാന്തിരം നാം നിങ്ങളെ അറിയിക്കുന്നു. ഇടവകകളിലെ ആദ്ധ്യാത്മീക സംഘടനകൾ കൂടുതൽ ശക്തിപ്പെടുത്തുവാനും, കുടുംബങ്ങൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും ഇടവകയിലെ വൈദികരും, സുവിശേഷ സംഘാംഗങ്ങളും, പ്രാർത്ഥനായോഗാംഗങ്ങളും, മറ്റു പ്രേഷിത പ്രവർത്തകരും ശ്രദ്ധിക്കണം. നമ്മുടെ പിതാക്കന്മാരുടെ മാതൃകയിൽ നോമ്പ്, ഉപവാസം, യാമപ്രാർത്ഥനകൾ, കുമ്പസാരം, വിശുദ്ധ കുർബ്ബാനാനുഭവം, കാരുണ്യ പ്രവർത്തനങ്ങൾ ഇവ ഏവരും ആത്മാർത്ഥമായി അനുഷ്ഠിച്ച് ദൈവീകമായി വളരുവാൻ നാം നിങ്ങളെ ഉപദേശിക്കുന്നു.

വീണ്ടും പ്രിയരെ,

പരിശുദ്ധ സുന്നഹദോസിന്റെ ഔദ്യോഗികമായ അനുമതിയില്ലാതെ പലരും ആരാധനാഗീതങ്ങളും പ്രാർത്ഥനകളും എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്ന ഒരു പ്രവണത ഇന്ന് പലയിടത്തും കണ്ടുവരുന്നതായി പ. സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ രേഖാമൂലമായ അനുമതിയില്ലാതെ ആരാധനാ ഗീതങ്ങളോ, പ്രാർത്ഥനകളോ എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്നതിന് ആരെയും അനുവദിക്കുന്നതല്ല എന്നും,

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരമില്ലാത്തവയും സഭയുടെ പ്രസിദ്ധീകരണ വിഭാഗം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ലാത്തതുമായ ശുശ്രൂഷാ ക്രമങ്ങൾ സഭയിലെ മേൽപ്പട്ടക്കാരോ, വൈദികരോ, ജനങ്ങളോ ഉപയോഗിക്കരുത് എന്നും ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

2007 നവംബർ 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

****

നമ്പർ 266/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

(മുദ്ര)

നമ്മുടെ എല്ലാപള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, ശേഷം ജനങ്ങളും, സഭാവക സ്ഥാപനങ്ങളുടെ ചുമതലക്കാരും, പ്രവർത്തകരും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ഇടവക പൊതുയോഗത്തിൽ നിരീക്ഷകരായി വനിതകൾക്കും സംബന്ധിക്കുന്നതിന് 2007 ഫെബ്രുവരി സുന്നഹദോസ് അനുമതി നൽകിയിരുന്നുവല്ലോ. അത് സംബന്ധിച്ച് താഴെപ്പറയുന്ന വിശദീകരണങ്ങൾ കൂടി നാം നിങ്ങളെ അറിയിക്കുന്നു:

1. കുടുംബനാഥൻ കുടിശ്ശിക തീർത്തിരിക്കുന്നു എങ്കിൽ ആ കുടുംബത്തിലെ 21 വയസ്സ് പൂർത്തിയായവരും, ആണ്ടുകുമ്പസാരം നടത്തിയിട്ടുള്ളവരുമായ പുരുഷന്മാർക്കും, വനിതകൾക്ക് നിരീക്ഷകരായി മാത്രവും പൊതുയോഗത്തിൽ സംബന്ധിക്കാവുന്നതാണ്.
2. പുരുഷൻമാർക്കും സ്ത്രീകൾക്കുമായി ഒരേ കുമ്പസാര രജിസ്റ്റർ മതിയാകും.
3. നിരീക്ഷകരായി സംബന്ധിക്കുവാൻ അർഹതയുള്ള വനിതകളുടെ പേരുവിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം.
4. പൊതുയോഗത്തിൽ വനിതകൾക്ക് ഒപ്പിടുന്നതിനായി ഒരു നിരീക്ഷക രജിസ്റ്റർ പ്രത്യേകം ഉണ്ടായിരിക്കണം.

5. പൊതുയോഗത്തിൽ സ്ത്രീകൾക്ക് അഭിപ്രായസ്വാന്ത്ര്യം ഉണ്ട്;

എന്നാൽ വോട്ടിംഗ് അവകാശം ഉണ്ടായിരിക്കുന്നതല്ല.
6. സ്ത്രീകളെ ഇടവക മാനേജിംഗ് കമ്മറ്റി അംഗമായി ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല; എന്നാൽ ഇടവകയുമായി ബന്ധപ്പെട്ട ഉപസമിതികളിലെ അംഗങ്ങൾ ആക്കാവുന്നതാണ്.

വീണ്ടും പ്രിയരെ,
നാളുകളായി മലങ്കര സഭയിൽ നിലനിൽക്കുന്ന സഭാതർക്കത്തിന് പരിഹാരമാർഗ്ഗം എന്നുള്ള നിലയിൽ **വിഭജിച്ച് പിരിയുക** എന്നുള്ള ആശയം ഏതാനും ആളുകളിൽ നിന്നും ഉയർന്നുവരുന്നു എന്നുള്ളത് 2008 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. ഇത് സംബന്ധിച്ച് നടന്ന ചർച്ചയിൽ ഇത്തരത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ നാം ഇതുവരെ പിൻതുടർന്ന് വന്ന നയങ്ങൾക്ക് യോജിക്കുന്നതല്ല എന്ന് സുന്നഹദോസ് അംഗങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെടുകയുണ്ടായി. ആയതിനാൽ കോടതി വിധികൾ മുഖാന്തിരമല്ലാതെയുള്ള ഒരു ഒത്തുതീർപ്പിന് സഭ സന്നദ്ധമല്ല എന്നും, വിഭജിച്ച് പിരിയുക എന്ന നിലയിലുള്ള പ്രചരണം ഒരു കാലത്തും അനുവദനീയമല്ല എന്നുമുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനവും ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ
2008 ജൂലൈ 30 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

****

നമ്പർ 374/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
അർത്ഥ സമ്പുഷ്ടവും ഭക്തി നിർഭരവും ആഴമായ ദൈവശാസ്ത്ര രഹസ്യങ്ങൾ അടങ്ങിയിട്ടുള്ളതുമായ ആരാധനാ പൈതൃകമാണല്ലോ നമ്മുടെ പ. സഭയ്ക്ക് ഉള്ളത്. ഭക്തിരസം നഷ്ടപ്പെടുത്താതെയും, എന്നാൽ വിശ്വാസ സമൂഹത്തിന് ഹൃദ്യമായ നിലയിലും ആരാധനയർപ്പിക്കുവാൻ ഏറ്റം ബാധ്യതയുള്ളത് പുരോഹിത സ്ഥാനികൾക്കാണെന്നും നിങ്ങൾക്ക് അറിവുള്ള വസ്തുതയാണല്ലോ. ഈ ഉദ്ദേശ്യലക്ഷ്യത്തോടുകൂടി നമ്മുടെ ഓർത്തഡോക്സ് വൈദീക സെമിനാരിയോട് ചേർന്ന് പ്രവർത്തിക്കുന്ന **ശ്രുതി ആരാധനാ സംഗീത വിദ്യാലയം** സംഗീതാഭിരുചിയുള്ള സഭാ മക്കളെ കണ്ടെത്തി ആരാധനാ ഗീതങ്ങൾ പരിശീലിപ്പിക്കുകയും ഗായക സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിരുന്നുവല്ലോ. ശ്രുതിയുടെ അംഗീകാരമുള്ള ഈണങ്ങൾ മാത്രമേ ഗായക സംഘങ്ങൾ ഉപയോഗിക്കാവൂ എന്നും, ഏറ്റവും കുറഞ്ഞത് 4 പേരെങ്കിലും ഗായക സംഘത്തിൽ ഉണ്ടായിരിക്കണമെന്നും നമ്മുടെ 2006 -ലെ 112 - ാം നമ്പർ കൽപന മുഖാന്തിരം ഏവരേയും അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ അതിന് വിരുദ്ധമായി പരിശീലനമോ, അംഗീകാരമോ ഇല്ലാത്തവർ ഉൾപ്പെട്ട ഗായകസംഘങ്ങൾ വിവാഹ കൂദാശ, ദേവാലയ

കൂദാശ തുടങ്ങി പല ശുശ്രൂഷകളിലും പങ്കെടുക്കുന്നതായും, കാർമ്മികരായ മേൽപ്പട്ടക്കാർക്കും പട്ടക്കാർക്കും ദൈവ സാന്നിധ്യബോധത്തോടെ ആരാധന അർപ്പിക്കുവാൻ സാധിക്കാതെ വരുന്നതായും നമ്മുടെ സഹോദര മേൽപട്ടക്കാരും വൈദികരും വിവിധ സന്ദർഭങ്ങളിലായി നമ്മുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ആയതിനാൽ ഗായക സംഘങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ നാം നിങ്ങളെ അറിയിക്കുന്നു:

1. ആരാധനയ്ക്ക് മുമ്പായി ഗായക സംഘത്തിന് ശ്രുതി സ്കൂൾ ഓഫ് മ്യൂസിക് നൽകിയിട്ടുള്ള അംഗീകാര സർട്ടിഫിക്കേറ്റ് വികാരി കർശനമായും പരിശോധിച്ചിരിക്കേണ്ടതാണ്.
2. ഗായക സംഘാംഗങ്ങൾക്ക് ശ്രുതി സ്കൂൾ ഓഫ് മ്യൂസിക് നൽകിയിരിക്കുന്ന ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ഉണ്ടെന്ന് വികാരി ഉറപ്പാക്കിയിരിക്കേണ്ടതാണ്. സഭാംഗങ്ങൾ അല്ലാത്തവർ ഗായക സംഘാംഗങ്ങളാകുവാൻ ഒരു കാരണവശാലും അനുവദിക്കുവാൻ പാടുള്ളതല്ല.
3. ശ്രുതി ശ്രുതി സ്കൂൾ ഓഫ് മ്യൂസിക് നിശ്ചയിച്ചിരിക്കുന്ന ഈണങ്ങൾ മാത്രമേ ആരാധനയിൽ ഉപയോഗിക്കുവാൻ പാടുള്ളൂ. അത് ആരാധനയിൽ പങ്കെടുക്കുന്ന സാധാരണ വിശ്വാസികൾക്കും ഗീതങ്ങൾ ആലപിക്കുവാൻ തക്ക വിധത്തിലും ആയിരിക്കണം.
4. ആരാധനാ ഗീതങ്ങൾ സംബന്ധിച്ച് ശ്രുതി സ്കൂൾ ഓഫ് മ്യൂസിക് നിശ്ചയിച്ചിരിക്കുന്ന ഈണങ്ങൾ അടങ്ങിയ സി. ഡി., ഗായക സംഘത്തിന്റെ പക്കൽ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
5. ആരാധനയുടെ സമയ ക്ലിപ്തത പാലിക്കത്തക്കവണ്ണം ആയിരിക്കണം ഗീതങ്ങൾ ആലപിക്കേണ്ടത്; അനാവശ്യമായി ഗീതങ്ങൾ വലിച്ചിഴയ്ക്കുവാൻ പാടുള്ളതല്ല.
6. ഗായക സംഘാംഗങ്ങളുടെ മൈക്രോഫോണുകളുടെ ശബ്ദം പ്രധാന കാർമ്മികന്റെ മൈക്രോഫോണിന്റെ ശബ്ദത്തെക്കാൾ കുറഞ്ഞിരിക്കണം.
7. ഏതെങ്കിലും കാരണവശാൽ പ്രധാന കാർമ്മികനായ മേൽപട്ടക്കാരന്/പട്ടക്കാരന് ഗായകസംഘവുമായി ചേർന്ന് പോകുവാൻ പ്രയാസം നേരിടുന്നു എങ്കിൽ ഗായകസംഘം ആലാപനം നിർത്തിവയ്ക്കുകയോ, പ്രധാന കാർമ്മികന്റെ അപ്പോഴുള്ള നിർദ്ദേശം നിർ

ബന്ധമായും അനുസരിക്കുകയോ ചെയ്യേണ്ടതാണ്.
8. ഇടവകയുടേതല്ലാത്ത ഗായകസംഘമാണ് ശുശ്രൂഷയ്ക്ക് വരുന്നതെങ്കിൽ ആയത് സംബന്ധിച്ച് വികാരിക്ക് മുൻകൂട്ടി അറിവുണ്ടായിരിക്കുകയും, ആവശ്യമെങ്കിൽ ഗായകസംഘത്തിന് യുക്തമായ നിർദ്ദേശങ്ങൾ വികാരിക്ക് നൽകാവുന്നതുമാണ്.

ഈ കല്പന 2009 ഒക്ടോബർ 31 -ാം തീയതി (കൂദോശ് ഈത്തോ ഞായർ) മുതൽ നിലവിൽ വരുന്നതാണ്

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

2009 ആഗസ്റ്റ് മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

****

നമ്പർ 178/2013

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, സഹ പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്ക ണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പൗരസ്ത്യ സഭയുടെ ആദ്ധ്യാത്മീകത ആരാധനയിൽ അധിഷ്ഠിതമാണ്. മലങ്കര സഭയുടെ സ്വർഗ്ഗീയമായ ആരാധനകളും, കൂദാശകളും ഏറ്റവും അനുഗ്രഹപ്രദമായും ഭക്തിപൂർവ്വവും അനുഷ്ഠിക്കപ്പെടുന്നുണ്ട് എന്ന് ഉറ പ്പുവരുത്തുവാൻ നമുക്ക് ഏവർക്കും ഉത്തരവാദിത്തമുണ്ട്. എന്നാൽ ഗായക സംഘങ്ങൾ ഉള്ള നമ്മുടെ പല ദേവാലയങ്ങളിലും ആരാധന അരോചക മാകത്തക്ക പല പ്രവണതകളും കടന്നുവരുന്നു എന്ന് നിരവധി പരാതി കൾ സഭാ കേന്ദ്രത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. കൂദാശകൾക്ക് നേതൃത്വം നൽകുന്ന പ്രൈവറ്റ് ഗായകസംഘങ്ങളെ സംബന്ധിച്ചും ഏറെ ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. പ. സഭയുടെ എപ്പിസ്കോപ്പൽ സുന്ന ഹദോസ് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ പ. സഭയിലെ ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഈ കൽപനയോടൊപ്പം അയയ്ക്കുന്നു. ആ ഇടവകയിലെ ഗായകസംഘവും, അവിടെ കൂദാശകൾക്ക് വരുന്ന പ്രൈവറ്റ് ഗായകസംഘങ്ങളും **'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്'** രജിസ്ട്രേഷൻ ഉള്ളവരാണ് എന്ന് ഉറപ്പുവരുത്തുവാൻ വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ആരാ ധനാ സംഗീത വിദ്യാലയമായ **'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്'** നടത്തുന്ന കോഴ്സ് പഠിച്ച് പാസ്സായിട്ടുള്ളവർക്കും ശ്രുതിയുടെ അംഗീകാരവും രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റും ഉള്ള പ്രൈവറ്റ് ഗായക

സംഘങ്ങൾക്കും മാത്രമേ, 2014 ജനുവരി മാസം 1-ാം തീയതി മുതൽ പ. സഭയുടെ ദേവാലയങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകുന്നതിന് അനുവാദം ഉണ്ടായിരിക്കുകയുള്ളൂ എന്നകാര്യം ഈ കൽപനയിലൂടെ നാം അറിയിക്കുന്നു. അംഗീകാരം കൂടാതെ നിലവിൽ ഗായകസംഘമോ, പ്രൈവറ്റ് കയറോ നടത്തുന്നവർക്ക് രജിസ്ട്രേഷന് അവസരം ലഭിക്കുന്നതിന്, 2013 ഡിസംബർ മാസത്തിന് മുമ്പായി ശ്രുതി സ്കൂൾ മൂന്ന് ആരാധനാ സംഗീത കോഴ്സുകൾ നടത്തുന്നതാണ്. വിശദ വിവരങ്ങൾക്ക് 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്' ഡയറക്ടർ ഡോ. എം. പി. ജോർജ്ജ് കത്തനാരുമായി ബന്ധപ്പെടേണ്ടതാണ്. പ. സഭയിലെ ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നമ്മുടെ 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കി'നെ നാം ചുമതലപ്പെടുത്തിയിട്ടുള്ള വിവരവും ഏവരെയും അറിയിക്കുന്നു. ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഓരോ മെത്രാസനത്തിലും ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുന്നതാണ്. പ. സഭയുടെ ആരാധനാസംഗീത പാരമ്പര്യവും, അതിന്റെ തനിമയും, കൂദാശാനുഷ്ഠാനങ്ങളിലെ ജനപങ്കാളിത്തവും ഒട്ടും നഷ്ടമാകാതെ, തികഞ്ഞ ആത്മീയ അച്ചടക്കത്തോടെ നമ്മുടെ ദേവാലയങ്ങളിൽ ആരാധന നടത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ വൈദീക സ്ഥാനികളും, ഗായക സംഘാംഗങ്ങളും, വിശ്വാസികളും ഒരുമിച്ച് പ്രവർത്തിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
2013 ജൂലൈ മാസം 08-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

****

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

No. MOSC/CMM/81/2018 **April 06, 2018**

കർത്താവിൽ നമ്മുടെ എല്ലാ വൈദികർക്കും വാഴ്വ്!

പ്രിയരെ,

പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദ്ധ്യാത്മീകതയുടെയും, വേദശാസ്ത്രത്തിന്റെയും കേന്ദ്ര ബിന്ദു ദൈവാരാധനയാണ്. നമ്മുടെ ഓരോ ദേവാലയത്തിലും വിശ്വാസികൾ ഒരുമിച്ചുകൂടി വൈദികരോട് ചേർന്ന് ഒരുക്കത്തോടും ഭക്തിയോടുംകൂടി ദൈവാരാധന സമർപ്പിക്കുമ്പോൾ, അത് സഭയുടെ പൊതു ആദ്ധ്യാത്മീക വളർച്ചയെയും, വിശ്വാസികളുടെ കുടുംബപരവും വ്യക്തിഗതവുമായ ആത്മീയ വളർച്ചയെയും വളരെ ആഴമായി സ്വാധീനിക്കുമെന്നത് തർക്കമറ്റ സംഗതിയാണ്. ആരാധനയുടെ കേന്ദ്രബിന്ദുവായ വി. കുർബ്ബാനയിൽ വിശ്വാസികൾ മുഴുവൻ ഒരുമയോടും, ഒരുക്കത്തോടും, ഭക്തിയോടുംകൂടി പങ്കെടുക്കുമ്പോഴാണ് ആരാധന ആദ്ധ്യാത്മീകാനുഭവവും ആനന്ദവുമായി മാറുന്നത്. എന്നാൽ ദൈവാരാധനയെന്നത്, ചില ദേവാലയങ്ങളിലെങ്കിലും, വൈദീകരുടെയും ശുശ്രൂഷകരുടെയും ഗായകസംഘങ്ങളുടെയും മാത്രം അനുഷ്ഠാനമായി സമീപകാലത്ത് മാറുന്നുണ്ടോ എന്ന ആശങ്ക ചിലയിടങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. വിശ്വാസികൾ മുഴുവൻ സജീവമായി പങ്കെടുക്കുവാൻ തക്കവണ്ണം നമ്മുടെ പൂർവ്വീകർ ക്രമീകരിച്ചു തന്നിരിക്കുന്ന ആരാധനാ-ശുശ്രൂഷകളിൽ പള്ളിയിൽ വരുന്നവരിൽ ഒരു ചെറിയ വിഭാഗം മാത്രം പങ്കെടുക്കുകയും, ബാക്കിയുള്ളവർ കാഴ്ചക്കാരാവുകയും ചെയ്യുന്നത് അത്യന്തം അനുചിതമാണ്. തിരുത്തലുകൾ ആവശ്യമായിരിക്കുന്നു എന്നത് പൊതുവിന്റെ ചിന്തയാണ്.

നമ്മുടെ ദൈവാലയങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഗുണകരമായ ചില നിർദ്ദേശങ്ങൾ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ ഉണ്ടായത് ഇതിനാൽ നാം നിങ്ങളെ അറിയിക്കുന്നു:

1. വി. കുർബ്ബാനയുള്ള ദിനങ്ങളിൽ, യാമപ്രാർത്ഥനകൾ കൃത്യമായി നടത്തിയതിനുശേഷം വി. കുർബ്ബാന അർപ്പിക്കണമെന്നാണ് സഭയുടെ നിയമം. സാധാരണയായി, പ്രഭാത നമസ്കാരത്തോട് ചേർന്നാണ് ദേവാലയങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നത്. നമസ്കാരം ആരംഭിക്കുന്നതിനുമുമ്പ് വിശ്വാസികൾ ദേവാലയങ്ങളിൽ വന്നിരിക്കണമെന്നത് നിയമമാണെങ്കിലും, കുറഞ്ഞപക്ഷം വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പെങ്കിലും വിശ്വാസികൾ ദൈവാലയത്തിലെത്തുവാൻ വൈദികർ അവരെ പ്രേരിപ്പിക്കണം. പൂർണ്ണതയോടെ ദൈവസന്നിധിയിൽ ആരാധന സമർപ്പിക്കുവാൻ ശ്രദ്ധിക്കാതെ ഓരോരുവരും അവരവരുടെ സമയത്തിനനുസരിച്ച് വരുന്നതും പോകുന്നതും ഒട്ടുംതന്നെ ശരിയല്ല.
2. വിശ്വാസികൾ ദേവാലയങ്ങളിൽ വരുമ്പോൾ അനുയോജ്യമായ വസ്ത്രങ്ങൾ ധരിച്ച് വരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഭ്യമായ രീതിയിൽ കഴിവതും ശുഭ്രവസ്ത്രങ്ങൾ അണിഞ്ഞ് ദൈവാരാധനയിൽ പങ്കു കൊള്ളുന്നതാണ് ഉചിതമെന്ന പ്രമാണം എല്ലാവരും ശ്രദ്ധിച്ചിരിക്കണം. വിവാഹ കൂദാശ പോലുള്ള ചില ശുശ്രൂഷകളിൽ മണവാളന്റെയും മണവാട്ടിയുടെയും കൂടെ തോഴരുടെ വേഷവിധാനങ്ങളും സഭയുടെ ചിട്ടകൾക്കനുയോജ്യമായിരിക്കണം.
3. വി. കുർബ്ബാനക്രമവും കൂദാശക്രമങ്ങളും ഉപയോഗിച്ച് ആരാധനയിൽ പങ്കെടുക്കുന്നവർക്ക് ശ്രദ്ധയോടെ ആരാധന നടത്തുവാൻ കഴിയുമെന്നത് യാഥാർത്ഥ്യമാണ്. ദേവാലയങ്ങളിൽ വൈദീക ഗണമുൾപ്പെടെ ഭൂരിപക്ഷം വിശ്വാസികളും അവ ഉപയോഗിക്കാതെ അശ്രദ്ധയോടെ നിൽക്കുന്ന പതിവ് കൂടുകയാണ്. വിശ്വാസികൾ ആരാധനാക്രമങ്ങൾ സ്വന്തമായി വാങ്ങി ഉപയോഗിക്കുകയോ, വിശ്വാസികൾക്ക് ഉപയോഗിക്കുവാൻ തക്കവണ്ണം ദേവാലയങ്ങളിൽ അവ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. (വി. കുർബ്ബാനക്രമം മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാണല്ലോ)
4. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ ഒരുക്കത്തോടെ വി. കുർബ്ബാന അനുഭവിക്കണമെന്നതാണ് പ്രമാണം. എങ്കിലും യാതൊരു തയ്യാറെടുപ്പുമില്ലാതെ വി. കുർബ്ബാന അനുഭവിക്കുന്നവ

രുടെ എണ്ണം വർദ്ധിച്ചുവരികയാണ്. വി. കുമ്പസാരമെന്നത്, അനുതാപത്തിന്റെയും സൗഖ്യദാനത്തിന്റെയും കൂദാശയാണെന്ന പരമസത്യത്തെ മറന്ന്, ഇടവകയോഗത്തിൽ സംബന്ധിക്കുവാനുള്ള ഉപാധി മാത്രമാണ് കുമ്പസാരം എന്ന വിചാരം പല ഇടങ്ങളിലും വളർന്നിരിക്കുന്നു. വി. കുമ്പസാരത്തെക്കുറിച്ചുള്ള വൈദീകരുടെ ആഹ്വാനംപോലും ഇടവകയോഗങ്ങളോട് ചേർന്നാണ് എന്നതാണ് വസ്തുത. വിശ്വാസികൾ സത്യകുമ്പസാരം നടത്തുവാനും, ഒരുക്കത്തോടുകൂടി വി. കുർബ്ബാന അനുഭവിക്കുന്നതിനും അവരെ ഒരുക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

5. നമസ്കാരം തുടങ്ങുന്നതിന് മുമ്പുതന്നെ വി. മദ്ബഹാ ശുശ്രൂഷകർ കുപ്പായം ധരിച്ച് ആരാധനയ്ക്കായി ഒരുങ്ങേണ്ടതാണ്. നമസ്കാരം തുടങ്ങിക്കഴിഞ്ഞ് വരുന്നവർ വിശ്വാസികളോടൊപ്പം താഴെനിന്ന് ആരാധനയിൽ സംബന്ധിച്ചാൽ മതിയാകും. വി. മദ്ബഹായിലെ ശുശ്രൂഷകർ വികാരിയുടെയോ, വികാരി നിയോഗിക്കുന്ന സീനിയർ ശുശ്രൂഷകന്റേയോ നിർദ്ദേശങ്ങൾ സ്വീകരിച്ച് അനുഗ്രഹപ്രദമായി ശുശ്രൂഷകൾ നിർവ്വഹിക്കേണ്ടതാണ്.

6. പ്രധാന കാർമ്മികനൊഴികെ മറ്റാരുംതന്നെ മൈക്കുകൾ സ്വന്തമെന്ന രീതിയിൽ ആരാധനാ സമയത്ത് ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. ഒരു ശുശ്രൂഷക്കാരൻ മാത്രം നടത്തുന്ന ഇടവായനകളുടെ സമയമൊഴികെ മറ്റൊരു സമയത്തും മൈക്കിലൂടെയുള്ള ഒറ്റയാൾ ശബ്ദം ആരാധനാ സമയങ്ങളിൽ ഉണ്ടാകുവാൻ പാടുള്ളതല്ല. പൊതു പ്രാർത്ഥനകളും വായനകളും ഗാനങ്ങളും ആരാധനാക്രമത്തിലെ നിർത്തുകൾ നോക്കി കൂട്ടമായിത്തന്നെ ചൊല്ലിയിരിക്കേണ്ടതാണ്.

7. ആരാധനയിൽ മുഴുവൻ വിശ്വാസികളെയും സജീവമായി പങ്കെടുപ്പിക്കുന്നതിന് നേതൃത്വം നൽകുക എന്നതാണ് ഗായകസംഘത്തിന്റെ ചുമതല. പക്ഷേ പല ദേവാലയങ്ങളിലും ആരാധനയെന്നത് ഗായകസംഘത്തിന്റെ മാത്രം പരിപാടിയായി മാറുന്ന രീതിയാണ് കണ്ടുവരുന്നത്. ആകയാൽ, ആരാധനാക്രമത്തിലുള്ള ഗാനങ്ങൾ മാത്രം, സംബന്ധിക്കുന്ന എല്ലാവർക്കും പാടാവുന്ന തരത്തിലുള്ള പരമ്പരാഗത ഈണങ്ങൾ ഉപയോഗിച്ച് ഗായകസംഘം ആലപിക്കേണ്ടതാണ്. നമ്മുടെ ആരാധനാ ഗീതങ്ങൾ കോറസ് (കൂട്ടമായി പാടുന്നത്) രീതിയിൽ ആലപിക്കേണ്ടവ ആകയാൽ ഏകാംഗ ആലാപനവും, ഒരാളുടെ ശബ്ദം മാത്രം ഉയർന്ന് കേൾക്കുന്നതും

നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. സംഗീത ഉപകരണങ്ങൾ നമ്മുടെ ആരാധനയിൽ നിർബ്ബന്ധമില്ലാത്തതാകുന്നു. അഥവാ ആവശ്യമെങ്കിൽ വളരെ ലളിതമായ ഒരു ഉപകരണം മാത്രം ഉപയോഗിച്ചാൽ മതിയാകും. ഗാനമേളകൾക്ക് ഉപയോഗിക്കുന്ന രീതിയിലുള്ള ഉപകരണങ്ങൾ നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. സംഗീത ഉപകരണങ്ങളുടെ ശബ്ദം വിശ്വാസികളുടെ ശബ്ദത്തെക്കാൾ അധികമാകുവാൻ ഒരു കാരണവശാലും പാടില്ലാത്തതാകുന്നു. കാർമ്മികനോ, ഇടവായനകൾ നിർവ്വഹിക്കുന്ന ശുശ്രൂഷകരോ പ്രാർത്ഥനകളോ വായനകളോ നടത്തുമ്പോഴോ, കൂട്ടമായി പ്രാർത്ഥനകൾ നടത്തുമ്പോഴോ സംഗീത ഉപകരണങ്ങളിലൂടെയുള്ള അകമ്പടി ശബ്ദം കേൾപ്പിക്കുന്നത് ഒഴിവാക്കണം. കാർമ്മികന്റെ പിച്ചും, ശബ്ദവും മനസ്സിലാക്കി അതനുസരിച്ച് ഗായകസംഘങ്ങളും ഇടവായനക്കാരും വായനകളും, ഗാനങ്ങളും ആലപിക്കേണ്ടതാണ്. പാശ്ചാത്യരീതിയിലുള്ള സ്വരങ്ങളും, രാഗങ്ങളും നമ്മുടെ ആരാധനയിൽ ഉപയോഗിക്കുവാൻ പാടില്ല. ഗാനങ്ങളും പ്രതിവാക്യങ്ങളും ആരംഭിക്കുന്നതിനുമുമ്പുള്ള ഇൻട്രോ മ്യൂസിക്ക് (Intro Music), ഗാനങ്ങളുടെ ഓരോ ഗുദാകളുടെയും ഇടയിലുള്ള അനാവശ്യ ദൈർഘ്യം, മുതലായി വിശ്വാസികളുടെ അനുസ്യൂതമായ ആരാധനാ സംബന്ധത്തിന് തടസ്സമാകുന്ന ഒന്നുംതന്നെ ഉണ്ടാകരുത്. കൈമുത്തുന്ന സമയത്ത് ആരാധനാ ഗീതങ്ങൾ മാത്രമേ ആലപിക്കാവൂ. ശുശ്രൂഷകൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ ദൈവാലയത്തിനുള്ളിൽ അവർക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് ഗായകസംഘാംഗങ്ങൾ നിർബ്ബന്ധമായും ഉണ്ടാകേണ്ടതാണ്.

8. വി. കുർബ്ബാന, കുർബ്ബാനാനന്തര ശുശ്രൂഷ (Post Communion Service) യോടുകൂടി അവസാനിപ്പിക്കുവാൻ വൈദീകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വി. കുർബ്ബാനമദ്ധ്യേ ഏതെങ്കിലും പ്രത്യേക വിഷയത്തെക്കുറിച്ച് പ്രാർത്ഥിക്കുവാനുള്ള കൽപന അധികാരശ്രേണികളിൽ നിന്നുണ്ടെങ്കിൽ (സഭാദിനം, മെത്രാസനദിനം, വൈദീക സെമിനാരി ദിനം, മിഷൻ സൺഡേ, പെരുന്നാളുകളുടെ പ്രാർത്ഥനകൾ തുടങ്ങിയവ) അവ 'സാദീക്കോ' കഴിഞ്ഞ് നിർവ്വഹിക്കേണ്ടതാണ്. കുർബ്ബാനാനന്തര ശുശ്രൂഷകൾ മുഴുവൻ അവസാനിച്ചാൽ പെരുന്നാളുകളുടെ ക്രമങ്ങൾ വല്ലതുമുണ്ടെങ്കിൽ (പ്രദക്ഷിണം, ആശീർവാദം) അവയല്ലാതെ മറ്റൊരു പ്രാർത്ഥനയും കൈമുത്തിന് മുമ്പ് നടത്തേണ്ടതില്ല.

9. ജന്മദിനം, വിവാഹവാർഷികം, രോഗികൾ തുടങ്ങി വിവിധ വിഷയങ്ങൾ സുവിശേഷഗാനങ്ങളുടെ അകമ്പടിയോടുകൂടി പ്രാർത്ഥിക്കുന്ന രീതി ഇപ്പോൾ പല ദേവാലയങ്ങളിലും നിലവിലുണ്ട്. അതുവരെ നടത്തിയ വി. കുർബ്ബാനയ്ക്ക് ഒരു അർത്ഥവുമില്ലായെന്ന് തോന്നുന്ന രീതിയിലാണ് മിക്ക ദേവാലയങ്ങളിലും ഈ പ്രാർത്ഥനകൾ നടത്തുന്നത്. ഈ വിഷയങ്ങളിൽ ഉൾപ്പെട്ടവരുടെ പേരുകൾ എഴുതി വി. കുർബ്ബാനയിൽ ത്രോണോസിൽ ഓർക്കുന്നതാണ് അഭികാമ്യം. അതോടൊപ്പം താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളിൽ ഏതെങ്കിലും ഒന്ന് വിശുദ്ധ കുർബ്ബാനയിൽ 'അൻപുടയോനേ.....' എന്ന ഗീതത്തിന് ശേഷമുള്ള ലുത്തിനിയാകളുടെ ഭാഗമായി ചേർത്ത് ചൊല്ലുന്നതും ഉചിതമായിരിക്കും എന്ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ലുത്തിനിയാകൾ ഇവിടെ ചേർക്കുന്നു.

ശുശ്രൂഷക്കാരൻ: ജന്മദിനവും വിവാഹവാർഷികവും ആചരിക്കുന്ന നമ്മുടെ മാതാപിതാക്കൾക്കും, സഹോദരീ സഹോദരന്മാർക്കും വേണ്ടി നമ്മുടെ കർത്താവിനോട് ധാരാളമായി അനുഗ്രഹങ്ങളും, കരുണയും നാം യാചിച്ചു. വീണ്ടും അവർക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും, സമാധാനത്തിലും ശാന്തിയിലും അവർ ജീവിക്കുന്നതിനുവേണ്ടിയും, പ്രതിസന്ധികളിൽ നിന്നും പ്രതികൂലതകളിൽ നിന്നും അവർ കാത്തുകൊള്ളപ്പെടുന്നതിനുവേണ്ടിയും, അവർ ദൈവരാജ്യത്തിന്റെ അവകാശികൾ ആകുന്നതിനുവേണ്ടിയും എല്ലായ്പോഴും കർത്താവിനോട് നാം പ്രാർത്ഥിക്കണം.

ജനം: ഞങ്ങളുടെ കർത്താവേ, നിന്റെ കൃപയാൽ അവർക്ക് ഇവ സൗജന്യമായി നൽകണമേ.

(അല്ലെങ്കിൽ)

ശുശ്രൂഷക്കാരൻ: ഞങ്ങളുടെ കർത്താവേ, ബന്ധിതരും, രോഗികളും, അനാഥരും, ദരിദ്രരും, പീഡിതരും, പലതരം പ്രയാസങ്ങളിൽ വലയുന്നവരുമായ എല്ലാവരെയും നിന്റെ കരുണയാൽ നീ ഓർത്തുകൊള്ളണമെ. പ്രത്യേകാൽ, ഈ ദിനങ്ങളിൽ ജന്മദിനം ആചരിക്കുന്ന

നിന്റെ മക്കളെ ഞങ്ങൾ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. അവരുടെ ജീവിതം നിരന്തരം നിന്നെ മഹത്വപ്പെടുത്തുവാനും, സ്നേഹത്തിലും സന്തോഷത്തിലും ദീർഘായുസ്സിലും അവർ വളരുവാനും നിന്റെ കൃപ അവർക്ക് ധാരാളമായി നൽകണമേ. അവരോടൊപ്പം വിവാഹ വാർഷികം ആചരിക്കുന്ന നിന്റെ മക്കളെയും ഞങ്ങൾ ഓർക്കുന്നു. പരസ്പര സ്നേഹത്തിന്റെയും, കരുതലിന്റെയും, പങ്കാളിത്തത്തിന്റെയും ആത്മാവിൽ കുടുംബ ജീവിതത്തിന്റെ പരിപാവനത കാത്തുസൂക്ഷിക്കുവാൻ നിന്റെ സഹായം അവർക്ക് നീ നൽകണമേ.

ജനം: ഞങ്ങളുടെ കർത്താവേ, നിന്റെ കരുണയാൽ അവരുടെ പ്രാർത്ഥനകളെ നീ കേൾക്കണമേ.

10. ദേവാലയത്തിലെ ശബ്ദം വിശ്വാസികളുടെ കാതടപ്പിക്കുന്നതാകാതെ കർണ്ണാനന്ദകരമായ രീതിയിൽ ആകുവാൻ ശബ്ദ സംവിധാനങ്ങൾ ക്രമീകരിക്കേണ്ടതാണ്. ദേവാലയത്തിനുള്ളിൽ അമിത ശബ്ദത്തിന്റെ ആവശ്യമില്ല. വിവാഹം, വി. കുർബ്ബാന തുടങ്ങിയ കൂദാശകൾ പള്ളിക്കുള്ളിൽ നടക്കുമ്പോൾ, പള്ളിയുടെ പടിഞ്ഞാറെ പൂമുഖം ആരാധനാ സ്ഥലമായിത്തന്നെ നിലനിർത്തുവാൻ ഇടവകകളുടെ ചുമതല വഹിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. ആരാധനാ സമയങ്ങളിൽ പൂമുഖത്ത് അലസമായി നിൽക്കുകയും, സംസാരങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത് നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. ആരാധനാ സമയങ്ങളിൽ വികാരി അനുവദിക്കുന്ന ഫോട്ടോ-വീഡിയോ ഉപകരണങ്ങൾ അല്ലാതെ മറ്റൊന്നും ദേവാലയത്തിനുള്ളിൽ ഉപയോഗിക്കുവാൻ പാടില്ല. ഫോട്ടോഗ്രഫി, വീഡിയോഗ്രഫി എന്നിവയ്ക്ക് നിശ്ചിത സ്ഥലം ക്രമീകരിച്ചുകൊടുക്കുകയും, ആരാധനാസമയങ്ങളിൽ അനാവശ്യമായി അങ്ങോട്ടുമിങ്ങോട്ടും ഓടുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.
11. വി. കുർബ്ബാന ആരംഭിച്ചുകഴിഞ്ഞാൽ കൈമുത്തിന്റെ സമയം വരെ പള്ളി ഓഫീസുകൾ അടച്ചിടേണ്ടതാണ്. ദേവാലയ ഭരണസമിതി അംഗങ്ങളും, ആദ്ധ്യാത്മീക സംഘടനാ പ്രവർത്തകരും നിർബന്ധമായും ആരാധനാസമയത്ത് പള്ളിയകത്ത് ഉണ്ടായിരിക്കണം. അനുബന്ധകാര്യങ്ങൾ ഉണ്ടെങ്കിൽ, അവ ആരാധന തുടങ്ങുന്നതിന് മുമ്പുതന്നെ ക്രമീകരിച്ചിരിക്കുകയോ, ആരാധനയ്ക്ക് ശേഷം

നിവർത്തിക്കുകയോ ചെയ്യുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

12. ചില ദേവാലയങ്ങളിലെങ്കിലും ഇടവകപ്പെരുന്നാളുകളുടെയും മറ്റ് ആഘോഷങ്ങളുടെയും ആധിക്യം മൂലം സൺഡേസ്കൂൾ പോലെയുള്ള ആദ്ധ്യാത്മീക സംഘടനകളുടെ പ്രവർത്തനങ്ങൾ ലഘൂകരിക്കപ്പെടുന്നുണ്ട്. ആകയാൽ, മോറാനായ പെരുന്നാളുകളും, ഇടവകയുടെ പ്രധാന പെരുന്നാളുകളുമൊഴികെ മറ്റൊരു പെരുന്നാളും ആഘോഷപരമായി കൊണ്ടാടേണ്ടതില്ലാത്തതാകുന്നു. അങ്ങനെ വരുന്നവ, വി. കുർബ്ബാന മദ്ധ്യേ വരുന്ന ധൂപ പ്രാർത്ഥനയോടുകൂടി മാത്രം നിർവ്വഹിച്ചാൽ മതിയാകും. ഇടവകയുടെ ആദ്ധ്യാത്മീക സംഘടനകളുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ ദേവാലയങ്ങളിൽ വി. കുർബ്ബാനനന്തര പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇടവകയുടെ ജൂബിലിയോ, ഇടവക ആദ്ധ്യാത്മീക സംഘടനകളുടെ ജൂബിലിയോ, മറ്റ് ആഘോഷപരിപാടികളോ ഉണ്ടെങ്കിൽ അവ ഇടവകയുടെ പ്രധാന പെരുന്നാളിനോട് ചേർന്ന് നടത്തി അവ സാനിപ്പിക്കേണ്ടതാണ്. ആഘോഷങ്ങൾ കുറയ്ക്കുകയും, ഇടയപരിപാലനത്തിനും, ആതുരസേവനത്തിനും, മുൻതൂക്കം കൊടുക്കുകയും ചെയ്യണമെന്ന് ഇവിടെ വിവക്ഷിക്കുന്നു. പള്ളികളിൽ ധൂർത്തും, ആർഭാടവും, അനാവശ്യ ആഘോഷങ്ങളും നിർബ്ബന്ധമായും ഒഴിവാക്കിയിരിക്കേണ്ടതാണ്.

13. വി. കുർബ്ബാനയ്ക്ക് ശേഷമുള്ള നീണ്ട പ്രസ്താവനകൾ നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്. വൈദീകർ പ്രസ്താവനകൾ എഴുതി തയ്യാറാക്കി വായിക്കുന്നതാകും ഉചിതം. അത്യാവശ്യം വേണ്ട മറ്റ് കാര്യങ്ങളും വിശദീകരണങ്ങളും തയ്യാറാക്കി, വിശ്വാസികളുടെ അറിവിനു വേണ്ടി നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്താവുന്നതാണ്.

14. വി. കുർബ്ബാനയ്ക്ക് ശേഷം പള്ളിയുടെ ഉള്ളിലോ, പരിസരങ്ങളിലോ നിന്ന് അനാവശ്യ സംസാരങ്ങളും, ബഹളങ്ങളും മറ്റും സൃഷ്ടിച്ച്, വിശ്വാസികളുടെ ആരാധനാ ജീവിതത്തെ തടസ്സപ്പെടുത്തുന്ന ആരെങ്കിലുമുണ്ടെങ്കിൽ അത് നിർബ്ബന്ധമായും അവസാനിപ്പിക്കേണ്ടതാണ്. പള്ളിയുടെ ഭരണ നിർവ്വഹണം സംബന്ധിച്ചോ, മറ്റേതെങ്കിലും വിഷയങ്ങളെക്കുറിച്ചോ പരാതികളോ, പരിഭവങ്ങളോ ആർക്കെങ്കിലും ഉണ്ടെങ്കിൽ, അവ രേഖാമൂലം വികാരിയെ അറിയിച്ചാൽ, ഉചിതമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം ഉണ്ടാക്കുവാൻ വികാരി ബാധ്യസ്ഥനാണ്. വികാരിയിൽ നിന്ന് ഉചിതമായ മറുപടി

ലഭിക്കാത്ത പക്ഷം, പരാതി ഭദ്രാസന മെത്രാപ്പോലീത്തായുടെ പേർക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് നൽകുന്ന പരാതിയുടെ പകർപ്പ് വികാരിക്ക് നിർബ്ബന്ധമായും നൽകിയിരിക്കേണ്ടതാണ്.

15. പല വിശ്വാസികളും പള്ളിയിലെ ആരാധനകൾക്ക് ശേഷം മറ്റ് പല പ്രാർത്ഥനാ കൂട്ടങ്ങളിലേക്കും ഓടിപ്പോകുന്നതായി കണ്ടുവരുന്നു. പ്രത്യേകിച്ച്, സഭാംഗങ്ങളായ യുവതീ യുവാക്കളുൾപ്പെടെ ധാരാളം ആളുകൾ ഇന്ന് ശിക്ഷണബോധമില്ലാത്ത പല ആധുനിക അഭിവൃദ്ധി സുവിശേഷങ്ങളിലേക്കും, സുഖലോലുപതയ്ക്കും വികാരത്തള്ളലിനും പ്രാധാന്യം കൊടുക്കുന്ന സംഘടനകളിലേക്കും ചേക്കേറുകയാണ്. എന്തും കാട്ടിക്കൂട്ടിയ ശേഷം, ഇടയ്ക്കിടെ ക്രിസ്തുവിന്റെ പേര് ചേർത്താൽ പ്രാർത്ഥനയും ആരാധനയുമായി എന്ന് കരുതുന്നവരുടെ എണ്ണം കൂടുന്നു. പല കാരണങ്ങൾ ഇതിന് പിൻബലമായി അവർ നിരത്താറുണ്ട്. ക്രിസ്തുവിന്റെ മാതൃക പിൻപറ്റി ഇടയ ശുശ്രൂഷ നിർവ്വഹിക്കാത്ത ഇടയന്മാർ, വിശുദ്ധ ജീവിതമോ, സഭയുടെ പ്രമാണങ്ങളോടുള്ള പ്രതിബദ്ധതയോ ഇല്ലാതെ ദൈവജനത്തെ ആത്മീയ ചൂഷണം നടത്തുന്ന പള്ളി പ്രമാണിമാർ, ക്രൈസ്തവ ആദ്ധ്യാത്മീകത നഷ്ടമാകുന്ന രീതിയിലുള്ള ഭൗതീകതയുടെ അതിപ്രസരം, ദേവാലയങ്ങളിൽ നേർച്ച സമർപ്പിക്കുന്നതിന് പകരം ദൈവത്തെ പോലും സ്പോൺസർ ചെയ്യുന്ന വികല മാതൃകകൾ ഇങ്ങനെ പലതും കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. വൈദീകരും, പള്ളി ഭരണസമിതിയംഗങ്ങളും, ആദ്ധ്യാത്മീക സംഘടനകൾക്ക് നേതൃത്വം നൽകുന്നവരും നല്ല മാതൃകകൾ ആവുകയും, സെക്ടേറിയൻ സംഘടനകളിലേക്കും മറ്റ് സഭാകൂട്ടായ്മകളിലേക്കും പോകുന്നവരെ കണ്ടുപിടിച്ച്, ബോധവത്കരണം നടത്തി സഭാ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. സെക്ടേറിയൻ സംഘടനകളിലേക്ക് പോകുന്നവർ അവ ഉപേക്ഷിച്ച് ദൈവാലയങ്ങളിൽ വന്ന് ദൈവാരാധന സമർപ്പിക്കണം. ബോധവത്കരണവും, ഇടയ പരിപാലനവും കൃത്യമായി നടത്തിയിട്ടും ശരിയായ ശിക്ഷണബോധത്തിൽ വരാത്തവർ ദൈവാലയങ്ങളിൽ നിന്ന് ഔദ്യോഗികമായി തന്നെ വിട്ടുമാറുന്നതായിരിക്കും ഉചിതം. സഭയുടെ വിശ്വാസം, പരിപാലനം, ആരാധന, ശിക്ഷണം ഇത്യാദി കാര്യങ്ങൾ ക്രമമനുസരിച്ച് പൂർണ്ണ സമർപ്പണത്തോടും ദൈവാശ്രയത്തോടും കൂടി ക്രമ

പ്രകാരം നിർവ്വഹിക്കുവാൻ വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്.

പള്ളി ഭരണസമിതികളിലേക്കും, മറ്റ് സമിതികളിലേക്കും സ്ഥിരമായി ഒരേ വ്യക്തികൾ മാത്രം വരാതെ കഴിവും, സമർപ്പണവും, മനസ്സൊരുക്കവും, ശിക്ഷണബോധവുമുള്ള പുതിയ ആളുകൾ മുന്നോട്ടുവരുവാനായി ശ്രദ്ധിക്കണം. തുടർച്ചയായ രണ്ട് തവണകൾക്കുശേഷം, വീണ്ടും ഉടൻതന്നെ പ്രധാന സ്ഥാനങ്ങളിൽ ഒരേ വ്യക്തി തെരഞ്ഞെടുക്കപ്പെടാതിരിക്കുന്നതാണ് അഭിലഷണീയം.

നമ്മുടെ ജീവിതം തന്നെ ദൈവാരാധനയാണ്. ദൈവാരാധനയുടെ ഭംഗിയും വിശുദ്ധിയും നഷ്ടപ്പെടുത്തുവാൻ ആർക്കും അനുവാദമില്ല. 'എന്റെ സംതൃപ്തി' എന്ന ചിന്തയ്ക്ക് വിപരീതമായി 'ഞങ്ങളുടെ സംതൃപ്തി' എന്ന ചിന്തയുടെ പ്രായോഗികതയായി സഭയുടെ ആരാധന തിരിച്ചുവരണം. പള്ളിയും, പരിസരവും വിശുദ്ധിയുടെ കേന്ദ്രങ്ങളായി കണക്കാക്കപ്പെടണം. ദൈവാരാധനയുടെയും, ഇടയപരിപാലനയുടെയും ഉറവിടങ്ങളായി മാത്രം ദൈവാലയങ്ങളെ പരിഗണിക്കണം. ഇത് കാലത്തിന്റെ ആവശ്യം കൂടിയാണ്.

2017 -ലും 2018-ലും ഫെബ്രുവരി മാസങ്ങളിലെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസുകളിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ സഭയിലെ എല്ലാ വൈദികരുടെയും പേർക്ക് ഈ നിർദ്ദേശങ്ങൾ അയയ്ക്കുന്നു. ഇടവകതലത്തിൽ ഇവ പ്രായോഗികമാക്കുവാൻ നമ്മുടെ എല്ലാ വൈദികരും പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ



ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

****

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

No. MOSC/CMM/279/2022 **August 10, 2022**

കർത്താവിൽ നമ്മുടെ എല്ലാ വൈദികസ്ഥാനികൾക്കും വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയിലെ വൈദിക സ്ഥാനികൾ അവരുടെ സാധാരണ വേഷവിധാനങ്ങളിലും, ആരാധനാവസ്ത്രങ്ങളിലും, കൂദാശാനുഷ്ഠാനങ്ങളിലും സ്വന്ത ഇഷ്ടപ്രകാരമുള്ള വ്യത്യാസങ്ങൾ വരുത്തുന്നതായി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിരീക്ഷിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം വിവിധ സുന്നഹദോസ് യോഗങ്ങളിൽ ചർച്ച ചെയ്യുകയും, സഭയുടെ ദൈവശാസ്ത്രത്തിനും പാരമ്പര്യത്തിനും മങ്ങലേൽക്കാതെ വേഷവിധാനങ്ങൾക്ക് ഐകരൂപ്യം ഉണ്ടാകണമെന്ന് സുന്നഹദോസ് നിശ്ചയിക്കുകയും ചെയ്തു. ഇപ്രകാരം 2022 ഓഗസ്റ്റ് മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ചർച്ച ചെയ്ത് അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വൈദിക സ്ഥാനികളെയും നാം അറിയിക്കുന്നു.

1. വൈദികരും ശെമ്മാശ്ശന്മാരും സഭ അനുവദിച്ചിരിക്കുന്ന വേഷവിധാനങ്ങൾതന്നെ ഉപയോഗിക്കേണ്ടതാണ്.

2. ശെമ്മാശ്ശന്മാർ ഉപയോഗിക്കുന്ന ഊറാറകളിൽ പരമ്പരാഗത ഡിസൈനുകളല്ലാതെ പുതിയ രീതികൾ രൂപപ്പെടുത്തുവാൻ പാടുള്ളതല്ല. ഊറാറയുടെ അഗ്രം നിലത്തു മുട്ടാത്തവിധം നീളം ക്രമീകരിക്കേണ്ടതാണ്.

3. കോർ എപ്പിസ്കോപ്പാമാർ ആരാധനാ സമയങ്ങളിലും അല്ലാതെയും പനാഗിയായും കൈയ്യിൽ സ്ലീബായും ഉപയോഗിക്കുന്നത് അനുവദനീയമല്ല. സാധാരണ സമയങ്ങളിൽ വെളുത്ത കുപ്പായവും ചുവന്ന ഇടക്കെട്ടും കുരിശുമാലയും ധരിക്കാവുന്നതാണ്.

4. റമ്പാച്ചന്മാർ ലോഹങ്ങൾകൊണ്ടുള്ള കുരിശുമാലകൾ ആരാധനയിൽ ഉപയോഗിക്കുന്നത് അനുവദനീയമല്ല.

5. മേൽപ്പട്ടക്കാർ, കോർ എപ്പിസ്കോപ്പാമാർ, റമ്പാച്ചന്മാർ, വൈദികർ എന്നിവർ ആരാധനയ്ക്ക് ഉപയോഗിക്കുന്ന അംശവസ്ത്രങ്ങളിൽ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന അലങ്കാരങ്ങളല്ലാതെ (കുരിശ്, പ്രാവ്, കുഞ്ഞാട്, മുന്തിരി, ഗോതമ്പ്) ഐക്കണുകളോ മറ്റു ചിത്രങ്ങളോ തുന്നിച്ചേർക്കാൻ പാടുള്ളതല്ല.

6. വി. കുർബ്ബാന, മാമോദീസ, വിവാഹം, പട്ടത്വം തുടങ്ങിയ കൂദാശാസമയങ്ങളിൽ പ്രധാന കാർമ്മികൻ അംശവസ്ത്രങ്ങൾ പൂർണ്ണമായും അണിയുകയും, സഹകാർമ്മികരായ വൈദിക സ്ഥാനികൾ അവരവരുടെ സ്ഥാനത്തിനനുസരിച്ചുള്ള കറുത്ത ളോഹകൾ അണിയുകയും, അതിനു മുകളിൽ ഹമ്നീക്കാ ധരിച്ചു നിൽക്കുകയും ചെയ്യേണ്ടതാണ്. കുമ്പസാരിപ്പിക്കുന്ന വൈദികൻ കറുത്ത ളോഹക്കു മുകളിൽ ഹമ്നീക്കാ ധരിക്കേണ്ടതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

****

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

No. MOSC/CMM/287/2022 **August 20, 2022**

കർത്താവിൽ നമ്മുടെ എല്ലാ വൈദികർക്കും വാഴ്‌വ്!

പ്രിയരെ,
നമ്മുടെ യുവതീ യുവാക്കളിൽ ഒരു നല്ല ശതമാനവും, ജോലി തേടിയും, ഉന്നതപഠനത്തിനായും കേരളത്തിന് പുറത്തേയ്ക്കും, വിദേശരാജ്യങ്ങളിലേക്കും പോകുന്നത് സർവ്വസാധാരണമായിക്കഴിഞ്ഞു. അങ്ങനെ പോകുന്നവരിൽ ഒരു നല്ല പങ്കും നാട്ടിലേക്ക് തിരികെ വരുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അവരിൽ ചിലരെങ്കിലും ഇടയപരിപാലനം ലഭിക്കാതെ, മറ്റ് മത-സമുദായ അംഗങ്ങളുടെ വിശ്വാസങ്ങളിലേക്കും, നിരീശ്വരത്വത്തിലേക്കും തെറ്റിപ്പോവുകയും, മറ്റ് ചിലർ മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായി ജീവിതം നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജോലി തേടിയും, ഉന്നതപഠനത്തിനായും വിദേശരാജ്യങ്ങളിൽ പോകുന്നത് നല്ലതാണെങ്കിലും, ഇപ്രകാരമുള്ള കുടിയേറ്റങ്ങൾകൊണ്ട് സഭയിലെ കുടുംബങ്ങൾക്കും, സഭയ്ക്കും ഭാവിയിൽ ധാരാളമായ നഷ്ടങ്ങൾ സംഭവിക്കുവാനുള്ള സാധ്യതയുമുണ്ട്. 2022 ഓഗസ്റ്റ് മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ടി വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ മാർഗ്ഗനിർദ്ദേശങ്ങൾ, എല്ലാ വൈദിക സ്ഥാനികളെയും നാം അറിയിക്കുന്നു:

1. നാട്ടിലെ ഇടവക വികാരിമാർ അവരുടെ ഇടവകയിൽ നിന്ന് വിദേശത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികളും, യുവതീ യുവാക്കളുമായി സ്ഥിരമായി ബന്ധപ്പെടുന്നതിനും, അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും മനസ്സിലാക്കി പരിഹരിക്കുവാൻ വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയുള്ളവർ ചെന്നെത്തുന്ന സ്ഥലത്തെ പള്ളികളുമായി അവരെ ബന്ധപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

2. ബാഹ്യകേരളത്തിലും വിദേശത്തുമുള്ള വികാരിമാർ, അവിടെയെത്തുന്ന വിശ്വാസികൾക്കും, വിദ്യാർത്ഥികൾക്കും സഹായങ്ങൾ ലഭിക്കത്തവണ്ണം ഉചിതമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
3. ബാഹ്യകേരളത്തിലും വിദേശത്തുമുള്ള വികാരിമാർ, സഭയുടെ പള്ളികളും, അവയുടെ ചുറ്റുവട്ടത്തിലുള്ള സർവ്വകലാശാലകളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും, കഴിയുമെങ്കിൽ അങ്ങനെയുള്ളിടത്ത് അഡ്മിഷൻ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.
4. നമ്മുടെ ഇടവകകൾ ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന വിശ്വാസികളെ കണ്ടുപിടിച്ച് അവർക്കായി ഒരു വോളണ്ടിയറെ നിശ്ചയിക്കുകയും, അയാൾ മുഖേന അവർക്ക് വേണ്ട ആവശ്യങ്ങൾ ഉചിതമായ രീതിയിൽ നിറവേറ്റിക്കൊടുക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, അങ്ങനെയുള്ള ആളുകളെ ഉൾപ്പെടുത്തി ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.
5. നാട്ടിൽ നിന്ന് വിദേശത്തേയ്ക്ക് പോകുന്നവരുടെ വിവരങ്ങൾ നാട്ടിലെ വികാരിമാർ സഭാ കേന്ദ്രത്തിലോ, മെത്രാസന കേന്ദ്രങ്ങളിലോ, ചെന്നെത്തുന്ന ദേശത്തിലെ ഇടവകകളിലോ അറിയിക്കേണ്ടതും, അവർ അവിടെ ദൈവാലയ ആരാധനയിൽ സംബന്ധിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
6. മാതൃദേവാലയം വിട്ട്, മറ്റ് സ്ഥലങ്ങളിലും, ബാഹ്യ കേരളത്തിലും, വിദേശത്തും ജീവിക്കുന്ന വിശ്വാസികൾ അവരുടെ ആത്മീയ ആവശ്യങ്ങൾക്കായി മാതൃദേവാലയത്തിൽ എത്തുന്ന സമയം അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ നമ്മുടെ ദേവാലയങ്ങൾ ഉണ്ടെങ്കിൽ അവിടെയുള്ള വികാരിമാരുടെ കത്ത് ആവശ്യപ്പെടേണ്ടതാണ്.

പൗരസ്ത്യ പാരമ്പര്യത്തിലും ഓർത്തഡോക്സ് ക്രൈസ്തവ ദൈവശാസ്ത്രത്തിലും ഉറച്ചുനിന്നുകൊണ്ട് കാലഘട്ടത്തിന്റെ പ്രത്യേകതയും പ്രസക്തിയും മനസ്സിലാക്കി പരിശുദ്ധ പിതാക്കന്മാർ പകർന്നു നൽകിയ പൈതൃകം നഷ്ടപ്പെടാതെ സഭയുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ വളർച്ച മുൻനിർത്തി, വിശ്വാസികളെ കരുതി, മുമ്പോട്ടുപോകുവാൻ പ്രിയപ്പെട്ട വൈദികർ ശ്രദ്ധിക്കണമെന്ന് നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

****

നമ്പർ: 219/2023

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ

സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ

മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നമ്മുടെ പള്ളികളിൽ കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ നൽകുന്നത് സംബന്ധിച്ചും, ഇടവകാംഗത്വവുമായി ബന്ധപ്പെട്ടും നമ്മുടെ മുൻഗാമികളായ പിതാക്കന്മാർ അതത് സമയങ്ങളിൽ കൽപനകൾ പുറപ്പെടുവിച്ചിട്ടുണ്ട് എങ്കിലും ടി വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത ആവശ്യമാണ് എന്ന് ബോധ്യമായതിനാൽ, 2023 ഓഗസ്റ്റ് മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

1. **കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ സംബന്ധിച്ച്:** സഭാ ഭരണഘടന 9-ാം വകുപ്പ് പ്രകാരം മാതൃ ഇടവകയുടെ അനുവാദത്തോടുകൂടി മറ്റൊരു ഇടവകയിൽ താത്കാലിക അംഗത്വം സ്വീകരിച്ചിട്ടുള്ളവർ മാസവരി, മെത്രാസന ദിന സംഭാവന, കാതോലിക്കാ ദിന സംഭാവന തുടങ്ങിയ എല്ലാ വിഹിതങ്ങളും, താത്കാലിക അംഗത്വമുള്ള ഇടവകയോഗം നിശ്ചയിക്കുന്ന മറ്റ് വിഹിതങ്ങളും അവിടെ നൽകേണ്ടതാണ്. എന്നാൽ മാമോദീസാ, വിവാഹം, ശവസംസ്കാരം

മുതലായ ഏതെങ്കിലും കർമ്മങ്ങൾ മാതൃ ഇടവകയിൽ നടത്തുവാൻ ആഗ്രഹിച്ചാൽ, മാതൃ ഇടവകയിൽ ആ കർമ്മങ്ങൾക്ക് നിലനിൽക്കുന്ന നിരക്കനുസരിച്ച് വിഹിതം (കർമ്മഫീസ്) നൽകേണ്ടതാണ്. എന്നാൽ ഈ വിഹിതത്തിന്റെ മറവിൽ മാതൃ ഇടവകയിൽ മാസവരി തുടങ്ങിയ ഒരു സംഖ്യയും ഈടാക്കുവാൻ പാടുള്ളതല്ല. അത്തരം സന്ദർഭങ്ങളിൽ കർമ്മം നടത്തി കൊടുക്കണമെന്ന് വ്യക്തമാക്കുന്ന ഒരു കത്ത്, താത്കാലിക അംഗത്വമുള്ള ഇടവകയിലെ വികാരി മാതൃ ഇടവക വികാരിക്ക് നൽകേണ്ടതും, മാതൃ ഇടവക വികാരി അത് പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്. ഇത്തരം സന്ദർഭങ്ങളിൽ താത്ക്കാലിക അംഗതമുള്ള ഇടവക, കർമ്മങ്ങൾക്കുള്ള വിഹിതം (കർമ്മഫീസ്) ഈടാക്കുവാൻ പാടുള്ളതല്ല. ബന്ധപ്പെട്ട കക്ഷി സ്വമേധയാ സംഭാവന നൽകിയാൽ സ്വീകരിക്കാവുന്നതാണ്. കർമ്മങ്ങൾ താത്കാലിക അംഗത്വമുള്ള ഇടവകയിലാണ് നടക്കുന്നതെങ്കിൽ, അവിടെ നിലവിലുള്ള നിരക്കനുസരിച്ച് വിഹിതങ്ങൾ നൽകേണ്ടതാണ്.

2. മാതൃ ഇടവകയിൽ അംഗത്വമുള്ള ഏതൊരു വ്യക്തിയും ഇടവകയിൽ നിന്ന് ദൂരെ മാറി താമസിക്കുമ്പോൾ, ആ വിവരം ഇടവക വികാരിയെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

3. സഭാ ഭരണഘടന വകുപ്പ് 9 പ്രകാരം ഒരു വ്യക്തി, അയാൾ മാസവരി നൽകുന്ന ഇടവകയുടെ ഇടവക യോഗത്തിൽ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളൂ. ഒരു വ്യക്തി ഒരു ഇടവകയിൽ മാത്രമേ മാസവരി നൽകുവാൻ പാടുള്ളൂ. മറ്റേ ഇടവകയിൽ നൽകുന്ന തുക സംഭാവനയായി മാത്രമേ കണക്കിടുവാൻ പാടുള്ളൂ.

4. മാതൃദേവാലയം വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുന്ന സഭാംഗങ്ങൾ, അവിടെ സഭയുടെ ദേവാലയങ്ങൾ ഉണ്ടെങ്കിൽ താത്കാലിക അംഗത്വം സ്വീകരിക്കേണ്ടതും, മാതൃ ഇടവകയിൽ കർമ്മങ്ങൾ നടത്തുവാൻ വരുന്ന പക്ഷം, താത്കാലിക അംഗത്വമുള്ള ഇടവക വികാരിയുടെ കത്ത് കൊണ്ടുവരേണ്ടതും, മാതൃ ഇടവക വികാരി ഇത് ഉറപ്പ് വരുത്തേണ്ടതുമാണ്. താമസിക്കുന്ന ദേശത്ത് സഭയുടെ ദേവാലങ്ങൾ ഉണ്ടായിരിക്കുകയും, എന്നാൽ അവിടെ ചേർന്ന് നടക്കാതെ മറ്റ് സഭാവിഭാഗങ്ങളിൽ ചേർന്ന് നടക്കുകയും, പിന്നീട് മാമോദീസാ, വിവാഹം തുടങ്ങിയ കർമ്മങ്ങൾ നടത്തി കിട്ടുന്നതിനായി മാതൃ ഇടവകയിൽ വരുകയും ചെയ്താൽ, ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി മാത്രം കർമ്മങ്ങൾ നിർവ്വഹിക്കേണ്ടതാണ്. അങ്ങനെയുള്ളവരിൽനിന്ന് മാസവരി

ഉൾപ്പെടെയുള്ള വിഹിതങ്ങളെല്ലാം കുടിശ്ശികയായി കരുതി മാതൃ ഇടവക ഈടാക്കേണ്ടതാണ്.

5. താത്കാലിക അംഗത്വം സ്വീകരിച്ച് മാതൃ ഇടവകയിൽ നിന്ന് മാറി നിന്നവർ, തിരികെ മാതൃദേശത്ത് സ്ഥിരതാമസത്തിന് വരുന്ന പക്ഷം, അവർ സ്വീകരിച്ച താത്കാലിക അംഗത്വം രേഖാമൂലം ഉപേക്ഷിക്കേണ്ടതാണ്. അവർ, താത്കാലിക അംഗത്വമുള്ള പള്ളിയിൽ നിന്ന് വിടുതൽ സർട്ടിഫിക്കേറ്റ് വാങ്ങി മാതൃദേവാലയത്തിൽ ഹാജരാക്കേണ്ടതാണ്.

6. മാതൃ ഇടവകയിൽ നിന്ന് മറ്റൊരു സ്ഥലത്ത് താത്കാലിക അംഗത്വം സ്വീകരിക്കുന്നവർ അവിടെ നിന്ന് മൂന്നാമത് ഒരു ദേശത്തു പോകുന്ന പക്ഷം, നിലവിലുള്ള താത്കാലിക അംഗത്വം രേഖാമൂലം ഉപേക്ഷിക്കുകയും, ആ വിവരം മാതൃ ഇടവക വികാരിയെ താത്കാലിക അംഗത്വമുള്ള ഇടവകയിലെ വികാരിയുടെ കത്ത് മൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്. പുതുതായി പോകുന്ന സ്ഥലത്തുള്ള ഇടവകയിലേക്ക് മാതൃ ഇടവകയിലെ വികാരിയുടെ കത്താണ് സമർപ്പിക്കേണ്ടത്. അതായത്, ഒരു വ്യക്തിക്ക് താത്കാലിക അംഗത്വമുള്ള ഇടവകയിലെ വികാരിക്ക്, ആ വ്യക്തിയുടെ മാതൃ ഇടവകയിലേക്കല്ലാതെ മറ്റൊരു ഇടവകയിലേക്ക് വിടുതൽ സർട്ടിഫിക്കേറ്റ് നൽകാൻ അവകാശമില്ലാത്തതാകുന്നു.

7. ഒരു വ്യക്തിക്ക് ഒരേസമയത്ത് ഒരു ഇടവകയിൽ മാത്രമേ താത്കാലിക അംഗത്വം അനുവദിക്കുകയുള്ളൂ. ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന് താത്കാലിക അംഗത്വമുള്ള ഇടവകയിൽ നിന്ന് വിടുതൽ വാങ്ങി, മറ്റൊരു ഇടവകയിൽ താത്കാലിക അംഗത്വം സ്വീകരിക്കണമെങ്കിൽ, ആ വ്യക്തി മാത്രം അവിടെ നിന്ന് വിടുതൽ വാങ്ങി മാതൃ ഇടവകയിലെ വികാരിക്ക് സമർപ്പിക്കേണ്ടതും, ആ വികാരിയിൽ നിന്ന് കത്ത് വാങ്ങി അംഗത്വം ആഗ്രഹിക്കുന്ന ഇടവക വികാരിക്ക് അപേക്ഷ നൽകി അവിടെ താത്കാലിക അഗത്വം സ്വീകരിക്കാവുന്നതുമാണ്. ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് പുതുതായി അയാൾ സ്വീകരിച്ച താത്കാലിക അംഗത്വമുള്ള ഇടവകയിൽ അംഗത്വം ഉണ്ടായിരിക്കുകയില്ല.

8. മാതൃ ഇടവകയിലോ, താത്കാലിക അംഗത്വമുള്ള ഇടവകയിലോ, അല്ലാതെ സൗകര്യാർത്ഥം, മൂന്നാമതൊരു ദേവാലയത്തിൽ വച്ച് കർമ്മങ്ങൾ നടത്തുന്നുവെങ്കിൽ ദേശകുറി/കത്ത് നൽകുന്ന ദേവാലയത്തിൽ വിഹിതങ്ങൾ അടയ്ക്കേണ്ടതാണ്. കർമ്മം നടത്തുന്ന ദേവാലയത്തിൽ അവിടെ നിശ്ചയിച്ചിരിക്കുന്ന സംഭാവ

നകൾ മാത്രം നൽകിയാൽ മതിയാകും.
9. 21 വയസ്സോ അതിൽ കൂടുതലോ ഉള്ളവർ, മാതാപിതാക്കൾ/ ഭാര്യാ ഭർത്താക്കന്മാർ/മക്കൾ എന്നിവർക്കൊപ്പമല്ലെങ്കിൽ സ്വതന്ത്ര അംഗത്വം സ്വീകരിക്കേണ്ടതാണ്. മറ്റ് ബന്ധുക്കളുടെ അംഗത്വത്തോട് ചേർക്കുവാൻ പാടില്ലാത്തതാകുന്നു.
10. ഒരു വ്യക്തിയോ, കുടുംബമോ ഇടവക അംഗത്വത്തിനുവേണ്ടി അപേക്ഷ നൽകുമ്പോൾ, അവരിൽ നിന്ന് ഇടവക നിശ്ചയിച്ചിരിക്കുന്ന മാസവരിയും, സ്വമേധയാ നൽകുന്ന സംഭാവനയും മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇടവക മാനേജിംഗ് കമ്മറ്റിയുടെ ശുപാർശയോടും, ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുംകൂടി ഇടവക വികാരിക്ക് ഇക്കാര്യത്തിൽ തീരുമാനം സ്വീകരിക്കാവുന്നതാണ്.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഈ നിശ്ചയങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ വികാരിമാരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

2023 ഓഗസ്റ്റ് മാസം 28 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

****

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

No. MOSC/CMM/09/2024 **January 05, 2024**

കർത്താവിൽ നമ്മുടെ എല്ലാ വൈദികർക്കും വാഴ്‌വ്!

പ്രിയരെ,

നമ്മുടെ വൈദീകർ വളരെ മാതൃകാപരമായി, സഭയുടെ വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലും, സാമൂഹ്യ സേവന രംഗത്തും പ്രശംസനീയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യം നമുക്ക് അഭിമാനമാണ്. എന്നാൽ ഏതാനും നാളുകളായി നമ്മുടെ സഭ ഗുരുതരമായ ചില പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം ദൃശ്യമാധ്യമങ്ങളിൽ നിന്നും, സമൂഹ മാധ്യമങ്ങളിൽ നിന്നുമെല്ലാം നിങ്ങൾ അറിഞ്ഞുകൊണ്ടാണിരിക്കുന്നതെന്ന് നാം കരുതുന്നു. വൈദീക സ്ഥാനികൾ പരസ്പരം ആരോപണം ഉന്നയിക്കുവാൻ ദൃശ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നത് എത്രയോ അധമമായ പ്രവർത്തിയാണ്. പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഭയുടെ ഉള്ളിൽ തന്നെ വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ ഉണ്ടായിരിക്കെ, അവയൊന്നും സ്വീകരിക്കാതെ പൊതുജനമദ്ധ്യേ സഭയും, സഭയുടെ ഔദ്യോഗിക സ്ഥാനികളും അവഹേളിക്കപ്പെടുന്നത് ലജ്ജാകരമാണ്.

സഭയുടെ പ്രതിനിധികൾ എന്ന നിലയിലാണ് ജനങ്ങളും, പൊതു

സമൂഹവും വൈദീകരെ കണക്കാക്കുന്നത് എന്ന് നിങ്ങൾ ഓർ ക്കണം. സഭയുടെ വൈദീക സ്ഥാനികൾ സഭാമക്കളുടെ എല്ലാവരു ടെയും ആത്മീക പിതാക്കന്മാരാണ്. സഭാഗംങ്ങളായ അത്മായക്കാർ വിവിധ രാഷ്ട്രീയ വീക്ഷണമുള്ളവരും പ്രവർത്തകരുമായിരിക്കാം. വൈദികസ്ഥാനികൾ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ അംഗത്വം എടുക്കുകയോ, പരസ്യമായി പ്രവർത്തിക്കുകയോ ചെയ്യു ന്നത് സഭാംഗങ്ങളിൽ വിഭാഗീയത ഉണ്ടാക്കുവാൻ കാരണമാകും. ആയതിനാൽ, സഭയുടെ സമാധാനത്തെ പ്രതി വൈദീക സ്ഥാനി കൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പരസ്യമായ പ്രചാരക രാകാതിരിക്കുവാൻ ശ്രദ്ധിക്കണം. അങ്ങനെയുള്ളവർ സഭാശുശ്രൂ ഷയിൽ നിന്നും മാറി നിൽക്കുന്നതായിരിക്കും ഉചിതം. വൈദീക സ്ഥാനികൾക്കും വ്യക്തിപരമായ രാഷ്ട്രീയ വീക്ഷണം ഉണ്ടാകു ന്നത് സഭ വിലക്കുന്നില്ല; എന്നാൽ അത് പരസ്യമായി പ്രകടിപ്പി ക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

സഭയ്ക്കാകമാനം മാതൃകയായിരിക്കേണ്ടവരും, ജനങ്ങളെ പഠിപ്പി ക്കേണ്ടവരുമാണ് വൈദീകർ. അതിനാൽ നിങ്ങൾ പൊതുവായ പ്രസ്താവനകൾ നടത്താതിരിക്കേണ്ടതാണ്. സഭയിൽ ഉത്തരവാ ദിത്തപ്പെട്ട സ്ഥാനം വഹിക്കുന്ന വൈദികർ മാധ്യമങ്ങൾവഴി നട ത്തുന്ന പ്രസ്താവനകൾക്ക് സഭാകേന്ദ്രത്തിന്റെ അനുമതി ഉണ്ടായി രിക്കേണ്ടതാണ്. നിങ്ങളുടെ പരാതികൾ അതത് ഭദ്രാസന മെത്രാ പ്പോലീത്താമാർക്ക് നൽകേണ്ടതും, അവിടെ നിന്ന് നീതി ലഭി ക്കുന്നില്ല എന്നു തോന്നുന്ന പക്ഷം മാത്രം നമുക്ക് അപ്പീൽ ചെയ്യേ ണ്ടതുമാണ്. സഭാതലത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ മാത്രമേ, കോടതികളിലേക്ക് കൊണ്ടുപോകുവാൻ ഇടവരാവൂ എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ വൈദീകർ സഭയുടെ അഭിമാനവും, ശ്രേയസ്സും കാത്തു

സൂക്ഷിക്കണം. വൈദീകരുടെ പെരുമാറ്റ രീതികൾ സംബന്ധിച്ച് വർദ്ധിച്ചു വരുന്ന പരാതികൾ നമ്മെ അത്യധികം ദുഖിപ്പിക്കുന്ന മറ്റൊരു സംഗതിയാണ്. അത്തരം കാര്യങ്ങളിൽ ദാക്ഷിണ്യമില്ലാതെ നടപടി എടുക്കുവാൻ നാം നിർബ്ബന്ധിതനായിരിക്കുകയാണ്. സഭാ ഭരണഘടനയും, സഭയുടെ കാനോനാകളും വിവക്ഷിക്കുന്ന തരത്തിലുള്ള കർശനമായ അച്ചടക്ക നടപടികൾ എടുക്കേണ്ടിവരുമ്പോൾ ആരും നമ്മോട് നീരസപ്പെടുന്നതുകൊണ്ട് പ്രയോജനമുണ്ടാവുകയില്ല എന്ന് നാം എല്ലാവരെയും അറിയിക്കുകയാണ്.

പ്രിയ മക്കളെ, വളരെയധികം ഹൃദയ വേദനയോടെയാണ് ഈ കൽപന നാം നിങ്ങൾക്കെഴുതുന്നത്. സഭയുടെ യശസ്സിനും, അച്ചടക്കത്തിനും കോട്ടംതട്ടുന്ന യാതൊന്നും നിങ്ങളിൽ നിന്നും ഉണ്ടാകുതെന്ന് വീണ്ടും നാം ഉദ്ബോധിപ്പിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

****

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

No. 255/2024

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,

പ. സഭയിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യവും പങ്കാളിത്തവും സഭാ പ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ നൽകണം എന്ന അഭിപ്രായം സഭയിൽ ആകമാനം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണല്ലോ. 2011 -ൽ സഭാ ഭരണഘടന ഭേദഗതി ചെയ്തപ്പോൾ വനിതകൾക്ക് ഇടവക ഭരണതലത്തിൽ പ്രാതിനിധ്യം നൽകുന്നതിന് ആവശ്യമായ മാറ്റങ്ങൾ ഭരണഘടനയിൽ വരുത്തിയിരുന്നു. അത് ഇന്ന് പ്രായോഗികമായി നടപ്പിലായിക്കൊണ്ടുമാണ് ഇരിക്കുന്നത്.

എന്നാൽ അതിനേക്കാൾ എല്ലാം പതിറ്റാണ്ടുകൾ മുമ്പ് 1988 ജൂലൈ മാസം സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സ്ത്രീകൾക്ക് ദേവാലയ ആരാധനയിൽ പഴയനിയമ ഭാഗങ്ങൾ വായിക്കുവാൻ നൽകിയിട്ടുള്ള അനുമതി ഇപ്പോഴും വ്യാപകമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് നാം മനസ്സിലാക്കുന്നു. പലർക്കും ഇങ്ങനെയൊരു നിശ്ചയം പരിശുദ്ധ സുന്നഹദോസ് നടത്തിയതായി അറിവുപോലും ഇല്ല എന്ന് നാം കേൾക്കുന്നു.

1988 ജൂലൈ മാസത്തിൽ നമ്മുടെ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

യുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് എടുത്ത തീരുമാനം അനുസരിച്ച്, അതത് ഇടവകകളിലെ വികാരിമാരുടെ അനുവാദത്തോടെ സ്ത്രീകൾക്ക് ആരാധനാ മദ്ധ്യേ പരസ്യമായി പഴയ നിയമ വായനകൾ നടത്തുന്നതിന് തടസ്സമൊന്നും ഇല്ല എന്ന് നാം അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

2024 സെപ്റ്റംബർ മാസം 25-ാം തീയതി
സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനത്തിന്റെ
ഹൂസ്റ്റൺ അരമനയിൽ നിന്നും

****

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

No. 180/2025

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹ പട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ സഭയുടെ പാരമ്പര്യമനുസരിച്ച് നോമ്പ് കാലങ്ങളും, നോമ്പ് ആരംഭിക്കുന്നതിന്റെ തലേദിവസവും, സ്വർഗ്ഗാരോഹണം മുതൽ പെന്തി ക്കോസ്തി വരെയുള്ള കാത്തിരിപ്പിന്റെ ദിവസങ്ങളും ഒഴികെ മറ്റെല്ലാ ഞായറാഴ്ചകളിലും, തിങ്കളാഴ്ചകളിലും, ഹേവോറോ ദിനങ്ങൾ എന്ന റിയപ്പെടുന്ന ഉയിർപ്പ് മുതൽ പുതുഞായറാഴ്ച വരെയുള്ള എല്ലാ ദിവ സങ്ങളിലും മാത്രമേ വിവാഹങ്ങൾ നടത്തുവാൻ അനുവാദമുള്ളൂ. എന്നാൽ വിവാഹങ്ങൾ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങ ളിൽ വിവാഹം നിശ്ചയിച്ചിട്ട് നമ്മുടെ പ്രത്യേക അനുമതിക്കായി അപേ ക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നു എന്നുള്ളത് ഏറെ പ്രയാ സമുളവാക്കുന്ന ഒരു സംഗതിയാണ്. ആധുനിക കാലഘട്ടത്തിൽ, വധൂ വരന്മാർ ഹ്രസ്വകാലത്തെ അവധിക്ക് വിദേശത്തു നിന്നും വന്ന് വിവാഹം നടത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരികെ പോകേണ്ട ആവശ്യം നേരിടുന്ന അപൂർവ്വം സന്ദർഭങ്ങളിൽ, ആവശ്യ മെന്ന് ബോധ്യപ്പെടുന്നവർക്ക് മാത്രം പ്രത്യേക അനുവാദം നൽകു ന്നതിന് സഭാ തലവൻ എന്ന നിലയിൽ നമുക്ക് അധികാരമുണ്ട്. ഇതിനെ ഒരു പൊതു നിയമമായിട്ടോ പൊതു തത്വമായിട്ടോ വ്യാഖ്യാനിക്കു ന്നത് ശരിയല്ല.

വിവാഹങ്ങൾ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങളിൽ വിവാഹം നിശ്ചയിച്ചിട്ട് അത് നടത്തുന്നതിന് വികാരിയുടെയും ഭദ്രാസന മെത്രാ പ്പോലീത്തായുടെയും ശുപാർശയോടെ നമുക്ക് സമർപ്പിച്ച അപേക്ഷ കൾ പരിഗണിച്ച് നാം അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷ കരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇന്ത്യ

യിലെ പള്ളികളിൽ ചൊവ്വ, വ്യാഴം, ശനി എന്നീ ദിവസങ്ങളിലും, പേത്തുർത്താ ദിനങ്ങളിലും കാത്തിരിപ്പ് ദിവസങ്ങളിലും വിവാഹം നടത്തുന്നതിന് യാതൊരു കാരണവശാലും ഇനിമുതൽ അനുവാദം നൽകുന്നതല്ല എന്ന് അറിയിക്കുന്നു. ചൊവ്വാ, വ്യാഴം ദിവസങ്ങളിൽ വൈകുന്നേരം മുതൽ നോമ്പ് ആരംഭിക്കുന്നതിനാലും, ശനിയാഴ്ച വൈകുന്നേരം ഏറ്റവും പ്രധാനപ്പെട്ട മാറാനായ ദിവസം ആയ ഞായറാഴ്ച ആരംഭിക്കുന്നതിനാലുമാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നമ്മുടെ പ്രിയപ്പെട്ട വൈദികർ ഈ ദിവസങ്ങളിൽ പ്രത്യേക അനുമതിക്കായി ശുപാർശ ചെയ്യരുത് എന്ന് നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഇന്ത്യയ്ക്ക് വെളിയിലുള്ള ദേവാലയങ്ങളെ സംബന്ധിച്ച്, ഇപ്പോൾ നിലവിലുള്ള രീതി തുടരാവുന്നതാണ്.

പ്രിയരെ, ആധുനിക കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് സഭയുടെ നിയമങ്ങളും ദോഷകരമല്ലാത്ത അത്യാവശ്യ വ്യതിയാനങ്ങൾക്ക് വിധേയമാകണം എന്നുള്ളത് നാമും ഉൾക്കൊള്ളുന്നു. എന്നാൽ അതിന്റെ പേരിൽ പ. സഭയുടെ പാരമ്പര്യങ്ങളും നിയന്ത്രണങ്ങളും അപ്രധാനം എന്ന് കരുതുന്നത് അഭിലഷണീയമല്ല. ആയതിനാൽ മേൽപറഞ്ഞ സംഗതികളിൽ പ്രിയപ്പെട്ട സഭാമക്കൾ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

2025 ജൂലൈ മാസം 10-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

****